~~2225~~ 1699

കെ. പി. ശശിധരൻ നായർ ഉപ്പ്

ഉ———— ഷ്ണിയസമയം

ആനന്ദ് ഷം ഉക്ക്നടിനതന്നെക്കിന്

വലകറികളെക്കുറിച്ചും ഉപയോഗ

ഞാ ചായിക്കുന്നു.

ഉപ്പ്

## ഗ്രന്ഥകർത്താവിന്റെ കൃതികൾ:

വില്യം ഷേക്സ്പീയർ

ആനക്കൊമ്പും കിരങ്ങുകളും

അപ്പവും പുഷ്പവും

അന്തസ്സുള്ള മനുഷ്യർ (നോവൽ)

ഉപ്പ് ”

# ഉപ്പ്

(നോവൽ)

## കെ. വി. ശശിധരൻ

പ്രസാധകർ:

കറന്റ് ബുക്സ്, തൃശ്ശൂർ

വില: 4—00

# UPPU (NOVEL)

First Impression January 1968
Copies 1000
Price Rs. 4-00

by
K. P. SASIDHARAN

Cover: Madhavan
Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Publishers: Current Books, Trichur

സമർപ്പണം:

**ബാലേട്ടന്**

ഒന്നു്

# മീററ് മി: ബാലചന്ദ്രൻ

ഈ കഥ ആരംഭിക്കുന്നതു് ക്രിസ്തുവിൻെറ കുരിശുമരണത്തിനു ശേഷം പത്തൊമ്പതു നൂറും ഒരു പന്ത്രണ്ടും സംവത്സരം കഴിഞ്ഞ കാലസന്ധിയിലാണു്.

അക്കാലത്തു് സാമൂതിരികോളേജിൽ ഒരുപിടി ഗംഭീരന്മാരു ണ്ടായിരുന്നു. വിഖ്യാതനായ ഇംഗ്ലീഷ് പ്രൊഫസർ എം. പി. ശിവദാസമേനോൻ, പ്രിൻസിപ്പാൾ റാവുസാഹിബ് രാഘവാ ചാരി, അമ്പത്തിമൂന്നാംവയസ്സിൽ ഓൾഡ് ഇംഗ്ലീഷും ഹിസ്റ്ററി ഓഫ് ഇംഗ്ലീഷും ഉരുവിട്ടു പഠിച്ച് എമ്മേപ്പരീക്ഷയ്ക്കെഴുതാൻ തയ്യാറെടുത്ത സംസ്കൃതമുൻഷി രാരിച്ചനെടുങ്ങാടി, കുരുക്ഷേത്രം താൻ നേരിൽ കണ്ടിട്ടുണ്ടെന്നും അവിടത്തെ മണ്ണു് ഇന്നും ചോര യിൽ കുതിർന്നാണു കിടക്കുന്നതെന്നും ആകാശവെടി പൊട്ടിക്കുന്ന ശിവരാമകൃഷ്ണൻ എന്നിങ്ങനെ വമ്പന്മാർ സ്റ്റാഫിൽ. പിന്നെ, വിദ്യാർത്ഥികളും. ഇരുനൂററി നാല്പത്തേഴ പേരുണ്ടായിരുന്നു അവർ, വിദ്യാർത്ഥികൾ. അവരിലും വമ്പന്മാർ കുറവായിരുന്നില്ല.

കെ. ജി. നെടുങ്ങാടിയും ബാലഗോപാലൻനായരും ഉഗ്ര ന്മാർ വിദ്യാർത്ഥി കോൺഗ്രസ്സ് നേതാക്കൾ; കുഞ്ഞനന്തൻ തകർപ്പ നൊരു നടൻ, കാട്ടിയെന്ന ഫുട്ബോൾ ചാമ്പ്യൻ കെ. ടി. നമ്പ്യാർ, പിൻബെഞ്ചിലിരുന്നുകൊണ്ടു് മാഷ് ക്ലാസെടുക്കുന്നതി നിടയിൽ റെയ്ച്ചൽ തോമ്മസ്സിൻെറ കാൽവണ്ണയിൽനിന്നു രോമം

പിഴതെട്ടത്ത കേശവൻകുട്ടി, ആരു സംശയിക്കും, അവരൊക്കെ വമ്പന്മാർതന്നെ ആയിരുന്നു.

പക്ഷെ ഇവരിലൊക്കെ വലിയ ഒരാറം, വമ്പന്മാരുടെയെല്ലാംതന്നെ മുമ്പൻ, അങ്ങനെ അന്നവിടെ ഒരാളുണ്ടായിരുന്നു: ചെറുതുരുത്തിക്കാരൻ ബാലൻ, മിസ്റ്റർ ബാലചന്ദ്രൻ.

ആൺപെണ്ണടക്കമുള്ള വിദ്യാർത്ഥികളുടെയിടയിൽ ചെറിയൊരു രാജാവുതന്നെ ആയിരുന്നു ബാലചന്ദ്രൻ, കോളേജ് ഹീറോ, കോളേജിനു പുറത്തും ഏററവും വലിയ ഹീറോ ബാലൻതന്നെ ആയിരുന്നു.

പഠിപ്പിൽ മോശമല്ല, സെൻറർ ഫോർവേഡായി നില്ക്കാനാവശ്യപ്പെട്ടാൽമാത്രം ഫുട്ബോറംകളിയും. അപ്പോറം കളിയിൽ ഗംഭീരൻ. പക്ഷേ ബാലചന്ദ്രനെ സംബന്ധിച്ചുള്ള പ്രധാന സംഗതി ആ പഠിപ്പോ പന്തുകളിവൈദഗ്ദ്ധ്യമോ ഒന്നുമല്ലായിരുന്നു.

കോമളവിലാസത്തിൽ അക്കൗണ്ടുണ്ടായിരുന്ന ഏകവിദ്യാർത്ഥി അന്ന് ബാലചന്ദ്രനായിരുന്നു, ക്രൗൺ തിയേററിൽ വന്നിട്ടുള്ള പടങ്ങളിൽ ഒന്നും വിട്ടിട്ടില്ലാത്ത മഹാനും മിസ്റ്റർ ബാലചന്ദ്രനായിരുന്നു.

ബാലൻെറ 'മെയിൻ' സിനിമാകാണലായിരുന്നു. സബ്ബ് ആകട്ടെ, സൈക്കിറംസവാരിയും. സിനിമാപ്പുരയിൽവെച്ച് ക്രിസ്ത്യൻ കോളേജിലെ പ്രമാണിമാരുമായി മുട്ടിനോക്കുക മൂപ്പരുടെ ലഘുവിനോദങ്ങളിൽ ഒന്നായിരുന്നു. ചെറുതുരുത്തിക്കാരൻ ബാലചന്ദ്രനെ സംബന്ധിച്ച് അനവധി ഐതിഹ്യങ്ങറം അക്കാലത്ത് വിദ്യാർത്ഥികളുടെയിടയിൽ പ്രചാരത്തിലുണ്ടായിരുന്നു.

പത്താംതരത്തിൽ പഠിക്കുന്ന കാലത്ത് ഇരുപത്തിനാലു വയസ്സു പ്രായമുള്ള ഒരു വാരസ്യാരുമായി രഹസ്യംകൂടിയ കക്ഷിയാണ്.

തളിയിൽനിന്നു ബേപ്പൂർവരെ നടന്നുപോയി കള്ളു കുടിക്കും. കുറച്ചൊന്നുമല്ല. മൂന്നു കുപ്പി, നാലു കുപ്പി.

എല്ലാത്തിലും മഹത്തായ സംഭവം ബാലചന്ദ്രൻെറ ആ പ്രസംഗമായിരുന്നു. ഡി. എസ്. പി. ആപ്പീസിൻെറ മുന്നിൽ വച്ച്, അതും പോലീസ് വാനിൻെറ ബോണററിന്മേൽ കയറി നിന്നു്, ഹായ് എന്തായിരുന്നു ആ പ്രസംഗം! അവർ തങ്ങളിൽ ചോദിക്കും. മൂന്നേ മൂന്നു വാചകമേ പറഞ്ഞുള്ളു. എന്തിനധികം? അതൊരു പ്രസംഗമായിരുന്നു. ലക്ഷ്മിക്കുട്ടിയമ്മയും കുട്ടിമാളുവമ്മയുംകൂടി ഓടിച്ചെന്നല്ലേ പിടിച്ചു വലിച്ച് ഇറക്കിയതു്?

ഓണം അവധിക്കു പൂട്ടുന്നതിൻെറ തലേന്നായിരുന്നു ആ സംഭവം. ഇതിൻെറയെല്ലാംകൂടെ, കമ്മാരനും സലിമിനുംമാത്രം അറിയാവുന്ന മറെറാരു വലിയ രഹസ്യമുണ്ടായിരുന്നു. സൈക്കിൾ ഷെഡ്ഡിനു തീവച്ച കേസിലെ ഒന്നാംപ്രതി ബാലനായിരുന്നു.

പക്ഷേ ബാലനെ കുടുക്കാൻ പോലീസിനു കഴിഞ്ഞില്ല. അവർ കോളേജ് വളഞ്ഞു, ഹോസ്റ്റലിലെ ഓരോ കുട്ടിയും തൻെറതായ മുറിയിൽ ഇരുന്നുകൊള്ളണമെന്നു പറഞ്ഞിട്ട് ഐഡൻറിററി പരേഡിനവരെ നിരത്തി. അടുത്തുതന്നെ ഏതോ കുട്ടികൾ സൈക്കിൾഷെഡ്ഡിന്മേലേക്കു് എന്തോ എടുത്തെറിയുന്നതുകണ്ട വാർഡൻെറ പത്നിയെയും പ്രതിഷ്ഠിച്ചു. വലിയ പോലീസുദ്യോഗസ്ഥന്മാർ മീശയും ചുരുട്ടിക്കൊണ്ട് അവിടെ ഇരുന്നു. പലരേയും അവരുടെ മുമ്പിൽക്കൂടി നടത്തുകയുംചെയ്തു.

കമ്മാരനും സലിമും കുടുങ്ങിപ്പോയി. വാർഡൻെറ ഭാര്യക്കു് അവരെ ചൂണ്ടിക്കാട്ടാൻ പ്രയാസമുണ്ടായില്ല. പക്ഷേ ബാലൻ, അതെ ബാലൻ മുങ്ങിക്കളഞ്ഞു. പാൻറും കളസവും മാററി മോത്തിയും ജുബ്ബായും എടുത്തു ഫിററ്ചെയ്തു വിദ്വാൻ. പാവം, ഗുരുപത്നി അങ്ങനൊരു കൂടുവിട്ടു കൂടുമാററം 'പ്രതീക്ഷിച്ചിരുന്നില്ല'.

എന്തായാലും അക്കഥ കമ്മാരനും സലിമിനുംമാത്രമേ അറിയാമായിരുന്നുള്ളു. അവരതു പുറത്തു വിട്ടില്ല, പുറത്തു വിട്ടാൽ കുഴപ്പമുണ്ടെന്നു് അവക്കറിയാമായിരുന്നു. തങ്ങൾതന്നെ ഒരുമാസത്തെ ജയിൽശിക്ഷ വാങ്ങി ആ കേസിൽ ബാലനെക്കൂടി പെടുത്താനോ, നല്ല കഥ! ആ സംഭവംമാത്രം ആരും പുറത്തു പറഞ്ഞി

രുന്നില്ല. പൊതുവെ കുട്ടികൾക്കെല്ലാവക്കും ബാലനെ വലിയ കാര്യമായിരുന്നു. മഹാ പോക്കിരിയാണ്. എന്നാലും ആവശ്യമെന്നു കണ്ടാൽ ആരെയും സഹായിക്കും, ഏതു കാര്യത്തിലും. ബാലൻെറ അക്കൗണ്ടിൽ ഏതു 'തെണ്ടിക്കും' കോമളവിലാസത്തിൽനിന്നു വെള്ളാപ്പവും ചാപ്സും അടിക്കാമായിരുന്നു. ആളോടു നേരത്തെ പറഞ്ഞിരിക്കണം എന്നു മാത്രം. കുഞ്ഞനന്തൻെറ കാര്യത്തിൽ അങ്ങനെയൊരു നിബന്ധനയുംകൂടി ഇല്ലായിരുന്നു. പലരും ബാലനെക്കണ്ടു് അസൂയപ്പെട്ടമായിരുന്നു—ഇവനു് എവിടെനിന്നാണ് ഇത്രയേറെ പണം വരുന്നതു്? ദൂരെദിക്കിൽനിന്നു വന്നു താമസിക്കുന്നവക്കൊക്കെ മണിയോർഡർ വരും; മാസത്തിൽ ഒരിക്കൽ. ബാലനാകട്ടെ ഒരേമാസം രണ്ടും മൂന്നും മണിയോർഡറാണ്. ഓരോ തവണയും മററാക്കു കിട്ടുന്നതിലും വലിയ തുകയും ആയിരിക്കും! ഇതെല്ലാം എവിടെനിന്നാണ്? എവിടെനിന്നെന്നറിയില്ല എന്നു പറഞ്ഞാൽ ശരിയാവില്ല. അധികംപേക്കും അറിയാം. ബാലൻെറ അച്ഛൻ സിലോണിലാണ്. അവിടെ അദ്ദേഹത്തിനു് ആയിരക്കണക്കിനുറുപ്പിക ശമ്പളമുണ്ടു്. രണ്ടും മൂന്നും വഷം കൂടുമ്പോൾ നാട്ടിലേയ്ക്കു വരുന്നതു് പെട്ടിനിറയെ സ്വണ്ണക്കട്ടിയുമായാണ്.

ഐതിഹ്യങ്ങളായിരുന്നു, എല്ലാം ബാലചന്ദ്രനെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ.

ബാലൻെറ ഒരേട്ടൻ മദിരാശിയിൽ, മറെറാരേട്ടൻ തൃശ്ശിവപേരൂര്, രണ്ടാളും പഠിപ്പാണ്, ബാലനിൽനിന്നുതന്നെ അവർ കേട്ടിരുന്നു. ബാലൻെറ അനുജൻ, ഒമ്പതാംതരത്തിൽ പഠിക്കുന്നു ദാമു റഫ്ബുക്കിൽ എഴുതുന്നതു് പ ാക്കർ പേനാകൊണ്ടാണ്.

"ഓനൊരു വമ്പൻതന്നെ. അതിലിപ്പൊ ആര്ക്കാ തക്കം?" ആരും തലകുലുക്കി സമ്മതിക്കുമായിരുന്നു.

ആ ബാലചന്ദ്രൻ വെള്ളിയാഴ്ച വീട്ടിൽ പോയിട്ട്, ശനിയാഴ്ച രാവിലെ വന്നു പറയുന്നു: താൻ പഠിപ്പവസാനിപ്പിക്കയാ

ണ്, വണ്ടിക്കൂലിക്കുവേണ്ടി തൻെറ സാമാനങ്ങരം ലേലംചെയ്യാൻ പോകുന്നു!

പത്തുമുറി ഹോസ്റ്റലിലെ ഒരു കുട്ടിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവർ കേട്ടതു്, പക്ഷേ, ശരിയായിരുന്നു. സംഭവം നടന്നതു് 1944 ആഗസ്റ്റ്മാസം ഇരുപത്താറാംതീയതി.

## 2

പിറേറന്നു രാവിലെ ലേലമാരംഭിച്ചു, കൃത്യം പത്തുമണിക്ക്. പത്തുമുറിയിലെ വിഖ്യാതമായ റും നമ്പർ ടെന്നിൽ, ബാലൻെറ മുറിയിൽവച്ച്.

ഒരു കോളേജ് വിദ്യാർത്ഥിയുടെ മുറി എന്നതിലും ചെറിയൊരു പ്രദർശനസ്ഥലം ആയിരുന്നു ആ റും നമ്പർ ടെൻ. ലേലം തുടങ്ങുമ്പോരം ഒരു കലമാൻതലയും, കൈയൊടിഞ്ഞ ഒരു വീനസും ചേമ്പേഴ്സ് ഡിക്ഷ്ണറിയും എഴുതിത്തീർന്നതും തീരാത്തതുമായ കുറെ നോട്ടുബുക്കുകളും തറയിൽ കുമ്പാരം കിടന്നിരുന്നു. കാര്യസ്ഥനായി രംഗപ്രവേശം ചെയ്തതു് കുഞ്ഞനന്തനായിരുന്നു. അയാരം വളരെ മനഃപ്രയാസത്തോടെ തൻെറ പ്രിയസുഹൃത്തിൻെറ സാമാനങ്ങരം ഇങ്ങനെ വകവരുത്തേണ്ടിവരുന്നതു് തനിക്കാണല്ലോ എന്ന വിചാരത്തിൽ മിക്കവാറും കുററബോധത്താലെന്നപോലെ തലകുനിച്ചു നിന്നിരുന്നു.

"തുടങ്ങു, ചങ്ങാതീ."

ഒടുവിൽ ബാലനു ക്ഷമകെട്ടു. അപ്പോരം കുഞ്ഞനന്തൻ ഓരോന്നായി സാമാനങ്ങരം ലേലത്തിൽ പങ്കെടുക്കാൻ വന്നിരിക്കുന്ന കുട്ടികളുടെ ഇടയിലേയ്ക്കു നീക്കിവച്ചു. ബാലൻെറ കാശ്മീർ റഗ് ഇരുപത്തിയാറുറുപ്പികയ്ക്കു് എൻ. കെ. മണാളൻ എടുത്തു,

മനോഹരമായ ആ ടേബിൾലാമ്പ് പതിന്നാലുറപ്പികയ്ക്ക് കെ. എൻ. സി. കൈമളും. ഏററവും വലിയ ഡിമാൻഡുള്ള വസ്തുക്കൾ അതു രണ്ടുമായിരുന്നു. കൊതിയോടെ പലരും പലപ്പോഴും കണ്ണുവച്ചിരുന്ന ഉരുപ്പടികളായിരുന്നു അവ. കോസറിയും തലയിണകളും അത്രതന്നെ പ്രാധാന്യമുള്ളതായിരുന്നില്ല. നിലനൃത്തകാരൻ കുഞ്ഞാലിയാണ് രണ്ടുംകൂടി പതിനേഴുറപ്പികയ്ക്ക് എടുത്തതു്.

നോട്ടുബുക്കുകൾ ആകെ പതിനൊന്നെണ്ണമേ ഉണ്ടായിരുന്നുള്ളു. നമ്പീശൻ എല്ലാംകൂടി ഒന്നേകാലുറപ്പികയ്ക്കു വിളിച്ചു, ഉടനു് ശങ്കരമേനോൻ രണ്ടുറപ്പികയും. രണ്ടുറപ്പികയ്ക്കു് അവയും വില്ക്കപ്പെട്ടു.

ചേമ്പേഴ്സ് ഡിക്ഷണറിയും ഷേക്സ്പിയറുടെ ജൂലിയസ് സീസറും സാമാന്യം ആകർഷകമായ തുകകൾക്കു വിററുപോയി. അടുത്ത ഇനം, മഹാത്മാഗാന്ധിയുടെ സത്യാന്വേഷണപരീക്ഷകൾ, കുഞ്ഞനന്തൻ കൈയിലെടുത്തപ്പോൾ തമാശയുണ്ടായി.

'ഇതു പ്രിസ്ക്രൈബ്ഡ് ടെക്സ്ററ് അല്ലിയേ' കൃഷ്ണമൂത്തി ഹരിഹരന്റെ കാതുകളിൽ മന്ത്രിച്ചു.

'ആനാലും ബയൻഡ് രൊംഭം ഫയിനാരുക്കു്' എന്നു് ഹരിഹരൻ കണ്ടുപിടിത്തം നടത്തി. പക്ഷേ നല്ല ബയൻഡുണ്ടായിട്ടും ഗാന്ധിയുടെ പുസ്തകം ഇരുന്നുപോയി. അതെടുത്തുകൊണ്ടുപോകാനുള്ള ധൈര്യം പലക്കുമില്ലായിരുന്നു. ഒടുവിൽ ആറണയ്ക്കാണു് കൃഷ്ണൻനായർ അതു പിടിച്ചതു്. സത്യാന്വേഷണപരീക്ഷകൾക്കു വില ആറണ കിട്ടി. അങ്ങനെ ഓരോന്നായി ഉരുപ്പടികളെല്ലാം ഒടുങ്ങി. ബാലന്റെ മുറി കാലിയായായി. ഏററവുമൊടുവിൽ ശേഷിച്ചതു് ഒരു കള്ളിച്ചെടി ആയിരുന്നു.

'ബാലൻനായരുടെ എരുമയായ കാക്ററസ്,' ആരോ കമൻറ് പാസ്സാക്കി.

അപ്പോഠം ബാലൻ ആലോചിക്കുകയായിരുന്നു, എത്ര പാടു പെട്ടു ഇവഠംക്കായി! കാണ്ടിയിൽനിന്നു് ചെറുതുരുത്തിവരെ, ചെറുതുരുത്തിയിൽനിന്നു ചാലപ്പുറംവരെ, എങ്ങനെ ചുമന്നു, എന്തു പാടുപെട്ടു!

എന്നിട്ടിപ്പോഠം?

ഒരു മാസത്തിനുള്ളിൽ പൂവുണ്ടാകും. വയലററ്നിറത്തിൽ, ഒരു ആറിതഠംപ്പൂവു്. എന്തു വിശേഷം? ഇപ്പോഠം മുള്ളുകഠം മാത്രമേ ഇതിലുള്ളൂ. തനിക്കിനി ഇതും ഏററിക്കൊണ്ടു നടക്കാൻ കഴിയുമോ?

ഒരിക്കൽക്കൂടി, ബാലൻെറ കാക്റററസിൽ ആക്കെങ്കിലും താല്പര്യമുണ്ടോ എന്നു് കുഞ്ഞനന്തൻ തിരക്കി. പ്രതീക്ഷിച്ചതു പോലെതന്നെ, ആക്കും അതിൽ താല്പര്യമില്ലായിരുന്നു. ബാലനു് ചൂടനെന്നൊരു പേരു സമ്പാദിച്ചുകൊടുത്തതു് ആ ചെടിച്ചട്ടിയിലെ കള്ളി ആയിരുന്നു. പെട്ടെന്നു് ജനാലപ്പടിമേൽനിന്നു് ബാലൻ ചെടിയും ചെടിച്ചട്ടിയുംകൂടി രണ്ടു കൈയുംകൊണ്ടു് എടുത്തുപൊക്കി. എന്താണു പരിപാടി എന്നു് കുഞ്ഞനന്തനു് ഊഹിക്കാൻ അവസരം കിട്ടുന്നതിനുമുമ്പു് അതു തൊടിയിൽ വീണുകഴിഞ്ഞിരുന്നു, ജനാലവഴി. ചെടിച്ചട്ടി പൊത്തോന്നു വീണു, ഉടഞ്ഞു, തൻെറതന്നെ മുള്ളുകളിന്മേൽ നൊന്തു്, പിടയുന്നു ആ കള്ളിയും.

'എല്ലാംകൂടി എന്തായിട്ടുണ്ടനന്താ?'

അനന്തൻ പണം എണ്ണിത്തിട്ടപ്പെടുത്തി.

"തൊണ്ണൂററാറുരൂപാ എട്ടണ!"

'ശരി.'

'വെള്ളാപ്പവും ചാപ്സുമൊന്നും ഇന്നില്ല. വെറും ചായ വേണ്ടവർ വരിൻ' ബാലൻ കൂട്ടുകാരെ ക്ഷണിച്ചു. എന്തോ, കൂട്ടുകാക്കാക്കും വലിയ താല്പര്യം തോന്നിയില്ല. അപ്പോഠം ബാലനും കുഞ്ഞനന്തനുംകൂടിയിറങ്ങി. അവർ പോയതു് കോമളവിലാസം ഹോട്ടലിലേക്കായിരുന്നു. അവിടെ കണക്കുതീത്തു പണം കൊടുത്തു,

3

സപ്ലയർ അയ്മുവിന്ന് ഒരു നാലണാത്തുട്ട് കൈനീട്ടവും കൊടുത്തു. പിന്നീട് ചങ്ങാതികൾ റെയിൽവേസ്റ്റേഷനിലേയ്ക്കു നടന്നു. ഒരാൾ എന്നത്തേയും പോലെ പൊട്ടിച്ചിരിച്ചു, മററേ ആൾ പതിവില്ലാത്തവിധം മൗനിയായി. കുഞ്ഞനന്തനായിരുന്നു മൗനം. എത്ര തൻേറടക്കാരനായാലും തൻെറ ആത്മസുഹൃത്ത് ഈ നിലയിൽ ഇടയ്ക്കുവച്ചു പഠിപ്പുനിർത്തി പോകുന്നതു് ബുദ്ധിയല്ല എന്നു് അയാൾക്കു് അഭിപ്രായമുണ്ടായിരുന്നു. പക്ഷേ ബാലൻ അതൊന്നും ഗൗനിച്ചില്ല. എന്നത്തെയും പോലെ, അഥവാ മുമ്പെന്നത്തെയും കാളധികം ഉഷാറിലായിരുന്നു അന്നയാൾ.

എന്നെങ്കിലും കണ്ടുമുട്ടാം എന്നു പറഞ്ഞു് അവർ സ്റ്റേഷനിൽ വച്ചു പിരിഞ്ഞു. വണ്ടി വളവു കഴിയുന്നതുവരെയും കുഞ്ഞനന്തൻ നിർന്നിമേഷനായി നോക്കി, ബാലൻ ഉല്ലാസഭരിതനായി നിന്നു തുവാല വീശുകയായിരുന്നു.

മടങ്ങുമ്പോൾ ഓർത്തു സങ്കടപ്പെടാതിരിക്കാൻ കുഞ്ഞനന്തനു കഴിഞ്ഞില്ല. എത്ര നല്ലൊരു കാലമാണു് കടന്നുപോയതു്. ചോരത്തിളപ്പിൻെറയും തൻേറടത്തിൻെറയും കാലം. അതിനി എവിടെ?

ഇനിയെല്ലാം കഥകൾ മാത്രമാണു് എന്നോർത്തപ്പോൾ കുഞ്ഞനന്തനു് മനസ്സിൽ നൊമ്പരം അനുഭവപ്പെട്ടു.

തോന്നുമ്പോഴൊക്കെ പണം എഴുതിഅയച്ചുവരുത്തി, സുജായി ആയിട്ടു കഴിഞ്ഞ ബാലൻ ഇനിയെങ്ങനെ കാലയാപനം കഴിക്കും എന്നാലോചിച്ചപ്പോൾ താനുംകൂടി സെററുചെന്നാണു് ബാലനെ വഴിയാധാരമാക്കിയതു് എന്നു് അയാൾക്കു തോന്നി. കുഞ്ഞനന്തൻ ബാലൻെറ റൂംമേററായിരുന്നു, നമ്മസചിവനും. അയാൾ പിറേറന്നു്, തിങ്കളാഴ്ച ക്ലാസ്സിലേ പോയില്ല.

# 3

കുഞ്ഞനന്തനോ മററാരെങ്കിലുമോ വേണമെങ്കിൽ അതുമിതു മോത്തു സങ്കടപ്പെടട്ടെ, ബാലചന്ദ്രനെ സംബന്ധിച്ചിടത്തോളം പഠിപ്പങ്ങോട്ടു നിത്തുന്നതിൽ പരിഭ്രമമൊന്നുമുണ്ടായിരുന്നില്ല.

ഇത്രയുംകാലം വീട്ടുകാരെ ആശ്രയിച്ചുകഴിഞ്ഞു. ഇന്നിപ്പോഠം താനായിട്ടു ലോകത്തിലേയ്ക്കിറങ്ങുന്നു. ഇതിലെന്താണു പ്രയാസം? എന്താണിതിൽ പരിഭ്രമിക്കാൻ വക? നനഞ്ഞ കോഴിക്കുട്ടിയെപ്പോലെ തൂങ്ങിപ്പിടിച്ചുനില്ക്കുന്നവരോടു് എന്നും പുച്ഛമായിരുന്നു.

എന്തോ, ആ യാത്രയിലെ അനുഭവങ്ങളും ബാലചന്ദ്രൻെറ ഉത്സാഹത്തെയും പ്രസാദാത്മകത്തെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളവയായിരുന്നു. ഒന്നു കഴിഞ്ഞാലെന്താ, ഒന്നിലും വലുതു്, രണ്ടു്! ടിക്കററെടുത്തിരുന്നതു് മദിരാശിക്കാണു്. കുറെച്ചെന്നപ്പോഠം അതുമാത്രം വേണ്ടിയിരുന്നില്ല എന്നു തോന്നി. മദിരാശിയിൽ നാരായണൻകുട്ടിയേട്ടനുണ്ടു്, അല്ലത്തെ അമ്മാളുവമ്മയും കൂട്ടക്കാരുമുണ്ടു്. പരിചയക്കാർ വേറെയും ഒട്ടനവധി.

അവരുടെ വല്ലതും അടുത്തേയ്ക്കു്, ചിണുങ്ങിക്കൊണ്ടു്, ഞാൻ പഠിപ്പുനിത്തി, എനിക്കൊരു പണി കിട്ടണം എന്നു പറഞ്ഞു്, ഛെ, അതു മോശം. അതു വയ്യ. അതുമാത്രം ചത്താലും ചെയ്തു വയ്യ.

ആരുടെയും സഹായം വേണ്ട. ലോകത്തോടു് ഒററയ്ക്കു നിന്നു് ഒരു കൈനോക്കാൻവേണ്ടി ഇറങ്ങിയിരിക്കുന്നു. തോററു പോയാൽ, ബ്രഹ്മാവേ, നിൻെറ സംഭാവന ഇതാ കിടക്കുന്നു എന്നു പറഞ്ഞു് ഒരേറു കൊടുക്കണം ജീവിതം. അല്ലാതെന്താ?

പിന്നെ തോല്ക്കുക എന്ന പ്രശ്നം, എന്തോ അതങ്ങോട്ടു മനസ്സിലാകുന്നില്ല,

അങ്ങനെ ആലോചിച്ചുപോയി. മദിരാശിയിൽച്ചെന്നിറങ്ങിയാൽത്തന്നെ ഒരൊററക്കുട്ടിയെ ചെന്നു കാണുന്നില്ല എന്നു നിശ്ചയിച്ചു. ആരാരുടെയും ശുപാർശയും സഹായവും കൂടാതെ,

തോട്ടിപ്പണിയെങ്കിൽ തോട്ടിപ്പണി, ഒരു പണി സമ്പാദിക്കുക അതേ വേണ്ടു.

അത്രയുമായപ്പോഴേയ്ക്കുതന്നെ ആലോചന മുഷിഞ്ഞു. എത്ര നേരമെന്നുവച്ചാണു് കുത്തിയിരുന്നു് ആലോചിക്കുക? തീവണ്ടിയിൽ എന്തു ചെയ്യാൻ: ഒരു ഫിലിമിൻഡ്യ കൈയിലിരുന്നു, തുറന്നു. ജം ജം നില്ക്കുന്ന ഒരു പെണ്ണാണു് കവറിൽ. ഇപ്പോഴം ഇങ്ങനെ ഒന്നിനെ കൈയിൽ കിട്ടിയിരുന്നെങ്കിൽ വല്ലതും, എന്തു വിശേഷം? വെറുതെ കുറെ നേരം നോക്കി നോക്കിയിരുന്നു. പിന്നെ, വായന തുടങ്ങി. അപ്പോഴും വണ്ടി കുററിപ്പുറം സ്റ്റേഷൻ കടന്നിരുന്നില്ല. നോക്കുമ്പോഴം വേണ്ടുവോളം സ്ഥലമുണ്ടു്. നീണ്ടു നിവന്നൊന്നു കിടന്നേക്കാമെന്നു വച്ചു. കിടന്നു, നിമിഷങ്ങൾക്കുള്ളിൽ ബാലൻ ഉറക്കമായി.

ഒരു കൈയിൻെറ സ്പർശം കാലിന്മേൽ അനുഭവപ്പെട്ടപ്പോഴാണു് കണ്ണു തുറന്നതു്, ഷൊറണ്ണൂർ സ്റ്റേഷനിൽ ആയിരുന്നു വണ്ടി അപ്പോഴം കിടക്കുന്നതു്. കുറെയേറെ ആളം കയറിവന്നു, അവക്കു് ഇരിക്കാൻ സ്ഥലം കൊടുക്കേണ്ടിവന്നു. സെററായി നാലു ചെറുപ്പക്കാരുണ്ടായിരുന്നു, അവരിൽ മൂന്നാളം ബാലനു് എതിരെയുള്ള സീററുകളിലിരുന്നു. ഒരാളം തൻെറതന്നെ അരികിലും. കയറി ഇരുന്നതും അവർ ഏതോ ടെസ്റ്റിനെക്കുറിച്ചും പരീക്ഷയെക്കുറിച്ചും ചൊറുചൊറാ എന്നു് വായ തോരാതെ വൎത്തമാനം തുടങ്ങി. തികഞ്ഞ പുച്ഛത്തോടെ ബാലൻ കുറെ നേരത്തേയ്ക്കു ശ്രദ്ധിച്ചു—

എഴുത്തുപരീക്ഷ കഴിഞ്ഞാൽ അന്നുതന്നെ ലിസ്റ്റിടും. ഇരുനൂറുപേരെ അവിടെവെച്ചുതന്നെ തുലയ്ക്കും. പിറേറന്നു രാവിലെ പേഴ്സണൽ ഇൻറർവ്യൂ. അവിടെയും ആകെയുള്ള ഇരുപത്താമുപ്പതോ പേരിൽ അധികം എണ്ണത്തിനെ തട്ടിത്താഴെയിടും. ഒടുവിൽ വരുമ്പോഴം സെലക്ഷൻ കിട്ടുന്നതു് അഞ്ചാൾക്കു്, അല്ലെങ്കിൽ ആറാൾക്കു്.

'ആരെല്ലാമായിരിക്കും കുട്ടീ ഇൻറർവ്യൂവിനു വരിക?' നരിച്ചീറിൻെറ ശബ്ദമുള്ള ഒരു കുട്ടിത്തേവാങ്കിൻെറ ചോദ്യം!

ഉടനെ, തേററംമീശക്കാരൻ ചാത്തൻകോഴിയുടെ മട്ടിനു് പൊങ്ങുന്നു, തലയുയർത്തുന്നു. എന്നിട്ടു്, ജനറൽ മാനേജരും ചീഫ് എഞ്ചിനീയരും ട്രാഫിക്ക് സൂപ്രണ്ടും ഒക്കെ കാണുംന്നാണു് അമ്മാമ പറഞ്ഞു്, എന്നു മൊഴിയുന്നു. എല്ലാവരും ഇംപ്രസ്ഡ് ആയി ട്ടില്ലേ എന്നമട്ടിൽ വട്ടംചുററുമൊരു നോട്ടവും.

ബാലനു ചിരിവന്നു. അപ്പൊഴേയ്ക്കു് അടുത്ത മഹാൻ ഒരു സംശയം ഉന്നയിച്ചിരുന്നു, ആട്ടെ, വിജയൻ, എനിക്കൊരു ഡൗട്ട്. നമ്മള് കയറിച്ചെല്ലുന്നതു് ഉച്ചയ്ക്കാണെങ്കിൽ ഗുഡ് മോർണിങ്ങ് പറയണോ അതോ ഗുഡാഫ്ററർ നൂണോ?'

തേളുമീശക്കാരനു് സംശയമോ, ഗുഡാഫ്ററർ നൂണല്ലേ എന്നു തട്ടിവിട്ടു.

അപ്പോഠം പുള്ളപിടിച്ച പയ്യൻ വിട്ടുകൊടുക്കാൻ തയ്യാറുണ്ടായിരുന്നില്ല. 'ഏറാടിമാഷ് പറഞ്ഞതേയ്, ഗുഡ്മോണിങ്ങെന്നുതന്നെ പറയണംന്നാ വിജയാ.' 'അതു തെററാണു്,' മറെറാരു കുരങ്ങൻ. ആകെ ബഹളം! വാദവും പ്രതിവാദവും, അത്താറിററി നിരത്തലുകളും കോലാഹലം.

ഇവററയെക്കൊണ്ടു മടുക്കുമല്ലോ, ബാലൻ വിചാരിച്ചു. ബാലൻ അസുഖപ്പെടുന്നതു് അവക്കു മനസ്സിലായെന്നു തോന്നി. കുറേ നേരത്തേയ്ക്കു് തീവണ്ടിയുടെ ഝുക് ഝുക് അല്ലാതെ മറെറാന്നുമില്ലായിരുന്നു.

വീണ്ടും ഒലവക്കോടു കഴിഞ്ഞപ്പോഠം സംശയങ്ങഠം ഉയർന്നുവന്നു:

'നമ്മോടു് പോളിററിക്സ് വല്ലതും ചോദിക്കുമോ, കൂട്ടരേ?' ആരോ ഒരാഠം അതെടുത്തിട്ടു.

ചോദിക്കുമോ എന്നു്! സംശയമോ, വിജയൻ എന്ന ജ്ഞാനിയുടെ തിരുവായ്മൊഴി!

'ആട്ടെ, ഗാന്ധിയെക്കുറിച്ചു് എന്താ അഭിപ്രായമെന്നു ചോദിച്ചാലെന്തു പറയും?'

'ചോദിച്ചാലെന്താ, ചോദിച്ചാൽ,' നേതാവ് വലിയുകയായിരുന്നു. 'നിങ്ങൾ പറയിൻ.'

'ഗാന്ധി ഒരു രാജ്യദ്രോഹിയാണെന്നു പറയണം.'

'അതെയതെ!' എല്ലാവരുംകൂടി കൈയടിച്ചു ശരിവച്ചു. പക്ഷേ അടുത്ത നിമിഷംതന്നെ രാജ്യദ്രോഹി എന്ന വാക്കിന് ഇംഗ്ലീഷെന്താണെന്ന് ആരോ ചോദിച്ചതോടുകൂടി രംഗം വീണ്ടും മ്ലാനമായി.

'രാജ്യദ്രോഹിക്കിംഗ്ലീഷ് ഞാൻ പറയാം, ആർബിട്രേററർ,' ഒരുവൻ തട്ടിവിട്ടു.

ആർബിട്രേററർ. അതന്നേ. എല്ലാവരും കൈയടിച്ചു ശരിവച്ചു.

അതുവരെ സഹിച്ചിരുന്നെങ്കിലും, അത്രയും ആയപ്പോൾ പൊട്ടിപ്പോയി. ബാലചന്ദ്രനു ചിരിയടക്കാൻ കഴിഞ്ഞില്ല.

'എന്താ ഹേ, നിങ്ങള് ചിരിക്കണെ?' ഒരാൾ ഗൗരവപ്പെട്ടു.

'ഹെയ്, ഒന്നൂല്യ.' അത്രയും പറഞ്ഞുതീരുംമുമ്പ് ബാലൻ വീണ്ടും പൊട്ടിച്ചിരിച്ചു.

'എന്താണു മിസ്റ്റർ ഞാൻ പറഞ്ഞതു് തെററാ?'

'ഹേയ്, അതു തെററാ!'

അയാൾക്കു മനസ്സിലായെന്നു തോന്നുന്നു. 'അല്ല, തെററിയെന്നുണ്ടെങ്കിൽ നിങ്ങൾ പറയിൻ!' അതു് അടിയറവു പറയലായിരുന്നു. അപ്പോൾ രാജ്യദ്രോഹിയെന്നതിനു് ഇംഗ്ലീഷ്‌വാക്ക് ട്രെയ്‌ററർ എന്നാണെന്നു ബാലൻ അവർക്കു പറഞ്ഞുകൊടുത്തു. അടുത്തതായി അവർ നിങ്ങളെവിടേയ്ക്കാണ് എന്നു ചോദിച്ചു അടുത്തുകൂടി. മദിരാശിക്കാണ്, ബാലൻ കണ്ണംവിടാതെ പറഞ്ഞു. ഞങ്ങളെല്ലാവരും തൃശ്ശിനാപ്പിള്ളിക്കാണ്, ചോദിക്കാതെതന്നെ ഉത്തരം. എന്തോ അവിടെ? അപ്പോഴായിരുന്നു സംഭവം, അവരുടെയൊക്കെ ഈ പരിഭ്രമത്തിന്റെ കാരണം പുറത്തു വരുന്നു— തൃശ്ശിനാപ്പള്ളിയിൽ റെയിൽവേ സെലക്ഷൻ ടെസ്റ്റിനു് ഇരിക്കാൻ പോകയായിരുന്നു അവർ. ഷൊരണൂരും പരിസരപ്രദേശ

ങ്ങളിലും ഉള്ള പത്താംതരം പാസ്സായ കുട്ടികളാണ്. വിജയൻ ഒരാധ ഇൻററിനു എഴുതിയിട്ടുണ്ട്.

'നിങ്ങ്ഠം എവിടേയ്ക്കുന്നാ പറഞ്ഞത്?'

'മദിരാശിക്കെന്നു്.'

'എന്താ അവിടെ?"

'വിശേഷിച്ചൊന്നുമില്ല. വെർതെ സ്ഥലം കാണാൻ പോകുന്നു.'

എന്തിനധികം? ഉറങ്ങാൻ അവരവരുടെ ബെർത്തുകളിൽ ഓരോരുത്തരും കയറിപ്പറ്റുന്നതിനുമുമ്പ് മിസ്റ്റർ ബാലചന്ദ്രൻ അവരുടെ ഗ്രൂപ്പുനേതാവായിക്കഴിഞ്ഞിരുന്നു, മദിരാശിക്കു പോകുന്നതിനുപകരം ഈറോഡിൽ ഇറങ്ങി തൃശ്ശിനാപ്പിള്ളിക്ക് അവരോടൊത്തു വണ്ടി മാറിക്കയറണമെന്ന് തീരുമാനവും എടുക്കപ്പെട്ടു കഴിഞ്ഞിരുന്നു. 'നേരത്തെ അപേക്ഷ അയച്ചിട്ടില്ലാത്തതുകൊണ്ടു് ഈ ടെസ്റ്റിനിരിക്കാൻ മിസ്റ്റർ ബാലചന്ദ്രനു കഴിഞ്ഞില്ലെന്നു വരുമോ' എന്നു് ഏതു കാര്യത്തിലും വേണ്ടതിലധികം പരിഭ്രമമുണ്ടായിരുന്ന ആ പുള്ളപിടിച്ച ചെക്കൻ, രാധാകൃഷ്ണനു മാത്രം ഒരു സംശയമുണ്ടായി. അതയാഠം സൂചിപ്പിക്കാതിരുന്നുമില്ല. പക്ഷേ ബാലൻ കൂട്ടാക്കിയില്ല. മുള്ളവേലിയെ അംഗീകരിക്കാൻ നിൽക്കുമോ കാളക്കുററൻ? അവനാഞ്ഞൊട്ടു കുതിക്കും. അല്ലാതെന്താ? ബാലൻെറ മനസ്സ് തൃശ്ശിനാപ്പള്ളിയിൽച്ചെന്നു് ഉദ്യോഗത്തിൽ പ്രവേശിച്ചാലുള്ള കാര്യങ്ങളെക്കുറിച്ചുമാത്രം എന്തോ ചിലതാലോചിച്ചു. അതിനപ്പുറം, അയാഠം വിജയനെയും അബുവിനെയും കൂട്ടി ഒരു ചെറിയ ശീട്ടുകളിപ്പരിപാടിക്കു വട്ടം കൂട്ടി. ഭാഗ്യാന്വേഷണയാത്രയുടെ ആദ്യത്തെ ദിവസം അങ്ങനെ കഴിഞ്ഞു.

# 4

അങ്ങനെതന്നെ ഈറോഡിലിറങ്ങി വണ്ടി മാറിക്കയറി-തൃശ്ശിനാപ്പള്ളിയിൽ ചെന്നെത്തിയപ്പോഠം എന്താ കഥ, പരിചയക്കാരെ ആരെയും കണ്ടുകൂടെന്നും ആശ്രയിച്ചുകൂടെന്നും നിശ്ചയിച്ചുറച്ചുപോന്ന ബാലന്നു് സ്റ്റേഷനിലിറങ്ങി രണ്ടു ചുവടു വയ്ക്കുന്നതിനുമുമ്പു് കണ്ണിൽപ്പെട്ടതു് കോരുമേനോനായിരുന്നു. അച്ഛൻെറ ആത്മമിത്രം, കുന്നിപ്പാടത്തെ കോരുമേനോൻ!

മേനോൻെറ കണ്ണിൽപ്പെട്ടുപോയി. പിന്നത്തെ കഥയെന്താ? ഒരു ചുവടു മുന്നോട്ടു വയ്ക്കാൻ മേനോൻ എന്തുചെയ്താലും സമ്മതിക്കയില്ല.

'താനിപ്പൊ എങ്ങട്ടു് പോണംന്നാ കര്തണു്" അദ്ദേഹം ബാലനെ തടഞ്ഞുനിർത്തി.

അച്ഛനോടും അമ്മയോടും വീട്ടുകാരോടും ഒന്നാകെത്തന്നെയും പിണങ്ങിപ്പോന്നിരിക്കയാണു്. ഇവിടെങ്ങാൻ ഒരു പണികിട്ടുമോ എന്നാണു ശ്രമം. പണി കിട്ടിയാലും കിട്ടിയില്ലെങ്കിലും വീട്ടുകാരെ ഒന്നുമൊന്നും എഴുതി അറിയിക്കാൻ ഉദ്ദേശമില്ല.

എങ്ങനെയാണു പറയുക, മേനോനോടു്, അച്ഛൻെറ വലിയ ചങ്ങാതിയോടു്. തൻെറ പഠിപ്പു നിർത്തിയേക്കാൻ അമ്മയ്ക്കു നിർദ്ദേശം നല്കിക്കൊണ്ടെഴുതിയതു് അച്ഛൻതന്നെയാണു്.

"നാരായണൻകുട്ടിയുടെയും കുഞ്ഞുണ്ണിയുടെയും കാര്യം എനിക്കു നോക്കാനുണ്ടു്. ആ പോക്കിരിച്ചെക്കനോടു് അവൻെറ പാടുനോക്കാൻ പറയൂ" അതായിരുന്നു അച്ഛൻെറ കത്തിൽപ്പറഞ്ഞിരുന്നതു്. ഇതിൽ എന്തെല്ലാമാണു്, എങ്ങനെയാണു് മേനോനോടു പറയുക? ആദ്യം അല്പമൊന്നു പരുങ്ങി.

എന്നാലും ഭയപ്പാടെന്നു പറയുന്നതു് ശരീരക്കൂറിനു തീരെ യോജിച്ചതല്ല, ആരെ ഭയപ്പെടണം? വീട്ടുകാരുമായുള്ള എല്ലാം ബന്ധങ്ങളും അറുത്തിട്ടാണു്, കൈയും വീശി സ്വതന്ത്രനായാണു് താൻ പോന്നിരിക്കുന്നതു്. തനിക്കു് പരാശ്രയമില്ലാതെ ജീവി-

ക്കാൻ കഴിയുമോ എന്നൊന്നു നോക്കണം. എല്ലാം അതാതിന്റെ സന്ദർഭാനുസാരം മേനോനോടു തുറന്നടിച്ചുതന്നെ പറഞ്ഞു.

അതൊക്കെ പിന്നെയാവാം, നമുക്കു കചാട്ട്രേഴ്സിലേയ്ക്കു തല്ക്കാലം, പോകാം മേനോൻ നിർദ്ദേശിച്ചു.

താൻ ടെസ്റ്റിനിരിക്കാൻ കഴിയുമോ എന്നു നോക്കാനാണു വന്നതെന്നു് ബാലൻ വാദിച്ചു. തനിക്കു് അതിനു പോകണം. അതാണു പ്രധാന കാര്യം. സല്ക്കാരം സ്വീകരിക്കലും, മററെല്ലാം പിന്നീടു്. അതു പറഞ്ഞുവന്നപ്പോഴായിരുന്നു കള്ളി പുറത്താകുന്നതു്. അപേക്ഷാഫാറം പൂരിപ്പിച്ചയയ്ക്കുകയോ അതുപോലെന്തെങ്കിലും ചെയ്തിട്ടില്ല. ഉഷാറായിട്ടു ജോലിക്കുവേണ്ടി ചാടിപ്പുറപ്പെട്ടിരിക്കയാണു്.

മീനു അമ്മ ദണ്ണപ്പെട്ടം, ബാലൻ നാട്ടിലേയ്ക്കു തിരിച്ചുപോകയാണു വേണ്ടതു്, അവിടെച്ചെന്നിട്ടു് പഠിപ്പുതുടരുകയും, മേനോൻ അഭിപ്രായപ്പെട്ടു.

'ചത്തിട്ടില്ലെങ്കിൽ അതുണ്ടാവില്ല.'

ബാലൻ കൂസലില്ലാത്ത മട്ടിൽ മേനോനേട്ടനോടു തുറന്നു പ്രഖ്യാപിച്ചു.

അങ്ങനെ വന്നപ്പോഴാണു്, എന്തുമാകട്ടെ നമുക്കു താമസസ്ഥലത്തു പോയി കുളിയും കാപ്പികുടിയും കഴിഞ്ഞു വന്നിട്ടു് അടുത്ത കാര്യം നോക്കാമെന്നു് മേനോൻ നിർദ്ദേശിച്ചു. ബാലൻ അതിനു വഴങ്ങി. പരാശ്രയമില്ലായ്മയെക്കുറിച്ചുള്ള തന്റെ സങ്കല്പങ്ങൾ കാററിലെ പഞ്ഞി നുറുങ്ങുകൾപോലെ അനാഥമായിപ്പോകുന്നതു് ബാലൻ അത്യന്തം വേദനയോടെയാണു് കണ്ടതു്.

ബാലന്റെ കാര്യത്തിൽ എന്താണു ചെയ്യേണ്ടതെന്നു് മേനോൻ നടത്തത്തിനിടയിലും കചാട്ട്രേഴ്സിൽച്ചെന്നിട്ടും വളരെ നേരം ആലോചിച്ചു. അവനു വേണ്ടതു പണിയാണു്. നന്നു്, ആൺകുട്ടികളായാൽ ഉശിരു വേണം, തന്റേടം വേണം, ആകാശം ഇടിഞ്ഞുവീണാലും തനിക്കൊരു ചുക്കുമില്ലെന്ന ധൈര്യം വേണം. ബാലനെപ്പോലെ അല്ലാതെ, ശക്തിയിലൊരു മഴ പെയ്താൽ പിഴുതു

വീണുപോകുന്ന കീരത്തെയാവരുതു് ആരും. ആൺകുട്ടികഠം വിശേഷിച്ചും. മേനോൻെറ അഭിപ്രായം അങ്ങനെയൊക്കെ ആയിരുന്നു. സ്വാഭാവികമായും പരാശ്രയംകൂടാതെ ജീവിതായോധത്തിനിറങ്ങാനുള്ള ബാലൻെറ മോഹം അയാഠംക്കും സവ്വാത്മനാ സ്വീകാര്യമായിരുന്നു.

ഇതു പറയുമ്പോഠം, മേനോൻെറ സ്വഭാവത്തെയും സി. എസ്. നായരോടു് അദ്ദേഹത്തിനുണ്ടായിരുന്ന കടപ്പാടിനെയും കുറിച്ചു് ഒരേസമയം വ്യക്തമായ കാഴ്ചപ്പാടു നല്കുന്ന ഒരു സംഭവം ഇവിടെ എടുത്തുപറയേണ്ടതുണ്ടു്.

കുന്നിപ്പാടത്തെ കോരുമേനോൻ ഇൻറർമീഡിയററ് പരീക്ഷ പാസ്സായി. പല ജോലിക്കും ശ്രമിച്ചു. എന്തോ, കാലക്കേടിനു് യാതൊന്നും കിട്ടിയില്ല. അങ്ങനെ പഞ്ഞികിടന്നു വലഞ്ഞ കാലത്താണു്, മററൊരു രക്ഷാമാഗ്ഗവുമില്ലെന്നു കണ്ടപ്പോഠം കോരുമേനോൻ മാളികത്താഴത്തെ കല്ലുവിനെ കടന്നങ്ങോട്ടുചെന്നു പ്രേമിച്ചതു്.

കല്ലുവിനു് ഒരു ലേശം കോങ്കണ്ണുണ്ടായിരുന്നു, അവളുടെ നിറമാകട്ടെ ബലിക്കാക്കയുടെ കറുപ്പും ആയിരുന്നു. ആഭിജാത്യത്തിലും വാസ്തവത്തിൽ കുന്നിപ്പാടത്തുകാരെക്കാഠം ലേശം താഴെയാണു്. എല്ലാമായാലും കല്ലുവിൻെറ വീട്ടുകാക്കു കാശുണ്ടു്. കല്ലു ഒരാഠം വിചാരിച്ചാലേ തനിക്കു രക്ഷാമാഗ്ഗം തുറന്നുകിട്ടൂ എന്നു് തീച്ചയാക്കി. കോരുമേനോൻ കല്ലുവിനെക്കൊണ്ടു് ഇങ്ങോട്ടു പ്രണയിപ്പിച്ചു. സാധാരണമട്ടിലുള്ള പ്രണയമല്ല, കൂടിയ കുതിരശ്ശക്തി (അന്നു് മെഗാട്ടൺ പ്രയോഗമില്ലായിരുന്നു) യുള്ള പ്രേമം, ധീരമനോഹരമായ പ്രേമം.

കല്ലുവിനെ കല്യാണം കഴിച്ചിട്ടാണു് മേനോൻ മദിരാശിയിൽപ്പോയി മെഡിക്കൽ കോളേജിൽ ചേന്നതു്, പഠിച്ചു മിടുക്കനായി റെയിൽവേ ഡോക്ടറായതു്. അവൻ കല്ലുവിനെ കല്യാണം ചെയ്താൽ ഞാനങ്ങടു് ഒരുപിടി കരവീരക്കായകൊണ്ടൊരു പ്രയോഗവും നടത്തും എന്നു് വളരെ ശക്തിയായ ഭാഷയിൽ ഭീഷണിയു

മായി നിന്ന കണ്ടപ്പനായർക്ക് കാര്യമെല്ലാം പറഞ്ഞു മനസ്സിലാക്കി കൊടുത്തതും, അതിന് അയാളെക്കൊണ്ടു സമ്മതിപ്പിച്ചതും, ഒടുവിൽ കൈയിൽ ഒരു മുക്കാലില്ലാത്ത മണവാളന് കല്യാണത്തിനെടുത്തുപയോഗിക്കാൻ സ്വന്തം കല്യാണമോതിരം അനായാസമായിട്ട് ഊരിക്കൊടുത്തതും സി. എസ്. നായരായിരുന്നു. ബാലന്റെ അച്ഛൻ. അന്നു മൂപ്പർ സിലോണിൽപ്പോയിട്ടില്ല. ഗുരുവായൂരടുത്ത് ഒരു തപ്പാലാപ്പീസിൽ പണിയെടുക്കുകയായിരുന്നു. എന്തായാലും ബാലന്റെ കാര്യത്തിൽ കഴിവിന്നപ്പുറവും എന്തും ചെയ്യണമെന്നു തീരുമാനിച്ചുറച്ച കോരുമേനോൻ വളരെ സ്വാധീനം ചെലുത്തിനോക്കിയിട്ടും, ബാലനെ പിറേറന്നു നടക്കുന്ന ടെസ്റ്റിന് ഇരുത്താൻ കഴിഞ്ഞില്ല; റെയിൽവേ ഡോക്ടറെക്കൊണ്ടു വാസ്തവത്തിൽ എല്ലാവൎക്കും വലിയ ഉപകാരമുള്ളതാണ്. വല്ല നിവൃത്തിയുമുണ്ടെങ്കിൽ ഡോക്ടറെ ഒന്നു കടപ്പെടുത്തിവിടാൻ കിട്ടുന്ന ഒരു സന്ദർഭം റെയിൽവേ ജീവനക്കാരിൽ ആരുംതന്നെ പാഴാക്കുകയുമില്ല. എന്നാലും, ബാലനെ സുഖമായി ക്വാർട്ടേഴ്സിൽ കിടത്തിയുറക്കിയിട്ട് ഡോക്ടർ ആപ്പീസിൽക്കയറി എല്ലാ ശ്രമവും നടത്തിയിട്ടും വലിയ വിശേഷമുണ്ടായില്ല.

'നേരത്തെ ഒരൊററ വാക്കു പറഞ്ഞിരുന്നെങ്കിൽ,' ഒരു വൻതോക്ക് ക്ഷുഭിതപ്പെട്ടു. ഇതു കേട്ടാൽത്തോന്നും ഇന്നിന്ന സാഹചര്യത്തിൽ ബാലനിവിടെ വരാൻ പോകുന്നു എന്ന് ഡോക്ടൎക്കു ദീർഘദൃഷ്ടിയുണ്ടായിരുന്നെന്ന്!

ഒടുവിൽ അവരിലൊരാൾതന്നെയാണ് ഒരു പോംവഴി കണ്ടെത്തിയത്, അടുത്ത ആഴ്ച മറെറാരു ടെസ്റ്റുണ്ട്. അതിനുള്ള പേപ്പറുകൾ ശരിയായി വരുന്നതേയുള്ളു. അതിനിടയിൽ ഈ ഒരു പേരുകൂടി തിരുകിക്കയററാം. നേരത്തേയുള്ളൊരു തിയ്യതി വച്ച് ഒരപേക്ഷാഫോറം പൂരിപ്പിച്ചുവിടെക്കൊടുത്താൽ മതി. ഹെഡ്ക്ലാർക്ക് അപേക്ഷാഫാറവും തപ്പിത്തിരഞ്ഞെടുത്തുകൊടുത്താണ് ഡോക്ടറെ വിട്ടത്.

ബാലൻ കുശാലായി ഒരുറക്കം കഴിഞ്ഞെഴുന്നേററ മൂരി നിവക്ക്മ്പോഴണ്ട് ഡോക്ടർ ഫാറവുമായി വരുന്നു. ഒരാഴ്ച, എന്തു നെസ്സും ഇവിടെത്തങ്ങുക, ജോലികാര്യം ഞാൻ ശരിയാക്കാം, മേനോൻ ബാലനു് ഉറപ്പു നല്കി.

ബാലനു് നിരസിക്കാൻ ആവതില്ലായിരുന്നു. അയാറം ഒരാഴ്ചകൂടി അങ്ങനെ ഒരു പരാന്നഭോജിയായി അവിടെ കഴിഞ്ഞു.

ഒമ്പതാമത്തെ ദിവസം നിയമനവും, മംഗലാപുരംവരെ പോകാനുള്ള റെയിൽവേപ്പാസ്സുംകൂടി അടക്കംചെയ്ത ഒരു കവർ ഹെഡ്ഡ് ക്ലാക്കു് മിസ്റ്റർ ബാലചന്ദ്രമേനോനെ വിളിച്ചേല്പിച്ചു.

"നിങ്ങറംക്കീ ജോലി ശുപാശ്കൊണ്ടു കിട്ടിയതാണെന്നു് ഒരപകൃഷ്താബോധം തീരെ വേണ്ട, കേട്ടോ കുട്ടീ. റിട്ടൺടെസ്റ്റിൽ ഇരുപത്തിമൂന്നാമത്തെ റാങ്കായിരുന്നു നിങ്ങറംക്കു്. പേഴ്സണൽ ഇൻറർവ്യൂ കഴിഞ്ഞപ്പോറം അതു തേഡ് റാങ്കും ആയി."

അദ്ദേഹം റെയിൽവേയിൽ ജോലിക്കുള്ള പ്രോസ്പെക്ററസിനെക്കുറിച്ചും അപ്പോറം ചെറുതായൊന്നു സൂചിപ്പിക്കാതിരുന്നില്ല—

'ററിററി ആറാവാം, എ എസ്സെം ആവാം, ഗാർഡോ എസ്സെമോ ആകാം. കുറഞ്ഞ സമയത്തിനുള്ളിൽ.'

അങ്ങനെ ഒരാഴ്ചമുമ്പുവരെ വെറും അപരിചിതരായിരുന്ന ഒരുപിടി ആളുകളുടെ ശുഭാശംസകളുമായി, അമ്മയ്ക്കെന്തായാലും ഉടനെത്തന്നെ കത്തെഴുതണമെന്ന ഡോക്ടർ മേനോൻെറ പ്രത്യേക ഉപദേശവും വാങ്ങി, ആഹ്ലാദം ഉള്ളിനില്ക്കുന്ന ഹൃദയവുമായി, എന്നത്തെയുമെന്നപോലെ കൂസലില്ലായ്മയും പ്രസരിപ്പുമായി തെക്കേടത്തെ ബാലചന്ദ്രൻ തൃശ്ശിനാപ്പള്ളിയിൽനിന്നു വണ്ടി കയറി.

ഉദ്യോഗത്തിൽ പ്രവേശിക്കാനുള്ള യാത്രയായിരുന്നു അതു്. പുതുതായി ഉറക്കാനാരംഭിക്കുന്ന പാപ്പാത്തിയുടെ അധൈര്യത്തെക്കാളധികം ചങ്ങലക്കെട്ടിൽക്കിടന്നിരുന്ന ഒരു മൂരിക്കുട്ടൻെറ അക്ഷമയായിരുന്നു, കുതിക്കുന്ന വെമ്പലായിരുന്നു അയാളുടെ മനസ്സിൽ അപ്പോറം.

## രണ്ട്

# എന്ത ഹോ ഗ?

മംഗലാപുരത്തെക്കുറിച്ച് എന്തോ ചിലതു കേട്ടിട്ടുണ്ട്, കൂടുതലൊന്നും അറിഞ്ഞുകൂട. ഏഴുമണിക്കാവും മെയിൽ അവിടെ എത്തുക. ആപ്പീസുകാര്യം രാവിലെയേ നടക്കൂ. എവിടെ താവളമടിക്കും? ങ്ആ, ഒരു വലിയ ടൌണല്ലേ, സ്റ്റേഷനിൽത്തന്നെയോ സ്റ്റേഷനടുത്തെങ്ങാനുമോ കഴിഞ്ഞുകൂടാം. രാവിലെ നേരത്തെ ജോലിക്കു ഹാജരാകാം.

അങ്ങനെയൊക്കെ ആയിരുന്നു പരിപാടി. വരട്ടെ, തമാശയുണ്ടാകും. പുതിയ പട്ടണം, പുതിയ ജീവിതം. ഉള്ളാൽ സ്റ്റേഷനായപ്പോഠം ആരോ പറഞ്ഞു അടുത്ത സ്റ്റേഷൻ മംഗലാപുരമാണ്. ടെർമിനസ്, ഒടുവിലത്തെ സ്റ്റേഷൻ.

വണ്ടി കൊക്കിയും കിതച്ചും അവിടെ ചെന്നെത്തിയപ്പോഠം മുക്കാൽമണിക്കൂറേ വൈകിയിട്ടുള്ളു. മണി ഏഴേമുക്കാൽ, എട്ടാകുന്നു.

കോയമ്പത്തൂരിനെക്കാളും തൃശ്ശിനാപ്പള്ളിയെക്കാളും ഒക്കെ നീളമുള്ള ഒരു സ്റ്റേഷൻ, അവിടവിടെ നാലഞ്ചു റാന്തൽവിളക്കുകഠം മുനിഞ്ഞു കത്തുന്നുണ്ടായിരുന്നു. വൈദ്യുതി വന്നെത്തിയിട്ടില്ല, കഷ്ടം, നെടുനെടുങ്കൻ സ്റ്റേഷൻ, അതിൽ ഈ വാദ്ധക്യബാധവന്ന മണ്ണെണ്ണവിളക്കുകളും.

പോലീസ്സ്റ്റേഷനും, സ്റ്റെൽസരുടെ റിഫ്രഷ്മെൻറ് റൂമും, ആറെമ്മെസ്സ് ആപ്പീസും കടന്നപ്പോഠം സ്റ്റേഷൻമാസ്റ്ററുടെ മുറി കണ്ടു. അകത്തേയ്ക്കു കാലെടുത്തു കുത്തി, വാച്ച്മാൻ റാന്തൽ കൈയിലെടുത്തു. ആരോ വന്നിരിക്കുന്നു, അയാഠം ഗൗനിച്ചില്ല. അയാഠം വിളക്കണ്ടു കെടുത്തി.

'ഇതെന്താണു മിസ്റ്റർ?'

അയാഠം ഗൗനിച്ചില്ല.

'എനിക്കു സ്റ്റേഷൻമാസ്റ്ററെ കാണണം.'

'സ്റ്റേഷൻമാസ്റ്റർ ഇനി നാളെയേ വരൂ.'

അയാഠം കൂടുതലെന്തെങ്കിലും പറയാൻ കൂട്ടാക്കാതെ നേരേ നടന്നുപോയി. ബാലനു ജ്വലിച്ചു. ഒരു നായ! അവൻെറ പെരടിക്കുതന്നെ ഒരു പെട പെടയ്ക്കേണ്ടതായിരുന്നു. പക്ഷേ സ്വയം നിയന്ത്രിച്ചു.

യാത്രക്കാരിൽ അധികവും സ്റ്റേഷൻ വിട്ടിറങ്ങിയിരുന്നു. ജീവിതത്തിൽ ആദ്യമായൊരിക്കൽ തെല്ലൊരു പരിഭ്രമത്തോടെ, ഒരു നിമിഷം അവിടെ പകച്ചുനിന്നു. ഞൊടിയിൽ സ്റ്റേഷനിലെ റാന്തൽവിളക്കുകഠം ഓരോന്നായി കെടുകയായി. ആളുകഠം വെളിച്ചത്തിൻെറ നുണുങ്ങുകഠംക്കുവേണ്ടി അടുത്തടുത്തുള്ള വാതിലുകളുടെ അരികത്തേയ്ക്കു നീങ്ങുന്നതു കാണാമായിരുന്നു.

അല്പം അകലെ ഒരു പെട്ടോമാക്സ്. പത്തു ചുവടു തിരിച്ചു നടന്നു. ആറെമ്മെസ്സാണ്. അവിടെ അവർ കത്തുകഠം സോർട്ട് ചെയ്യുന്ന തിരക്കിലാണ്. വാതില്ക്കൽ കുറെ സ്ത്രീകഠം വെളിച്ചത്തിൻെറയും ഇരുട്ടിൻെറയും അതിർവരമ്പുകളെന്നോണം നില്പുണ്ട്.

'ഇവിടത്തെ വെയ്റ്റിങ്ങ് റൂമെവിടെയാണ്?'

ആരോടെന്നില്ലാതെ വിളിച്ചു ചോദിച്ചു.

ആരോ' ഒരാഠം ഒരു ദിക്കിലേയ്ക്കു കൈ ചൂണ്ടിക്കാട്ടി.

ഇവിടെ മനുഷ്യർ സംസാരിക്കുന്നില്ല. ഇവിടെ ശവപ്പറമ്പുകളിലെ മൗനമാണ്. ബാലനു് വിചിത്രമെന്നു തോന്നി. ഭയ

പ്പോടെന്നു പറഞ്ഞുകൂട. എങ്കിലും അവ്യക്തമായ ഒരസ്വാസ്ഥ്യം, എന്തോ ഒരു പന്തികേട് അനുഭവപ്പെട്ട് അസുഖപ്പെട്ടുതന്നെ വെയ്ററിങ്ങ് റൂമിന്റെ അവിടേയ്ക്കു ചെന്നു. അവിടെ ചെല്ലുമ്പോഴുണ്ട്, ആട്ടിൻകുട്ടിലെമാതിരി, ഒരു കുപ്പിണി ആംക്കാരുണ്ട് അവിടെ അരണ്ട വെളിച്ചത്തിൽ യൂണിഫോറവും കിററുമായി കുത്തിയിരിപ്പാണ്, മിലിററരിക്കാർ. വിയപ്പിന്റെയും കാക്കിയുടുപ്പിന്റെയും രൂക്ഷമായ ദുർഗന്ധം അവിടെ തളംകെട്ടിയിരുന്നു. അവിടെ ഇരിക്കുന്നതിലും കിടക്കുന്നതിലും ഭേദം ഇരുട്ടിലാണെങ്കിലും വെറുതെ നടക്കുകയാണ്. വീണ്ടും സ്പെൻസറുടെ റിഫ്രഷ്മെൻറ് സ്റ്റാളിന്റെ മുമ്പിലെത്തി. അപ്പോഴും അവിടെ ആരെല്ലാമോ കൂടിയിരുന്ന് കുടിയും വെടിപറച്ചിലുമാണ്. തമാശ അധികവും ആറെമ്മെസ്സിന്റെ വെളിച്ചത്തിന്റെ തണലിൽ ഒട്ടിച്ചേരുന്ന കുടകുകാരികളെക്കുറിച്ചാണ്, അവരുടെ ചില ചില ശരീരഭാഗങ്ങളെക്കുറിച്ചാണ്.

അവിടെ ഇരിക്കാനും തീരെ സുഖം തോന്നിയില്ല. പക്ഷേ ഭാഗ്യത്തിന് അവിടെ മനുഷ്യക്കുറുള്ള ഒരു ചെക്കനെ കണ്ടുമുട്ടി. സ്റ്റേഷൻമാസ്റ്റർ ഊണു കഴിക്കാൻ പോയതായിരിക്കുമെന്നും എസ്സെസ്സ് അല്ലെങ്കിൽ ഏ എസ്സെസ്സ് രണ്ടിലൊരാൾ അരമുക്കാൽ മണിക്കൂറിനകമെങ്കിലും വരാതിരിക്കയില്ല എന്നും അവൻ അറിയിച്ചു. കോങ്ങാട്ടുകാരൻ ഒരു പങ്ങുണ്ണി ആയിരുന്നു ആ ചെക്കൻ, സ്പെൻസറിലെ ജോലിക്കാരിലൊരാൾ.

എന്തോ രണ്ടുകഷണം റൊട്ടിയോ മററോ അവിടെനിന്നു വാങ്ങിത്തിന്നു. ചായ തയ്യാറില്ലായിരുന്നു. ഹോട്ട്ഡ്രിങ്ക്സ്, ഹായ് ഇപ്പോളെന്തായാലും അതൊന്നും വേണ്ട എന്നും തീരുമാനിച്ചു.

പങ്ങുണ്ണി പറഞ്ഞതുപോലെതന്നെ അല്പസമയത്തിനുള്ളിൽ സ്റ്റേഷൻമാസ്റ്ററുടെ മുറിയിലെ വിളക്ക് വീണ്ടും തെളിഞ്ഞു കണ്ടു. ബാലൻ അവിടേയ്ക്കു നടന്നുചെന്നു. അവിടിരുന്ന ആംക്ക് സ്വയം പരിചയപ്പെടുത്തിക്കൊടുത്തു.

'ഞാൻ എ എസ്സെമാണ്. ചാർജെടുക്കൽ നാളെയല്ലേ തര പ്പെട്ടു. മിസ്റ്റർ ബാലചന്ദ്രൻ ഇവിടെഞ്ഞാനും ഇരിക്കുകയോ കിട ക്കുകയോ ചെയ്തോളൂ.'

'പുറത്തെങ്ങാൻ പോയാൽ ലോഡ്ജുകരം വല്ലതുമുണ്ടോ?'

'ഉവ്വ്, ലോഡ്ജുകളുണ്ട്. ഹമ്പൻകട്ടവരെ പോകണം. ഓ, ഹമ്പൻകട്ട അറിയില്ലല്ലോ. സ്റ്റേഷനിൽനിന്നിറങ്ങി നേരേ വടക്കോട്ട് രണ്ടു ഫർലോങ്ങ് ദൂരം പോകണം. ഒരുപക്ഷേ ജയാ കഫെയിൽ റൂം കിട്ടിയേക്കും.'

എന്നിട്ട് അല്പനേരത്തെ ആലോചനയ്ക്കുശേഷം അയാൾ തുടന്നു: 'ഞാനുംകൂടി വരാം, വേണമെങ്കിൽ.'

'ബുദ്ധിമുട്ടണമെന്നില്ല.'

വെറും ഭംഗിവാക്കായിരുന്നില്ല. താൻ തനിച്ചായാലും ജയാ കഫെ പോയി കണ്ടുപിടിച്ചുകൊള്ളാം എന്ന വിചാരത്തിലാണു പറഞ്ഞതു്.

'അതല്ല മിസ്റ്റർ ബാലചന്ദ്രൻ, പരിചയമില്ലാത്ത സ്ഥലമല്ലേ, ഞാനും വരാം.'

വീണ്ടും അഞ്ചുപത്തു നിമിഷംകൂടി ആ വകയിൽ കാത്തുനി ല്ക്കേണ്ടിവന്നു. ഒടുവിൽ സ്റ്റേഷനിലിറങ്ങി ഒന്നൊന്നര മണിക്കൂറി നുശേഷം മനുഷ്യജീവിയെപ്പോലെ കിടന്നുറങ്ങാൻ കഴിയുന്ന ഒരു മുറിയിലേയ്ക്കു ബാലചന്ദ്രനു് പ്രവേശനം കിട്ടി.

പോകുംവഴി, എന്നു ഹോഗ, ഏതോ ഒരു കുതിരവണ്ടിക്കാ രൻ സ്റ്റേഷൻ മാസ്റ്ററോടു വണ്ടി വേണോ എന്നായിട്ടു ചോദിച്ചു കേട്ടു. എന്നു ഹോഗ, എ എസ്സെം അതിൻെറ അർത്ഥം പറഞ്ഞു. എവിടെപ്പോകുന്നു എന്നാണു്. ഇവിടെ കൊങ്കിണിയും കന്നാ ടകവും ഒക്കെ കുറെ കേൾക്കാം.

എ എസ്സെമിനു് നന്ദിപറഞ്ഞു് ജയാ കഫെയിലെ കട്ടി ലിൽക്കയറി കിടക്കുമ്പോൾ, വളരെ ക്ഷീണത്തോടെ, ഉടനെ ഒന്നു റങ്ങണമെന്നുണ്ടായിട്ടും എന്തെല്ലാമോ ദൃശ്യങ്ങൾ കൺമുമ്പിൽ മുനിഞ്ഞ മങ്ങിയ തെളിവോടെ ഇഴഞ്ഞു നടന്നിരുന്നു. എന്നു ഹോഗ, ബാലൻ ജീവിതത്തിൽ ആദ്യമായി പതറുകയായിരുന്നു.

## 2

തെക്കേടത്തെ ബാലൻ ലേശം കുറുമ്പുകാരനാണെന്നു് ചെറുതുരുത്തി പ്രദേശത്തെ മററതൊരാളുമെന്നപോലെ ഡോക്ടർ മേനോനും അറിയാമായിരുന്നു. അതുകൊണ്ടു് അമ്മയ്ക്കു കത്തയക്കണമെന്ന തൻെറ നിർദ്ദേശംമാത്രം ബാലൻ ശ്രദ്ധിച്ചേക്കുകയില്ല എന്നൊരു തോന്നൽ യാത്രയാകാൻനേരത്തു് അതു പറയുമ്പോഴുംതന്നെ ഡോക്ടർക്കുണ്ടായിരുന്നു. അദ്ദേഹം ബാലനെ യാത്രയാക്കിയതിൻെറ പിറേറന്നുതന്നെ ആദ്യംചെയ്ത കൃത്യം തൻെറ ആത്മസുഹൃത്തിൻെറ പത്നിക്കു്, മീനുവമ്മയ്ക്കു്, ഒരു കത്തെഴുതുകയായിരുന്നു.

അതിൽ ബാലൻ തൃശ്ശിനാപ്പള്ളിയിൽ ചെന്നെത്തിയടംതൊട്ടു് അവിടെനിന്നു പോകുന്നതുവരെയുള്ള സംഭവങ്ങളാം ചെറുതായൊന്നു വിവരിച്ചിരുന്നു. ഒടുവിൽ മംഗലാപുരത്തേയ്ക്കു പോയിരിക്കയാണെന്നും, ഇവിടെ തൃശ്ശിനാപ്പള്ളിയിലെങ്ങാനും തന്നെ പിടിച്ചുനിർത്താൻ താൻ ആവതു ശ്രമിച്ചെന്നും, ഉടനെ ജോലികിട്ടിയേ മതിയാകൂ എന്നുള്ള ബാലൻെറ പിടിവാശികാരണമാണു് ഇങ്ങനെ ഇത്ര ദൂരെയൊരു സ്ഥലത്തുതന്നെ പോകേണ്ടിവന്നതെന്നും വിസ്തരിച്ചു പറഞ്ഞിരുന്നു. എന്തു കാരണവശാലും ബാലനെക്കുറിച്ചോർത്തു ഉണ്ണേപ്പെടരുതെന്നും, വൈകാതെതന്നെ 'നമുക്കവനെ' ലെവക്കോട്ടേയ്ക്കോ ഷൊറണൂരേയ്ക്കുതന്നെയോ കൊണ്ടുപോരാമെന്നും ഉറപ്പും നല്കിയിരുന്നു. എന്തായാലും അങ്ങനെ ഒരു കത്തു കൈയിൽ കിട്ടുമ്പോഴാണു് പാവം മീനുവമ്മയ്ക്കു് കുറച്ചെങ്കിലും ഒരാശ്വാസം വന്നതു്.

ബാലൻ പോയതിൽപ്പിന്നെ രണ്ടാഴ്ചക്കാലമായി കുളിക്കുകയോ വേണ്ടപോലെ ആഹാരം കഴിക്കുകയോ ചെയ്തിരുന്നില്ല. ഇടയ്ക്കു്, 'എങ്കിലും അമ്മോ, നിയ്യായിട്ടു് ആ കുട്ടിയെ ഇവടന്നു് ആട്ടിക്കളഞ്ഞല്ലോ' എന്ന മാതിരിയുള്ള പഴിപറച്ചിലും അവരുടെ സൈ്വരം തീരെ കെടുത്തിയിരുന്നു.

കാര്യം ശരിയാണ്, ബാലന്ന് പൗണ്ടൻപേനാപ്പുസ്തകം വാങ്ങാനും പട്ടച്ചാരായം കുടിക്കാനും കാശയച്ചുകൊടുക്കാൻ ഇനിമേൽ താനാളല്ല എന്ന് അച്ഛൻ കൊളമ്പിൽനിന്നെഴുതി. എന്നാലും അവൻ വന്നുകയറിയതും താനന്നതു പറയാതിരുന്നെങ്കിൽ ഇങ്ങനെ ശുണ്ഠിപിടിച്ചു പൊയ്ക്കളയില്ലായിരുന്നു എന്ന തോന്നൽ മൂന്നു നാലു ദിവസമായി അവരുടെ ഉള്ളിൽ വല്ലാതെ ബലപ്പെട്ടുവരുന്നുണ്ടായിരുന്നു. സ്വയമേതന്നെ അവർ തീ തിന്നുന്നു. അതിനിടയിലാണ് അമ്മയുടെ ശകാരം:

'നിയ്യൊരാളാണ് എന്റെ കുട്ടിയെ കെടുത്തിയതു്.'

ആലോചിക്കുന്തോറും അതു ശരിയെന്നുതന്നെ ആയിരുന്നെന്നു തോന്നി. അച്ഛൻ സുഗ്രീവാജ്ഞക്കാരനാണ്, മഹാ ദേഷ്യക്കാരനും. കോളേജിൽനിന്ന് ആരെങ്കിലും എഴുതി വിട്ടുകാണും, അവനിവിടെ പട്ടച്ചാരായം കുടിച്ചും പള്ളിക്കൂടങ്ങൾക്കു തീവെച്ചും നടക്കുകയാണെന്ന്. അസൂയക്കാരില്ലേ, അസൂയക്കാർ. അതു കേട്ട് മൂപ്പരാകെ കലിയിളകിക്കാണും. നീട്ടിപ്പിടിച്ചങ്ങോട്ട് എഴുതിയും വിട്ടിരിക്കും, ഉടനെ അവനിനി കാളേജിലും കള്ളഷാപ്പിലുമൊന്നും പഠിക്കേണ്ടാ എന്ന്. അതിന്ന് താനുടനെ അവനെ വിളിച്ചുനിർത്തി, അവത്തുമുറിച്ചു പറയണമായിരുന്നോ? സമയവും സന്ദർഭവും നോക്കി അവനെ വിളിച്ചൊന്നു ഗുണദോഷിക്കയേ വേണ്ടിയിരുന്നുള്ളൂ. അതിനു പകരം ചെയ്തതോ? പറഞ്ഞു. ഉടനെ, വന്നകാലിൽത്തന്നെ നിന്നു കുറെ ആലോചിച്ചിട്ട് വിരോനിറങ്ങി ഒരു നടത്തവും!

എന്തൊക്കെയാണ് വരാൻപോകുക എന്നു യാതൊരു നിശ്ചയവുമില്ലായിരുന്നു. വല്ല വഴിക്കും ഒരു പോക്കു പോകുമോ, അതോ വല്ല പോലീസിലോ പട്ടാളത്തിലോ പോയിച്ചേർന്നുകളയുമോ, അതൊക്കെ ആയിരുന്നു ആ അമ്മയുടെ ഭയം.

യുദ്ധകാലം, സമരകാലം. ആണിന്റെ കോലമുള്ള എന്തിനെയും പട്ടാളത്തിലും പോലീസിലും പെറുക്കിയെടുക്കും. രണ്ടായാലും ഒരുപോലെതന്നെ. ഒടുവിൽ കേറിക്കാം——

ഓ, അതൊക്കെയെന്തിന്?

എന്തായാലും രക്ഷപ്പെട്ടല്ലോ അപകടം കൂടാതെ കഴി ഞ്ഞതല്ലോ, ആ അമ്മ ആശ്വസിച്ചു.

ശങ്കരന്നായരെ ഇനി ഇതിലെയെങ്ങാനും കണ്ടിട്ടുവേണം, ഒരു ഭുവനേശ്വരിപൂജ നടത്തിക്കാൻ ഏപ്പാടു ചെയ്യണം. അല്ലെ ങ്കിൽത്തന്നെ ദാമുവിനെ വിട്ട് ഒന്ന് അന്വേഷിപ്പിച്ചാലെന്ത്?

അതെ, ശങ്കരന്നായരെ ഉടനെത്തന്നെ ആളയച്ചു വരുത്തണം എന്നു തെക്കേടത്തെ മീനുവമ്മ തീരുമാനിച്ചു.

നാരായണൻകുട്ടിക്കും കുഞ്ഞുണ്ണിക്കും ഉടനെത്തന്നെ കത്തെ ഴുതണമെന്നും നിശ്ചയിച്ചു. അവർ കുട്ടികൾ തന്നെക്കാളും പരി ഭ്രമിക്കയില്ലേ? സിലോണിലേയ്ക്കു മൂപ്പർക്കും കത്തെഴുതണം.

എന്തായാലും കുറെ ദിവസം കൂടിയിട്ട് അന്ന് ആ അമ്മ സുഖമായുറങ്ങി. മംഗലാപുരത്ത് ബാലന്നാവട്ടെ, വീണിടം വിഷ്ണു ലോകവുമായുറങ്ങുന്ന ശീലം അപ്പോഴേയ്ക്കു മാറിത്തുടങ്ങിയുമിരുന്നു.

## 3

ജോലിയിൽ പ്രവേശിച്ചതിന്റെ പിറേറന്ന് പുതിയ റെയിൽ വേ ഉദ്യോഗസ്ഥന്ന് ക്വാർട്ടേഴ്സ് അനുവദിച്ചുകിട്ടി. താക്കോല ന്വേഷിക്കുമ്പോഴായിരുന്നു ഉൾട്ടം: ഒരു സ്ത്രീ കണ്ണീരും കൈയ്യു മായി, കാൽപിടിക്കുന്നു.

ആ കെട്ടിടത്തിലെ താമസക്കാരൻ ഒരു സുന്ദരേശ്വരനായി രുന്നു. അയാൾക്ക് ഒരു മാസംമുമ്പ് പോത്തന്നൂരേയ്ക്ക് ഒരു മാററം വന്നു, പോത്തന്നൂരേയ്ക്കു പോകാൻ ശ്രമം നടത്തിയിരുന്നു മുമ്പ്. അന്നൊന്നും മാററം കിട്ടിയില്ല. ഇപ്പോൾ മാററം വരു ന്നതോ? വർഷത്തിന്റെ നടുവിൽ! പത്താംതരത്തിൽ പഠിക്കുന്

ഒരു ചെക്കനുണ്ട്. അവനുവേണ്ടി പോത്തനൂരും ചുററുവട്ടത്തു മൊക്കെ അന്വേഷിച്ചു. അവിടെങ്ങും ഇപ്പോൾ ഒരു കുട്ടിയെ പ്രവേശിപ്പിക്കാൻ തരപ്പെടുകയില്ല.

ഈ പ്രാരബ്ധം പറച്ചിലെല്ലാം എന്തിനു തന്നോടെന്നു ചോദി ക്കാൻ തോന്നിയതാണ്. അതിനുമുമ്പ്, അവർ കാര്യം പറഞ്ഞു കളഞ്ഞു —

ഒരു രണ്ടുമാസത്തേയ്ക്കുകൂടി റെയിൽവേക്കെട്ടിടത്തിൽ താമ സിച്ചുകൊള്ളാൻ അനുവാദം അനുവദിക്കണം!

താനാവശ്യപ്പെട്ടാൽ എപ്പോഴും അവരോട്ട് ഒഴിഞ്ഞുപോകാൻ കല്പിക്കാം, പക്ഷേ വളരെ ശ്രമിച്ചിട്ടും പുറത്തെങ്ങും ഒരു വീട്ട കിട്ടാനില്ല എന്നാണ് ആ സ്ത്രീ പറയുന്നതു്. ഇറക്കിവിട്ടാൽ, അവരെങ്ങോട്ടു പോകും?

കുറച്ചുദിവസത്തേയ്ക്കു വേണമെങ്കിൽ തൻെറയൊപ്പം കൂടി ക്കൊള്ളു എന്നു് കുഞ്ഞിക്കണ്ണൻ ക്ഷണിച്ചു. ഗുഡ്സ് ക്ലാർക്ക് കുഞ്ഞിക്കണ്ണൻ ഭാര്യയെ പ്രസവത്തിനു നാട്ടിലേയ്ക്കയച്ചിട്ട് ഒററയ്ക്കു കഴിയുകയാണ്. സന്തോഷം, എന്നാൽ അങ്ങനെതന്നെ. സുന്ദരേശ്വരൻെറ കുടുംബം അവിടെക്കഴിയട്ടെ. തനിക്കിവിടെയും ആകാം.

അങ്ങനെ ഹോട്ടലിൽ ശാപ്പാടും കുഞ്ഞിക്കണ്ണൻെറകൂടെ ഉറക്കവുമായി കഴിയുന്ന ആ ദിവസങ്ങളാണ് ബാലനു മെല്ലെ ജീവിതം മനസ്സിലായിത്തുടങ്ങുന്നതു്. സ്വതന്ത്രസ്വതന്ത്രനായി, സ്വന്തം വിയപ്പിൻെറ ഉപ്പുകൊണ്ട് ഭക്ഷണമുണ്ടാക്കി ജീവിക്കു ന്നതിൽ വലിയൊരു സുഖം സ്വപ്നം കണ്ടിരുന്നു. ആ സുഖ മെന്തെന്നു് മനസ്സിലായിത്തുടങ്ങി. ഓണമുണ്ട വയർ ചൂളം പാടി. ശമ്പളം ഇരുപത്തഞ്ചും പതിന്നാലും മുപ്പത്തൊമ്പതുറപ്പികയാണ്. എന്നു വച്ചാൽ പത്തുമുറി ഹോസ്റ്റലിലെ താമസക്കാലത്തു താൻ ചെലവാക്കിക്കൊണ്ടിരുന്നതിൻെറ പകുതിതന്നെ വരാത്ത തുക. പക്ഷേ ഇതു തൻെറതന്നെ സമ്പാദ്യമാണ്, മററാരെയും ആശ്രയി ക്കാതെ താനായിട്ടു സമ്പാദിക്കുന്നതാണ് എന്നാലോചിച്ചപ്പോൾ

അതിനു ലേശമൊരാശ്വാസം തോന്നാതിരുന്നുമില്ല. എന്നാലും കൊങ്ങിണി ഹോട്ടലുകളിലെ അമ്പടയും വടയും, പപ്പായ ഹൽവയുമൊക്കെ തൻെറ നാവിനു കേവലം അസഹ്യമായിരുന്നു. അസുഖപ്പെട്ടിട്ടു വിശേഷമില്ലായിരുന്നു! മധുരമനോഹരമായ എന്തൊക്കെയോ ആണു സ്വപ്നം കണ്ടിരുന്നതു്. അതിനു് അനുഭവമോ? ഫോർവേഡിങ്ങ് നോട്ടിനും, റിട്ടേൺസിനും, കണ്ടോഡിററി നോട്ട്സിനും മന്തിലി ബാലൻസ്ഷീററുകാംക്കുമിടയിൽ ജീവിതം തുരുമ്പിക്കാൻ തുടങ്ങുകയായിരുന്നു. യുദ്ധകാലം കഴിഞ്ഞതേയുള്ളൂ, എഴുതാൻ കിട്ടുന്ന കടലാസ് വൈക്കോലിനെക്കാറം വെളുത്തതാണു്, കാർഡ്ബോർഡിൻെറ മിനുസമുള്ളതും. അതിന്മേൽ ആ എൻടിയും ഈ എൻടിയും ചേക്കണം. സ്ലേററുപെൻസിലിനെക്കാളും വിലകുറഞ്ഞ റെയിൽവേപ്പെൻസിൽകൊണ്ടു്. അതിൽ ഓരോന്നെഴുതിച്ചേക്കുക സാഹസമാണു്. പിന്നീടു് റാന്തൽ വിളക്കിൻെറ മുമ്പിൽ കുത്തിയിരുന്നു് അതു വായിക്കുക, അതാണു് അതിലും കടുത്ത ശിക്ഷ.

ഈ സ്റ്റേഷനിങ്ങനെ ഇരുട്ടിലിട്ടിരിക്കേണ്ട കാര്യമുണ്ടോ, വിളക്കുകറം കത്തിച്ചുകൂടേ എന്നു് ഒരിക്കൽ എസ്സേമിനോടു ചോദിച്ചു. അതോടെ ബോസ്സിൻെറ നോട്ടപ്പുള്ളിയുമായി.

എസ്സേമിനു് ധിക്കാരിയായ ആ ചെറുപ്പക്കാരൻെറ ചോദ്യം തീരെ പിടിച്ചില്ല.

'വിളക്കു കത്തിക്കാനുള്ള മണ്ണെണ്ണ ഞാനെന്താ കട്ടു വില്ക്കുകയാ?'

അതായിരുന്നു സ്റ്റേഷൻ മാസ്റ്റർ കൃഷ്ണൻനായരുടെ മറുചോദ്യം. എന്തേ എസ്സേം കയക്കുന്നു? ബാലനു മനസ്സിലായില്ല. പക്ഷേ അതിനു കാരണമുണ്ടായിരുന്നു, കൃഷ്ണൻനായർ വെകിളിപിടിച്ചതിനു കാരണമുണ്ടായിരുന്നു. ആയിടെ മംഗലാപുരം സ്റ്റേഷനെക്കുറിച്ചു് കുറെ പരാതികറം ഉണ്ടായി. മണ്ണെണ്ണ വളരെ പ്രിയമുള്ള ഒരു സാധനം, പലരും പലയിടത്തും അതിൽനിന്നു ചില്ലറ ഭക്തികൾ നടത്തുന്ന കാലമായിരുന്നു. സ്റ്റേഷനിലെ മിനിയൽ സ്റ്റാ

മെന്നല്ല, ചിലപ്പോഠം ക്ലാറിക്കൽ സ്റ്റാഫിലുള്ളവരും ചില ചില സ്റ്റേഷൻ മാസ്റ്റർമാരുതന്നെയും ഈ മണ്ണെണ്ണത്തട്ടിപ്പിൽ കക്ഷിചേരുമായിരുന്നു. യുദ്ധകാലം, മണ്ണെണ്ണയ്ക്കു ക്ഷാമമാണ്.

എന്തായാലും മംഗലാപുരം സ്റ്റേഷനിൽ വിളക്കുകളൊന്നും വേണ്ടപോലെ കത്തുന്നുണ്ടായിരുന്നില്ല. ചിലപ്പോഠം അതുകൊണ്ടു കാര്യമായ കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഉടുപ്പിയിലേയ്ക്കോ കദരിയിലേയ്ക്കോ പോകാൻ, അല്ലെങ്കിൽ അവിടെനിന്നു നീലേശ്വരത്തേയ്ക്കോ നിലമ്പൂരേയ്ക്കോ മടങ്ങാൻ, വരുന്ന യാത്രക്കാരിലാരെങ്കിലും സ്റ്റേഷനിൽ കുടുങ്ങിപ്പോകുന്നു എന്നു വയ്ക്കുക. കുടുങ്ങുക നിശ്ചയമാണ്. വൈകുന്നേരം ഏഴുമണിക്ക് മെയിൽ വന്നുകഴിഞ്ഞാൽ പിന്നെ പോകാനായാലും വരാനായാലും പിന്നീടൊരു വണ്ടിയുള്ളതു് വെളുപ്പിനാണ്. കുടുങ്ങിയാലോ? സ്റ്റേഷനിലെ നില പരിതാപകരമാണ്.

വെട്ടമില്ല, വിളക്കില്ല. വെയ്റ്റിങ്ങ്റൂമിൽ പോലീസുകാർ അല്ലെങ്കിൽ പട്ടാളക്കാർ. അവിടെ നടക്കുന്ന വ്യാപാരമാകട്ടെ പലപ്പോഴും ബാലചികിത്സ. അല്ലെങ്കിൽ ഏതെങ്കിലും ഒരു കുടകുകാരിയുടെയോ മണിയാണിച്ചിയുടെയോ അടിയുടുപ്പഴിക്കൽ. ലോഗ്യമായിട്ടാണെങ്കിൽ അങ്ങനെ, അല്ലെങ്കിൽ ബലംപ്രയോഗിച്ച്. മുാളന്മാരായ റഫീററിആറുകളും, പോലീസുകാരും എന്തിനും പോന്നവരായിട്ടു കുറെപ്പേരെങ്കിലും ഉണ്ടായിരുന്നു. അവരിൽനിന്നു് ആറെമ്മെസ്സിൻെറ പെട്രോമാക്സ് വെളിച്ചത്തിൽപ്പോലും നിസ്സഹായരായ ആ മനുഷ്യജീവികഠംക്കു കാര്യമായ രക്ഷയുണ്ടായിരുന്നില്ല. മററെല്ലാ വിളക്കുകളും കെട്ടുകഴിയുമ്പോഠം സോട്ടിങ്ങ് ആപ്പീസിൻെറയും വാതിലടയുമായിരുന്നു.

ബാലചന്ദ്രൻനായർ ചാർജെടുക്കുന്നതിനു് ഒരാഴ്ചമുമ്പ് ഒരു സംഭവം നടന്നിരുന്നു. ഒരു രാത്രി ഏഴുമണിക്ക് പതിനാറുവയസ്സുകാരിയായ മകളേയുംകൊണ്ടു് ഒരു അമ്പതുകാരിത്തള്ള സ്റ്റേഷനിൽ വന്നു. വണ്ടികളെല്ലാം പോയിരിക്കുന്നു എന്നറിഞ്ഞപ്പോഴും

ആദ്യമൊന്നും അവൾക്ക പരിഭ്രമമുണ്ടായില്ല. അമ്മയും മകളുമായി രുന്നു. മകളെ ഉഡുപ്പിയിൽ ഒരു വിമെൻസ് കോളേജിൽ ചേ ക്കാൻ കഴിയുമോ എന്നു ശ്രമിക്കാൻവേണ്ടി പോയതായിരുന്നു അമ്മ. തറവാടിത്തവും പ്രൌഢിയുമുള്ള ആ സ്ത്രീക്ക് സ്റ്റേഷനിൽ കുറെ സമയം കഴിച്ചുകൂട്ടുന്നതിൽ ബോറതോന്നി. ഭയമോ സംഭ്ര മോ തെല്ലുമുണ്ടായില്ല.

പിന്നെ പിന്നെ വിളക്കുകൾ ഓരോന്നു കെട്ടു, അപ്പോൾ പരിഭ്രമം ഉണ്ടായി. അപ്പോഴേയ്ക്കു് ഹെഡ്കോൺസ്റ്റബിൾ ഗോ വിന്ദൻകുട്ടി ഷോഡശക്രിയകളുള്ള വട്ടംകൂട്ടും മിക്കവാറും നടത്തി യിരുന്നു. കുറെനേരം മണത്തു പററിക്കൂടി. അസ്സുത ഭാവിക്കു ന്നെന്നു കണ്ടപ്പോൾ രണ്ടാളുംകൂടി സ്റേറഷനിലേയ്ക്കു നടക്കണം, എന്നു ഗൗരവത്തിൽ കല്പനയായി. പെൺകുട്ടി പേടിച്ചു വിറച്ചു. അമ്മ സംഭ്രമം അഭിനയംകൊണ്ടു മറച്ചു. ഈ രാത്രി ഏതു സ്റ്റേഷ നിലേയ്ക്കായാലും വരാൻ സാദ്ധ്യമല്ല എന്നു് ഉറപ്പിച്ചങ്ങു പറഞ്ഞു അവർ. പിന്നീടു് പോലീസുകാരൻ ബലപ്രയോഗത്തിനു് ഒരുക്ക മായി. അത്രയുമായപ്പോഴേയ്ക്കു് തള്ള തൻേറടമായി സോട്ടിങ്ങ് റൂമിൻെറ വാതിൽ തള്ളിത്തുറന്നു് അകത്തേയ്ക്കൊരു കയററം ക യറി, മകളേയും ഒരു കൈക്കു പിടിച്ചുകൊണ്ടു്. ആരെന്തു പറ യട്ടെ, അവർ അവിടെനിന്നിളകിയില്ല.

ആറെമ്മെസിലെ ജോലിക്കാർ ബഹളമുണ്ടാക്കി. യാതൊരു പരിചയവുമില്ലാത്ത ഒരു സ്ത്രീക്കും അവരുടെ പുന്നാരമകൾക്കും വേണ്ടി ഹെഡ്കോൺസ്ററബിൾ ഗോവിന്ദൻകുട്ടിയുടെ ശത്രുത സമ്പാദിക്കാൻ അവർ തയ്യാറില്ലായിരുന്നു. പക്ഷേ എന്തു ചെ യ്തിട്ടും പറഞ്ഞിട്ടും അമ്മ അനങ്ങുകയില്ല. ഒടുവിൽ ആറെമ്മെസു കാർക്ക് ഗോവിന്ദൻകുട്ടിയെ പറഞ്ഞയക്കാൻ പാടുപെടേണ്ടിവ ന്നു. എല്ലാവരെയും തെറിയിൽ കുളിപ്പിച്ചിട്ടു് ഗോവിന്ദൻകുട്ടിക്കു വെറുതെയങ്ങു പോകാനേ കഴിഞ്ഞുള്ളു. ഒടുവിൽ, ഒരു കലാശം കഴിഞ്ഞു.

പിന്നീടാണ പിടിച്ചതു് എത്തരത്തിലുള്ള പുലിവാലാണെന്നു് എല്ലാവർക്കും ബോധ്യമായതു്. നീലേശ്വരത്തെ ഗവണ്മെൻറ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസായിരുന്ന ആ തൻേറടക്കാരി സ്ത്രീ. അവർ ചെയ്യേണ്ടതു് ശരിക്കങ്ങു ചെയ്തു. അപ്പോഴാണ് അണ്ണന്മാർ മെല്ലെ അറിഞ്ഞുവരുന്നതു്. കേസായി, അന്വേഷണമായി. ഒക്കെയും കൃഷ്ണൻനായരുടെ പിടിപ്പുകേടുകൊണ്ടാണെന്നു് എല്ലാവരും പിറുപിറുക്കാൻ തുടങ്ങി. മണ്ണെണ്ണതട്ടിപ്പിലും മററു വ്യാപാരങ്ങളിലും കൃഷ്ണൻനായർക്കുകൂടി ലാഭവീതമുണ്ടെന്നും ചിലർ പറയാനാരംഭിച്ചിരുന്നു.

ബാലചന്ദ്രൻനായരുടെ ബോസ്സ് വാസ്തവത്തിൽ ഒരഴിമതിക്കാരനൊന്നുമായിരുന്നില്ല. ഒരു ശുദ്ധാത്മാവു്, ഒരു മഹാ പരിഭ്രമക്കാരൻ. ഒരു കഥയില്ലാത്ത വെറുമൊരു പാവം, ശുണ്ഠിക്കാരൻ.

കുററക്കാരെ കണ്ടുപിടിക്കാനും അവരെ ശിക്ഷിക്കാനും, സ്റേറഷനിലാകെത്തന്നെ കാര്യക്ഷമതയും അന്തസ്സും ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതിനു പകരം കൃഷ്ണൻനായർ ചെയ്തതെന്താണ്? അയാറം തൻെറ കീഴ്ജീവനക്കാരെ ആകെത്തന്നെ ശകാരിക്കലായി, കഴിയുമെങ്കിൽ എന്തു ദ്രോഹവും ചെയ്യാൻ മുതിരുകയായി.

ഈ അന്തരാളത്തിലാണ് ബാലചന്ദ്രൻ ഉദ്യോഗം ഭരിക്കാൻ മംഗലാപുരത്തു ചെന്നെത്തുന്നതു്. ചെന്നു ചാർജെടുത്തു് ഒരാഴ്ചയുള്ളിലാണ് യാതൊരു ദുരുദ്ദേശവുമില്ലാതെ, വിളക്കുകറം കത്തിക്കുന്നതിൻെറ കാര്യം ബോസ്സിൻെറ മുമ്പിൽ ഭവ്യതയോടെ സമർപ്പിച്ചതു്. അതിനു് അയാളുടെ പ്രതികരണമോ? അതു ബാലനെയും കുറച്ചൊന്നു ശുണ്ഠിപിടിപ്പിച്ചു.

അന്നു രാത്രിയാണ് കുഞ്ഞിക്കണ്ണനിൽനിന്നു ബോസ്സിൻെറ യോഗ്യതകളോരോന്നു മനസ്സിലാക്കുന്നതു്. വകയ്ക്കുകൊള്ളാത്ത ഒരു മനുഷ്യൻ, മഹാ ഇഞ്ചി, ആർക്കുമൊരുപകാരം ചെയ്യാത്തവൻ, എല്ലായ്പോഴും നിയമത്തിൻെറ മുനയിൽ നില്ക്കുന്ന ഒരു മുരട്ടുകിഴവൻ, ആ ബോറനാണത്രെ എസ്സെം.

ബാലനു രസംതോന്നി. എന്നാൽ ഒന്നു മുട്ടിയിട്ടുതന്നെ, തെക്കേടത്തെ ബാലചന്ദ്രൻ ആരോടും തോററിട്ടില്ല. കാണണ മല്ലോ, ബോസ്സിൻെറ തണ്ട്. ആപ്പീസ്‌വേലയുടെ വിരസതയ്ക്കു് എങ്ങനെയാണൊരു വൈവിധ്യമുണ്ടാക്കുക എന്നു തലപുകഞ്ഞാ ലോചിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു കുഞ്ഞിക്കണ്ണൻെറ കൊ ളുത്ത്. അതു് അസ്സലായി.

## 4

കൃഷ്ണൻനായരുമായി മുട്ടിനോക്കാൻ അവസരങ്ങൾ വേണ്ടതി ലധികമുണ്ടായി. വളരെക്കുറച്ച ദിവസങ്ങൾക്കുള്ളിൽത്തന്നെ.

ഒരിക്കൽ റിട്ടേൺസ് തയ്യാറാക്കിയതിൽ എന്തോ ഒരു ചില്ലറ പിശകു വന്നു. എസ്സെമിനു് ആരോടും ചോദിക്കാതെ ഉടനെ അങ്ങു തിരുത്താമായിരുന്നതാണു്, പതിമ്മൂന്നു് എന്നെഴു തേണ്ടതിനു പകരം ഒരിടത്തു മുപ്പതെന്നെഴുതിയിരുന്നു. കൂടെത്തന്നെ തേർട്ടീൻ എന്നു് വാക്കിലും എടുത്തെഴുതിയിരുന്നു.

എസ്സെം ഉടനെ പ്യൂണിനെ പറഞ്ഞയച്ചു. പ്യൂണിനെ പറഞ്ഞയയ്ക്കേണ്ട കാര്യമൊന്നുമില്ല. സംശയം തീക്കണമെന്നു നിർബന്ധമാണെങ്കിൽ കസാലയിൽനിന്നു് ഒന്നെഴുന്നേല്ക്കുകയേ വേണ്ടൂ. തന്നെ ഒന്നു വിളിക്കുകയേ വേണ്ടൂ. അതിനുപകരം പേപ്പറിൽ പെരുത്ത ഒരു ചോദ്യചിഹ്നവുമിട്ടു്, തെററിനു് വിശ ദീകരണവുമാവശ്യപ്പെട്ടുകൊണ്ടു് നീട്ടിപ്പിടിച്ചു് നോട്ടെഴുതിവിട്ടു അദ്ദേഹം!

അതു ബാലനു് വല്ലാത്ത അമഷമുണ്ടാക്കി. ഇത്ര ചെറി യൊരു തെറെറങ്കിലും തനിക്കു പററിയല്ലോ എന്ന ജളിഭൃതയും കൂടെയുണ്ടെന്നു വിചാരിക്കുക. എന്നാൽത്തന്നെയും കോപത്തി

നായിരുന്നു മുൻതൂക്കം. ബാലൻ നേരെ എസ്സെമിൻെറ മുറിയി ലേയ്ക്കു കയറിച്ചെന്നു, ചടപടേന്നു്!

'എസ്സെം, ഇതിനിപ്പോളൊരു നോട്ടിടാൻ...'

'അതെ നോട്ടിട്ടിരിക്കുന്നു', മുഖത്തു നോക്കാതെ കൃഷ്ണൻനായർ പറഞ്ഞു.

'അതെ, അതുതന്നെ ഞാൻ പറഞ്ഞതെസ്സെം. ഇതിനൊരു നോട്ടിടാൻ കാര്യമൊന്നുമില്ലായിരുന്നു.'

വളരെ ശാന്തതയോടെ, വളരെ ലാഘവത്തോടെയും ആണു് ബാലകൃഷ്ണൻനായർ അത്രയും പറഞ്ഞതു്. ആ പറച്ചിലിൻെറ ലാഘവംതന്നെ കൃഷ്ണൻനായരെ കൂടുതൽ ചൊടിപ്പിച്ചു. തന്നെ മക്കാറാക്കാനാണു് പഹയൻെറ പുറപ്പാടു്, കൃഷ്ണൻനായർ വിചാരിച്ചു. പാവം, കൃഷ്ണൻനായർ, അയാളെ കുററം പറഞ്ഞിട്ടു കാര്യമില്ല. എല്ലായ്പ്പോഴും ബാലചന്ദ്രൻെറ മുഖത്തെയൊരു ഭാവപ്രകടനം അതായിരുന്നു.

'ഞാനാണു് നരകത്തിൻെറ പ്രധാനമന്ത്രി' എന്നൊരാറം പറഞ്ഞാൽ, 'ഓ അങ്ങനെയാണോ, എന്നാൽ ലേശം അവിടെ നില്ലുണേ' എന്നു പറയാനായിരിക്കും അയാളുടെ പുറപ്പാടു്. ബാലനെ ആദ്യം കണ്ടപ്പോറംമുതല്ലുതന്നെ അയാളെക്കുറിച്ചു് എന്തോ ഒരു ഭയം, പേടി ആയിരുന്നു കൃഷ്ണൻനായരിൽ തോന്നിയതു്.

തൻെറ അത്രതന്നെകൂടി പൊക്കം. അത്രതന്നെ തടിയും. നോട്ടമാണെങ്കിൽ കൊമ്പുയത്തിനില്ലുന്ന കാട്ടിയുടേതു്. മുഖത്തു് ചന്തത്തിൽ അററം കത്രിച്ചു ശൂന്നു നിർത്തിയിരിക്കുന്ന മീശ, ബാലനു് പ്രകൃത്യാ ഉള്ളതിലധികം ഗൗരവം തോന്നിപ്പിക്കുമായിരുന്നു ഇതെല്ലാം. കൃഷ്ണൻനായക്കാണെങ്കിൽ സെക്കൻഡിനു നാല്പതുവട്ടം കണ്ണുചിമ്മിത്തുറക്കുക എന്നൊരു ദുഃശ്ശീലം. അതയാളുടെ കനമില്ലായ്മ വദ്ധിപ്പിച്ചിരുന്നതേയുള്ളു. സ്വതവേയുള്ള ഗൗരവവും മക്കാറാക്കുന്ന സ്വഭാവവും, അതിൻെറകൂടെ കൃഷ്ണൻനായരുടെ ഈ ഗോഷ്ഠി കാണുമ്പോറം ഊറിവരുന്ന പുച്ഛവും കൂടി, രണ്ടാളും അപ്പുറവും ഇപ്പുറവും നിന്നാൽ സക്കസു് കൂടവയും റിങ്ങ്

മാസ്റ്ററംകൂടിച്ചേൎന്നില്ലുന്നപോലെയാണ്. ഉദ്യോഗവലിപ്പമൊന്നു മാത്രമല്ലല്ലോ കാൎയ്യം.

'റിട്ടേൺസിതാ തിരുത്തിയിരിക്കുന്നു', ബാലൻ പറഞ്ഞു, "അപ്പൊ, ഇതൊന്നും വലിയൊരാവശ്യമല്ലെന്നു സാർ ഓൎമ്മിച്ചാൽ നന്നു്. എന്നു് ഒരേറിയിപ്പും. പേപ്പറുകാം മേശപ്പുറത്തു വച്ചിട്ടു് ബാലൻ ഒരു നടത്തം വച്ചുകൊടുത്തു.

പണ്ടാരപ്പഹയൻ, സൈ്വരം കെടുത്താൻ വന്ന പണ്ടാരപ്പഹയൻ, കൃഷ്ണൻനായർ കുറെ നേരത്തേയ്ക്കെങ്കിലും ഇരുന്നു പിറുപിറുത്തിരിക്കണം, തീൎച്ച.

റിട്ടേൺസ് മുഴുവൻ മാററിയെഴുതാൻ പറഞ്ഞാൽ ഈ അന്തകൻ കൂട്ടാക്കുകയില്ലെന്നു തോന്നി. അതുകൊണ്ടു് കറുകെ ചുമന്ന മഷികൊണ്ടു കോറിവിട്ടിരുന്ന ആ കടലാസുതന്നെ അപ്പാടെ ഡിവിഷനലാപ്പീസിലേയ്ക്കു് ഒപ്പിട്ടയയ്ക്കാനും പ്രതാപിയായ ആ സ്റ്റേഷൻമാസ്ററർ അന്നു നിൎബന്ധിതനായി.

അതിൻെറ അടുത്തദിവസം എസ്സെം പട്ടാഭിരാമന്നു കാഷ്വൽ ലീവു നിഷേധിച്ചു.

പട്ടാഭിരാമൻെറ ഫാദറിൻലാ കരീക്ഷേത്രമൊന്നു കാണാൻ വേണ്ടി കല്ലാത്തിഗ്രാമത്തിൽനിന്നു വന്നിരിക്കയാണു്. ഞായറാഴ്ച വരെ കാത്തിരിക്കാൻ മൂപ്പൎക്കു സമയവുമില്ല. പട്ടാഭിരാമന്നു് പോകാതെ പററുമോ, പൊണ്ടാട്ടിയുടെ തവപ്പനാണു് വന്നിരിക്കുന്നതു്!

അയാറം കാഷ്വൽലീവിനുള്ള അപേക്ഷയും എഴുതിക്കൊണ്ടു ചെന്നു. കൃഷ്ണൻനായർ ലീവുമാത്രം എന്തു ചെയ്യട്ടെ, അനുവദിക്കയില്ല.

'ആപ്പീസിൽ വരാമെങ്കിൽ ഇരുന്നു ജോലിയും ചെയ്യാം.'

പട്ടാഭി കടന്ന ആത്മാൎത്ഥതകൊണ്ടാണു് കണ്ടു പറഞ്ഞിട്ടു പൊയ്ക്കൊളയാമെന്നു വച്ചതു്. അതുകൊണ്ടുതന്നെ കൃഷ്ണൻനായർ അവധി കൊടുക്കില്ലെന്നും.

സ്വാമി കുഴപ്പത്തിലായി. പൊണ്ടാട്ടിയുടെ തവപ്പൻ ഇപ്പോഠം കാഞ്ചീപുരം വേഷ്ടിയുമെടുത്തു ഫിററ്ചെയ്തു വരും. വരുമ്പോഠം...

താനിത്ര പ്രാപ്തികുറഞ്ഞവനാണെന്നു ഫാദറിൻലാവിന്നു തോന്നലുണ്ടാകരുതെന്നാണ് പട്ടാഭിക്കു്. ആകെ അവതാളം, കുഴപ്പം.

'മിസ്ററർ ബാലചന്ദ്രൻ, എങ്ങിനെയെങ്കിലും ഒന്നു ഹെല്പ് ചെയ്യൂ.'

ശൂപാർശ്ശ വന്നിരിക്കുന്നതോ, പററിയ കക്ഷിയുടെ അടുത്തു തന്നെ.

'വളരെ വർക്ക് കിടക്കുന്നു എന്നാണ് എസ്സെം പറയുന്നതു്. മിസ്ററർ ബാലചന്ദ്രൻ എനിക്കുവേണ്ടി...'

സാമിയുടെ പരിഭ്രമവും സങ്കടവും കണ്ടപ്പോഠം എന്തായാലും എസ്സെമ്മിന്നിതിലാക്ഷേപമുണ്ടാകാനില്ലല്ലോ എന്നു കരുതി ബാലചന്ദ്രൻ പെന്തുണത്തിച്ചു:

'സാർ, പട്ടാഭിരാമൻെറ വർക്കുകൂടി ഞാനിന്നററൻഡ് ചെയ്തോളാം.'

കൂടെ പട്ടാഭിയുമുണ്ടായിരുന്നു. നിങ്ങളുടെ ജോലിയെല്ലാം കുടിശ്ശിക കിടപ്പാണ് എന്നാണ് ഒരു നിമിഷംമുമ്പ് പട്ടാഭിയോടു പറഞ്ഞതു്. അതിനു പരിഹാരമുണ്ടാക്കാമെന്നേററിരിക്കുന്നുഠരാഠം.

ഒരിക്കൽക്കൂടി കൃഷ്ണൻനായർക്കുതന്നെ തോല്ക്കേണ്ടിവന്നു. പട്ടാഭിരാമനു ലീവു കിട്ടി.

പക്ഷേ അന്നുതന്നെ ഉച്ചതിരിഞ്ഞു് കൃഷ്ണൻനായർ മിസ്ററർ ബാലചന്ദ്രനെ വിളിച്ച് ഒന്നു കല്പിക്കുകയുണ്ടായി—

'ഇങ്ങനെ ആരും ആർക്കും പകരം ജോലിചെയ്യൊന്നും സഹായിക്കേണ്ട കാര്യമില്ല.'

ഓ അങ്ങനെയാവട്ടെ എന്നു് ബഹുമാനം നടിച്ച് ബോസ്സിനെ ഉണർത്തിച്ചു.

പക്ഷേ രണ്ടാഴ്ചയ്ക്കകം അതേവഴിക്കുതന്നെ തിരിച്ചടയ്ക്കാൻ ബാലചന്ദ്രനും അവസരം കിട്ടി.

അതൊരു ശനിയാഴ്ചയായിരുന്നു. ആഴ്ചയിലെ അവസാനദിവസം. എന്നുവച്ചാൽ, റെക്കാർട്ടുകൾ കുറെയേറെ ചവച്ചുവിടേണ്ട ദിവസം.

അന്നു് രണ്ടാളവധിയിലായിരുന്നു.

"മിസ്റ്റർ ബാലചന്ദ്രൻ! നിങ്ങളും പട്ടാഭിരാമനും ഇന്നു് ലേശം കൂടുതൽ ജോലിചെയ്തുതരേണ്ടിയിരിക്കുന്നു. അടിയന്തിരകാര്യങ്ങൾ" പതിവില്ലാത്ത ഒരു ചിരിയും ചിരിച്ചുകൊണ്ടു് കൃഷ്ണൻനായർ പറഞ്ഞു.

കിഴവന്റെ വിഡ്ഢിച്ചിരി ചന്തംതന്നെ, ബാലചന്ദ്രൻ മനസ്സിൽക്കരുതി.

പക്ഷേ കൃഷ്ണൻനായർ പോയി, അരമണിക്കൂർ ആപ്പീസ് സമയം കഴിഞ്ഞു. ബാലചന്ദ്രൻ എഴുന്നേററു നേരെ നടന്നുപോകുംവഴി പതിവില്ലാത്തവിധം ഒരു ഗുഡ് ഈവനിങ്ങ് സാർ പറയാനും ബാലചന്ദ്രൻ മറന്നില്ല. കൃഷ്ണൻനായർ പരിഭ്രമം ഉണ്ടാകുമ്പോഴെല്ലാം ചെയ്യാറുള്ളതുപോലെ അനവധി മടങ്ങു വർദ്ധിച്ച വേഗതയിൽ കണ്ണു ചിമ്മുകയും, ഹാഹ്ഹ എന്നൊക്കെ ഒച്ചവയ്ക്കുകയും ചെയ്തെങ്കിലും ബാലചന്ദ്രൻ തിരിഞ്ഞുനോക്കാൻ കൂട്ടാക്കിയില്ല. ഇങ്ങനിരിക്കും ബാലനോടു മുട്ടിയാൽ എന്ന വെല്ലുവിളിയും ധിക്കാരവും ആ നടത്തത്തിലുണ്ടായിരുന്നു.

## 5

എസ്സെം കൃഷ്ണൻനായരും എൽഡീസി ബാലചന്ദ്രമേനോനും തമ്മിലുണ്ടായ ഈ ബലാബലപരീക്ഷണത്തിൽ വിജയം എല്ലായ്പോഴും ബാലനായിരുന്നു, ശരിതന്നെ. എന്നാലും ചില്ലറ പരി

ങ്ങകാം, പരിക്ഷകളില്ലെങ്കിൽത്തന്നെ ചില്ലറ പോറലുകാം കീഴ്ജീവനക്കാരന് അനുഭവപ്പെടാതിരുന്നില്ല. താനൊരൊററത്തടി, ഫാദറിൻലാവിനെ ക്ഷേത്രദശ്നത്തിന്ന കൊണ്ടുനടക്കാനോ, എക്കം പിടിപെട്ടിരിക്കുന്ന കുട്ടിക്ക് ത്രക്ഷതുളസി പറിക്കാൻ നടക്കാനോ ലീവെടുക്കുക തനിക്കാവശ്യമില്ല. എന്നാലും ഒരു മേലുദ്യോഗസ്ഥൻ വിചാരിച്ചാലാണോ ഒരാാംക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ കഴിയാതെ പോകുന്നു! ബാലനു തന്നാലാകുന്ന ദ്രോഹമെല്ലാം കൃഷ്ണൻനായർ ചെയ്തുകൊണ്ടിരുന്നു. അതിൻെറ അലട്ട് ഒരുവക, കൈയിൽ കാശില്ലാ എന്നതുകൊണ്ടുമാത്രം ഒരുഗ്രൻ ഇംഗ്ലീഷ് പിക്ചർ തൊട്ടടുത്തുള്ള തിയേററിൽ വന്ന് രണ്ടാഴ്ച കളിച്ചാലും കാണാൻ തരപ്പെടാതെ വരിക, അങ്ങനെ ക്ലേശങ്ങാം ഒട്ടനവധി ബാലചന്ദ്രനുണ്ടായിരുന്നു. ഒരിക്കൽ ഒരു രാജകുമാരനെപ്പോലെ ജീവിച്ചിരുന്നതാണ് എന്ന ഓമ്മ ബാലചന്ദ്രൻനായരെ കൂടുതൽ നോവിച്ചിരുന്നു.

കഴിയുന്നതും, അതൊന്നും ആലോചിക്കാതിരിക്കണമെന്നാണു നിഷ്ക്കഷ്. പ്രകൃതവും അങ്ങനെത്തന്നെ. അധികമെന്നല്ല, അല്പംതന്നെ ആലോചിക്കാത്ത പ്രകൃതം. പിന്നെന്തുണ്ടു പ്രയാസം?

എന്നാലും താനറിയാതെതന്നെ ചിലപ്പോാം ബാലചന്ദ്രൻ ഓത്തുപോകുമായിരുന്നു:

കോമളവിലാസത്തിലെ ചോപ്സിൻെറ മണം! ബീച്ച് ഹോട്ടൽവരെ സൈക്കിാം ചവിട്ടി, അവിടെച്ചെന്നുകയറി ഇരിക്കുമ്പോഴത്തെ സുഖം. അങ്ങനെ ഓരോന്നും.

അച്ഛനെയും അമ്മയെയും കുഞ്ഞുണ്ണിയേട്ടനെയും കുറിച്ചോക്കാറേയില്ല. അവരെല്ലാം തൻെറ ശത്രുക്കാം, തന്നെ ദ്രോഹിച്ചവർ. നാരായണൻകുട്ടിയേട്ടനോട് അത്രതന്നെ വിരോധമില്ല. മുത്തശ്ശിയെക്കുറിച്ചുമാത്രം മനസ്താപമുണ്ട്. അവക്ക് താനെന്നുവച്ചാൽ, ഇന്നും സ്നേഹമായിരിക്കും. അവരെക്കുറിച്ച്, ങ്ഢ്ആ അവരെക്കുറിച്ചുമാത്രം മനസ്താപമുണ്ട്.

പക്ഷേ ദാമുവോ? ഓ, സദാസമയവും പുസ്തകം കരണ്ടിരിക്കുന്ന ബോറൻ. അവനെയൊക്കെ ആരേ കണക്കിലെടുക്കുന്നു?

ബാലൻ ആ വിചാരമൊക്കെ അവസാനിപ്പിച്ചിട്ടു് തൻെറ മന്നു് മററാരും കാണാതെ മൂടിവയ്ക്കാനുള്ള ബേലമ്മയുടെ പരിശ്രമങ്ങളുടെ കോമിക്കിനെക്കുറിച്ചാലോചിക്കും. ക്വാട്ടേഴ്സിനു തൊട്ടു പിന്നാംപുറത്തു താമസിക്കുന്ന ബേലമ്മയുടെ കോമിക്കുകൾ.

അല്ലെങ്കിൽ, ഗുഡ്സ്ഷെഡ്ഡിലെ ഹനുമന്തറാവുവിനെ കുഞ്ഞിക്കണ്ണനും താനുംകൂടി പിടിപ്പിച്ച പുലിവാലിൻെറ കഥ.

ഹനുമന്തറാവുവിനു് ഹൈഡ്രോസിലുണ്ടായിരുന്നു. പരിചയക്കാരെ ആരെക്കണ്ടാലും ആദ്യമന്വേഷിക്കുക ഹൈഡ്രോസിലിനു് എന്തെങ്കിലും മരുന്നുണ്ടോ എന്നാണു്. ആസ്പത്രിയിലെങ്ങാനും ചെന്നു പത്തോ പന്ത്രണ്ടോ ദിവസം കിടക്കെന്നു പറഞ്ഞാൽ ഭയമാണു്. റാവുവിനു് അതു പോര.

'എന്തെങ്കിലും പിൽസുണ്ടോ നായർ, പിൽസ്?'

അങ്ങനെ സഹികെട്ടപ്പോഴാണു് ഉപദേശിച്ചതു്:

'മരുന്നുണ്ടു്. പക്ഷേ കിട്ടാൻ പ്രയാസമാണു്.'

'എന്തേ മരുന്നു്?'

ഹനുമന്താറാവു ചാടിക്കൊണ്ടു ചോദിച്ചു.

ഫെന്നി എന്നൊരു മരുന്നുണ്ടു് റാവു. കിട്ടാൻ ബുദ്ധിമുട്ടാണു്. ഫെലിക്സ്പൈ ഡിസ്ററിലറിയിലോ മറേറാ അന്വേഷിച്ചാലേ കിട്ടൂ. മെഡിക്കൽ ഷോപ്പുകളിൽ കിട്ടില്ല. വലിയ ഡിമാൻഡുള്ള സാധനമാണു്. ഡിസ്ററിലറിക്കാക്ക് ഇതാവശ്യമുള്ളൊരു ഡ്രഗ്ഗാണു്. കരിഞ്ചന്തവിലയ്ക്കു കിട്ടും അവിടെ.

കുഞ്ഞിക്കണ്ണൻ ചിരിച്ചു ചിരിച്ചു മണ്ണുകപ്പി.

'പറങ്കിമാങ്ങാ റാക്കാണു് മരുന്നു്, അല്ലേ ബാലൻ?'

പക്ഷേ പിറേറന്നു് ആപ്പീസ് വിട്ടതും റാവു ഫെന്നിയും താങ്ങിപ്പിടിച്ചു വന്നു.

'ഇതിവിടെത്തന്നെ വച്ചേക്കാം മിസ്ററർ ബാലചന്ദ്രൻ.'

ഓ സന്തോഷം, സന്തോഷംതന്നെ. പാവം റാവു, പിറേറന്നതൊട്ടു് ആപ്പീസ് വിട്ടാൽ വന്നു് ഓരോ ഔൺസു് ഫെന്നി കഴിച്ചിട്ടേ പോകൂ.

ഓരോ ഔൺസു് ഫെന്നി! സാക്ഷാൽ നാരങ്ങാവെള്ളമായിരുന്നു കിറുകൃത്യം ഔൺസു് കണക്കാക്കി ഇരുപത്തിനാലു ദിവസമായി റാവു കഴിച്ചിരുന്നതു്.

ഒടുവിൽ റാവുവിനോടു സംഗതി പറഞ്ഞു, അപ്പോഴ് ആ റാവുവിനെ കാണുക, പൊക്കുക, കൊണ്ടുനടക്കുക രസമാണു്. എന്തെല്ലാം അസംബന്ധം വേണമെങ്കിലും റാവുവിനെക്കൊണ്ടു വിശ്വസിപ്പിക്കാം. അപ്പരിപാടി നല്ല വിനോദമാണു്.

പിന്നെ, ഹമ്പൻകട്ടയിലും അലോഷ്യസ്കോളേജിൻെറ ഭാഗത്തും ചുററിയടിക്കുക അതും രസംതന്നെ.

അലോഷ്യസ്കോളേജിൻെറ രണ്ടാംനിലയിൽ, വരാന്തയിൽനിന്നു നോക്കിയാൽ കടൽ കാണാം, ഒരുപിടി ചരക്കുകപ്പലുകളും. പക്ഷേ അവിടെപ്പോകാൻ തോന്നാറില്ല. എന്തുകൊണ്ടോ അലോഷ്യസ്കോളേജ് അസുഖകരമായ ഓർമ്മകളാണു് ഉണർത്തിവിടുന്നതു്!

വേറെയുമുണ്ടു്. ബന്ദർ, കുത്തനെ ആകാശത്തേയ്ക്കു കയറിപ്പോകുന്ന ടൈൽഫാക്ടറി ചിമ്മിനികൾ, ബ്രണ്ണൻ കോളേജ് പരിസരം, ചുറവും ഗോൾഡ്മൊഹർ പൂക്കളുമായി കവിഞ്ഞുകിടക്കുന്ന സെൻട്രൽ മൈതാനം. അങ്ങനെ ഓരോന്നും. പക്ഷേ എന്തുകൊണ്ടോ, ബാലനു് പണ്ടത്തെപ്പോലെ ഒരു സുഖം തോന്നിയില്ല. ഒന്നിലും പണ്ടത്തെ സുഖം കിട്ടിയില്ല.

# 6

അങ്ങനെയിരിക്കെ കുഞ്ഞിക്കണ്ണന്റെ കെട്ടിടത്തിൽനിന്നു കെട്ടും കിടക്കയും മാററിക്കൊടുക്കേണ്ടതായും വന്നു.

അയാളുടെ ഭാര്യ പ്രസവിച്ചെഴുന്നേററു. ഭാര്യയെയും മകളെയും കൂട്ടിക്കൊണ്ടുവരാൻ കുഞ്ഞിക്കണ്ണനു തിടുക്കവുമായി.

സന്തോഷപൂർവ്വം ഒഴിഞ്ഞുകൊടുത്തു. ഇനി താമസിക്കാൻ എങ്ങോട്ടു പോകും? തനിക്കായുള്ള കെട്ടിടത്തിൽ താമസം വേറെ ആറം. അവരാണെങ്കിൽ, ഇനി രണ്ടാഴ്ചകൂടിയൊന്നു കഴിഞ്ഞാൽ, കുട്ടികളുടെ അച്ഛൻ ഇങ്ങോട്ടൊന്നു വന്നാൽ മാറിത്തന്നേയ്ക്കാമെന്ന നിലപാടിലാണ്. പക്ഷേ രണ്ടാഴ്ച കഴിയേണ്ടേ? അതിനെവിടെപ്പോകും? കുഞ്ഞിക്കണ്ണനു രണ്ടാഴ്ചകൂടി കഴിഞ്ഞിട്ടു പോരേ, അവരെയൊക്കെ ഇങ്ങോട്ടു കൊണ്ടുവരിക? പട്ടാഭി ഇടയ്ക്കുകയറി ചോദിച്ചു.

കുഞ്ഞിക്കണ്ണന്റെ മുഖത്തിനു പെട്ടെന്ന് ഒരു വാട്ടമുണ്ടായി. ബാലകൃഷ്ണൻനായർക്കു മനസ്സിലായി.

നല്ല കഥ! കുഞ്ഞിക്കണ്ണനു താനായിട്ട് ബുദ്ധിമുട്ടുണ്ടാക്കുക!

'നിക്കവേണ്ടി അങ്ങനാരുമത്ര കഷ്ടപ്പെട്ടും മററും വേണ്ട' എന്ന് അമ്മയോടു പറഞ്ഞിട്ടിറങ്ങിപ്പോന്ന ഒരാൺകുട്ടിയോടാണിതു പറയുന്നതെന്ന് പാവം, പട്ടാഭിക്കറിയില്ലല്ലോ.

അന്നു വൈകുന്നേരം ബാലൻ തന്റെ കൊച്ചു ടങ്കും കിടക്കയുമെടുത്തുകൊണ്ടുപോയി ആപ്പീസിൽവച്ചു.

എന്താണു വേണ്ടതെന്നാലോചിച്ചു. ഒരു ആശയം തോന്നി. ഒരൊററ തടസ്സമേ ഉണ്ടായിരുന്നുള്ളു. കൃഷ്ണൻനായർ ആപ്പീസ് പൂട്ടി താക്കോലുംകൊണ്ടേ പോകൂ. അപ്പോൾ രാത്രി ചെന്നുകൂടാൻ?

അതിനെന്ത്, ആറെമ്മെസ്സിൽ ആളു കാണുമല്ലോ സദാസമയവും. അവിടെ കൊണ്ടുവയ്ക്കുക.

അതെ, അതുതന്നെ.

അങ്ങനെ തെക്കേടത്തെ എട്ടുകെട്ടിലെ ആ വലിയ കുട്ടിത്തമ്പുരാൻ, തനിക്കവകാശപ്പെട്ട വീട് മററാരാരാംക്ക താമസിക്കാൻ കൊടുത്തിട്ട് അന്നന്നെത്തുന്ന തീവണ്ടിക്കുള്ളിൽ ഉറക്കറപട്ടത്തുറങ്ങി.

നമുക്കിതു പറഞ്ഞു വേണമെങ്കിൽ വിഷാദാന്തം കീറാം. പക്ഷേ ബാലനു് ആ പുതിയ ഏർപ്പാടിൽ യാതൊരസുഖവുമില്ലായിരുന്നു.

അഞ്ചുമണി ആയാൽ ആപ്പീസ് വിട്ടിറങ്ങുന്നു. മൈതാനം വരെ ഒന്നു നടക്കും. അവിടെ വല്ല പീടികയിലും കയറി ഒരു ചായ കഴിക്കും. പിന്നെ, പിന്നെയും കുറെ നടക്കും. ബന്ദറിലോ, ഹമ്പൻകട്ടയിലെയോ, അവിടെങ്ങാനും. എങ്ങാനും. വെറുതെ.

ഏഴുമണി ആയാൽ വീണ്ടും സ്റ്റേഷനിലെത്തുന്നു. അവിടെ പണ്ടു കേട്ടിരിക്കുന്ന കഥയിലെപ്പോലെ ഹെഡ്മിസ്ട്രസ്മാരും, കൊച്ചു പാവാടക്കാരികളും പരുങ്ങി നില്ക്കുന്നുണ്ടായിരിക്കയില്ല. കാണും, പാളത്താറും ഷട്ട്കോട്ടും കറപ്പുതൊപ്പിയുമായി വല്ലതും കുറെ കൊങ്ങിണികരം, അല്ലെങ്കിൽ ആംഗ്ലോ—ഇൻഡ്യൻ വേഷത്തിലുള്ള മൂന്നോ നാലോ ബാസൽമിഷ്യൻ ക്രിസ്ത്യാനികരം, അവരെയോ യാത്രാവിവരണങ്ങളിലും മററും കേട്ടിരിക്കുന്ന തക്കാളിപ്പഴംപോലെ തുടുത്ത കുടകുകാരികളെയോ ചുമ്മാതെ നോക്കിനിന്നു് കുറെ സമയം പോക്കാം. അപ്പൊഴേയ്ക്കു് മെയിൽ വരും. വന്നാൽ, അല്പസമയത്തിനുള്ളിൽ പാളം മാററിയിടും. അപ്പോരം കിടക്ക ആറെമ്മെസ്സിൽനിന്നെടുത്തുകൊണ്ടു് അതിലേയ്ക്കു പ്രവേശിക്കുക. അന്നത്തേയ്ക്കുള്ള പരിപാടികരം രൂപപ്പെടുത്തുക. തോർത്തുമുണ്ടുമെടുത്തുകൊണ്ടു് പൈപ്പിൻമൂട്ടിലേയ്ക്കു നടക്കും. അവിടെനിന്നു് ഒരു കുളി പാസ്സാക്കും. പുറത്തുപോയി ശാപ്പാടടിക്കും, മടങ്ങിവന്നു ഫസ്റ്റ്ക്ലാസ്സ് കമ്പാർട്ട്മെൻറിൽക്കയറി കിടന്നുറങ്ങും.

പക്ഷേ അങ്ങനെ പറഞ്ഞുവിട്ടാൽപ്പോരാ, ആ കളി ചെറുതായൊന്നു ശ്രദ്ധിക്കേണ്ട സംഗതിയാണ്—മഴയുണ്ടാവട്ടെ, മഞ്ഞുണ്ടാവട്ടെ, രാത്രി ഒമ്പതുമണിക്കുള്ള ആ കുളി ബാലചന്ദ്രന് ഒരിക്കലും തെററിക്കവയ്യാത്ത ഒരിനമായിരുന്നു. അതും എങ്ങനെയുള്ള കുളി? തീവണ്ടിയിൽ വെള്ളംനിറയ്ക്കാനുപയോഗിക്കുന്ന ആനക്കാൽ വണ്ണത്തിലുള്ള പൈപ്പിൻകീഴെ നിന്നുള്ള കുളി. പത്തുപതിനഞ്ചു മിനിററ് അതിൻെറ കീഴെയൊരു നിൽപുണ്ട്; മിക്കവാറും ദിഗംബരനായെന്നമട്ടിൽ. ഒരു കുറിയ തോർത്തുമുണ്ട് അരയ്ക്കു ചുററിയിരിക്കും.

ഭയന്നുപോകുമല്ലോ പഹയാ തൻെറ ഒര് കുളികണ്ടാൽ, ഒരിക്കൽ ആറെമ്മെസ്സിലെ സുകുമാരൻ പറയുകയും ചെയ്തു.

അങ്ങനെയും ദിവസങ്ങൾ ചിലതു പോയി. ഡോബിയുമായുള്ള ഏടപാടിന് ചില്ലറ അസൗകര്യമുണ്ടാകുന്നു എന്നതൊഴിച്ചാൽ ബാലചന്ദ്രന് യാതൊരസുഖവുമില്ലായിരുന്നു ആ ഏർപ്പാടിൽ. കുട്ടികളെ ഏഴില്ലം കടത്തുന്ന പൂച്ചയെപ്പോലെ കെട്ടും കിടക്കയുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കാനാകട്ടെ, ശ്മശാനമൂകമായ ഒരു റെയിലാപ്പീസിൽ ചത്തുമലച്ചുകിടക്കുന്ന ഒരു പെരുമ്പാമ്പിനെപ്പോലെയുള്ള തീവണ്ടിയിൽ ഒററയ്ക്കു കിടന്നുറങ്ങാനാവട്ടെ ബാലചന്ദ്രന് അല്പംതന്നെ സങ്കോചമുണ്ടായിരുന്നില്ല. ഇനി അധികം വൈകിക്കാതെ ആ തള്ള അവിടെനിന്നൊഴിഞ്ഞുതരുമെന്നു തോന്നുന്നു എന്ന് സുകുമാരൻ ഒരന്വേഷണം നടത്തി വന്നിട്ട് ബാലനോടു പറകയും ചെയ്തു ഒരിക്കൽ.

വാറും സംക്രമവുമുണ്ടോ, മാസത്തിലൊരിക്കൽ കാര്യസ്ഥൻ ശങ്കരൻനായർ വെട്ടിക്കാട്ടിരിയിൽനിന്ന് എത്തിവലിഞ്ഞു നടന്നെത്തും ചെറുതുരുത്തിയിൽ. ചെറുതുരുത്തിയിലെത്തിയാൽ ആദ്യത്തെ പരിപാടി തെക്കേടത്ത് എന്തെങ്കിലും വിശേഷമുണ്ടോ എന്ന് അന്വേഷിക്കുകയും ആയിരിക്കും.

എന്നാലും കഴിഞ്ഞ നാലഞ്ചു മാസമായി ശങ്കരൻനായരെ ആ വഴി കാണാനില്ലായിരുന്നു. മീനുവമ്മ ദാമുവിനെവിട്ട് അന്വേഷിപ്പിച്ച ദിവസംതന്നെ മായി വെട്ടിക്കാട്ടിരിക്കു വിവരം പറഞ്ഞയച്ചു. പക്ഷേ എന്തോ, ശങ്കരൻനായർ വന്നില്ല. ഭുവനേശ്വരിപൂജ നടത്തിക്കുന്ന കാര്യത്തിനു് മീനുവമ്മയ്ക്കു് വേറെ ഏർപ്പാടു വേണ്ടിവന്നു. ഇപ്പോഴാണ് സംഭവമറിയുന്നതു്, പാവം കാലുമ്മേലൊരു കുരുവായിട്ട് കിടപ്പായിരുന്നു. നന്നെ ക്ഷീണിച്ചും പോയി.

തെക്കേടത്തെ കുട്ട്യോൾക്ക് ഒരാവശ്യത്തിനുപകാരപ്പെടാൻ കഴിയാതെ പോയല്ലോ ഈയുള്ളോന്, എന്നു ശങ്കരൻനായർ വീണ്ടും വീണ്ടും കുണ്ഠിതപ്പെട്ടു.

'സാരല്യ ശങ്കരന്നായരേ' മീനുവമ്മ അയാളെ സമാധാനിപ്പിച്ചു.

'എന്തായിരുന്നു കാര്യം?'

ശങ്കരന്നായരന്വേഷിച്ചു.

നിമിഷത്തിനു നാല്പതുവട്ടം കോഴിപ്പറമ്പിൽ ഭഗവതിയുടെ കാരുണ്യാതിരേകത്തെക്കുറിച്ചും പണിക്കരുടെ മരുന്നുകളുടെ മഹിമയെക്കുറിച്ചും പ്രശംസിക്കാൻ ശങ്കരൻനായർ ശാഖാചംക്രമണം നടത്തിയിരുന്നു. എന്നാൽത്തന്നെയും ബാലൻകുട്ടിയുടെയും നാരായണൻകുട്ടിയുടെയും കുഞ്ഞുണ്ണ്യായരെയും സംബന്ധിച്ചുള്ള വർത്തമാനങ്ങളും അയാൾ ശ്രദ്ധാപൂർവ്വം കേട്ടു. വേണ്ടിടത്തു്, ഉചി

തമായ ഭാവപാരവശ്യങ്ങളും താനറിയാതെതന്നെ അയാൾക്കു് ഉണ്ടായിക്കൊണ്ടിരുന്നു.

വർത്തമാനങ്ങൾ വളരെയുണ്ടു്. ബാലൻ വീടുവിട്ടുപോയി, എവിടെയെന്നറിയില്ലായിരുന്നു. ഒടുവിലാണു് ഡാക്ടറുടെ കത്തു വന്നതു്. വടക്കു്. ശങ്കരൻനായർക്കറിയാമോ, മംഗലാപുരം? ശങ്കരൻനായർ അപ്പോഴൊന്നും പറഞ്ഞില്ല. വെറുതെ കേട്ടിരുന്നു.

നാരായണൻകുട്ടിയുടെ പരീക്ഷ കഴിയാറായിരിക്കുന്നു. അവനു് അടുത്തുതന്നെ എവിടേങ്കിലും ജോലി കിട്ടും.

കുഞ്ഞുണ്ണി കഴിഞ്ഞതവണ പരീക്ഷയിൽ തോററുവല്ലോ; ഇപ്പോൾ എന്നി അടുത്തവട്ടം നോക്കിക്കളയാം എന്നുപറഞ്ഞാണു്. ഒരു ചുണയില്ല, പകലും രാത്രിയുമൊക്കെ കിടന്നുറക്കമാണു്.

'ആട്ടെ, കൊളമ്പിലെ വിവരങ്ങളൊക്കെ എങ്ങനെ?'

ങ്ആ, മൂപ്പരു് വരുന്ന ഓണത്തിനൊണ്ടാവും. കഴിഞ്ഞ കുറി വരാൻ കഴിഞ്ഞില്ലല്ലോ.

ഉടനെ മുത്തശ്ശി ഇടയ്ക്കു കയറിപ്പറഞ്ഞു, വല്ല കാര്യോണ്ടോ ശങ്കരന്നായരേ, ഇവൾക്കുംകൂടെ അവിടെങ്ങാനും ചെന്നു പാക്കരുതേ? കുട്ട്യോൾടെ പഠിപ്പിനെന്നുപറഞ്ഞു് ഇവിടിങ്ങനെ കഴിഞ്ഞാൽ മത്യോ ഇവളു്? അയാളു് വന്നിട്ടു് വർഷം മൂന്നായില്ലേ? എന്നാലും അവൾടെ ഒരു ദുരിതം. ശിവ ശിവ!

'പിന്നീടു് ദാമുവിൻെറ ചരിത്രങ്ങൾ. ദാമു പത്താംതരത്തിലല്ലേ, വരുംകൊല്ലത്തേയ്ക്കു് അവനും കാളേജിൽ പോകാറാകും. അപ്പോഴാണു് വലയുക. ഇവിടെ പിന്നാരുണ്ടു് ശങ്കരന്നായരേ?'

എന്നിട്ടു് അവർതന്നെ അതു തിരുത്തി, അല്ല ദാമു ഇവിടെ ഉണ്ടായിട്ടും വലിയ കാര്യല്ല്യ എന്നുവച്ചോളൂ. അവനു് സദാ സമയവും പത്തായപ്പുരേലു് കേറി ഒരിരുപ്പാണു്, വായന, അല്ലെങ്കിൽ ചിത്രം വരപ്പു്.

ചിത്രംവരപ്പെന്നു കേട്ടപ്പോൾ ശങ്കരൻനായർക്കു് അത്ഭുതം. പത്താംതരത്തിൽ പഠിക്കുന്ന ദാമുവോ ചിത്രമെഴുതുന്നു?

'അതെ ശങ്കരന്നായരേ, അവന്ന് കണ്ണിക്കണ്ട കടലാസൊക്കെ വരഞ്ഞു കേട്ടവരുത്തലാ ജോലി.'

പിന്നെ, ശങ്കരന്നായരുടെ വീട്ടുവിശേഷങ്ങളിലേയ്ക്കു തിരിഞ്ഞു സംഭാഷണം. അവിടെ, അമ്മാള ഇപ്പോഴും പ്രസവം നിത്തിയിട്ടില്ല. തനിക്കു് എട്ടാമത്തെ ഒരാൺകുട്ടിയും ഒരു മാസത്തിനു മുമ്പു പിറന്നിട്ടുണ്ടു്. നക്ഷത്രം പൂരമാണു്, മഹാ കേമനാകുമെന്നാണു് എല്ലാവരും പറേണെ.

അങ്ങനെയെല്ലാം കുറെ വത്തമാനമൊക്കെ പറഞ്ഞു് അവസാനിപ്പിച്ചിട്ടു് ശങ്കരന്നായർ പറഞ്ഞു, എനിക്കിന്നിത്തിരി തിടുക്കമുണ്ടു്. മായിടെ നാലാമത്തെ കുട്ടിക്കു് പിത്തശൂലയാണെന്നു കേട്ടു. അതാ പോന്നതു്, അങ്ങോട്ടു പോണം.

അതിനുമുമ്പായി മീനുവമ്മയെ തികച്ചും അത്ഭുതപരതന്ത്രയും ആനന്ദവിവശയുമാക്കാനുള്ള ഒരു വത്തമാനംകൂടി ശങ്കരന്നായക്കു പറയാനുണ്ടായിരുന്നു.

'അപ്പൊ, നമ്മടെ ബാലൻകുട്ട്യെവിടാന്ന പറഞ്ഞു്?'

'അവൻ മംഗലാപുരത്തേക്കു പോയിരിക്കുന്നു എന്നാണു് ഡാക്കുറുടെ കത്തു്.' 'അതെയതെ മംഗലാപുരം. അതിനുവേണ്ടിത്തന്നെയാണു് ശങ്കരന്നായരു് എടുത്തുചോദിച്ചതു്.'

'അതെന്താ ശങ്കരന്നായരേ ..'

'അതോ, മീനുവമ്മ ഓക്കുണ്ടോ എന്റെ ഓപ്പോളേ?'

'സുഭദ്രേ?'

'അതേന്നെ. സുഭദ്ര.'

'ങ്ആ, സുഭദ്രയ്ക്കു്, എന്താ ശങ്കരന്നായരേ?'

'സുഭദ്രേടെ മൂപ്പക്കു് റെയിൽവേക്കമ്പനീലാ ജോലീന്നറിയുമോ മീനുവമ്മ.'

ഓ, അങ്ങനെയാണോ, മീനുവമ്മയ്ക്കതു് പുതിയ വിവരമല്ലെങ്കിലും അപ്പോളതിൽ എന്തോ പുതുമ തോന്നി.

'അതുകൊണ്ടു്...'

'അവനുണ്ടല്ലോ, കിഷ്ണനു് മംഗലാപുരത്താണു് ജോലി.'

'ഏങ്ങ്ഹാ!'

അങ്ങനെ ആയിരുന്നു ആ അമ്മയ്ക്കു് അത്ഭുതവും ആനന്ദപാരവശ്യവുമുണ്ടായതു്. ശങ്കരൻനായർതന്നെ അതു മുഴുവനാക്കി.

'അപ്പൊ, ശങ്കരന്നായരുണ്ടല്ലോ, ഇന്നുതന്നെ മംഗലാപുരത്തേയ്ക്കെഴുതാൻ പോകുന്നു. കിഷ്ണനു്. ബാലൻകുട്ടി എവിടാച്ചാൽ അന്വേഷിച്ചു തേടിപ്പിടിച്ചു കണ്ടെത്തിക്കൊള്ളണം, വേണ്ട വേണ്ട സഹായങ്ങളും ചെയ്തുകൊള്ളണം.'

എന്റെ ഗുരുവായൂരപ്പാ, മീനുവമ്മ ആഹ്ലാദാതിരേകംകൊണ്ടു നിലവിളിച്ചുപോയി.

'എന്നാലൊന്നുടനെത്തന്നെ എഴുതിയേക്കു ശങ്കരന്നായരേ, ഒന്നിലും ഒരു അടക്കമൊതുക്കമുള്ള കുട്ടിയല്ല. ഇപ്പൊ പിന്നെ ഉദ്യോഗോം ശമ്പളോം ഒക്കെ ആകുമ്പൊ കൂട്ടതൽ ചീത്തയായിപ്പോകാൻ പഴുതും കാണും. അവനെ ഒന്നു പ്രത്യേകം നോക്കിക്കൊള്ളാൻ പറയണം ശങ്കരൻനായരു്.'

ഒരു വരിക്കച്ചക്കയും രണ്ടുമൂന്നുകൂട്ടം ഉണ്ണിപ്പിണ്ടിയുമായി ശങ്കരൻനായർ പടിയിറങ്ങുമ്പോഴ്, കോലായിൽ അമ്മയും മകളുംകൂടി തക്മായിരുന്നു, ശങ്കരന്നായർ പറഞ്ഞതു് പുളുവാണോ, അതോ സത്യംതന്നെയോ? സത്യമെങ്കിൽ കാര്യം കുശാലായി. കൃഷ്ണൻനായർ കുറുള്ളവനാണു്. അതിലധികം ആ സുഭദ്ര.

'ഒന്നുമില്ലെങ്കിൽ ഞാൻ വിളമ്പിക്കൊടുത്തിട്ടുള്ള വെള്ളച്ചോറിന്റെയെങ്കിലും ഓർമ്മ അവൾക്കു കാണാതിരിക്കുമോ,' മുത്തശ്ശിക്കു ശുഭപ്രതീക്ഷയുണ്ടായിരുന്നു.

കാര്യസ്ഥൻ ശങ്കരൻനായരെക്കുറിച്ച് ചെറുതുരുത്തിപ്രദേശത്ത് ആർക്കും വലിയ വിശ്വാസമൊന്നുമില്ലായിരുന്നു. എങ്കിലും ആ മനുഷ്യൻ പറഞ്ഞതുപോലെത്തന്നെ ചെയ്തു. തെക്കേടത്തെ ഒരു കുട്ടിക്കുവേണ്ടി അതും അതിനപ്പുറവും ചെയ്യാൻ അയാറം ഒരുക്കമായിരുന്നു. അംഗീകരിക്കാൻ ആളുണ്ടാകട്ടെ, ആരും അംഗീകരിക്കട്ടെ.

ഏട്ടൻെറ കത്തു കിട്ടിയതും സുഭദ്രാമ്മ കൃഷ്ണൻനായരെ തെരക്കുകൂട്ടി. മീനുവമ്മയുടെ മകൻ. അതിലും ബാലൻ, സിംഹക്കുട്ടി!

ഈ ബാലചന്ദ്രൻ എവിടെ ജോലിചെയ്യുന്നെന്നു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാകരുതാത്തതാണ്. റെയിൽവേയിലെ ജീവനക്കാരിൽ പലരെയും പരിചയമുണ്ട്. ആരാണാവോ, ഈ ബാലചന്ദ്രൻ. കൃഷ്ണൻനായർ തലപുകഞ്ഞാലോചിച്ചു.

ലോക്കോഷെഡ്ഡിൽ അന്വേഷിച്ചു. അവിടെ അങ്ങനെ ഒരാളില്ല. ഇനി ആറെമ്മസ്സിലോ മറേറാ ആയിരിക്കുമോ, അതും അന്വേഷിച്ചു. ഫലം തഥൈവ. ഒടുവിൽ ഓർത്തു, തൻെറ ആപ്പീസിൽത്തന്നെ ഉണ്ടല്ലോ ഒരു ബാലചന്ദ്രൻ.

ആലോചിച്ചപ്പോറം അതു് അല്പം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണെന്നു തോന്നി. ആ കാലൻതന്നെ ആണെന്നുവരുമോ? ആണെങ്കിൽ കഷ്ടമാണ്. ഒന്നുരണ്ടുദിവസം ചോദിക്കാതെതന്നെ കഴിഞ്ഞുകൂടി. അപ്പോഴേയ്ക്കു് വീട്ടിൽ തീരെ സൈ്വരമില്ല എന്നായി. ഒടുവിൽ ചോദിക്കാമെന്നുതന്നെ തീരുമാനിച്ചു. ബാലചന്ദ്രൻനായരെ വിളിച്ച് എന്തെങ്കിലുമൊരു വിവരം ചോദിക്കുന്നതിനെക്കുറിച്ചാലോചിച്ചപ്പോറം ലേശമൊരങ്കലാപ്പുണ്ടായി. അവസാനം, രണ്ടു കൈയിലും ധൈര്യമെടുത്തു പിടിച്ചുകൊണ്ടു്, കുറെക്കൂടി കടന്നു് സത്യം തുറന്നുപറയാനാണെങ്കിൽ ഗുരുകാരണവന്മാരെ വിചാരിച്ചുകൊണ്ടു് രാഹുകാലവും ഗുളികകാലവും ഒഴിവാക്കി,

ഒരു സമയം നിശ്ചയിച്ചു. വിളിച്ചുചോദിക്കാൻ. അങ്ങനെ തന്നെ വിളിച്ചുചോദിക്കുകയും ചെയ്തു.

'മിസ്റ്റർ ബാലചന്ദ്രൻ!' അനുനയസ്വരത്തിൽ വിളിച്ചു. ബാലചന്ദ്രന്റെ മേശയ്ക്കുമുമ്പിൽ ചെന്നുനിന്നുതന്നെ.

'യെസ്, സാർ.'

അതു കാല്യ വാരലാണോ? വെയ്യേഴ്സ്ബുക്കിലെ കുറിപ്പു കളിൽ തെറവു കണ്ടുപിടിച്ചു ഒരു ശകാരം പാസ്സാക്കിയിട്ടു മൂന്നു ദിവസമായിട്ടില്ല!

എന്നാലും തുടന്നു, ധൈര്യമായിത്തന്നെ തുടന്നു—

'മി. ബാലചന്ദ്രൻ, നിങ്ങളുടെ ഇനീഷ്യൽസ് എൻടി എന്നല്ലേ?'

'അതെയല്ലോ.'

'വീട്ടുപേരു്?'

'തെക്കേടത്തു്.'

'അപ്പോഠം നിങ്ങഠം ചെറുതുരുത്തിക്കാരനാണോ?'

ഇതെന്തു തമാശ?

പെട്ടെന്നു ബാലചന്ദ്രനു തോന്നിയതു് ഇങ്ങനെ പറയാനാണു്.

'അല്ലല്ലോ.'

'പിന്നെ നിങ്ങളുടെ വീടു്...' കൃഷ്ണൻനായർ പറഞ്ഞു വസാനിപ്പിക്കുന്നതിനുമുമ്പു കടത്തിവെട്ടി.

'എന്റെ വീടു് കോഴിക്കോടാണു്.'

കൃഷ്ണൻനായർ കണ്ണു ചിമ്മിയടച്ചു് നടന്നുപോയി. എന്തായാലും സ്വാലൻ തന്നെക്കൊണ്ടന്വേഷിപ്പിച്ചതു് ഈ ബാലചന്ദ്രനെയല്ല എന്നതിൽ കൃഷ്ണൻനായക്കു വലിയൊരാശ്വാസവും തോന്നി.

പക്ഷേ സംഭവം അവിടങ്ങനെ തീന്നില്ല. തീന്നിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു.

ബാലൻ അതെക്കുറിച്ചു പിന്നെ ഒരു നിമിഷമെങ്കിലുംകൂടി ഓർത്തില്ല. അക്കഥ അപ്പോഴേ മറന്നു. അതയാളുടെ പ്രകൃതമായിരുന്നു. അപ്രധാനമായ കാര്യങ്ങളൊന്നും ആ ഓർമ്മയിൽ തങ്ങിനില്ക്കുമായിരുന്നില്ല.

പക്ഷേ ഒരാഴ്ച തികയുംമുമ്പ് കൂട്ടങ്ങുകതന്നെ ഉണ്ടായി. രാവിലെ സ്റ്റേഷനു പുറത്തുള്ള കടയിൽപ്പോയി ചായ കുടിച്ചിട്ടു വന്ന്, ബുക്കിങ്ങ് കൗണ്ടറിന്റെ മുമ്പിൽ ഒരാംഗ്ലോ ഇൻഡ്യൻ പെൺകിടാവിനെ സൈററടിച്ചുകൊണ്ട് നില്ക്കുകയായിരുന്നു.

അപ്പോഴം ഒരാൾ പിടികൂടി.

പിന്നിൽനിന്ന്.

തിരിഞ്ഞുനോക്കുമ്പോഴ്...

എലുമ്പൻ ശങ്കരൻനായർ!

'നിങ്ങളെങ്ങനിവിടെ വന്നുപെട്ടു ശങ്കരന്നായരേഃ'

'അതോ, അതൊക്കെ പറയാം ബാലൻകുട്ട്യേ. ബാലൻകുട്ടിയിവിടെ തീവണ്ടിയാപ്പീസിൽത്തന്നല്ലേ?'

'അതേലോ.'

'ങ്ആ, കള്ളനെ വച്ച കൈയ്യും പിടിച്ചു. അസലായി. വരൂ, വരൂ' ശങ്കരൻനായർ കൈയ്യു പിടിക്കുകയും ഒരു നടത്തം.

ആവാം, കിഴവന് ഇത്രയും സ്വാതന്ത്ര്യമൊക്കെ ആവാം. എത്ര വട്ടമാണ് കിഴവന്റെ തോളിലിരുന്ന് ഭാരതപ്പുഴ കടന്നതു്. എത്രയെത്ര പൊട്ടപ്പുരാണങ്ങളാണ് പറയിച്ചിരിക്കുന്നതു്.

'എവിടെക്കാ ശങ്കരന്നായരേ!'

'വരാൻ പറഞ്ഞാൽ വരു്ാ, അത്രന്നേ.'

ആദ്യം വിചാരിച്ചതു് തനിക്കു ചായ വാങ്ങിത്തരാനാവുന്നെന്നാണ്. ശങ്കരൻനായരുടെ കൂടെയാണല്ലോ ആദ്യമായൊരിക്കൽ പീടികയിൽനിന്നു ചായ വാങ്ങിക്കുടിച്ചതു്. പത്തടി നടന്നപ്പോഴം അതല്ല ലക്ഷ്യമെന്നു തോന്നി. ക്വാട്ടേഴ്സിന്റെ ഭാഗത്തേയ്ക്കാണ്. ശങ്കരൻനായർക്കു സ്ഥലമെല്ലാം നല്ല പരിചയമുള്ളതുപോലെ.

എവിടേയ്ക്കെന്നു ചോദിച്ചിട്ടു വിശേഷമില്ലായിരുന്നു. പറഞ്ഞപടി നടന്നു. ഒടുവിൽ, ക്രോട്ടൺസും ഗുൽമൊഹർ മരത്തെകളും വളർന്നുനില്ക്കുന്ന കുഞ്ഞിക്കണ്ണന്റെ താമസസ്ഥലവും, സൂര്യകാന്തി വളർന്നുനില്ക്കുന്ന ലോക്കോ സൂപ്രണ്ടു് പൗലോസിന്റെ വീടും കടന്നു വളവു തിരിഞ്ഞപ്പോഴാണു് ചെറിയൊരു സംശയം: മലക്കറിത്തോട്ടങ്ങളും പൂച്ചെടിത്തോട്ടങ്ങളും മുൻഭാഗത്തുള്ള എട്ടൊമ്പതു റെയിൽവേക്കെട്ടിടങ്ങൾക്കു നടുവിൽ ഒരു പച്ചപ്പല്ലുപോലും കിളിക്കാതെ നരച്ച, മുരച്ച ഒരു കെട്ടിടത്തിന്റെ പച്ചഗെയ്റ്റിന്റെ മുമ്പിൽ നിന്നപ്പോൾ മാത്രമാണു് ഒരു ഞെട്ടലോടെ ഓർമ്മിച്ചതു്, താൻ ചെറുതുരുത്തിക്കാരനാണോ എന്നു് എസ്സെസ്സ്ം കഴിഞ്ഞ ആഴ്ച അന്വേഷിച്ചു!

പക്ഷേ അങ്ങനെ വിഡ്ഢിയാവാൻ താൻ തയ്യാറില്ലായിരുന്നു. ബാലചന്ദ്രൻ തിരിഞ്ഞൊരു നടത്തംവച്ചുകൊടുത്തു, തന്റെ വഴിക്കു്. കൃഷ്ണൻനായരുടെ പടിക്കൽ ചുമ്മാതങ്ങനെ നില്ക്കുകതന്നെ തനിക്കു് ബോറായിരുന്നു.

എന്നിട്ടെന്തു വിശേഷം? അതുകൊണ്ടും രക്ഷപ്പെടാൻ കഴിഞ്ഞില്ല. പാവം, ബാലചന്ദ്രൻ! ഓരോരുത്തക്കും ഓരോ കാലത്തു് ഓരോന്നു സംഭവിക്കണമെന്നുണ്ടല്ലോ.

## 9

ഉടനെ ഉണ്ടായ സംഭവം ശങ്കരന്നായർ കൃഷ്ണൻനായരെയും കൂട്ടിക്കൊണ്ടു് ആപ്പീസിൽ പിടിച്ചെത്തി എന്നതാണു്. കൃഷ്ണൻനായർ ഏറെ ദയനീയമായ സ്വരത്തിൽ 'എങ്കിലും ഇതു വേണ്ടായിരുന്നു ബാലാ' എന്നു പറയുകയും ചെയ്തു.

ക്ഷമാപണങ്ങളും വിശദീകരണങ്ങളും ആവശ്യമായിവന്നു. തൊട്ടുപിന്നാലെ, എന്നാൽ വീട്ടിലേയ്ക്കു പോകാമെന്ന ക്ഷണവും. ഒഴിയാൻ ആവതു നോക്കി. ശങ്കരന്നായരെ ഓർത്തെങ്കിലും അത്ര ടംവരെ ഒന്നു ചെന്നാലോ എന്നു് ആലോചിച്ചു. പക്ഷേ കുറെ കഴിഞ്ഞാവാം, വന്നേക്കാം എന്നേ അപ്പോഴും പറഞ്ഞുള്ളു. ശങ്കരൻനായർ ഉച്ചയ്ക്കു വീണ്ടുമൊരിക്കൽക്കൂടി വന്നപ്പോൾ കൂടെ പോകാതിരിക്കാൻ കഴിഞ്ഞില്ല.

അവിടെ ഗൃഹനായികയെയും കുട്ടികളെയുമൊക്കെ കണ്ടു. അല്പംനേരം കുശലം പറഞ്ഞിരുന്നു. നിർബന്ധം സഹിക്കെട്ടപ്പോൾ കൊണ്ടുവന്നുവച്ച ഒരു കപ്പു ചായ കുടിച്ചു. ശങ്കരൻനായരുമായിട്ടു് വീണ്ടും കുറെ സംസാരിച്ചു. മടങ്ങിപ്പോരികയുംചെയ്തു.

അന്നു വൈകുന്നേരംതൊട്ടു് മറെറാരു ശല്യം തുടങ്ങി:

'തെക്കേടത്തെ ബാലൻ, ഞാനിങ്ങനെ ഇവിടുള്ളപ്പോൾ, പാണ്ടിച്ചെട്ടികളെപ്പോലെ, സ്റ്റേഷനിൽ. പോരൂ ബാലൻ, നിങ്ങൾ എൻെറ വീട്ടിലേയ്ക്കു പോരൂ.'

തനിക്കുള്ള കെട്ടിടം അടുത്ത ദിവസംതന്നെ ഒഴിഞ്ഞുകിട്ടുമെന്നു പറഞ്ഞു. എന്നാൽ എന്താ, അതു കിട്ടുന്നതുവരെ തൻെറ കൂടെ കൂടിക്കൂടേ?

വേണ്ടെന്നുതന്നെ ഉറച്ചുനിന്നു. അന്നും ബാലൻ തൻെറ സ്വന്തം രീതിക്കുതന്നെ കിടന്നുറങ്ങി, ദിനകൃത്യങ്ങൾ കഴിച്ചു.

പിറേറന്നു് അമ്മയുടെ സഹപാഠിയുടെ പേരുകൂടി പറഞ്ഞു് ആക്രമണം തുടർന്നു. കുഞ്ഞിക്കൃഷ്ണൻെറ ഫാമിലി ഇനിയും രണ്ടാഴ്ചകൂടി കഴിഞ്ഞെങ്കിലേ ഷിഫ്ററ്ചെയ്യൂ. അവിടെ ഒരു കുട്ടിക്കു് ചിക്കൻപോക്സായിരിക്കുന്നു.

എന്നിട്ടും ബാലൻ ഇളകാൻ തയ്യാറുണ്ടായിരുന്നില്ല.

അലട്ടൽ സഹിക്കവയ്യാതായപ്പോൾ രണ്ടു ദിവസത്തെ കാഷ്വൽലീവെടുത്തുകൊണ്ടു് ഒരു സർക്കീട്ടിനുപോയി. ഉഡുപ്പിയിൽ ഒന്നു ചുററിയടിച്ചു. പിന്നെ കദരീക്ഷേത്രത്തിൽ വിസ്തരിച്ചൊന്നു ദർശനം നടത്തുകയും ചെയ്തു.

പരശുരാമൻ മഴവെറിഞ്ഞതു് അവിടെനിന്നാണത്രേ! അവിടെ കെടാത്ത ഹോമകുണ്ഡത്തിന്നു മുമ്പിൽ, പരശുരാമൻ കിടന്നുറങ്ങിയിരുന്ന കട്ടിലാണെന്നും പറഞ്ഞുകേട്ടു.

തിരികെ വന്നില്ലേ, വീണ്ടും കൃഷ്ണൻനായർ നിവേദനം തുടങ്ങി. കൂടെച്ചെന്നു താമസിക്കണമെന്നാണു ഡിമാൻഡ്. വഴങ്ങിയില്ല.

അന്നു വൈകുന്നേരം ബന്ദർവരെ ഒന്നു പോകേണ്ട ആവശ്യമുണ്ടായി. മടങ്ങിയെത്തുമ്പോഴേയ്ക്കു വൈകി. ആറെമ്മെസ്സിൽ ചെന്നു നോക്കുമ്പോൾ ട്രങ്കില്ല, കിടക്കയുമില്ല. എസ്സെം വന്നു് ആളെക്കൊണ്ടെടുപ്പിച്ചുകൊണ്ടുപോയി എന്നു സുകുമാരൻ പറഞ്ഞു. മൂപ്പര് ഉടനെ വരുമെന്നും പറഞ്ഞിട്ടാണു പോയതു്, അയാൾ വിശദീകരിച്ചു. അന്നു് സെൻട്രൽ മൈതാനത്തിനടുത്തുവരെ പോയി താജ് ഹോട്ടലിൽനിന്നു് രണ്ടാമതൊരിക്കൽക്കൂടി ചായ കുടിയും കഴിഞ്ഞു് തീവണ്ടിമുറിക്കുള്ളിൽത്തന്നെ കിടന്നുറങ്ങി, തലയിണയും ഷീററും ഇല്ലാതെ.

വെളുപ്പിനു കണ്ണു തുറക്കുന്നതു് കൃഷ്ണൻനായരെയും മൂന്നു കുട്ടികളെയും കണികണ്ടുകൊണ്ടാണു്. കൃഷ്ണൻനായരുടെ ശബ്ദത്തിൽ ഗദ്ഗദമുണ്ടായിരുന്നു.

'ഞാൻ നിങ്ങളോടു് ഇത്ര വലിയ ദ്രോഹം എന്തെങ്കിലും ചെയ്തിട്ടുണ്ടോ ബാലചന്ദ്രൻ?' അയാൾ സങ്കടപ്പെട്ടു. എന്റെ വീട്ടിലെനിക്കു സൈ്വരം കിട്ടാതായിരിക്കുന്നു, അയാൾ പരിദേവനം നടത്തി. അയാളുടെ സ്വരത്തിൽ വളരെ ദൈന്യമുണ്ടായിരുന്നു.

ബാലൻ എഴുന്നേററു, നടന്നു. താൻ വളരെ ദ്രോഹിച്ചു, തന്നെ വളരെ ദ്രോഹിക്കാൻ ശ്രമിച്ചു, സ്റ്റേഷൻമാസ്റ്ററുടെ, കൃഷ്ണൻനായരുടെ, പിന്നാലെ. ഒരുവട്ടം അങ്ങനെ ബാലചന്ദ്രൻനായരും തോല്പിക്കപ്പെട്ടു.

ആഹാരച്ചെലവിനു വരുന്ന പണം കൃത്യമായും വാങ്ങിക്കൊള്ളാമെന്ന ഉറപ്പു കൃഷ്ണൻനായരിൽനിന്നു കിട്ടിയതിന്മേലാണ് ഒടുവിൽ അവിടെത്തന്നെ താമസിച്ചുകളയാം എന്നുവച്ചതു്. ബാലന് ഒന്നും സൗജന്യം ആവശ്യമില്ലായിരുന്നു. രണ്ടു കൈകൊണ്ടും വാരിക്കൊടുക്കാനല്ലാതെ, തൻെറ വകയാവട്ടെ, വീട്ടുകാരുടെ വകയാവട്ടെ, കൊടുക്കാനല്ലാതെ, വാങ്ങാൻ ബാലചന്ദ്രൻ ശീലിച്ചിരുന്നില്ല.

"ആവക കാര്യങ്ങളിൽ അത്ര നിഷ്കർഷയുണ്ടായിരുന്നു," ബന്ധങ്ങളുടെ നൂലിഴകൾ തന്നെ വരിയുകയും അസ്വതന്ത്രനാക്കുകയും ചെയ്യരുതെന്നു വിശേഷിച്ചിരപ്പാൾ വിചാരവുമുണ്ടായിരുന്നു. എന്നാലും സംഭവിച്ചതു മറിച്ചാണ്. ബാലൻ സ്നേഹത്തിൻെറ അടിമത്തച്ചങ്ങലയിലേയ്ക്കു മെല്ലെ മെല്ലെ നീങ്ങുകയായിരുന്നു.

മിസ്സിസ് കൃഷ്ണൻനായർ സ്നേഹലാളനങ്ങൾ വാരിക്കോരി ഒഴുക്കിയിരുന്നു. മുമ്പ് താൻ ഈ വഴിയെങ്ങാൻ നടന്നാൽ തന്നെ പടിക്കൽ നിന്നു പിശാചേ, പിശാചേ എന്നു വിളിച്ചു കോക്രി കാട്ടുമായിരുന്ന കുട്ടികൾക്കു് തൻെറ അടുത്തുനിന്നു മാറാനിടയില്ല എന്നായി. സർവോപരി ലാളിക്കാൻ ഒരനിയത്തിയില്ലാതെ പുരുഷം മാത്രമായ ഒരന്തരീക്ഷത്തിൽ വളർന്നുവന്ന ബാലന് അവിടെ ഒരു കൊച്ചനിയത്തിയെ കിട്ടിയതിലും വലിയ ആഹ്ലാദത്തിനു സംഗതിയുണ്ടായിരുന്നു.

പത്താംതരത്തിൽ പഠിക്കുന്ന ശ്രീദേവിക്കു് പാഠങ്ങളെക്കുറിച്ച് വളരെ സംശയങ്ങളുണ്ടായിരുന്നു.

'നിനക്കു നൻെറ സംശയങ്ങൾ ബാലേട്ടനോടു ചെന്നു ചോദിച്ചുടേ?'

അമ്മ ശ്രീദേവി വെറുതെയിരിക്കുന്നതു കണ്ടാൽ കയർക്കുകയും ചെയ്യും. ശ്രീദേവിക്കു്, പത്താംതരത്തിൽപ്പഠിക്കുന്ന കൊച്ചുവിദ്യാർത്ഥിനിയാണെങ്കിലും നാണമായിരുന്നു. ആൺകുട്ടികൾ

മഹാ ചീത്തയാണ് എന്നാണ് സ്കൂളിലെ കൂട്ടുകാരികളിൽനിന്ന് അവരം കേട്ടിരുന്നതു്. അവരംക്കു വാസ്തവത്തിൽ ബാലേട്ടനോടു വർത്തമാനം പറയുന്നതിനു കൊതിയുണ്ടായിരുന്നു. സംശയനിവൃത്തിക്കായി, അതാവാമെന്നുകൂടി വന്നപ്പോരം അവരം സന്തോഷിച്ചതേയുള്ളു.

ബാലേട്ടനെ ഇവിടെക്കൊണ്ടുവന്നു താമസിപ്പിക്കുന്നതിൽ അമ്മയ്ക്കൊരു പ്രത്യേക ഉദ്ദേശമുണ്ടെന്നും, അതിന് അമ്മ അച്ഛനെ ചില എഞ്ചുവടിക്കണക്കുകരം പഠിപ്പിച്ചുകൊണ്ടിരിക്കയാണെന്നും കൂടി അപ്പോരം അവരം അറിഞ്ഞിരുന്നെങ്കിൽ!

എന്തായാലും കാര്യങ്ങരം ആവഴിക്കുതന്നെയാണ് നീങ്ങിക്കൊണ്ടിരുന്നതു്. ബാലൻ താമസംമാറി വന്നതിൻെറ വളരെ അടുത്ത ദിവസംതൊട്ടുതന്നെ കൃഷ്ണൻനായരും അയാളുടെ മിസ്സിസും വളരെ കരുതി കരുനീക്കങ്ങളാരംഭിച്ചു. കൃഷ്ണൻനായരെപ്പറയേണ്ട. മിസ്സിസിന്നായിരുന്നു താല്പര്യം. തെക്കേടെത്തുകാരുടെ വെള്ളച്ചോറുണ്ടു വളൻവന്ന തനിക്കു് തെക്കേടത്തെ ബാലനെ മരുമകനായി കിട്ടുക നല്ലൊരു കാര്യമാണെന്ന് അവക്കു തോന്നി. റെയിൽവേയിൽ നല്ലൊരുദ്യോഗം വഹിക്കുന്ന ആളിൻെറ ഭാര്യ ആയിട്ടുകൂടിയും ചെറുതുരുത്തി വെട്ടിക്കാട്ടിരി പ്രദേശങ്ങളിൽ ആയമ്മയ്ക്കു വേണ്ട പദവി, വല്ലപ്പോഴുമൊരിക്കൽ നാട്ടിലേക്കു ചെല്ലുമ്പോരംക്കൂടി, കിട്ടുന്നില്ലെന്നായിരുന്നു.

അങ്ങനെ അവർ കരുതി കരുനീക്കങ്ങളാരംഭിച്ചു. ആദ്യമാദ്യം ശ്രീദേവിയോടു് ബാലേട്ടൻെറ അടുത്തുചെന്ന് പാഠപുസ്തകങ്ങളെക്കുറിച്ചുള്ള സംശയങ്ങരം തീക്കാൻ പറഞ്ഞുകൊടുത്തു. പിന്നെക്കുറെ ചെന്നപ്പോരം ഒരിക്കൽ ശ്രീദേവിയെ ബാലേട്ടനെ ഏല്പിച്ചിട്ടു് അവർ ഭത്താവിനെയും കുട്ടികളെയുംകൊണ്ടു ക്ഷേത്രദശനത്തിനു പോയി. വേറെയൊരിക്കൽ കൃഷ്ണൻനായർതന്നെ വൈകുന്നേരത്തെ നടത്തത്തിനിടയിൽ ശ്രീദേവിയെയും ബാലനെയും മററു കുട്ടികളെയുംക്കൂടി മൈതാനത്തിരുത്തിയിട്ടു് ഒരു ചെറിയ പർച്ചേസിനു പോയി.

വളഞ്ഞ വഴികളൊന്നും ബാലനു പിടിയില്ലായിരുന്നു. നേരേ മുന്നോട്ടു കുതിച്ചുപായുക, വഴിതടയാനെന്തെങ്കിലുമുണ്ടെങ്കിൽത്തന്നെ ഇടിച്ചുപൊളിച്ചുമാററുക, അതായിരുന്നു കൂററന്മാരുടെയെന്നപോലെ ബാലൻെറയും രീതി. കഷ്ടം, വലിയൊരു ശിക്കാറികൂടി ആകണമെന്നു മോഹമുണ്ടായിരുന്ന ആ ചെറുപ്പക്കാരനു് പാവം കാട്ടുപന്നി കുടുങ്ങിപ്പോകുന്നതു് ഈ നേർവരവഴിയിലുള്ള നിഷ്ഠകൊണ്ടാണെന്നു് അറിയില്ലായിരുന്നു.

സൂത്രശാലിയായ നരി എങ്ങാനും ഒരു പൊന്തപ്പുറത്തു് പതിയിരിക്കുന്നു. മൂഢാത്മാവായ ശ്രീമൽ പന്നിക്കുട്ടി അതു വഴി വരുന്നു, നരി കൈനീട്ടി മുതുകെല്ലുനോക്കി ചെറിയൊരു മാന്തു കൊടുക്കുന്നു. നഖം തുളഞ്ഞുകയറിയ വേദനയിൽ അമർഷം കൊണ്ടു് പന്നി പാഞ്ഞുപോകുന്നു. കുറേച്ചെല്ലുമ്പോൾ തൻെറ ശത്രുവിനെ നേരിടുകതന്നെയെന്നു നിശ്ചയിച്ചുകൊണ്ടു് നേർവരയിലൂടെ, അതേ വഴിയിലൂടെത്തന്നെ പിന്നോക്കം പായുന്നു. നരിയുടെ കൂർത്തുമൂത്ത നഖങ്ങൾ ഒരിക്കൽക്കൂടി അവൻെറ മുതുകത്തുനിന്നു പച്ചമാംസം വാന്തെടുക്കുന്നു. അവൻ കൂടുതൽ ക്ഷുഭിതനാകുന്നു. കൂടുതൽ വേഗതയിൽ മുന്നോക്കവും പിന്നോക്കവും പായുന്നു. ഒടുവിൽ, നരിയുടെ കാൽച്ചുവട്ടിൽത്തന്നെ ചത്തു മലയ്ക്കുന്നു. പക്ഷേ മിസ്റ്റർ ബാലചന്ദ്രനു് ഇതൊന്നും അന്നു് അറിഞ്ഞുകൂടായിരുന്നു. അമ്മയുടെ തോഴിയായിരുന്നു മിസ്സിസ് കൃഷ്ണൻനായർ. അവരുടെ കുട്ടിക്കാലത്തു് അവൾക്കു തന്നോടു നിറഞ്ഞ സ്നേഹമുണ്ടു്. പിന്നെ കൃഷ്ണൻനായർ. താനായിട്ടും ആ മനുഷ്യനെ കുറെ ദ്രോഹിച്ചിട്ടിട്ടുണ്ടു്. പാവം. ഈ പാവത്താനോടു്, ഈ ശുദ്ധാത്മാവിനോടു് ഇതു വേണ്ടായിരുന്നു. ആ മനുഷ്യനും തന്നോടു് ഇങ്ങനെ അളവററ സ്നേഹം കാട്ടുമ്പോൾ എന്തോ, ബാലൻ ദുർബ്ബലനായി.

ശ്രീദേവിയുടെ സാന്നിദ്ധ്യവും മധുരമായ ഒരനുഭവമായിരുന്നു. അമ്പിളിത്തെല്ലിൻെറ രൂപത്തിൽ അവൾ തൊടാറുള്ള ചന്ദനക്കുറി, എന്തിനു് അവൾതന്നെ ഒരു കൊച്ചു അമ്പിളിക്കീറാ

യിരുന്നില്ലേ? അവളുടെ തത്തച്ചുണ്ടുപോലത്തെ മൂക്കിന്മേൽ വെറുതെ തോണ്ടുക, അപ്പോളവൾ അരിശപ്പെടുന്നതു കാണുക, 'അമ്മേ ഈ ബാലേട്ടൻ' എന്നു പറയാൻ ഭാവിക്കുന്നതും അവളുടെ വായ പൊത്തിക്കളയുക, ഒക്കെയും രസമുള്ള കാര്യങ്ങളായിരുന്നു.

ബാലൻ അവളെ പ്രേമിക്കാൻ തുടങ്ങുകയായിരുന്നോ? എന്നു പറഞ്ഞുകൂടാ. ഒരു കൊച്ചനിയത്തി ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. ഒരു കൊച്ചനിയത്തിയെ ലാളിക്കാൻ, അവളുമായി വഴക്കുകൂടാനും, അവളെ ശകാരിക്കാനും, ഒരിക്കലെങ്കിലും അവസരമുണ്ടായിട്ടുമില്ല. ബാലൻ ശ്രീദേവിയിൽ ഓമനയായ ഒരനിയത്തിയെ അല്ലേ കണ്ടിരുന്നതു്, ആണെന്നുതന്നെ പറയണം. കാരണം, കൃഷ്ണൻനായരും അമ്മയും തന്നിലർപ്പിച്ചിരിക്കുന്ന വിശ്വാസം ദുരുപയോഗപ്പെടുത്തുക ബാലകൃഷ്ണൻ ആലോചിക്കതന്നെ ചെയ്തിരിക്കില്ല.

അത്രയുമൊക്കെ ആയെന്നു കണ്ടപ്പോൾ ഗൃഹനായകനും ഗൃഹനായികയ്ക്കും കൂടുതൽ ഉത്സാഹം തോന്നിത്തുടങ്ങി. അല്പംകൂടി ഒന്നു ശ്രമിച്ചാൽ കാര്യം നടന്നതുതന്നെ, അവർക്കു ധൈര്യമുണ്ടായി. ശ്രീദേവിക്കു് അധികം പ്രായവും വയസ്സും ഒന്നും ആയിട്ടില്ല. അവളെ ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കുക എന്ന ആലോചനയ്ക്കു് അവസരം തീരെ അടുത്തിരുന്നുമില്ല. എന്നാലും അവരുടെ, ഗൃഹനാഥന്റെയും ഗൃഹനായികയുടെയും പരിപാടി ഏതാണ്ടങ്ങനെതന്നെ ആയിരുന്നു.

ബാലനെക്കണ്ടു ഭ്രമിച്ചാണോ, ബാലന്റെ തറവാടുമായി ബന്ധം സ്ഥാപിക്കുകവഴി അന്തസ്സു വർദ്ധിപ്പിക്കാൻ വേണ്ടിയാണോ, അതോ സ്ത്രീധനത്തുകയിൽ ചെലവാക്കേണ്ടിവരുന്ന വലിയ തുകകൾ ലാഭിക്കാൻവേണ്ടിയാണോ, എന്തെന്നു് വ്യക്തമായി പറയാൻ പ്രയാസം. അവർക്കു ബാലനെ വേണമെന്നുണ്ടായിരുന്നു. അത്രതന്നെ.

അങ്ങനെ കുറെനാൾ ചെന്നപ്പോഴാണു് തികഞ്ഞ നാടകീയതയോടെ ആ രംഗം.

ഓ, ഒന്നുണ്ട്, അതിനകം മനസ്സു കുറച്ചൊന്നു മാറി, ബാലൻ അമ്മയ്ക്കും മുത്തശ്ശിക്കും ഓരോ കത്തുകളെഴുതിയിരുന്നു. ഞാൻ മംഗലാപുരത്താണ്, എനിക്കു സുഖംതന്നെ എന്ന മട്ടിൽ, നന്നെ കുറച്ചു വാചകങ്ങളിൽ. ആപ്പീസ് വിട്ടുവരുമ്പോഴ് ശ്രീദേവിയുടെ അമ്മ കരഞ്ഞുകൊണ്ടിരിക്കയാണ്.

'ഇത്രയും സ്നേഹമില്ലാത്തവരാണല്ലോ മനുഷ്യര്!'

'അപവാദം പറയാൻ ഇങ്ങനെയുണ്ടല്ലോ അവരക്കൊരു വിരുത്!'

'ചോരയും ചെമപ്പുചായമെന്നു പറയുന്നവർ.'

എന്താണു കാര്യമെന്നു ബാലൻ തിരക്കി.

'ഓ, ബാലനെത്തിയോ? ഒന്നുമില്ല കുട്ടീ, വന്നു ചായ കഴിക്കു' അവർ വിമ്മിട്ടപ്പെട്ടു വിഷയം മാററാൻ ശ്രമിക്കുന്നതായി നടിച്ചു.

എന്താണു സംഭവമെന്നായി ബാലൻ. ഒടുവിൽ കുത്തിപ്പിടിച്ചു പറഞ്ഞുവന്നപ്പോഴ്—

'ശ്രീദേവിക്കു ഭർത്താവുണ്ടാക്കാൻവേണ്ടിയാണ് ബാലനെ കൂടെത്താമസിപ്പിച്ചിരിക്കുന്നതെന്ന് ബാലൻെറ വീട്ടുകാർ പറഞ്ഞു നടക്കുന്നു. ചെറുതുരുത്തിപ്രദേശത്തു മുഴുവൻ പാട്ടായിരിക്കുന്നത്രേ! ഇനി നാററാനില്ല!'

ബാലനു കടുത്ത ക്ഷോഭമുണ്ടായി.

'എന്നാരു പറഞ്ഞു?'

'ബാലൻെറ അമ്മതന്നെ പറഞ്ഞു എന്നാണ് ഓപ്പ എഴുതിയിരിക്കുന്നത്.'

'ഓഹോ, അങ്ങനെയോ!'

'അതെ.'

'എന്നാൽ ഞാനല്ലേ നിശ്ചയിക്കേണ്ടതു് ശ്രീദേവിയെ കല്യാണം കഴിക്കണം എന്നു്.'

'ഞാനായിട്ടു തീരുമാനിച്ചാലോ?'

'അതൊക്കെ പിന്നെത്തീരുമാനിക്കേണ്ട കാര്യങ്ങളല്ലേ ബാലാ. ശ്രീദേവി കുട്ടിയല്ലേ. ഈ അപവാദമൊക്കെ ഓക്കുമ്പോഴ്

ബാലൻ ഇവിടെനിന്നു താമസമങ്ങു മാറിയേക്കുന്നതല്ലേ നല്ലതെന്നാ ഞാനാലോചിക്കുന്നതു്,' അവർ പറഞ്ഞു.

അതൊക്കെയും ബാലനെ തൻെറ നിശ്ചയത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനായിരുന്നു.

അത്താഴം കഴിഞ്ഞു കിടക്കുമ്പോഠം ഒരു ഭാര്യയും ഭർത്താവും തമ്മിൽ നടക്കുന്ന സംഭാഷണം ബാലനു് അറിയാവുന്നതല്ലായിരുന്നല്ലോ.

അവർ തമ്മിൽ പറയുകയായിരുന്നു—

'നിങ്ങഠംക്കപ്പൊ വേണംന്നുവച്ചാൽ ബുദ്ധിമൊക്കെയുണ്ടു്, അല്ലേ?'

'അതെന്താ അങ്ങനെ?'

'നിങ്ങഠം പറഞ്ഞപോലെ ചെയ്തു ഞാൻ. കാര്യം കലാശിക്കുകേം ചെയ്തു.'

പിന്നെ, അല്ലെങ്കിലും മക്കളുടെ കാര്യത്തിൽ അച്ഛനു ബുദ്ധിയൊക്കെയുണ്ടു് എന്നു് ആ ഭാര്യ ചെറുതായി പരിഭവിക്കയും ചെയ്തു.

## 11

വിവാഹം, കുടുംബം, ഉത്തരവാദിത്വം എന്നെല്ലാമുള്ള കാര്യങ്ങളെക്കുറിച്ചു് ഒരിക്കലെങ്കിലും മിസ്റ്റർ ബാലചന്ദ്രൻ ചിന്തിച്ചിരുന്നില്ല. പക്ഷേ ഇപ്പോഠം ചിന്തിച്ചുതുടങ്ങി, കാര്യമായിത്തന്നെ ചിന്തിച്ചുതുടങ്ങി.

ശ്രീദേവി സുന്ദരിയാണു്. മധുരം കിനിഞ്ഞുവരുന്ന ഒരു മധുരനാരകഫലംപോലെ ചന്തമുള്ളവഠം. തൊടാൻ കൗതുകം തോന്നും. നാട്ടിൽനിന്നു വളരെ അകലെയിങ്ങായിട്ടും, നാട്ടിൻ

പുറത്തെ മട്ടിപ്പുശയുടെ മണം ചുഴ്ന്ന പാവാടയും ഹാഫ്സാരിയുമാണ്.

സിരകളിൽ ആവേശം പതഞ്ഞു പൊന്തുകയായിരുന്നു. വിവാഹമെന്നുവച്ചാൽ ഉത്തരവാദിത്വമെന്നു കരുതുന്ന ആളുകളുണ്ടാവാം. പക്ഷേ തനിക്ക്?

മധുരാനുഭൂതികളുടെ ഒരു മായാലോകത്തിലേയ്ക്കുള്ള കമാനമാണതു്, ആഹ്ലാദത്തിൻെറയും ആവേശത്തിൻെറയും മാത്രമായ ഒരു ലോകത്തിലേയ്ക്കുള്ള പ്രവേശനദ്വാരം. അതിതാ മലക്കെ തുറക്കപ്പെടുന്നു!

ഏതെങ്കിലുമൊരുത്തിയെ, കല്യാണപ്പന്തലിൽവച്ചുമാത്രം കണ്ടിട്ട് ആയുഷ്ക്കാലം മുഴുവൻ കൊണ്ടുനടക്കേണ്ട ഗതികേടു വന്നുചേരുന്ന ഭർത്താക്കന്മാരുണ്ട്, കസ്തൂരിമാമ്പഴമെന്നു പാടിപ്പുകഴ്ത്തി നൊട്ടിനുണഞ്ഞിരിക്കുമ്പോൾ ആഗ്രഹിച്ചിരുന്ന പെണ്ണിനെ ആരാനും കൈക്കു പിടിച്ചുകൊണ്ടു പോകുന്നതു കണ്ട് നെടുവീർപ്പിടുകയും കയറും വിഷവും അന്വേഷിക്കാൻ നിർബന്ധിതരാകുകയും ചെയ്യുന്ന മഹ്ഹുകളുമുണ്ട്.

തനിക്ക് അതൊന്നുമല്ല.

കുറെ നാളായി ശ്രീദേവിയോടു് എന്തോ ഒരിതു തോന്നുന്നു, വാത്സല്യമാണോ പ്രേമമാണോ ഇതെന്നു തനിക്കുതന്നെ സംശയമാകുന്നു, അപ്പോൾ പ്രണയിക്കാൻ ഇതാ ലൈസൻസ് വേണോ എന്നു ചോദിച്ചുകൊണ്ട് വേണ്ടപ്പെട്ടവരും.

ബാലൻ ആഹ്ലാദിച്ചു, അനല്പമായി സന്തോഷിച്ചു. അമ്മയെയും മുത്തശ്ശിയെയും കുറിച്ചാലോചിച്ചു. മുത്തശ്ശി തനിക്കഹിതം പറയില്ല. അമ്മയ്ക്കായിരിക്കും. അമ്മയ്ക്കാണല്ലോ, മുത്തശ്ശിയെക്കാളധികം തറവാട്ടമഹിമയും പൊങ്ങച്ചവുമുള്ളതു്.

സാധാരണ ക്ഷണപ്പത്രികകൾ അച്ഛനമ്മമാരുടേതാണ്. ഇതു പുതിയ ഒരു രൂപത്തിലായാലെന്തു്? താൻതന്നെ ക്ഷണിക്കുന്നു. അമ്മയെയും അച്ഛനെയും ഉൾപ്പെടെ എല്ലാവരെയും. തൻെറ വിവാഹത്തിനു വരാൻ. വിവാഹമെന്തായാലും തന്നെമാത്രം

സംബന്ധിക്കുന്ന കാര്യമാണ്. തൻെറ വിവാഹം ഇങ്ങനെ ഒരു പുതിയ രീതിയിൽ ആയാലെന്തു്? അതോ, നേർത്ത പോയി എല്ലാവരുടെയും അനുഗ്രഹങ്ങൾ വാങ്ങി പോന്നാലോ? അനുഗ്രഹങ്ങൾ! അതോർത്തപ്പോൾ ചിരിക്കാൻ തോന്നി. മററുള്ളവരുടെ അനുഗ്രഹങ്ങൾകൊണ്ടല്ലേ എല്ലാവരും കഴിഞ്ഞുകൂടുന്നതു്.

അനുഗ്രഹംകൊണ്ടല്ലേ പുസ്തകങ്ങൾ വലിച്ചെറിഞ്ഞിട്ടു പോന്നതു്? അനുഗ്രഹംകൊണ്ടല്ലേ റെയിൽവേ സർവ്വീസിൽ ജോലി പിടിച്ചു വാങ്ങിയതു്? ആരുടെയും സൗജന്യങ്ങളും അനുഗ്രഹങ്ങളുംകൊണ്ടല്ല ഇതുവരെ കഴിഞ്ഞുപോന്നതു്. ഇനിയും അതൊട്ടു വേണ്ടതന്നെ.

അങ്ങനെയൊക്കെപ്പോയി ബാലകൃഷ്ണൻനായരുടെ ചിന്തകൾ. ഇപ്പോൾ അയാൾക്കു് ആപ്പീസിലെ ബോറൻ പണികൾ കൂടി രസമായിത്തോന്നി. ശ്രീദേവിക്കുവേണ്ടിയല്ലേ? ആൺകുട്ടികളെപ്പോലെ ജീവിക്കാൻവേണ്ടിയല്ലേ?

എഴുതാൻ കിട്ടിയിരുന്ന കടലാസിൻെറ ക്വാളിററിയിൽ മാററം വന്നിരുന്നു എന്നു വയ്ക്കുക. സ്റ്റേഷനും ആപ്പീസ്മുറികളും വൈദ്യുതീകരിക്കാനുള്ള ഒരുക്കങ്ങളും ആരംഭിച്ചിരുന്നു. എന്നാലും, ആപ്പീസ്സമയം കഴിയുംവരെയും അതു കഴിഞ്ഞാൽത്തന്നെ വേണമെങ്കിൽ കുറെ നേരംകൂടി അവിടിരുന്നു ജോലിചെയ്യാൻ എങ്ങനെ ഉഷാറുണ്ടായി? തന്നെ സ്വീകരിക്കാൻ ചൂടുചായയും മധുരമായ പുഞ്ചിരിയുമായി കാത്തിരിക്കുന്ന ശ്രീദേവിയെക്കുറിച്ചുള്ള വിചാരം ആപ്പീസ് വേലതന്നെ ബാലനു് ഒരു രസമാക്കിത്തീർത്തിരുന്നു എന്നതാണു നേരു്.

ഒടുവിലൊരുദിവസം, തൻെറ വിവാഹകാര്യത്തെക്കുറിച്ചു് അമ്മയ്ക്കും മററുള്ളവർക്കും കത്തുകൾ എഴുതുകയും ചെയ്തു.

ചിങ്ങപ്പുലരികളുടെ പ്രകാശവും പ്രസാദവുമായിരുന്നു, ജീവിതത്തിൽ. ആനന്ദത്തിൽനിന്നു കൂടുതൽ ആനന്ദത്തിലേയ്ക്കുള്ള ഒരു കയററമെന്നായിരുന്നു ജീവിതത്തിനു് ഒരു നിർവചനം കൊടുക്കാൻ ആരെങ്കിലും ആവശ്യപ്പെട്ടിരുന്നെങ്കിൽ അക്കാലത്തു് ആയുവാവു ചെയ്യുക. പാവം!

# 12

ഒരു ദിവസം ശ്രീദേവിയുടെ അച്ഛൻ പറഞ്ഞു:

'നമുക്കിന്നൊന്നു മൈതാനംവരെ നടക്കാം ബാലചന്ദ്രൻ.'

ബാലനെന്നു ചുരുക്കിയും ബാലചന്ദ്രനെന്നു നീട്ടി വിസ്തരിച്ചും സംബോധന മാററുക കൃഷ്ണൻനായരുടെ ഒരു പതിവായിരുന്നു.

'എന്താ, ഇന്നു വിശേഷിച്ച്?'

'ങ്ആ, അല്പം കാര്യമുണ്ട് ബാലൻ.'

അതിൻപ്രകാരം അന്ന് രണ്ടാളുംകൂടി ആപ്പീസ്പണി കഴിഞ്ഞപ്പോഴ് ടൗണിലേയ്ക്കാണു തിരിച്ചതു്, മൈതാനത്തേയ്ക്ക്.

രണ്ടാളുംകൂടി അവിടെ ആളൊഴിഞ്ഞ ഒരു മൂലയ്ക്ക് ഇരുന്നു. താജ് ഹോട്ടലിൽനിന്നു ചായകുടി കഴിഞ്ഞു് 'ഈ ഫോട്ടോ എങ്ങനെയുണ്ട് ബാലൻ?' കൃഷ്ണൻനായർ ഷർട്ടിൻെറ പോക്കററിൽനിന്ന് ഒരു കവർ പുറത്തെടുത്തു തുറന്നുകൊണ്ടു ചോദിച്ചു.

'തരക്കേടില്ല.'

'അല്ല, ശ്രീത്വവുമൊക്കെ എങ്ങനെ?'

എന്താവാം സംഗതിയെന്ന് ആലോചിക്കാൻ തോന്നിയില്ല. ആശങ്കപ്പെടാനും. അതിനു കാര്യമെന്ത്?

'ശ്രീത്വം കുറവില്ല. പിന്നെ.'

'ആട്ടെ, എല്ലാംകൂടി എങ്ങനെയുണ്ട്?'

'സാമുദ്രികശാസ്ത്രലക്ഷണമാണോ?'

'അല്ല, പറയുന്നു്.'

'കൊള്ളാം, യോഗ്യനാണ്.'

'ങ്ആ, അങ്ങനെ വരട്ടെ. എന്നാലേ, ഇനി ബാക്കി പറയാം. ഇയാള് തൃശ്ശൂരുകാരനാണ്. പേര് ശ്രീധരമേനോൻ.'

'എങ്ങനെ പരിചയം?'

'പറയാം, പറയാം. ഇയ്യാള് ദെൽഹിയിൽ ഉദ്യോഗത്തിലിരിക്കുന്നു. പി എ ടു ദി ഡയറക്ടർ ജനറാൾ ഓഫ് ഡിസ്പോസൽസ്.'

'ഓഹോ.'

'അതെ.'

'ആട്ടെ, ബാലൻനായരേ, ഇസ്സാളു് നമ്മടെ ശ്രീദേവിക്ക്...

'ശ്രീദേവിക്ക്?'

'അതെ, നമ്മുടെ ശ്രീദേവിക്ക ചേരുമോ?'

ജീവിതത്തിൽ ആദ്യമായി അന്ധാളിപ്പെന്നൊരു കാര്യം മിസ്റ്റർ ബാലചന്ദ്രനു് അനുഭവപ്പെട്ടു. ആകാശം ഒരു വലിയ ചക്രത്തെപ്പോലെ കറങ്ങുന്നതായി, വൃക്ഷലതാദികൾ ഉലയുന്നതായി, എല്ലാമെല്ലാം കുടിയന്മാരെപ്പോലെ കറങ്ങുന്നതായി—

'പറയൂ, ബാലൻ.'

പക്ഷേ ബാലനു നാവു പൊന്തിയില്ല. വളരെ ബദ്ധപ്പെട്ടു് അടങ്ങിവന്നു ഒന്നു തുടങ്ങാൻതന്നെ.

'ശ്രീദേവിയെ ഞാൻ...'

'അതെ, ബാലൻ, ശ്രീദേവിയെ നിങ്ങൾക്ക വിവാഹം കഴിച്ചാൽക്കൊള്ളാമെന്നുണ്ടെന്നു് എനിക്കറിയാം.'

'മുഴുവൻ ശരി—'

'വരട്ടെ, ഞാൻ പറയുന്നതു നിങ്ങൾ കേൾക്കു. നിങ്ങൾക്കും അവൾക്കും എന്റെ മിസ്സിസിനുകൂടെയും അങ്ങനെയൊരാലോചനയുണ്ടെന്നെനിക്കറിയാം.'

ആ ആലോചനയിൽ തനിക്കെത്രമാത്രം ഉത്തരവാദിത്വമുണ്ടെന്നു്, പങ്കുണ്ടെന്നു് കണ്ണു ചിമ്മിയടയ്ക്കുന്നതിനിടയിൽ കൃഷ്ണൻനായർ സൗകര്യപൂർവ്വം മറന്നു. ശ്രീദേവിയുടെ അച്ഛനു് ഇതിൽ വിരോധമില്ല എന്നുമാത്രമേ സുഭദ്രാമ്മ പറഞ്ഞിരുന്നുമുള്ള ബാലനോടു്.

ബാലനു് എഴുനേല്ക്കണമെന്നു തോന്നി, എവിടേയ്ക്കെങ്കിലും നടന്നു പോകണമെന്നും.

പക്ഷേ കൃഷ്ണൻനായർ അനങ്ങിയില്ല, ഇരുന്നിടത്തുനിന്നു് ഇളകിയില്ല.

'ഞാൻ വേറൊന്നുകൂടി ചോദിച്ചുകൊള്ളട്ടെ, ബാലൻ.'

'ചോദിച്ചു തുലച്ചോളൂ.'

'നിങ്ങൾ ഒരു എൽഡീസിയാണ്. ഒരു ഹെഡ്ക്ലാർക്കോ മററോ ആവണമെങ്കിൽ നിങ്ങൾക്ക് എത്രകാലം കാത്തിരിക്കേണ്ടിവരും?'

'എന്തോ എനിക്കറിയില്ല.'

'എനിക്കറിയാം ബാലചന്ദ്രൻ. കുറഞ്ഞതു് ഒരു പത്തുവർഷമെങ്കിലും കഴിയണം. അപ്പോൾത്തന്നെ നിങ്ങൾക്കു കിട്ടുന്ന ശമ്പളം നൂറോ നൂററമ്പതോ ഉറപ്പിക്കണ്ടായിരിക്കും.'

'അതിന്?'

'നിങ്ങൾ പറയണം ബാലൻനായർ, ശ്രീദേവിയുടെ ഭാവി ജീവിതത്തിന് ഏതാണ് അഭിവൃദ്ധി? ഡയറക്ടർ ജനറാളോഫ് ഡിസ്പോസൽസിൻെറ പി. എ.യെ വിവാഹം കഴിക്കുന്നതോ, അതോ ഒരു സാധാരണ എൽഡീസിയെ...'

'പക്ഷേ എന്നോടു കാട്ടിയതു് ചതിയായിപ്പോയി.'

'ഞാനാരെയും ചതിച്ചിട്ടില്ല ബാലചന്ദ്രൻ. നിങ്ങൾ ശാന്തനായി ആലോചിച്ചു നോക്കൂ. സുഭദ്ര നിങ്ങളോടു വല്ലതും പറഞ്ഞിരിക്കും, ശ്രീദേവിയും. ശ്രീദേവി, അവൾ കുട്ടിയല്ലേ? സുഭദ്ര...'

'നിങ്ങളുടെ മകളുടെ കാര്യം നിങ്ങൾ തീരുമാനിച്ചുകൊള്ളൂ. അതിനു ഞാനെന്തുവേണം?'

'ശ്രീദേവി എനിക്കൊരൊററ മകളാണ്. അവൾ എനിക്ക് എല്ലാമെല്ലാമാണ്. അവൾക്കുവേണ്ടി, എനിക്കുവേണ്ടി നിങ്ങൾ തന്നെ എൻെറ മിസ്സിസിനോടൊന്നു് പറയണം.'

നല്ല ഉപായം. നല്ല ശിക്ഷ. താൻതന്നെ പറയണം, അതും ശ്രീദേവിയുടെ അമ്മയോടു്.

'നിങ്ങൾ എനിക്കല്പം സമയം തരൂ. ഞാനാലോചിക്കട്ടെ.' ബാലൻ എഴുന്നേററു നടന്നു.

'ഇപ്പോളിനി വേറെ എവിടേയ്ക്കാണു്?'

'എവിടേയ്ക്കായാൽ നിങ്ങൾക്കെന്താണു മിസ്റ്റർ കൃഷ്ണൻ നായർ?'

കൃഷ്ണൻനായർ എന്താണു പറയുന്നതെന്നു കേൾക്കാൻ നിന്നില്ല.

## 13

റണ്ണിങ്ങ്ബംഗ്ലാവിൽ പട്ടാഭിക്കൊരു മുറിയുണ്ട്. പ്രമോഷൻ കിട്ടിയതിൽപ്പിന്നെ ഇവിടാണ് താമസം സൗകര്യപ്പെടുത്തിയിരിക്കുന്നത്. അയാളുടെ ഭാര്യ കുറച്ചു നാളായി നാട്ടിലാണ്.

പതിവില്ലാതെ ബാലചന്ദ്രനെക്കണ്ടപ്പോൾ, 'എന്താ വർത്തമാനം', സ്വാമി അന്വേഷിച്ചു.

'ഹെയ്, യാതൊന്നുമില്ല. ഇന്നിങ്ങനെ തോന്നി. അത്രതന്നെ.'

തന്റെ ഉള്ളിൽ ഒരഗ്നിപർവ്വതം പുകയുന്നെങ്കിൽ അതെന്തിനു പ്രദർശനത്തിനു തുറന്നുവയ്ക്കണം? തലമണ്ടയ്ക്കകത്ത് ഒരു കടലിരമ്പുന്നെങ്കിൽ എന്തിനതിന്റെ മുമ്പിലൊരു മൈക്കുകൂടി പിടിച്ചുകൊടുക്കണം?

അപ്പോൾ വിശേഷിച്ചൊന്നുമില്ല. ഇന്ന് സൊറകൂടാൻ ആരെയും കിട്ടിക്കാണില്ല. അതാണ്. വെറുതെ തമാശയുണ്ടാക്കാൻ പുറപ്പാടാണ്.

എന്നാൽ തമാശ പറയാനുമുണ്ടല്ലോ, പട്ടാഭി സന്തോഷിച്ചു.

'റണ്ണിങ്ങ്ബംഗ്ലാവിനെച്ചുറ്റി ശരിയായ ഒരു തമാശ നടന്നിരിക്കുന്നു.

'എന്തേ പട്ടാഭീ?'

'മാധവനെ അറിയില്ലേ എൻടിബീ?'

'ഏതു മാധവൻ?'

'നമ്മുടെ പോയിന്റ്സ്മാൻ മാധവൻ.'

'ങ്ആ, മാനാവന്__'

ബാലൻെറ മനസ്സിൽ ഈ പുതിയ സംഭവവികാസത്തിൽ ശ്രീദേവി എന്തു നിലപാടെടുക്കും എന്നുള്ളതായിരുന്നു.

'അതെ; മാധവന്?'

'എന്തേ ബാലചന്ദ്രൻ നായർ ശ്രദ്ധിക്കുന്നില്ല?'

'ഉവ്വ്. ഞാൻ ശ്രദ്ധിക്കുന്നുണ്ട്.'

ബാലൻ ശ്രീദേവിയുടെ കാര്യം മാററിവയ്ക്കാൻ നോക്കി.

'ങ്ആ, മാധവനുണ്ടല്ലോ, മാധവൻ പോയി ഒരു മാര്യേജ് പ്രൊപ്പോസൽ ശരിയാക്കി. ദൂരെ, പൊന്നാനിസൈഡിലെങ്ങോ ചെന്ന്.'

'അതിനെന്താ?'

'കേൾക്കണം കേൾക്കണം. മാധവൻ പോയിൻറ്സ് മാനല്ലേ, അവനവിടെച്ചെന്നു പറഞ്ഞു, റെയിൽവേയിലെ ഒരു ആപ്പീസറാണ താനെന്ന്.'

സുജായിആയി പെണ്ണുകാണാൻ ചെന്നു. അടുത്ത ദിവസം അവരാരോ ഇങ്ങോട്ടു വരുന്നെന്നും പറഞ്ഞു.

'ഓഹോ, സംഭവം നടന്നിട്ട് കുറെ ആയോ?'

'ഓ പിന്നില്ലാ! എം. ടി. ബി. റൊമാൻസും ജോളിയുമായിട്ട് കഴിയുകല്ലായിരുന്നോ. ഇതൊന്നും അറിഞ്ഞില്ല. അല്ല, ഞാൻ കുററപ്പെടുത്തുന്നില്ല. എന്നിട്ട് ആ സാധു ഒരു ചിരി ചിരിച്ചു.

എല്ലാം തുളഞ്ഞുകയറുന്നുണ്ടായിരുന്നു. റൊമാൻസും ജോളിയും!

പറഞ്ഞുവന്നത് മാധവൻെറ പ്രോസ്പെക്റ്റിവ് ഫാദറിൻലാ മംഗാലാപുരം കാണാൻ വന്നതിൻെറ കഥയാണല്ലോ. മാധവൻ ഹെഡ്കുക്ക് ഗോപാലന് രണ്ടു ബോട്ടിൽ ഹെന്നി വാങ്ങി കൊടുത്തു, രഹസ്യമായി. രണ്ടുദിവസത്തെ ലീവുമെടുത്തുകൊണ്ട് ഇവിടെ റണ്ണിങ്ങ്ബംഗ്ലാവിൽ വന്നു താമസവുമായി.

കാരണോര് വന്നു. കൂടെ ഒരു കാര്യസ്ഥനുമുണ്ടായിരുന്നു. മാധവൻ സ്റ്റേഷനിൽച്ചെന്നുതന്നെ സ്വീകരിച്ചുകൊണ്ടുപോന്നു.

ഡ്രൈവർമാക്കുള്ള എഫ് എം വി മീൽസ് തന്നെ * രണ്ടു നേരവും, പത്രാസായി. രാവിലെ ബുഡംസ് ഫ്ളെയും ഫ്രൂട്ട്സും ബ്രസ്റ്റും!

രണ്ടാമത്തെ ദിവസം കാരണോര് തിരിച്ചുപോയി. മാധവൻ വലിയ ആപ്പീസറാണെന്നുതന്നെ ബോധ്യം വന്നു. മകളെ വിവാഹം കഴിച്ചുകൊടുക്കാൻ ഉത്സാഹമായി. അമ്പതോ നൂറോ ഏക്ര നെൽപ്പാടംതന്നെ ഉള്ളവരാണെന്നാ പറഞ്ഞുകേട്ടതു്.

'അപ്പോളെന്താകും ഇതിൻെറയൊരന്തം?'

'എന്താവാൻ! മാധവൻ പെണ്ണുകെട്ടും. പെണ്ണിനെയും കൊണ്ടു് റണ്ണിങ്ങ്ബംഗ്ലാവിലേക്കുതന്നെ പാക്കാൻ വരും. എതെങ്കിലും സായിപ്പു്, ഡ്രൈവർ പിടിച്ചു് സ്വപ്നാക്കിക്കൊള്ളുകയും ചെയ്യും.'

'അതില്ല. ഈ സായിപ്പന്മാര് ഡ്രൈവർമാർ ഒരു അന്തോം കുന്തോമില്ലാത്തവരാണെന്നു് മാധവനറിയില്ലേ? അവനേതായാലും അവളേയുംകൂട്ടി റണ്ണിങ്ങ്ബംഗ്ലാവിലേക്കു വരാൻമാത്രം വിഡ്ഢിയാവില്ല.'

'എന്നാൽ മുറപോലെ, മീനിയൽസ് ക്വാട്ടേഴ്സിൽത്തന്നെ വന്നു താമസമാക്കിക്കൊള്ളും. അല്ലെങ്കിൽ മണവാട്ടിയെ കൂട്ടിക്കൊണ്ടുവരില്ലായിരിക്കാം. പോട്ടെ, പട്ടാഭി. അതെല്ലാം പോട്ടെ, എനിക്കുറക്കം വരുന്നു.'

'ഊണു കഴിച്ചോ?'

'ഊണൊക്കെ നേരത്തെ കഴിച്ചു.'

എന്നാൽ ആ കട്ടിലിൽ കിടന്നോളൂ. ഇതാ ഒരു ഷീററ്.'

ഷീററൊന്നും വേണ്ടെന്നു പറഞ്ഞു. നേരേ കയറിക്കിടന്നു.

ഉറങ്ങാമെന്നു വിചാരിച്ചല്ല കിടന്നതു്. മാധവൻെറ കഥയ്ക്കിടയിൽ ഒന്നും ആലോചിക്കാൻ തന്നെ കഴിയാതെ വന്നിട്ടാണു്.

എന്തെല്ലാമായാലും ഈ ചതി ഭയങ്കരമായിരിക്കുന്നു. വെറുതെ തൻെറ പാട്ടിനു നടന്നുപോയ തന്നെ, പിടിച്ചു്, വശത്താക്കി

---

* ഫിഷ് മട്ടൺ വെജിററബിൾ മീൽസ്. ഇതു് ഡ്രൈവർമാരുടെ സ്പെഷ്യൽ മീൽസാകുന്നു.

ബന്ധിച്ചിട്ട്... ..ഇപ്പോഴം ഡയറക്ടർ ജനറാളുടെ പി. ഏ. വലിയ ഉദ്യോഗസ്ഥനാണ്, എൽഡീസി വെറും പൂജ്യവും, കൃഷ്ണൻനായർക്കിതൊന്നും അറിവില്ലായിരിക്കുമെന്നു വിശ്വസി ക്കാൻ പ്രയാസം തോന്നി. എല്ലാം അറിയാമായിരിക്കണം.

കിഴവൻെറ നൃത്തമാണ്.

സ്നേഹം ബിസിനസ് തന്ത്രമാക്കിയിരുന്നു. അതൊന്നും വേണ്ടപ്പോഴ് അറിഞ്ഞില്ല.

അങ്ങനെ പോകുമ്പോഴ് ചിന്ത മാധവനിലേയ്ക്കു തിരിഞ്ഞു. പോയിൻറ്സ്മാൻ മാധവൻ ആദായകരമായ രീതിയിൽ ഒരു ബിസിനസ് ചെയ്തു. കൃഷ്ണൻനായരും ബിസിനസ്തന്നെ നോക്കിയിരിക്കുന്നു.

ഇവിടെ സ്നേഹത്തെക്കുറിച്ചും ആത്മാർത്ഥതയെക്കുറിച്ചുമൊക്കെ ആലോചിക്കുന്നതാണ് വിഡ്ഡിത്തം.

എല്ലാ നക്ഷത്രങ്ങളും കെട്ടുപോയിരുന്ന ആ രാത്രിയിലും ഒരു ചെറിയ വെളിച്ചമുണ്ടായിരുന്നു, ഒരു ചെറിയ പ്രതീക്ഷ—

ശ്രീദേവി എന്തു പറയുന്നു?

അമ്മ എന്തു പറയും?

പക്ഷേ ആ കുമിളകളും പൊട്ടിക്കാണാൻ അധികം കാത്തിരിക്കേണ്ടിവന്നില്ല. പിറേറന്നുതന്നെ അതുണ്ടായി.

'എന്താ ഞാൻ പറയേണ്ടതു് ബാലൻ?'

ആ സ്ത്രീ കൈമലത്തി. ഒന്നുമില്ലെങ്കിൽ അപവാദങ്ങളെങ്കിലും ഇല്ലാണ്ടാവില്ലേ? അവരാശ്വസിച്ചു. തറവാടിത്തം നന്നെന്ന് അവർക്കറിയാമായിരുന്നു. പക്ഷേ തറവാടിത്തത്തെക്കാഴം കാര്യലാഭമുള്ള സംഗതി സ്വത്തും ഉദ്യോഗമഹിമയും ആണെന്നും അവർക്കറിവുണ്ടായിരുന്നു.

ശ്രീദേവി മാത്രം മര്യാദയോർത്തു് അല്പം കരഞ്ഞു. അതിനപ്പുറമെന്തെങ്കിലും ചെയ്യാൻ അവളും തയ്യാറില്ലായിരുന്നു.

മിസ്റ്റർ ചന്ദ്രൻ പിറേറന്നു് മംഗലാപുരം വിട്ടു. റെയിൽവേയിലുള്ള ഉദ്യോഗവും അയാഴക്കു മടുത്തിരുന്നു.

## മൂന്നു്

# ബന്ധനം ആമകൾക്കും നടുവിൽ

വളരെക്കാലം കൂടിയിട്ടാണു് തറവാട്ടിൽ കാലെടുത്തുകുത്തുന്നതു്. ബാലനു് വീടിനെയോ വീട്ടിലുള്ളവരെയോ കുറിച്ചു് ഒന്നും പ്രതീക്ഷയില്ലായിരുന്നു. അത്രതന്നെ താല്പര്യവും. എങ്ങനെ താല്പര്യമുണ്ടാകാനാണു്?

മംഗലാപുരത്തെങ്കിലും തനിക്കു സ്വസ്ഥമായി കഴിയാമായിരുന്നു. അവിടെ, ഇവിടുത്തെ കുറെ തറവാട്ടമഹിമക്കാരുടെ ഔദാര്യമാണു് തന്നെ ഒരു കെണിയിൽ കൊണ്ടുചെന്നു ചാടിച്ചതു്. സഹതാപത്തിൻെറ കെണിയിൽ, അതിൽ താൻ കുടുങ്ങി. ഒടുവിൽ ഉലഞ്ഞു. എന്നാലും, ശ്രീദേവിയെങ്കിലും തൻെറടത്തോടെ നില്ക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. എന്തിനു്, ഇനി അതെല്ലാം ഓർമ്മിക്കുന്നു?

ബാലൻ പടികടന്നു വീട്ടിനുള്ളിൽക്കയറി. ആരും ഉള്ള മട്ടില്ല. ഒച്ചയും അനക്കവുമില്ല. മനുഷ്യജീവികൾ പാർക്കുന്നതിൻെറ യാതൊരു ലക്ഷണവുമില്ല.

വാതിലിന്നു് ഇടിച്ചു. ആരോ വരുന്നുവെന്നു തോന്നി. അകത്തു് ഓടാമ്പൽ നീങ്ങുന്ന ശബ്ദം കേട്ടു.

അമ്മയായിരുന്നു വന്നു വാതിൽ തുറന്നതു്. താൻ ഇറങ്ങിപ്പോകുമ്പോഴത്തേതിൽനിന്നും അമ്മ കുറെ മാറിയിരിക്കുന്നു. മുടിയിൽ നര കയറി. കണ്ണു കുറെ താണു. നെററിയിൽ അധികം ചുളികളും വീണിരിക്കുന്നു.

'എന്തേ നീയിപ്പൊ ഇങ്ങനെ?'

അപ്പോഴാണ് ബാലൻ ശ്രദ്ധിച്ചത്, തൻെറ പാൻറും ഉടുപ്പും സാമാന്യം മുഷിഞ്ഞുടഞ്ഞിട്ടുണ്ട്.

'മംഗലാപുരം മതിയാക്കി.'

'എന്നിട്ട് ഇങ്ങനെയാ വരവ്? നെൻെറ ഭാര്യ?'

അതിനു സമാധാനം പറഞ്ഞില്ല. അപ്പൊഴേയ്ക്ക് ഒച്ച കേട്ട് മുത്തശ്ശി വടിയും കുത്തിപ്പിടിച്ച് ബദ്ധപ്പെട്ടു നടന്നുവന്നു.

'അല്ല, നിയ്യ് വന്നോ ബാലാ?'

'വന്നേക്കണ് മുത്തശ്ശി, വന്നേക്കണ്.'

'ൻെറ കുട്ട്യേ, നിയ്യ് എങ്ങനെ മാറിപ്പോയിരിക്കണ്.'

മുത്തശ്ശി തഴുകി. പണ്ടത്തെപോലെതന്നെ. പണ്ടത്തെ ബാലൻതന്നെയാണെന്നമട്ടിൽ, വർഷങ്ങളുടെയും മാസങ്ങളുടെയും അന്തരത്തെ തീരഞ്ഞും കണക്കാക്കാൻ കൂട്ടാക്കാതെ.

പിന്നെ വർത്തമാനങ്ങളായി, വിശേഷങ്ങളായി. നെടുനാൾ പുറത്തുപോയി ഉദ്യോഗം ഭരിച്ചുവരുന്ന മകൻ എന്തെങ്കിലും കൊണ്ടുവന്നിട്ടില്ല എന്നതിൽ അവരിലിരുവർക്കും അല്പമെങ്കിലുമൊരു ആശാഭംഗം തോന്നിയ മട്ടു കണ്ടില്ല. ഒരുപക്ഷേ ബാലനെക്കുറിച്ച് എന്തെങ്കിലും പ്രതീക്ഷിക്കുന്നതു് അന്യായമാണ്, എന്നുതന്നെയായിരിക്കും അവരുടെ വിശ്വാസം.

'ഞാൻ മുത്തശ്ശിക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല മുത്തശ്ശി.'

'അതു നല്ല കൂത്ത്! നിയ്യിപ്പൊ എന്താ ബാലാ മുത്തശ്ശിയെക്കാണാൻ വരുമ്പൊ കാഴ്ച കൊണ്ടുവരാനോ?'

മുത്തശ്ശിക്കു പരിഭവമില്ലെന്നു കണ്ടപ്പോൾ നിരാശതോന്നി. ഇവരെയൊക്കെ തനിക്കുള്ള അമർഷമൊന്നു കാട്ടണം, അതിന്നായാണ് വന്നിരിക്കുന്നത്. അതിന് അവർ പരിഭവം പറയണം. എന്നാലല്ലേ, ലേശമൊന്നു പറയാൻ കഴിയൂ തനിക്ക്? പക്ഷേ എന്തു ചെയ്യാം, ആരും പരിഭവപ്പെട്ടില്ല.

മുത്തശ്ശിപോലും രണ്ടു ദിവസം കഴിഞ്ഞിട്ടാണ് കല്യാണക്കാര്യമെന്തായി എന്നു ചോദിച്ചത്. അമ്മ പറഞ്ഞിരിക്കണം,

ളുടനെ ഒന്നും ചോദിക്കരുതെന്നു്. എന്തെല്ലാമായാലും അമ്മയ്ക്കു റിയില്ല തൻെറ മുഖം കണ്ടാൽ.

പക്ഷേ പറഞ്ഞുവന്നപ്പോഴായിരുന്നു അറിഞ്ഞതു്, ബാല ൻെറ കത്തിൽനിന്നാണു് കൃഷ്ണൻനായരുടെകൂടെ താമസമായ കഥ തന്നെ ഇവിടെ, വീട്ടിൽ അറിയുന്നതു്!

അപ്പോഴം ഓരോന്നും വ്യക്തമായിത്തുടങ്ങി—

ശ്രീദേവിയെ തന്നെ ഏല്പിച്ചിട്ടു് ക്ഷേത്രത്തിൽപ്പോയതും, ഹോട്ടലിലിരുത്തിയിട്ടു കുക്കിലിയായുടെ ഷോപ്പിൽനിന്നു മരുന്നു വാങ്ങാൻ പോയതും, അപവാദംകേട്ടു പൊട്ടിക്കരഞ്ഞതും, ഒടുവിൽ തന്നെക്കാരം നിലയും പദവിയുമുള്ള ഒരാളെ കൈയിൽ കിട്ടിയപ്പോഴം കറിവേപ്പിലപോലെ തന്നെ ഉപേക്ഷിച്ചതും, എല്ലാം എല്ലാം.

മംഗലാപുരത്തു വച്ചുണ്ടായതിൽ എത്രയോ വലിയ ആഘാതമായിരുന്നു മുത്തശ്ശിയിൽനിന്നു വന്ന ആ അറിവു് മിസ്റ്റർ ബാലചന്ദ്രനിൽ ഏല്പിച്ചതു്. ജീവിതത്തിൽ ആദ്യമായി ജീവിതത്തിൻെറ ശരിയായ രൂപം കാണുകയായിരുന്നു താനെന്നു് അപ്പോഴം ബാലനു തോന്നി.

പിന്നെപ്പിന്നെ വീട്ടിലെ കഥകഠം ഓരോന്നായി കേട്ടു—

കുഞ്ഞുണ്ണിക്കുട്ടൻ രണ്ടു മൂന്നു വട്ടംകൂടി ബി. എ. പരീക്ഷ പാസ്സാവാൻ ശ്രമം നടത്തി. ഒടുവിൽ സുല്ലിട്ടു് സ്ഥലംവിട്ടു. കൊളമ്പിലേയ്ക്കു ചെല്ലാമെന്നു് ആദ്യമാലോചിച്ചെങ്കിലും പിന്നീടതു വേണ്ടെന്നുവച്ചു. അവിടെ പണികിട്ടാൻ സാദ്ധ്യതകഠം കുറവാണെന്നും പുറപ്പെടേണ്ട എന്നും കാണിച്ചു് അച്ഛൻ എഴുതിയിരുന്നത്രേ!

അപ്പൊ, അച്ഛൻെറ വിവരം.

അച്ഛൻ ഓണത്തിനു വരും, വിഷുവിനു വരും എന്നിങ്ങനെ പറയാൻ തുടങ്ങിയിട്ടു് കാലം ശ്ശി ആയി. ഇതുവരെ വന്നിട്ടില്ല. ബാലൻ പോകുന്നതിനു് ഒരു വഷം മുമ്പു് വന്നിരുന്നതാണു്. കത്തുകഠംമാത്രം മുറയ്ക്കു മുറയ്ക്കു വരുന്നുണ്ടു്. പണവും. കത്തും പണവുംമാത്രം മതിയായിരിക്കും ഇവിടുള്ളവക്കെന്നാവാം ഭാവം!

ദാമു പത്താംതരം പാസ്സായി വെറുതെ നില്പാണ്. അവനെ കാളേജിൽകൊണ്ടു ചേൎക്കാനും അന്വേഷിക്കാനുമെല്ലാം നാരായണൻകുട്ടി വരാമെന്നു പറഞ്ഞിരുന്നു, വന്നില്ല. സമയത്തിനു പാലക്കാട്ടോ മറേറാ പോയി അപേക്ഷാഫാറവുമൊന്നും വാങ്ങിക്കൊണ്ടുവരാൻ കഴിഞ്ഞില്ല. അപേക്ഷ കൊടുക്കാനും. അവൻ വീട്ടിലുള്ളവരോടു മുഴുവൻ കയൎത്ത് കലികൊണ്ടു കഴിയുകയാണ്. അധികസമയവും വായനശാലയിൽത്തന്നെയാണ്. ബാക്കിസമയം ഇവിടെ വരും, വല്ലതും കഴിക്കും, പിന്നെ മുഴുവൻ വായനയും എഴുത്തുമാണ്. അവൻ ചിത്രമെഴുത്തു നിൎത്തി, കവിതയെഴുത്തും കഥയെഴുത്തുമാണ്. ഒരു ഷാരോടിയുണ്ടത്രെ, മഹാകവിയുടെ അന്തേവാസി. അയ്യാളാണ് ഗുരു. അങ്ങനെ ദാമുവിൻെറ വിശേഷം.

'എവിടെ വിചാൻ?'

'ഇപ്പൊ വായനശാലേലാ. വരും, വരാറായി.'

'എന്തേ, നാരായണൻകുട്ട്യേട്ടൻ...'

നാരായണൻകുട്ടിയേട്ടൻ എന്തേ ഇങ്ങനെ ആയിരിക്കുന്നു എന്നായിരുന്നു ചോദ്യം.

'ആവോ, അവന് മുസ്ലീങ്ങൾക്കെതിരായി എന്തോ സംഘമൊണ്ടാക്കലാണു വേല. സ്കൂളിൽത്തന്നെ ആണ്ടുപിറപ്പിനും സംക്രമത്തിനുമേ പോകാറുള്ളു.' അതും അമ്മയാണു പറഞ്ഞതു്.

'ആരെന്തായാലും എൻെറ നാരായണനെന്തായാലും എനിക്കും ഈ വീടിനും ഉതകും എന്ന് എന്നുമെന്നും പറഞ്ഞിരുന്നു അമ്മ.'

അതു കേട്ടപ്പോൾ ക്രൂരമായ ഒരാനന്ദം തോന്നി. പിന്നാലെ അമ്മയുടെ കാര്യമോൎത്തപ്പോൾ ദുഃഖവും!

മനസ്സിനു് സ്വാസ്ഥ്യത തീരെ ഇല്ലായിരുന്നു. സൂര്യൻ ഉദിക്കുന്നു, അസ്തമിക്കുന്നു. താൻ വെറുതെ, വെറുതെ ഓരോന്നാലോചിച്ചും ഓൎത്തും മണിക്കൂറുകൾ തള്ളിനീക്കുന്നു. എന്തെല്ലാമായാലും ഈ അനിശ്ചിതാവസ്ഥ ഇങ്ങനെ തുടൎന്നുകൂടാ, ബാലൻ തീരു

മാനിച്ചു. സിലോണിലേയ്ക്കൊരു കത്തയച്ചു. മറുപടി കാത്തിരുന്നു മുഷിഞ്ഞു. പിന്നെയും കാത്തിരുന്നു. കൂടുതൽ മുഷിഞ്ഞു.

ഒടുവിൽ രണ്ടാഴ്ച കഴിഞ്ഞപ്പോഴേയ്ക്കും കത്തും പാസ്പോർട്ടുമൊന്നുമില്ലെങ്കിൽത്തന്നെയും അച്ഛൻെറ അടുത്തേയ്ക്കു പുറപ്പെടണമെന്നു ബാലൻ നിശ്ചയിച്ചു. കിടക്കവിട്ടെഴുന്നേല്ക്കാൻ വയ്യാത്ത മുത്തശ്ശിക്കുകൂടി ബാലൻ അങ്ങനെ യാത്രയാകുന്നതിൽ അല്പം സന്തോഷമുണ്ടായിരുന്നു. ഏററവും വലിയ ആഹ്ലാദം അമ്മയ്ക്കായിരുന്നു. മൂപ്പരുടെ വിവരങ്ങൾ അറിയാമല്ലോ! അച്ഛനും മകനും കൂടി അവിടെക്കഴിയുന്നെങ്കിലും തെററില്ല. അവർ വിചാരിച്ചു.

## 2

ഒരു തൻെറടത്തിനിറങ്ങിത്തിരിച്ചു, കുറെച്ചെന്നു് ഓരോരോയിടത്തും മുട്ടുമ്പോഴാണു് ബുദ്ധിമുട്ടുകൾ അറിയുന്നതു്.

സിലോണിലേയ്ക്കു കടക്കണമെങ്കിൽ പാസ്പോർട്ടു് വേണം, അതിനു വേറെ പലതും വേണം. ആരെക്കണ്ടിട്ടു സാധിക്കാനാണു കാര്യം?

മടങ്ങിപ്പോകാൻ എന്തായാലും ഒരുക്കമായിരുന്നില്ല. പക്ഷേ ആരെയെങ്കിലും കണ്ടു് ഒരു സർവൻറ് പാസെങ്കിലും കയ്യിലാക്കാൻ കഴിയുന്നില്ലെങ്കിൽ ധീരോദാത്തമഹിമയെല്ലാം പോക്കററിലിട്ടുകൊണ്ടു നേരെ ഷൊറണൂർക്കു മടങ്ങുകയല്ലാതെ ഗത്യന്തരമില്ല.

മണ്ഡപം ക്യാമ്പിലെ എമിഗ്രേഷൻ ആപ്പീസറോടു സംഗതികൾ തുറന്നു പറഞ്ഞു. അല്പം കാത്തിരിക്കാമെങ്കിൽ വല്ല നിവൃത്തിയുമുണ്ടാക്കാം എന്നു് അയാൾ ഏററു.

ഹൗ കാനൈ റെഫ്യൂസ് സച്ച് സ്മാർട്ട് യൂത്ത് എന്നു സായിപ്പു് തൻെറ അസിസ്റ്റൻഡിനും നില വിശദീകരിച്ചുകൊടുത്തു.

കാത്തിരിപ്പിനു ഫലമുണ്ടായി. ഏഴാം ദിവസം ഉച്ചയ്ക്ക് ഒരാംഗ്ലോ ഇൻഡ്യൻ മദ്ധ്യവയസ്കയെ എമിഗ്രേഷൻ ആപ്പീസർ മിസ്റ്റർ മാട്ടിൻ നായക്കു പരിചയപ്പെടുത്തിക്കൊടുത്തു. അവരുടെ കൈയിൽ ഒരു സർവൻ്റ് പാസുണ്ടായിരുന്നു. ആവശ്യപ്പെട്ട തരത്തിലുള്ള ഒരു സർവൻ്റിനെ കൊണ്ടുപോകാൻ തരപ്പെടാതെ അവർ കാണ്ടിയിലേയ്ക്കു മടങ്ങുകയായിരുന്നു. ഭർത്താവവിടെ ജോലിസ്ഥലത്താണ്.

മിസ്സിസ് ഫെൻ മിസ്റ്റർ നായരെ കൊണ്ടുപോകാമെന്നേറ്റു. ഒരു ഉടമ്പടം. അവക്ക് രണ്ടാമതൊരിക്കൽക്കൂടി വാക്സിനേഷൻ നടത്തിയേ മതിയാകൂ. ചിലപ്പോൾ റിയാക്ഷനുണ്ടായേക്കാം. രണ്ടു ദിവസം മണ്ഡപം ക്യാമ്പിൽ തങ്ങിയിട്ടേ പുറപ്പെടാൻ കഴിയൂ എന്നർത്ഥം. തരക്കേടില്ല. തൻ്റെ ഒപ്പംതന്നെ കഴിയാം.

ഒരു സ്ത്രീയുടെകൂടെ, അത്തരമൊരു സാഹചര്യത്തിൽ കഴിയാൻ ബാലനു മടിയുണ്ടാകേണ്ടതാണ്. പക്ഷെ അമ്പത്തഞ്ചുകാരിയായ ഒരു തള്ള, അവർ മേക്കപ്പിൽ കുറെക്കൂടുതൽ ശ്രദ്ധിക്കാറുണ്ടെങ്കിൽത്തന്നെ എന്താണ്, ബാലൻ ഒടുവിൽ സമ്മതിച്ചു.

പക്ഷെ കിടന്നിട്ട് ആയമ്മയ്ക്കുറക്കംവന്നില്ല. കടലിലെ ശീതക്കാറ്റ്. സിലോണിലെ സുഖങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ! അവർ എഴുന്നേറ്റ് ലൈറ്റിട്ടുനോക്കി. തൻ്റെ അടുത്ത കട്ടിലിൽ അക്കുട്ടി കിടന്നുറക്കമാണ്.

അവർ കിടന്നു. വീണ്ടുമെഴുന്നേറ്റു. കുറെനേരം കിടക്കയിൽ കുത്തിയിരുന്നു. മിസ്റ്റർ ഫെന്നിനെക്കുറിച്ചാലോചിച്ചു.

ഒരു ഞെട്ടലോടെയാണ് കണ്ണു തുറന്നത്.

‘എന്തു്?’

വായ പൊത്താനാണ്.

ബാലൻ ചാടിയെഴുന്നേറ്റു: ‘നിങ്ങൾക്കു നാണമില്ല, മിസ്സിസ് ഫെൻ?’ അയാൾ ഞൊടിക്കുള്ളിൽ തൻ്റെ ബാഗും തൂക്കിയെടുത്തുകൊണ്ടിറങ്ങി.

അവക്ക് ആ ചെറപ്പക്കാരൻെറ പ്രവൃത്തി തീരെ മനസ്സി ലായില്ല. പേടിച്ചതാകുമോ?

അനുനയം പറഞ്ഞു് പിന്നാലെ പോകണമെന്നു് അവക്കാ ഗ്രഹമുണ്ടായിരുന്നു. ഇരുട്ടിൽ, എവിടേയ്ക്കാണു പോയിരിക്കുന്നതു്, എങ്ങനെ അറിയും?

പിന്നീട്ട് തലൈമന്നാറിനപ്പുറംവച്ച് ആ ചെറപ്പക്കാര നെ കണ്ടപ്പോഠം അവക്കു തോന്നി, പാവം ശുദ്ധാത്മാവായ ഒരു വിഡ്ഢി! അന്നു കിടക്കുമ്പോഴും അതുതന്നെയായിരുന്നു അവരുടെ വിചാരം.

കൈയിൽ കിട്ടിയ പാസ്സ് ഉപേക്ഷിച്ചിട്ട്, വീണ്ടും മൂന്നു നാലു ദിവസംകൂടി മിസ്റ്റർ മാട്ടിൻെറ ആപ്പീസിന്നു കാവൽ നി ല്ക്കേണ്ടിവന്നു. പക്ഷേ ഒടുവിൽ നായക്ക് പാസ്സ് കിട്ടുകതന്നെ ചെയ്തു. മിസ്റ്റർ വിൻസെൻറിൻെറ പാസ്സ്. വിൻസെൻറിൻെറ വേലക്കാരൻെറ പാസ്സ്.

## 3

മണ്ഡപം ക്യാമ്പിൽനിന്നു തിരിച്ച് കൊളമ്പിൽ ചെന്നെ ത്തുന്നതുവരെ, യാത്ര ആനന്ദകരമായിരുന്നു. പുതിയ കാഴ്ചകളും, പുതിയ പുതിയ അനുഭവങ്ങളും തികച്ചും രസമായിരുന്നു.

സൗത്തിൻഡ്യൻ റെയിൽവെക്കാരുടെ വണ്ടി ധനുഷ്ക്കോടി പിയറിലേയ്ക്കു കടന്നപ്പോഠം താഴെക്കണ്ട കാഴ്ച അന്ധാളിപ്പിക്കുന്ന തായിരുന്നു. താഴെ അലയിളകിമറിയുന്ന കടൽ. അതിന്മേലേ പിയറിലൂടെയുള്ള യാത്ര. തീവണ്ടിയുടെ കടകടാ ശബ്ദവും.

അതു കഴിഞ്ഞു് തലൈമന്നാർ കടലിടുക്കിലെ കപ്പൽയാത്ര മംഗലാപുരത്തെ രണ്ടുരണ്ടരക്കൊല്ലക്കാലത്തെ താമസത്തിന്നിടയിൽ

രിക്കലെങ്കിലും ഒരു ബോട്ടിലോ കപ്പലിലോ കയറാൻ കഴി ഞ്ഞിട്ടില്ല. ആയുസ്സിൽ അഞ്ചോ ആറോ തവണയാണ് ആകെ തോണി കയറാൻതന്നെ കഴിഞ്ഞിട്ടുള്ളതു്! തികച്ചും പുതിയ രനുഭവമായിരുന്നു, നോക്കെത്താത്ത ജലപ്പരപ്പിലൂടെയുള്ള ഒരു ഉല്ലാസയാത്രയ്ക്കുള്ള എല്ലാം സുഖവും ചേൻ്ന യാത്ര. അതൊരനു ഭവംതന്നെ ആയിരുന്നു. ആ കാററം, ആ പരപ്പിൻെറ ദർശനവും! കടൽച്ചൊരുക്കിനെക്കുറിച്ചു കേട്ടിരുന്നെങ്കിലും അതുമാത്രം അനു ഭവപ്പെടുകയുണ്ടായില്ല.

കടൽ കടന്നുകഴിഞ്ഞപ്പോഠം ആദ്യത്തെ അത്ഭുതം ആ നെട്ട നെട്ടങ്കൻ തീവണ്ടിതന്നെയായിരുന്നു. ജി. ററി. യും ജനതയും മദിരാശിസ്റ്റേഷനിൽ കിടക്കുന്നതു കണ്ടിട്ടുണ്ടു്, നെട്ടനെട്ടങ്കൻ ഗ്രഡ്സും. അതിലൊക്കെ എത്രയോ വലുതായിരുന്നു അച്ഛൻെറ രാജ്യത്തെയുള്ള വണ്ടി. ബാലനു് താൻ വീണ്ടും ഒരു കുട്ടിയായി തീരുകയാണോ എന്നു തമാശയ്ക്കെങ്കിലും ആലോചിക്കാതിരി ക്കാൻ കഴിഞ്ഞില്ല.

ആ വണ്ടിയിൽ സൗകര്യമായി കിടന്നുറങ്ങാമായിരുന്നു. കുറെ നേരം സുഖമായി കിടന്നുറങ്ങി. കണ്ണു തുറന്നപ്പോഠം വണ്ടി ഒരു സ്റ്റേഷനിലാണു്. മൂടൽമഞ്ഞിന്നിടയിലൂടെ പ്രഭാതം കണ്ണുതുറന്നു വരുന്നു.

പോഠംഗാവലാ എന്നായിരുന്നു ആ സ്റ്റേഷൻെറ പേർ. വലിയ ഒരു ജങ്ഷൻ. കെട്ടും കിടക്കയുമായി ആളുകഠം അങ്ങോട്ടു മിങ്ങോട്ടും ധൃതിയിൽ നടന്നുപോകുന്നു. കാതുകളെ തുളഞ്ഞുകയ റുന്ന ശബ്ദത്തിൽ ഒരു വിളിയും കേട്ടു— ബ്രാൻഡി, ബ്രാൻഡി.

ഈ പച്ചവെളുപ്പാൻകാലത്തു ബ്രാൻഡി, ബാലനു വിചിത്ര മെന്നു തോന്നി.

അപ്പോഠംക്കാണുന്നു മിസ്സിസ് ഫെന്നിനെ. അവക്കു യാ തൊരു ലജ്ജയുമില്ല. ചായ കുടിക്കുന്നില്ലേ?" അവർ കുശലാ ന്വേഷണത്തിനും വരാനാണു ഭാവം!

അവരോടു സംസാരിക്കാൻ കൂട്ടാക്കിയില്ല.

അച്ഛൻെറ അടുത്തേയ്ക്കാണു പോകുന്നതു്, എന്തായാലും ബ്രാൻഡി കുടിക്കുന്നില്ല എന്നുവെച്ചു. അപ്പോഴായിരുന്നു മി. വിൻസെൻറിന്റെ വരവു്: 'ഇതു ബ്രാൻഡിയല്ല മിസ്റ്റർ നായർ, ബ്ലാക്ക് ടീയാണു്. കാലിച്ചായ'. തമാശ തോന്നി.

പിന്നീടും നാട്ടിലേതിൽനിന്നു വളരെ വ്യത്യസ്തമല്ലാത്ത കാഴ്ചകൾ ഓരോന്നു നോക്കിക്കൊണ്ടിരുന്നു, തെങ്ങിൻതോപ്പുകളും മററു മരങ്ങളും കുന്നുകളും. ഒരു പത്രം വാങ്ങി കുറെ വായിച്ചു ചെല്ലുമ്പോഴാണു് താൻ തലേന്നറിഞ്ഞ വാർത്തകൾ തന്നെയുള്ളു. പത്രക്കാരൻ പററിച്ചല്ലോ എന്നു വിചാരിച്ചു. അപ്പോഴാണു് സൂക്ഷിച്ചുനോക്കുന്നതു്; ഡാക്ക് എഡിഷനാണു്.

നാലുമണി ആയപ്പോഴേയ്ക്കു് കാണ്ടി സ്റ്റേഷനിലെത്തി. അവിടെവച്ചു് മിസ്റ്റർ വിൻസെൻറ് യാത്രപറഞ്ഞു. ആ നല്ല മനുഷ്യനു് നന്ദിയും. പോർട്ടറോടു് സിൽവർ മിസ്റ്റ് എസ്റ്റേററനു് ഗൗരവത്തിൽപ്പറഞ്ഞു നടന്നു. അവൻ, വഴികാട്ടേണ്ടവൻ, വഴി അറിയാവുന്നവൻ പുറകേ ആയിരുന്നെങ്കിലും യാതൊരു കുസലുമില്ലായിരുന്നു. അവിടുത്തെ കാഴ്ചകൾ കോരിക്കുടിക്കാൻ കൊതിയുണ്ടായിരുന്നു.

## 4

സിൽവാ സ്റ്റോഴ്സിൻെറ മുന്നിൽച്ചെന്നപ്പോൾ പോർട്ടർ നിന്നു.

'ഇതാണു സേർ, നായരുടെ കട.'

'അപ്പുണ്ണി!'

അപ്പുണ്ണി വ്യാപാരത്തിൻെറ തിരക്കിലായിരുന്നു. തല യുയർത്തിനോക്കി. ആളെക്കണ്ടപ്പോൾ അപ്പുണ്ണിക്കു് അത്ഭുതമായി.

'ഇതാര്, ബാലൻകമ്മാളോ?'

കടയുടെ മുമ്പിൽ നിന്നവർ ആരിതു് എന്ന ഭാവത്തിൽ പരസ്പരം നോക്കി.

'കമ്മള് അച്ഛൻ് എഴുതീന്നില്ലെ?'

'ഇല്ലല്ലോ അപ്പുണ്ണി.'

'അച്ഛൻ കൊളമ്പിലു്ക്കു പോയിരിക്ക്യാ. വൈകും വരാൻ.'

'അപ്പൊ എന്താ ചെയ്യ?'

'കമ്മള് വീട്ടിലേയ്ക്കു പൊയ്ക്കോളൂ.'

'അവിടെ ആരുണ്ടപ്പുണ്ണീ!'

'എല്ലാരുമുണ്ടു്.'

'അതെന്തപ്പുണ്ണീ! അച്ഛന്റെ കപാട്ടേഴ്സിൽ അച്ഛനെ കൂടാതെ...'

'അറിയില്ലേ?'

'എന്താ അപ്പുണ്ണി പറയൂ.'

'ചെറിയമ്മ.'

'ചെറിയമ്മയോ!'

'അതെ കമ്മാള, കാണാൻ ശേലൊള്ള കൊച്ചുചെറ്യമ്മ.'

'എന്തെടാ പറയുന്നതു്?'

അപ്പുണ്ണി പരിഭ്രമിച്ചു. പീടികയിൽ സാമാനം വാങ്ങാൻ വന്നവർ തിരക്കിട്ടു.

'എന്താ കമ്മളേ, അപ്പുണ്ണിയോടു ദേഷ്യപ്പെടുന്നു?'

'ദേഷ്യപ്പെട്ടില്ലപ്പുണ്ണി.'

'എന്നാ കമ്മള് അങ്ങട്ടു പൊയ്ക്കോളിൻ. അപ്പുണ്ണി ഇത്ര ആളെ ഒന്നൊഴിവാക്കിയിട്ടു പിന്നാലെ വന്നേക്കാം.'

'അതു വേണ്ട.'

'പിന്നെ?'

'ഞാനെങ്ങും പോണില്ല.'

'അതെങ്ങനെ കമ്മളേ!'

'നിയ്യ് സാമാനമെടുത്തുകൊടുക്കു്.'

അപ്പുണ്ണി ഏതാനും നിമിഷത്തേയ്ക്കു പണിയിൽ വ്യാപൃതനായിരുന്നു. ബാലചന്ദ്രൻ പീടികക്കോലായിൽത്തന്നെ നിന്നു. അയാൾ ആലോചിക്കുകയായിരുന്നു.

'അപ്പുണ്ണി എവിടാ താമസം?'

പിന്നീട് അച്ഛന്റെ ശമ്പളക്കാരനോടുള്ള ചോദ്യം അതായിരുന്നു.

'ഇവിടെ. ഇതിന്റെ പിന്നാംപുറത്തെ ചായ്പിൽ.'

'എന്നാലീ ബാഗെടുത്തവിടേയ്ക്കു വച്ചേക്കു അപ്പുണ്ണി.'

അപ്പുണ്ണി ബാലന്റെ ബാഗ് എടുത്തുകൊണ്ടുപോയി.

അങ്ങനെ അന്നത്തേയ്ക്ക് അപ്പുണ്ണിയുടെ മുറിയിൽ കഴിഞ്ഞുകൂടാൻ തീരുമാനിച്ചു.

തലയ്ക്ക് കനത്ത ഒരടിയേററപോലെ ഉണ്ടായിരുന്നു. യാത്രയുടെ ക്ഷീണംകൊണ്ടോ, മറെറന്തെങ്കിലുംകൊണ്ടോ, ആവോ.

സന്ധ്യ മയങ്ങിക്കഴിഞ്ഞപ്പോൾ അപ്പുണ്ണി ഉണ്ണാൻ വിളിച്ചു.

'ഇതെവിടുന്നാണ്?'

'ഹോട്ടലീന്ന്.'

'അടുത്തു ഹോട്ടലുകളുണ്ടോ?'

'ഉണ്ടല്ലോ, ഇഷ്ടംപോലെ. ലക്ഷ്മീവിലാസം, തഞ്ചാവൂരുകാരൻ ഒരു പട്ടരുടെ, പിന്നെ തലശ്ശേരിക്കാരൻ ആലിയുടെ. ഒരു സിംഹളഹോട്ടലും ഇവിടെ അടുത്തുതന്നെ ഉണ്ട്. അപ്പാമിയുടെ ഹോട്ടൽ.'

'അതിൽ, ഈ ഊണെവിടെനിന്നാണ്?'

'ആലീടവിടന്ന്.'

സത്യത്തിൽ അപ്പോഴും, അതിൽപ്പിന്നീടും അപ്പുണ്ണിയുടെ സ്ഥലപുരാണങ്ങളിലൊന്നും ഒരു താല്പര്യവുമില്ലായിരുന്നു. ഒരേയൊരു വിഷയം ആലോചനയിൽ—

മൂപ്പരെന്നാണു വരുന്നതെന്നു നോക്കി നോക്കിയിരിക്കുന്നു ഒരു പാവം സ്ത്രീ. അമ്മ.

എപ്പോഴാണ് മടങ്ങേണ്ടതെന്ന ആലോചനയും ആരംഭി ച്ചിരുന്നു.

അച്ഛനെ നേരിടുന്നതെങ്ങനെയെന്നും.

ജീവിതത്തിൽ അറിഞ്ഞിട്ടുള്ളതിലേററവും വലിയ വിവര മായിരുന്നു.

# 5

പുലരും മുമ്പുതന്നെ അച്ഛൻ അപ്പുണ്ണിയുടെ ചായ്പിലേക്കു് അന്വേഷിച്ചെത്തി.

'നിയ്യെന്താ ബാലാ, ഇങ്ങനെ നേരത്ത ഒന്നെഴുതുകകൂടി ചെ യ്യാതെ ചാടിപ്പുറപ്പെട്ടു്...'

'ചെറിയേമ്മയെയും മററം ഒന്നു കാണാമല്ലോന്നു നിരീച്ചിട്ടു്.'

'എന്നിട്ടു് കണ്ടു മതിയായോ?'

ബാലൻ അമർഷം കടിച്ചമർത്തി. പരമാവധി ആത്മനിയ ന്ത്രണമുണ്ടായിട്ടും താനെന്തെങ്കിലും ചീത്തത്തം പറഞ്ഞുപോകുമോ എന്നയാൾക്കു ഭയമുണ്ടായിരുന്നു.

സായിപ്പന്മാരുടെയും സിംഹളന്മാരുടെയും സ്ഥിരം പതിവു കാരി ആയിരുന്ന ഒരു സിംഹളത്തിയെ, തറവാട്ടിൽപ്പിറന്ന, ശു ദ്ധാത്മാവായ, ഒരു സ്ത്രീയുടെ സ്ഥാനത്തു്, വയസ്സുകാലത്തു് പി ടിച്ചുവച്ചിരിക്കുന്നു. തല നരച്ച വയസ്സുകാലത്തു്!

അച്ഛനോ മകനോ ഒന്നും പറഞ്ഞില്ല, കുറെ നേരത്തേക്കു്. അപ്പുണ്ണിമാത്രം അവരുടെയിടയിൽ ഒരു സാധാരണ മനുഷ്യജീവി യുടെ മട്ടിൽ നിന്നു ശ്വാസം കഴിക്കുന്നുണ്ടായിരുന്നു.

ഒടുവിൽ അച്ഛൻതന്നെ നിശ്ശബ്ദത ഭഞ്ജിച്ചു:

'എന്താണു് നിൻെറ പ്ലാൻ?'

താൻ മിണ്ടാൻ കൂട്ടാക്കിയില്ല.

'എന്റെ കുട്ടീ, പറയൂ. നിനക്കെന്നെ കൊല്ലണമെങ്കിൽ കൊന്നോളൂ! പക്ഷേ ഇങ്ങനെ...'

അപ്പോഴാം മനസ്സ് ചെറുതായെങ്കിലും ഒന്നു പിടഞ്ഞു.

അച്ഛനാണ്.

ഒരിക്കൽ തന്റെ ഹീറോയും ആയിരുന്നു.

'ഞാനായിട്ടെന്തിനു് ആരുടെങ്കിലും അസ്വസ്ഥത വരുത്തിത്തീർക്കണം. ഞാൻ മടങ്ങിപ്പോകുന്നു.'

'നീ എങ്ങനേ വന്നതു്?'

'സെർവൻറ് പാസിൽ.'

'മടങ്ങിപ്പോകാൻമാത്രമാണു വന്നതു്?'

'അല്ല. വല്ലതും ഒരു പണി ഇവിടെങ്ങാൻ കിട്ടുമോ എന്നു നോക്കാനാണു വന്നതു്. പക്ഷേ ഇപ്പോഴാം ഇവിടെ കിട്ടുന്ന പണിയൊന്നും വേണ്ട എന്നു തോന്നുന്നു.'

'അപ്പുണ്ണീ!'

അതൊരലർച്ചയായിരുന്നു. അപ്പുണ്ണി ഇടയിൽ നിൽപുണ്ടായിരുന്നു എന്ന കാര്യം അപ്പോഴാണു ശ്രദ്ധിച്ചതു്. അപ്പുണ്ണിയെ വിളിച്ചതു് ബാലനായിരുന്നുതാനും.

'നെണക്കെന്തെടാ ഇവടെ കാര്യം?'

'നിയ്യിപ്പൊ അപ്പുണ്ണ്യോടു കയക്കണ്ട. അവനെ എന്തിനു പറയുന്നു?'

'നമുക്ക് പുറത്തേയ്ക്കു നടക്കാം.'

അതും ബാലന്റെതന്നെ നിർദ്ദേശമായിരുന്നു. അനുസരണയുള്ള ഒരു ശിശുവിനെപ്പോലെ, പേടികൊണ്ടു് രക്ഷിതാവിന്റെ കൈവിരലിൽത്തൂങ്ങി അറച്ചറച്ച് ചുവടു് അളന്നു നീങ്ങുന്ന ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ, ആ അച്ഛൻ നടന്നു. മകന്റെ പിന്നാലെ, ബാലന്റെ പിന്നാലെ. ക്ഷോഭം കുറച്ചൊന്നു് അടങ്ങിയമട്ടുണ്ടു്.

‘ഞാനെന്തു വേണംന്നാണ് പറയുന്നത്?’

‘നമുക്ക് ഇവിടെങ്ങാനും അല്പം ഇരിക്കാം. എനിക്കു നടക്കാൻ വയ്യ.’

‘എവിടെ ഇരിക്കാൻ?’

‘ഇവിടെ ഈ മരച്ചുവട്ടിൽ.’

അച്ഛൻ അവിടെ ഇരുന്നു. മകനെയും അടുത്തു ചെന്നിരിക്കാൻ നിർബന്ധിച്ചു.

‘ഞാനിവിടെ നിന്നോളാം.’

അങ്ങനെ അവർ സംഭാഷണമാരംഭിച്ചു.

‘നീയ്യ് എന്റെ മകനാണ്. പക്ഷേ ഇന്നു നീ ഒരു മുതിന്ന ചെറുപ്പക്കാരനാണ്. ഞാൻ പറഞ്ഞാൽ നിനക്കു മനസ്സിലാകും.

‘നിൻെറ അമ്മയ്ക്ക്, നിനക്കറിയില്ല, അവളുടെ പതിന്നാലാമത്തെ വയസ്സിലാണ് ചന്ദ്രത്തെ ശിവശങ്കരൻ പുടവ കൊടുത്തതു്. അന്നു് ആ ചെക്കന് പതിനെട്ടു വയസ്സു തികഞ്ഞിട്ടില്ല.

‘അമ്മാമടെ മകളെക്കല്യാണം കഴിക്കണംന്നു് അമ്മാമ. അതല്ല, തെക്കേടത്തെ മീനുവിനെയേ കല്യാണം കഴിക്കു എന്നു് അനന്തിരവൻ. എന്നിട്ടൊടുവിൽ, മീനുവിനെ കല്യാണംകഴിക്കാൻവേണ്ടി മാത്രം തറവാട്ടുസ്വത്തിന്മേലുള്ള എല്ലാ അവകാശവും ഉപേക്ഷിച്ചിട്ടാണ് ഈ ശിവശങ്കരൻ അന്നതു ചെയ്തതു്.

‘മുപ്പത്താറു വർഷം മുമ്പത്തെ കാര്യമാണ്. അന്നുതൊട്ടു്, നിൻെറ അമ്മയ്ക്കുവേണ്ടി, അവൾക്കും അവളിൽ തനിക്കു പിറന്ന കുട്ടികൾക്കുംവേണ്ടി കഷ്ടപ്പെടുകയായിരുന്നു.

‘ഏഴുറുപ്പിക ശമ്പളത്തിൽ തപാൽമാഷായി ജോലിനോക്കി. പിന്നെ, ഈ സ്കൂളിലെ മാഷായിട്ട് ഗുരുവായൂരും കൊണ്ടോട്ടിയിലും മലമ്പനിയുടെ കൂട്ടിൽ, വയനാട്ടിലും ഉദ്യോഗം നോക്കി. എന്നിട്ടു്, എല്ലാം കഴിഞ്ഞിട്ടാണ് ഒന്നുകൊണ്ടും ജീവിക്കാൻ മതിയാകാതെ കന്യാകുമാരിയിൽവന്ന് മഞ്ചി കയറി സിലോണിൽക്കടന്നതു്.

'നീയ്യ് കേറംക്കുന്നുണ്ടോ ബാലാ?'

ബാലൻ മൂളി: 'ഉവ്വ്, എല്ലാം കേറംക്കുന്നുണ്ട്.'

അച്ഛൻ തുടന്നു:

'എന്നാൽ ദൈവത്തെ സാക്ഷി നിർത്തിപ്പറയുന്നെൻെറ മോനേ, നിൻെറ അച്ഛൻ ഇക്കാലമത്രയും നിങ്ങളെയും നിങ്ങളുടെ അമ്മയെയുംകുറിച്ചുല്ലാതെ മററൊരു വിചാരംകൂടി ഇല്ലായിരുന്നു.

'ഫോരത്തിലുപ്പുള്ള ചെറുപ്രായത്തിൽ ഭാര്യയിൽനിന്നു വേറിട്ട് മാസങ്ങളും വഷങ്ങളുംതന്നെ കഴിച്ചുകൂട്ടി. യാതൊരു സുഖങ്ങളും കൂടാതെ, പെൺവഗ്ഗത്തിൽപ്പിറന്ന ഒരു ജീവിയെ നോക്കാതെ, കാണാതെ.

'വഷം കുറെച്ചെന്നിട്ടായിരുന്നു നിൻെറ അമ്മ ഇവിടേയ്ക്കു വന്നതു്. പക്ഷേ രണ്ടുകൊല്ലം കഴിയുംമുമ്പു് അവളങ്ങു പോകുകയും ചെയ്തു.

'എന്തിനായിരുന്നു ബാലാ അതു്? നിനക്കറിയില്ലായിരിക്കാം. മക്കളുടെ പഠിപ്പ് നടക്കണമെങ്കിൽ നാട്ടിൽപ്പോയാലേ മതിയാകൂ എന്നുള്ളതുകൊണ്ട്.

'എന്നിട്ടും ഞാനിവിടെ പണിയെടുത്തു കൂടി. നിങ്ങറംക്കൊക്കെ പഠിപ്പിനുവേണ്ട പണമുണ്ടാക്കാൻ. എത്രനാറം? ഒന്നും രണ്ടുമല്ല, പതിനൊന്നു വഷങ്ങറം!'

മകൻ ശ്രദ്ധിക്കുന്നുണ്ടോ എന്നു് അച്ഛനു സംശയമുണ്ടായി. മകൻ ഓരോ വാക്കും, പക്ഷേ വളരെ ശ്രദ്ധിച്ചിരുന്നു.

'എന്നിട്ടും ഈ പടുകാലത്തെന്തുണ്ടായി വന്നു? പഴി. കുററം. ഈ അമ്പത്തിരണ്ടാം വയസ്സിൽ ജനിപ്പിച്ച കുട്ടിയുടെ മുമ്പിൽ കള്ളപ്പുള്ളികളെപ്പോലെ പരുങ്ങി നില്ക്കേണ്ടിവന്നിരിക്കുന്നു.

'ഒന്നും ആരുടെയും കുററമല്ല കുഞ്ഞേ. ഇതൊന്നും ആരുടെയും കുററമല്ല.'

പിന്നീടദ്ദേഹം കുറെ നേരത്തേയ്ക്കു മകൻെറ മുഖത്തേയ്ക്കുതന്നെ നോക്കിയിരുന്നു. മകൻെറ മുഖത്തു് ആദ്യംകണ്ട ഗൗരവമായിരുന്നില്ല. പകരം വേറെ ഏതോ ചില ഭാവങ്ങറം.

ബാലൻ അസ്വസ്ഥനാണ്, അച്ഛന്നു മനസ്സിലായി.

'നിന്റെ മുമ്പിൽ ഞാൻ വിശേഷിച്ചും തെററുകാരനാണ്. നിന്റെ പഠിപ്പ് ഞാൻ കാരണമായിട്ടാണ് അവസാനിച്ചതു്.'

'അല്ലല്ലോ, പഠിപ്പ വേണ്ടെന്ന ഞാനല്ലേ, അതിൽ അച്ഛനെന്തു പഴി?'

അവിടെ മകന്റെ വിശ്ശബ്ദത ഭഞ്ജിക്കാതിരിക്കാൻ കഴിഞ്ഞില്ല. പക്ഷെ അതു കൂട്ടാക്കാതെ അച്ഛൻ തുടന്നു:

'ഞാൻതന്നെയാണ് ബാലനെയച്ചുകൊടുക്കാൻ എന്റെ കൈയിൽ പണമില്ല എന്നെഴുതിയതു്. പക്ഷെ എന്തിന്നു നാണിക്കണം? നെഞ്ഞത്തു കൈവച്ചുകൊണ്ടു ഞാൻ പറയാം ബാലാ, നിന്നോടൊരു വൈരാഗ്യം വച്ചുകൊണ്ടല്ല ഞാനങ്ങനെ നിശ്ചയിച്ചതു്.'

'പിന്നെ?' മകന്നും താല്പര്യമുണ്ടായി.

'ഇവിടെ ഒരു സിംഹളത്തി, അവളുടെ പ്രായംചെന്ന അച്ഛനും. അവിടെ മദിരാശിയിലൊരാൾ, തൃശ്ശിവപേരൂരൊരാൾ, കുടുംബത്തു് മററുള്ളോരും. ഏതെങ്കിലുമൊക്കെ ചെലവുകൾ വേണ്ടെന്നുവയ്ക്കേണ്ടിയിരുന്നു. കൂട്ടത്തിൽ ഏററവും ധാരാളിയായ മകനെ കൈയൊഴിയാമെന്നുവച്ചു.'

മകൻ ശ്രദ്ധിക്കയായിരുന്നു. അയാളുടെ ദൃഷ്ടിമാത്രം അങ്ങകലെ ഒഴുകിനടക്കുന്ന മേഘങ്ങളിലും, അവയുടെ നടുവിൽനിന്നു് തെളിപിരികൊള്ളുന്ന മങ്ങിയ സൂര്യബിംബത്തിലും, അതിനെച്ചുഴന്നു് ആകാശത്തിന്റെ ഉച്ചിയിൽ നില്ക്കുന്ന പ്രകാശപരിവേഷത്തിലും, റോട്ടിലൂടെപ്പോകുന്ന ബുദ്ധസന്യാസിമാരിലും മാറിടം തെറിപ്പിച്ചു കലുങ്ങിക്കുണുങ്ങി നടന്നുപോകുന്ന സിംഹളീസ് പെൺകിടാങ്ങളിലും മാറി മാറി, ഒന്നിലും ഉറയ്ക്കാതെ, എല്ലാം കാൺകെത്തന്നെ ഒന്നും കാണാതെ പതറി നടന്നിരുന്നു. അയാൾ അച്ഛൻ പറഞ്ഞ ഓരോ വാക്കും ശ്രദ്ധിക്കുകയായിരുന്നു. അതിലെ ഓരോ വാക്കും, ഓരോ വാക്കിന്റെയും അത്ഥവും സ്വരവും. വളരെ നേരത്തെ മൗനത്തിനുശേഷം, ബാലൻ ചോദിച്ചു:

'ഞാൻ എന്തു വേണമെന്നാണ് അച്ഛന്റെ നിർദ്ദേശം?'

'ഒന്നേ എനിക്കു പറയാനുള്ളൂ. നിന്റെ അമ്മ, പാവം ഇതറിഞ്ഞാൽ അന്നുതന്നെ തൂങ്ങിമരിക്കും.'

'അതുകൊണ്ട്?'

'നീയ്യിതു് അവളെ അറിയിക്കാൻ...'

'ഏതു്?'

'ഞാനിവിടെ ബന്ധങ്ങളും കുടുംബവുമായി...'

'അതുപോലെതന്നെ, വന്നവഴി നീ മടങ്ങുകയാണെങ്കിൽ അതും അവൾക്കൊരു ശങ്കയ്ക്കും ബുദ്ധിമുട്ടിനും കാരണമാകും.'

'അതുകൊണ്ട്?'

'അതുകൊണ്ട്, ഏതായാലും ഇത്രത്തോളം വന്നു. എന്റെ കൂടെ കുറെക്കാലം...'

'എന്നു വച്ചാൽ?'

'കുറെകാലത്തേക്കു് എന്റെകൂടെ താമസിക്കുക.'

'അച്ഛന്റെ കുടുംബത്തേയ്ക്കെന്തായാലും ഞാനില്ല.'

'പിന്നെ?'

'പിന്നെന്താണ വേണ്ടതെന്നു് ഞാനാലോചിക്കയാണ്. എന്തായാലും ഒന്നുപറഞ്ഞേക്കാം. ബാലനെക്കരുതി ആരും ദുഃഖിക്കേണ്ട. അതും അച്ഛൻ ഒട്ടും ദുഃഖിക്കേണ്ട.'

വളരെ ഉറച്ച, വളരെ കനം തിങ്ങിയ വാക്കുകളിലായിരുന്നു ആ പ്രഖ്യാപനം. പക്ഷേ, കേട്ടയാൾക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മിഴിച്ചുതേയുള്ളു.

ബാലൻ നിവർന്നുനിന്നു. എത്രനേരമെന്നുവച്ചാണ കുനിന്നില്ക്കുക?

# 6

പിറേറന്നത്തേയ്ക്കു ബാലചന്ദ്രന്റെ പരിപാടി രൂപപ്പെട്ടിരുന്നു. രണ്ടോ മൂന്നോ മാസം സിലോണിൽക്കഴിയുന്നു, പിന്നീട്ട് വന്നപാട്ട് പോകുന്നു.

വല്ലതും ഒരു പണി കിട്ടിക്കൂടെന്നില്ല. വേണ്ട. അച്ഛന് ഒരു മാറാത്തലവേദനയാകണം. അതു വേണ്ട. തന്നെയല്ല, ഇവിടെയാകുമ്പോൾ, പലരുമായും മമതയും സ്നേഹവും ഭാവിക്കണം. അതു വയ്യ.

ആഹാരപ്രശ്നം എങ്ങനെ കഴിയും? അതിന്ന് അച്ഛനെത്തന്നെ ആശ്രയിക്കയല്ലാതെ വഴിയില്ല. അധികമൊന്നും ചെലവാക്കുന്നില്ല. പക്ഷേ ജീവൻ കിടക്കാൻ വല്ലതും ഭക്ഷിക്കണം. അതെ, അതു പീടികയിൽനിന്നു വാങ്ങുക. അല്ലാതെ വഴിയില്ല. താമസമോ? അതിന്നു ഔദാര്യനിധിയായ അപ്പുണ്ണിയുടെ ചായ്പില്ലേ? മനുഷ്യർ ജയിലറകൾക്കുള്ളിലും സമയം കഴിക്കുന്നുണ്ട്. രണ്ടുമാസം തനിക്കും ഇങ്ങനെ ആവാം.

രാവിലെ അപ്പുണ്ണിയുടെ പണപ്പെട്ടിയിൽനിന്ന് ഒന്നോ രണ്ടോ ഉറുപ്പിക എടുത്തുകൊണ്ടിറങ്ങുക. അധികം വേണ്ട. എസ്റ്റേററ ജോലിക്കു പുറമേ, ഒരു പീടികക്കച്ചവടംകൂടി നടത്തിക്കളയാമെന്നു മൂപ്പർ തീരുമാനിച്ചതു് പണത്തിന്റെ ഞെരുക്കംകൊണ്ടാവും. കൂടുതലൊന്നും ആരെയും ബുദ്ധിമുട്ടിക്കേണ്ട.

അതെ, അപ്പോൾ ഒന്നോ രണ്ടോ ഉറുപ്പിക. അതുമെടുത്തുകൊണ്ട് ഇറങ്ങുക. എവിടെയെങ്കിലും ആളൊഴിഞ്ഞ സ്ഥാനങ്ങളിൽ പോയിരിക്കുക, കുറെയെങ്ങാൻ ചുററിനടക്കുക. വിശന്നാൽ വല്ലേടത്തുനിന്നും ആഹാരം കഴിക്കുക. ഹോട്ടലുകളുണ്ടല്ലോ. വൈകുമ്പോഴേയ്ക്കു് മടങ്ങണം, അപ്പുണ്ണിയുടെതന്നെ മാളത്തിൽ കിടന്നുറങ്ങാം.

അങ്ങനെ ഒരു പരിപാടി തയ്യാറാക്കി. പിറേറന്നുതൊട്ട് നടപ്പിൽ വരുത്താൻവേണ്ടി ആയിരുന്നു.

അപ്പുണ്ണിയോട്ട് അത്യാവശ്യം വിവരങ്ങൾ ചോദിച്ചറിഞ്ഞു വെയ്ക്കുകയും ചെയ്തു.

അതിന്റെ പിറേറന്നു രാവിലെ ബാലൻ സിൽവാസ്റ്റോറിന്റെ പിൻപുറത്തുള്ള ഇടുങ്ങിയ മുറിവിട്ടു പുറത്തുകടന്നു.

യാതൊരു വ്യക്തമായ ലക്ഷ്യവുമില്ലായിരുന്നു. തോന്നിയ വഴിക്ക് തികച്ചും അലക്ഷ്യമായി നടന്നു. തണലിനു് ഗുൽമൊഹർ മരങ്ങളുണ്ട്. മഴ പെയ്താലോ? അപ്പോഴും ഏതെങ്കിലും ഉണ്ടാകും.

ലെവൽറോഡ്് അധികമില്ല. കയററങ്ങളും ഇറക്കങ്ങളുമാണ്. കാലുകൾ കുഴയുംവരെ നടന്നു. നില്ക്കാതെ നടന്നു.

നടന്നെത്തിയതു് ഒരു ബുദ്ധവിഹാരത്തിലാണ്. അപ്പുണ്ണി പറഞ്ഞിരുന്ന ടൂത്ത്ടെംപിൾ ഇതാവും, മനസ്സിൽ വിചാരിച്ചു. മുന്നിൽക്കണ്ട ഒരാളോടു തിരക്കി: 'ടൂത്ത് ടെമ്പിൾ.'

'നോനോ. ദിസിസ് നോ ടൂത്ത്ടെമ്പിൾ. ദാററീസ് സ്റ്റിൽ ഫർദർ'

അപ്പോൾ ഇക്കണ്ടതു് അതല്ല. ഇവിടെത്തന്നെ ആദ്യമൊന്നു കയറി നോക്കിയാലോ?

അങ്ങനെ കയറി. അകത്തു്, ബുദ്ധന്റെ അടുത്തു് ഉഷ്ണം അനുഭവപ്പെട്ടാൽ വീശാൻ വിശറികളുമായി സന്യാസികളും സന്യാസിനികളും മുട്ടുകുത്തിനില്ക്കുന്നു. പോകട്ടെ, വെട്ടിക്കാട്ടിരി ക്ഷേത്രംപോലല്ലല്ലോ. അവിടെ ആണ്ടിൽ ഒരു ദിവസമേ മനുഷ്യജീവികളെ കാണാൻ കഴിയൂ.

ടൂത്ത്ടെമ്പിളിന്റെ കാര്യത്തിൽ നേരത്തെതന്നെ കാര്യമായ ഒരു കൗതുകം തോന്നിയിരുന്നു. ബുദ്ധന്റെ ഒരു പല്ല് ഇവിടെയല്ലേ സൂക്ഷിച്ചുവെച്ചിരിക്കുന്നതു്. ഒന്നു കാണണം, അവിടംവരെ ഒന്നു നടക്കുകതന്നെ. അങ്ങനെ കുറെക്കൂടി നടന്നു ചെന്നപ്പോൾ ടൂത്ത്ടെമ്പിളായി. പല്ലുക്ഷേത്രം!

പല്ലു കാണാനായിരുന്നു താല്പര്യമെങ്കിലും കൂടുതൽ ഇഷ്ടപ്പെട്ടതു് ആ അന്തരീക്ഷമാണ്. പഗോഡ, അതിനുമുമ്പിൽ വിശാല

വിസ്തൃതമായ ഒരു കായൽ, കായലിന്നക്കരെ അത്യുന്നതങ്ങളായ ഗിരിശിഖങ്ങളും. കായലിൻെറ പങ്കചേൻ്ന് റോഡ്, റോഡിന്നപ്പുറത്തായി ഹോട്ടലുകളും പീടികകളും. അപ്പോറം ഇതാണ്, അപ്പുണ്ണിയും പിന്നീട് അച്ഛനും എടുത്തു പറഞ്ഞ ക്വീൻസ് ഹോട്ടൽ. കൊള്ളാം, ഭഗവാൻ ബുദ്ധൻെറ മുമ്പിൽത്തന്നെ വേണം വ്യഭിചാരത്തിന് ഏററവും സൗകര്യമായ ഹോട്ടൽ സ്ഥാപിച്ചിരിക്കുക.

ഒന്നുകൂടി നോക്കുമ്പോറം, കായലിൻെറ വക്കിന് സ്റ്റേഡിയങ്ങളിലെമാതിരി ഇരിപ്പടസൗകര്യമുണ്ട്. ഈ ഏപ്പ്റാട് കൊള്ളാം, ഇതു് ഒന്നാന്തരമൊരു താവളമാക്കാൻ പററുന്നതാണ്. കായൽ, ബുദ്ധൻ, പൎവ്വതനിരകറം. ജോർ! കുറെ ദിവസം ഇവിടെത്തന്നെ ഇരിക്കാം, സന്തോഷമായി ഇരിക്കാം.

അന്നു പകൽ അവിടെത്തന്നെ കഴിച്ചുകൂട്ടി. ബുദ്ധൻെറ പല്ല് സൂക്ഷിക്കുന്ന സുവൎണ്ണപേടകം കണ്ടു, കാലായി, ഉടലായി, തലയായി സ്വൎണ്ണബുദ്ധനെക്കണ്ടു. ഉച്ചയ്ക്കു് ഹോട്ടലിൽക്കയറി നാല്പതു ശതത്തിൻെറ ഒരു സീക്ലാസ് മീൽ കഴിച്ചു. അമേരിക്കൻ മാവുകൊണ്ടുള്ള ചതുരദോശ കാണാൻ കൗതുകമുണ്ടായിരുന്നു, മാസ്റ്റാൻ ചട്ടിണിയും, കിട്ടിയ ഒരുപിടി ചോറും തരക്കേടില്ലാത്ത സാധനങ്ങറം എന്നും തോന്നി. പച്ചക്കറികറം തികച്ചും അസഹ്യമായിരുന്നു. കരിംജീരകം അരച്ചും പൊരിച്ചും കുറുക്കിയിട്ടുള്ള ഒരു തന്നി പഥ്യസമാഹാരം!

ഊണു കഴിച്ചിട്ടു ചെന്നിരുന്നപ്പോഴാണ്, കായലിലെ ആമകളെ കണ്ടെത്തിയതു്. ഒരു സംഘം സന്ദർശകർ അപ്പോഴവിടെനിന്ന് കായലിലേയ്ക്കെന്തോ എറിഞ്ഞു രസിക്കുന്നുണ്ടായിരുന്നു. നോക്കിയപ്പോറം തിന്നാനുള്ള പൊരിയാണ്. അതു വീഴുമ്പോറം വെള്ളത്തിൽ ചില ഇളക്കങ്ങളും നൃത്തങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ആമകളായിരുന്നു, പൊരി തിന്നാൻ അകലെയകലെനിന്നും നീന്തിവരുന്ന വെള്ളാമകറം! താവളമാക്കാൻ പററിയതു് ടൂത്ത് ടെമ്പിറംതന്നെയാണെന്നു നിശ്ചയിച്ചു. എങ്കിലും അടുത്ത ദിവസത്തെ യാത്ര വേറൊരു വഴിക്കാവണമെന്നും അന്നുതന്നെ നിശ്ചയിച്ചു.

പിറേറന്നത്തെ യാത്ര എതിരെ, കൊളമ്പു ബോട്ടിലേയ്ക്കായി രുന്നു. നാലു നാഴിക ചെന്നാൽ വലിയൊരു തോട്ടം കാണാം, അപ്പുണ്ണി പറഞ്ഞിരുന്നു. ഇന്നു് അതുതന്നെ കണ്ടുകളയാം എന്നു കരുതി.

നാലു നാഴികയാണെങ്കിലും നടന്നെത്താൻ രണ്ടു മണിക്കൂ റെടുത്തു. പക്ഷേ തോട്ടത്തിന്റെ പ്രവേശനദ്വാരത്തിലെത്തിയ പ്പോഴേക്കും പാടുപെട്ടതു വെറുതെയായില്ല എന്നു തോന്നി.

ഇതു് അത്ഭുതമായിരിക്കുന്നു! ഈ പരസ്യം:

ഇവിടില്ലാത്ത ഒരു സസ്യത്തിന്റെ പേർ നിർദ്ദേ ശിക്കുന്ന ആൾക്കു് ഒരു ഡോളർ സമ്മാനം.

പെരാദിനിയാ ഗാർഡൻസ്സ്.

മെയിൻേറയിൻഡ് ബൈ

ദി റോയൽ ബൊട്ടാണിക്കൽ സൊസൈററി.

ആ വെല്ലുവിളിയിൽ ഒരു തമാശ തോന്നി. എന്തെങ്കിലും ഒന്നിൽ പിടിച്ചു നീന്തുക സുഖമാണു്. ഇവിടെ ഇതാ ഓർമ്മശ ക്തിക്കും ഭാവനയ്ക്കും കസർത്തു നടത്താൻ നല്ലൊരു വളയം കിട്ടി യിരിക്കുന്നു. ഉത്സാഹത്തോടെ തോട്ടത്തിനുള്ളിലേയ്ക്കു കടന്നു.

അകത്തു കടന്നു നടന്നു നോക്കുമ്പോഴാണു്, തോട്ടമെന്നു പേരു മാത്രമേയുള്ളൂ. വിസ്തൃതമായ ഒരു ഭൂഭാഗമാണു്, അളവില്ലാ ത്തത്ര ഭൂമി, കാടും പടലും പിടിച്ചു്.

പൂവുകൾ, ഹാ എന്തെല്ലാം തരം പൂവുകളാണു്. ഡാലിയാ, സീനിയാ, അനവധിതരം റോസുകൾ, അവയുടെ ഇടയിൽത്ത ന്നെ അനേകംതരം വാടാമല്ലികളും കൊങ്ങിണികളും. പിന്നെ, പേരറിയാത്ത നൂറു നൂറു തരം പൂവുകൾ. ചിലവ എട്ടുകാലിക ളെപ്പോലെയുണ്ടു്, വേറെ ചിലവ ചിത്രശലഭങ്ങളെപ്പോലെ. ഇനിയും തവളയെപ്പോലെയും തേളിനെപ്പോലെയും ഇരിക്കുന്ന വേറെ ഒട്ടനവധി എണ്ണവും. ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത സുഗന്ധങ്ങൾ, ഒരിക്കലും കണ്ടിട്ടില്ലാത്ത വർണ്ണസംയോജനങ്ങൾ,

രൂപശില്പങ്ങൾ. ആകാശത്തെ നക്ഷത്രങ്ങളെപ്പോലെ അവസ്ഥ പേരില്ല, സംഖ്യയും. ഇവിടെ നാഗലിംഗമുണ്ടോ?

ഒരു തമാശതോന്നി. സാമൂതിരികോളേജ് വളപ്പിനുള്ളിൽ ഒരു മരമുണ്ടായിരുന്നു. ചന്തമുള്ള പൂക്കൾ, മരത്തിൻെറ തായ്ത്തടിയിൽത്തന്നെ പൂക്കൾ അട്ടിയട്ടിയായി വളരുന്നു. ആലപ്പുഴക്കാരൻ പ്രഭാകരൻ അതിനു പറഞ്ഞിരുന്ന പേർ നാഗദന്തിയെന്നാണ്.

ആ മരത്തിനു പ്രാധാന്യമുണ്ട്. അതിൻെറ ചുവട്ടിൽവച്ചാണ്, ഒരിക്കൽ ഒരു സംഗതി പറയാനുണ്ടെന്നു് റെയ്ച്ചൽ തോമസ്സ് അഭ്യർത്ഥിച്ചതു്.

അതെ, അതുതന്നെ നാഗലിംഗം. ഇവിടെ അതു കാണില്ല എന്നു തോന്നി. കാണുന്നില്ലെങ്കിൽ, വരട്ടെ ‌വേറഡ് ബൊട്ടാണിക്കൽ സൊസൈററിക്കാരെ കണ്ടുകളയാം.

അവിടുന്നു് അങ്ങനെ പോകുമ്പോൾ മറെറാരു കൗതുകം തോന്നി.

മേന്തോന്നിച്ചെടി കാണുമോ, ഇവിടെ മേന്തോന്നിച്ചെടി?

ജ്വാലയുടെ ഭംഗിയുള്ള പൂക്കൾ, അടിയിൽ വേരിൽ കാളക്കൂടവും പേറുന്ന മേന്തോന്നിച്ചെടി.

മംഗലാപുരത്തു മാത്രമല്ല; ഇവിടെ പെരാഡിനിയാ ഗാർഡൻസിലും മേന്തോന്നിച്ചെടിക്കു പഞ്ഞമില്ല. കാടുപിടിച്ച മാതിരി ഉണ്ടായിരുന്നു കാടു്.

അലഞ്ഞു നടന്നപ്പോൾ ദാഹവും വിശപ്പും തോന്നി, ക്ഷീണവും. അപ്പോഴാണ് ഫ്രൂട്ട്ഗാർഡൻെറ വാതില്ക്കലോളം എത്തിയിരിക്കയാണെന്നു് താനെന്നു കണ്ടതു്. അവിടെയും ഒരു അറിയിപ്പുണ്ടായിരുന്നു: ഫലമൂലങ്ങൾ പറിച്ചുതിന്നാം, കടത്തിക്കൊണ്ടുപൊയ്ക്കൂടാ.

ഒന്നു രണ്ടു മാങ്ങയും കല്പങ്ങയും പറിച്ചു തിന്നു. കുറെനേരം വിശ്രമിച്ചു. വീണ്ടും കുറെ നേരംകൂടി ഓരോന്നും നോക്കിനോക്കി നടന്നു. വെളിയിലിറങ്ങിയപ്പോഴേക്കു് എരിഞ്ഞടങ്ങാറായി

തന്നു. നാലു നാഴിക ദൂരം. എങ്ങനെ നടക്കാനാണ്? മടങ്ങുന്ന വഴിക്കുള്ളതെന്നു തോന്നി, മുന്നിൽക്കണ്ട ലങ്കാ ട്രാൻസ്പോർട്ട്കാരുടെ ബസ്സിൽ ചാടിക്കയറി. പക്ഷേ അവർ കൊണ്ടിറക്കിയതു് എസ്റ്റേറ്റിന്റെ അടുത്തായിരുന്നില്ല. വേറെ ഏതോ ഒരു സ്ഥലത്തായിരുന്നു. പലരോടും വഴി ചോദിച്ചു. മിക്കവരും അന്തായി, അന്തായി പറഞ്ഞു നടന്നുപോയി. ഒടുവിൽ നാടൻമട്ടിലൊരു ചെത്തുകാരനെ കണ്ടപ്പോഴാണു സമാധാനം കിട്ടിയതു്. അന്തിക്കാട്ടുകാരനായ ആ ചെത്തുതൊഴിലാളി നല്ല മലയാളത്തിൽ വഴി പറഞ്ഞു തന്നു.

ഒമ്പതുമണിക്ക് പീടികക്കോലായയെത്തുമ്പോഴേയ്ക്ക് മണ്ട പൊളിക്കുന്ന തലവേദന ഉണ്ടായിരുന്നു. പിറ്റേദിവസം പുലർന്നിട്ടും എഴുന്നേറ്റില്ല. കാപ്പികുടി കഴിഞ്ഞിട്ടു പിന്നെയും കിടന്നു.

അന്നു് അപ്പുണ്ണി ഊണു് വരുത്തിക്കൊടുക്കുകയായിരുന്നു. തന്റെ മുതലാളിയുടെ പൊന്നുമോനു് ഊണിനു് സ്പെഷ്യലായി അവൻ 'കുമ്പള' വറുത്തതു് വരുത്തിക്കൊടുത്തു. അയിലമീനു് സിംഹളർ കുമ്പളമെന്നു പേരിട്ടിരിക്കുന്നു എന്ന തമാശ അപ്പോഴറിഞ്ഞു.

അപ്പുണ്ണിയുടെ വ്യാപാരം കണ്ടു രസിച്ചു് കുറെ സമയം പോക്കി.

'ഈ പൂക്കളെക്കൊണ്ട് എന്താ ഒരുപയോഗം?' അപ്പുണ്ണി ചോദിച്ചു. അവനു് കമ്മളു് പൂന്തോട്ടത്തിൽ ഒരു പകൽ മുഴുവൻ ചെലവാക്കിയെന്നു കേട്ടപ്പോഴാം അത്ഭുതം തോന്നി. അവനു് പൂക്കളുടെ മണം തീരെ ഇഷ്ടമില്ല.

'പിന്നിവിടെ കാണാനുള്ളതെന്തുണ്ടപ്പുണ്ണീ?'

അപ്പുണ്ണി സ്വകാര്യമായി ഒരു സ്ഥലം പറഞ്ഞുകൊടുത്തു. അവനാണതു പറഞ്ഞുകൊടുത്തതെന്നു് ആരോടും പറയരുതു് എന്നപേക്ഷിക്കയും ചെയ്തു.

'ഏതാ സ്ഥലം?'

'കൊരേ അങ്ങോട്ടു പോണം. അപ്പോൾ ഗംഗ കാണാം. അതിൻറവിടെ ഒരു സ്ഥലമുണ്ട്.'

എത്ര നിർബന്ധിച്ചിട്ടും അതിൻെറമാത്രം പേര് അപ്പുണ്ണി പറഞ്ഞില്ല. അങ്ങനെത്ത ഒരു ദിവസം അങ്ങനെ കമ്പള വാങ്ങാൻ വരുന്ന ആ മന്ത്രൂസിനെയും മററുള്ളവരെയും കണ്ടും, അപ്പുണ്ണിയുടെ ലോകവിജ്ഞാനം മനസ്സിലാക്കിയും ഉറങ്ങിയും തീർത്തു.

# 7

പിറേറന്ന് അപ്പുണ്ണിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗംഗാനദി കാണാൻ പുറപ്പെട്ടു. ചെന്നു കണ്ടപ്പോഴോ, മറെറാരു ചെറിയ തുതപ്പുഴ! ഇരുകരയിലും ഓടമുള കാടുപിടിച്ചു കിടപ്പുണ്ട് എന്ന ഒരു വിശേഷവുമുണ്ട്. പിന്നീടാണ് പുഴയുടെ ശരിയായ പേർ കലിനീഗംഗയെന്നാണെന്നു മനസ്സിലായതു്.

അപ്പുണ്ണി വലിയ സ്വകാര്യമായിപ്പറഞ്ഞതു് കലിനീഗംഗയുടെ തീരത്തുള്ള സിന്നേഴ്സ് ടൗണി * നെക്കുറിച്ചായിരുന്നു. ആദ്യം എന്തെങ്കിലും പിടികിട്ടിയില്ല. അടുത്തടുത്തു കുറെ വീടുകളും, മിക്കവാറും ഒരു കോളനിയുടെ മട്ടുണ്ട്.

പക്ഷേ അതിലൊരു തമാശയുണ്ടായിരുന്നു. ഒരു ചെറിയ കെട്ടിടം കാണുന്നു എന്നു വയ്ക്കുക. കോലായിൽ നില്ക്കുന്നുണ്ടായിരിക്കും, ഉടുത്തൊരുങ്ങിയ ഒരു സിംഹളത്തി. അവരുടെ ചുററുമായി, അല്ലെങ്കിൽ മുററത്തു മണ്ണിൽ, ചായംതേച്ച കോഴിക്കുട്ടികളെപ്പോലെ ഒരു പററം കുട്ടികളും. ബാലചന്ദ്രൻ അല്പമൊരു കൗതുകത്തോടെ സൂക്ഷിച്ചു നോക്കിയപ്പോഴാണ് ഒന്നു് മൂക്കുപതിഞ്ഞ

---

* പാപികളുടെ നഗരം.

ഒരു മഞ്ഞവർഗ്ഗക്കാരന്റെ കുട്ടി. അതിന്റെ തൊട്ടടുത്തു നില്ക്കുന്നതു്, കറുകറുത്ത ഒരു നീഗ്രോ സന്താനം. അപ്പുറം തലമുടിയിൽമാത്രം സ്വർണ്ണമുള്ള ഒരു ദാരിദ്ര്യക്കോലം, ഏതെങ്കിലും ഒരു സായിപ്പിന്റെ സന്തതി.

തമാശതോന്നി, അതിലധികം ജുഗുപ്സയും. ആരാണിതിൽ മാപ്പുസാക്ഷികൾ? ഒരൊററ അമ്മയുടെ മക്കളായ, തലച്ചോറും ഹൃദയവുമുള്ള, അല്പകാലംകൂടി കഴിയുമ്പോഴേയ്ക്കു ചിന്താശക്തിയും യുക്തിബോധവും വികാരവിചാരങ്ങളും ഭാവനയും ഉള്ള മനുഷ്യരായിത്തീർന്നേയ്ക്കാവുന്ന ആ ശിശുക്കളോ, അവരുടെ നടുവിൽ സ്വന്തം മക്കൾക്കു് ഒരു വിദേശിമാത്രമായി നില്ക്കുന്ന ആ സ്ത്രീയോ? ആരാണീ ഹീനനാടകത്തിലെ വില്ലൻ, ആരാണു് ഹീറോ?

ബാലൻ ആലോചനാമഗ്നനായി. കൂടുതൽ ആലോചിക്കുന്തോറും, ഒരുകാലത്തു് തനിക്കുണ്ടായിരുന്ന പ്രസാദാത്മകത്വവും ഉത്സാഹശീലവും ഇനിയൊരിക്കലും വീണ്ടെടുക്കാൻ കഴിയുകയില്ല എന്ന അത്യന്തം വേദനാകരമായ ബോധവും അയാൾക്കു് ഉണ്ടായിക്കൊണ്ടിരുന്നു.

ഒരിക്കൽ ജീവിതമെന്നാൽ ഏററവും വലിയൊരു തമാശ, ഒരു ചൂതാട്ടം എന്നാണു ധരിച്ചിരുന്നതു്. ഇപ്പൊഴിപ്പോൾ, ഒടുവിൽ വന്നപ്പോഴോ? കാണുന്നതെന്തും തന്നെ അസ്വസ്ഥനാക്കുന്ന ദൃശ്യങ്ങളാണു്. പാപികൾ എന്നു ബോർഡുംവച്ചു് കുട്ടികളെ കളിപ്പിച്ചും മുടി ചിക്കിച്ചികഞ്ഞു ചീവിയും കഴിയുന്ന സ്ത്രീകൾ, സന്ന്യാസാശ്രമത്തിലേയ്ക്കു കടക്കാനെന്നു് പണ്ടുള്ളവർ പറഞ്ഞിരുന്ന പ്രായത്തിൽ ബലാൽസംഗോദ്യമങ്ങൾ നടത്തുന്ന പരിഷ്കാരികൾ, പിന്നെ കീലംമത്സ്യത്തെ പൊളിച്ചു് മണത്തുനോക്കി ഒന്നാന്തരമെങ്കിൽ മാത്രം വാങ്ങാൻ, അതും ഏററവും കുറഞ്ഞ വിലയ്ക്കു് ഏററവും ലാഭത്തിൽമാത്രം വാങ്ങാൻ തിരക്കിട്ടുവരുന്ന ബൗദ്ധസന്ന്യാസികൾ, ദൈവമേ എന്തൊന്നാണു് ഇതിന്റെയെല്ലാം അർത്ഥം? ഇതിന്റെയെല്ലാം പൊരുൾ? കാലത്തിന്റെ ശിക്ഷയായിരുന്നു അതെല്ലാം. ഒരിക്കൽ ജോലി ആയിട്ടുള്ള മനുഷ്യര

ലേല്ലാം ജോലിയായി ബുദ്ധിപൂർവ്വം ആലോചിച്ചു പ്രവർത്തിക്കേണ്ട സന്ദർഭങ്ങളിൽപ്പോലും ഒന്നിനെക്കുറിച്ച് ഒരു നിമിഷം ആലോചിച്ചുനില്ക്കാൻ കൂട്ടാക്കാത്ത സാഹസികനായി, കരുത്തിലും സാമർത്ഥ്യത്തിലും കവിഞ്ഞ മറ്റൊന്നിലെങ്കിലും വിശ്വാസമില്ലാത്തവനായി, ധീരസാഹസികനായി തുള്ളിച്ചാടിനടന്ന ഒരു മനുഷ്യാത്മാവായിരുന്നു അവിടെ തലയ്ക്കു് അടിയേററവനെപ്പോലെ കാലുറയ്ക്കാതെ വഴിയരികിൽ നോക്കിനില്ക്കുന്നതു്. അയാൾ ഗ്ലാനവദനനായി, മിക്കവാറും ഒരു മൌനിതന്നെയായി തൻെറ മടയിൽച്ചെന്നു കിടന്നു രാത്രി. പക്ഷേ അയാൾക്കുറക്കംവന്നില്ല. അയാൾക്കു് കാഴ്ചകൾ മതിയായിരുന്നു.

# 8

സുമാർ അറുപത്തിനാലുദിവസം നീണ്ടുനിന്നു ആ ധ്യാനം, ആ അദ്ധ്യയനപരിപാടി.

കൃത്യനിഷ്ഠയുള്ള ഒരു വിദ്യാർത്ഥിയെപ്പോലെ പുലർച്ചയ്ക്കു തന്നെ എഴുനേല്ക്കുന്നു. എട്ടുമണിക്കു് ഒരുങ്ങിക്കഴിയും. എസ്റ്റേററിൻെറ അവിടെനിന്നു കയറിയാൽ നാല്പതുശതം കൊടുത്താൽ മതി. ഇരുപതുമിനിററിരിക്കണം, ട്രൂത്ത്ടെംപിളിൻെറ നടയിൽ ഇറങ്ങാം.

അവിടെ ബസ്സ്റ്റോപ്പിൽനിന്നു് പത്തു ശതത്തിനു പൊരി വാങ്ങുന്നു. അതുമായി കായലിന്നഭിമുഖമായി ചാരിമേൽക്കയറി ഇരിക്കുന്നു. അവിടെ ഒരിരുപ്പാണു്. നാഴികകൾ, മണിക്കൂറുകൾ. ചില ദിവസം ഉണ്ണാൻതന്നെ പോകാറില്ല. എന്തിനുണ്ണണം? ജീവിതത്തിനു് എന്തെങ്കിലും ഒരർത്ഥമുള്ളപ്പോഴല്ലേ അതു സംരക്ഷണീയമായ ഒരു വസ്തുവാകുക. വിശപ്പെന്നൊന്നു് മിക്കപ്പോഴും

കാണില്ല. പിന്നെ ഉയിരു കിടക്കാൻ ഭക്ഷണം, അതു് കൃത്യമായി മദ്ധ്യാഹ്നത്തിൽത്തന്നെ വേണമെന്നുണ്ടോ?

പൊരി കുറേശ്ശെ ഇട്ടുകൊടുക്കുന്നു. അകലെ അകലെനിന്നും അവ പാഞ്ഞെത്തുന്നു. തമ്മിൽ കലപില കൂട്ടുന്നുണ്ടാവും, കടിപിടിയും. പക്ഷേ പൊരി തീരുംവരെയേ ഉള്ളൂ. അതു തീർന്നു കഴിഞ്ഞാൽ, പിന്നീടവ പരസ്പരം കെട്ടിമറിയുന്നു, ആലിംഗനം ചെയ്യുന്നു, പരസ്പരം തലോടുന്നു. ഒടുവിൽ തൃപ്തരായി, ശാന്തരായി കയത്തിൽ താഴുന്നു. കായലിന്റെ ശാന്തി ഒരിക്കൽക്കൂടി സ്ഥാപിക്കപ്പെടുന്നു. എല്ലാം ശാന്തം. നോക്കെത്താത്ത ദൂരത്തോളം നിശ്ശബ്ദത, ചിറേറാളങ്ങൾ.

അപ്പുറത്തു് എല്ലായ്പ്പോഴും നിറഞ്ഞ ശാന്തതയാണു്. ആകാശത്തിന്റെ ഉയരത്തിലേയ്ക്കു കയറിപ്പോകുന്ന പഗോഡ. അതിനുള്ളിൽ അലൗകികമായ ഒരു ശാന്തിയും, മന്ദഹാസവുമായി ശ്രീബുദ്ധന്റെ വിഗ്രഹവും.

കാരാമകൾക്കു ജീവനുണ്ടു്. അവ വിളിച്ചാൽ കേൾക്കും. ശ്രീബുദ്ധൻ വിളി കേൾക്കില്ല.

ശ്രീബുദ്ധൻ കൈയുംകെട്ടി നോക്കിയിരിക്കെത്തന്നെ—ഇവിടെ കൺമുമ്പിൽ നടക്കുന്നതെന്താണു്?

നേരേ മുമ്പിൽ, ക്വീൻസ് ഹോട്ടലിൽ ഏതെങ്കിലും സിംഹളത്തിപ്പെണ്ണു് കാശുകാരനായ ഒരു വെള്ളക്കാരന്റെ അല്പനേരത്തെ സുഖത്തിനുവേണ്ടി ബലിമൃഗമാകുന്നു. അയാളുടെയും അവളുടെയും മുമ്പിൽ മേശപ്പുറത്തു് ബ്രാൻഡിയുടെ ഒപ്പം നിരക്കാനുള്ള പ്ലേററിനു കനംവരുത്താൻ ഇന്നു കാലത്തു് പച്ചപ്പുല്ലു ചവച്ചതിന്നു കൊണ്ടുനിന്ന ആട്ടിൻകുട്ടി ബലിമൃഗമാക്കപ്പെട്ടതുപോലെത്തന്നെ.

ഒരുത്തി ഗുരുവായൂരപ്പനെ ധ്യാനിച്ചു കൈകൂപ്പി നില്ക്കുന്നു—അതേസമയം, അവരുടെ ഭർത്താവു് കുഴയുന്ന നാവോടെ, 'പ്ലെഡോണ്ടു് കെയറെ ജോട്ടു്, ഷീ ഈസെ ബിച്ചു്. ഡാർലിങ്ങ് പ്ലെചിൽ മാരി യൂ.' എന്നു പറയുന്നു.

"അച്ഛപ്പനും ബുദ്ധനും ഗുരുവായൂരപ്പനും ഒക്കെ ഒന്നുതന്ന്യാ കുട്ടി. ഗുരുവായൂരപ്പന്ന് ശക്തി ശ്ശി ജാസ്തിയുണ്ടെന്നേയുള്ളു."

മുത്തശ്ശിയുടെ വിശ്വാസം!

മണ്ഡപം ക്യാമ്പിൽവച്ച് അവരാദ്യം 'ഓ ക്രൈസ്റ്റ്' എന്നാണ് നിലവിളിച്ചതു്! മകൻെറ പ്രായമുള്ള ഒരു കുട്ടിയുടെ ഡ്രോയറിന്നുള്ളിൽ കൈകടത്തി തെരയുന്നതിന്നിടയിൽ ഓ ക്രൈസ്റ്റ്! ബുദ്ധനും ക്രിസ്തുവും ഗുരുവായൂരപ്പനും ഒക്കെ നോക്കിനില്ലെ, ആകാശത്തുനിന്നു സുസ്മേരവദനരായി നോക്കിനില്ലെ—ഫെന്നി ഹൈഡ്രോസിലിന്നു് കൈകണ്ട മരുന്നാണെന്നു ഭ്രമിച്ച് നാരങ്ങ വെള്ളം കുടിക്കുന്ന ഹനുമന്തറാവുവും, അമ്പത്താറു വയസ്സുകഴിഞ്ഞ ഒരു പി. എ. റ്റു ദി ഡയറക്ടർ ജനറാളോഫ് ഡിസ്പോസൽസിൻെറ പത്നി ആയാലേ, തൻെറ ശ്രീദേവിക്കു ജീവിതഭദ്രതയുണ്ടാകൂ എന്നു ഭ്രമിക്കുന്ന കൃഷ്ണൻനായരും.

ഇതെല്ലാം ഈ ജീവിതങ്ങൾ, എന്തസംബന്ധങ്ങളാണ്. ശുദ്ധമായ അസംബന്ധങ്ങൾ! ആമകളേ, നിങ്ങൾക്കു പൊരി വാരിയിട്ടു തന്നാലെങ്കിലും നിങ്ങൾ സ്നേഹം കാട്ടും.

മനുഷ്യരോ!

അങ്ങനെ, അങ്ങനെ കൂടുതൽ കയത്തിലേയ്ക്കും കൂടുതൽക്കൂടുതൽ അമർഷത്തിലേയ്ക്കും ഇറങ്ങിപ്പോകുന്നതിന്നിടയിൽ, ബാലനു് വേറൊന്നു തോന്നി.

ഇവിടെ ആരേ, ബുദ്ധൻെറ പല്ലുവച്ചു പൂജിക്കുന്നു?

പല്ലും നഖവും ഉപയോഗിച്ചു പൊരുതുക ശീലമാക്കിയവർ, ശ്രീബുദ്ധനെ മാനിക്കുന്നെങ്കിൽ അതു് ആ മനുഷ്യൻെറ പല്ലിൻെറ ഉറപ്പിൻെറ അടിസ്ഥാനത്തിലാണ്.

പാവം സിദ്ധാർത്ഥൻ!

സിദ്ധാർത്ഥൻ എന്തേ പറഞ്ഞതു്, എന്തേ ചെയ്തതു്?

തൻേറതല്ലാത്ത വേദനകൾക്കു് ആശ്വാസം കണ്ടെത്താനായി, എല്ലാ മനുഷ്യരുടെയുമായ ജീവിതരോഗത്തിന്നായി മരുന്നന്വേഷിച്ച് തനിക്കു വിധേയമായിരുന്ന എല്ലാ സുഖവും ഉപേ

ക്ഷിച്ച് ആ മനുഷ്യൻ സത്യാന്വേഷണയജ്ഞത്തിനിറങ്ങി. സ്വന്തം ജീവിതം ഹോമിച്ചു. മനുഷ്യരുടെ ആവശ്യത്തിനായി. മനുഷ്യരാശിയുടെ പാപം കഴുകിക്കളയാൻ സ്വന്തം ജീവരക്തം ചിന്തുകയായിരുന്നു യേശുക്രിസ്തു എന്നല്ലേ ക്രിസ്ത്യാനികളുടെ പുരാണം. പലക്കുവേണ്ടി ചിലർ കാലാകാലങ്ങളിൽ കുരിശേറുന്നു.

അവരെക്കുറിച്ചാലോചിക്കുമ്പോൾ എന്തുണ്ട് നിന്റെ ത്യാഗം?

നീ ഒരു ത്യാഗവും ചെയ്തിട്ടില്ല. നീയും മററുള്ളവരെപ്പോലെ തന്നെ ഒരല്പപ്രാണി.

പിന്നെ ജീവിതസമരത്തിൽ നിനക്ക് ഇതിനകം ചില ചില്ലറ പരിക്കുകൾ ഏററിട്ടുണ്ട്. അത്രതന്നെ. അതൊക്കെയും നീയിങ്ങനെ തെരുക്കിക്കൊണ്ടിരുന്നിട്ടാണ് കുഴപ്പം. നീ സഹതാപമർഹിക്കുന്നുണ്ടെന്നാണ് നീ കരുതുന്നത്.

സഹതാപം മററുള്ളവരും നിന്നെപ്പോലെതന്നെ അർഹിക്കുന്നുണ്ട്.

നിന്റെ അച്ഛൻ, പാവം ഒരു സിംഹളത്തിയുടെ വലയിൽ കുടുങ്ങി. അവളോ? പെണ്ണായാൽ ഒരാണിന്റെ സംരക്ഷണയിൽ ത്തന്നെ കഴിയണം എന്ന സാമൂഹ്യാചാരത്തിലും.

അത്രയും ചെന്നപ്പോൾ പുകഞ്ഞുകിടന്ന അമർഷവിഷം കുറേശ്ശേ അപ്രത്യക്ഷമാകുന്നതായിത്തോന്നി ബാലന്ന്.

ജോളിയായിരുന്നു. എന്നും ജോളിയായിരിക്കതന്നെയാണ് കാര്യമെന്നും ധരിച്ചിരുന്നു.

തെററിദ്ധാരണകൾ മാറിത്തുടങ്ങുകയായിരുന്നു.

വീണ്ടും വീണ്ടും പൊരി വാങ്ങിക്കൊണ്ടുവന്നു. വീണ്ടും വീണ്ടും അവയെ കാരാമകളെ തീററി. അവയുടെ ആഹ്ലാദത്തിമപ്പ് നോക്കിനിന്നു. നോക്കിനിന്നു രസിച്ചു.

ഒരു ദിവസമല്ല, പല ദിവസങ്ങൾ. ബാലനിൽ ആ മാററം വരുത്തിയതു് ആരായിരുന്നു? ശ്രീബുദ്ധനോ, അതോ കായൽജലത്തിൽ നൃത്തംവച്ചു കളിച്ചിരുന്ന ആ ആമകളോ? ആവോ. രണ്ടായാലും ബാലൻ ഒരു പുതിയ മനുഷ്യൻ ആയിരുന്നു.

## 9

അടുത്ത ദിവസംതന്നെ ബാലൻ എസ്റ്റേററ് ആപ്പീസിലേയ്ക്കു പുറപ്പെട്ടു. നായരുടെ മകൻ നാട്ടുകാണാൻ വന്നിട്ട് ഇങ്ങോട്ടൊന്നും കണ്ടില്ല എന്നതിൽ പക്രൂട്ടിമുതലാളിക്കുണ്ടായിരുന്ന പരിഭവം മാറി. അതറിഞ്ഞൊന്നുമല്ല പോയത്. മുതലാളിയുടെ പ്രീതി നേടിയിട്ടു ബാലന് ഒരു കാര്യമെന്തെങ്കിലും ഉണ്ടായിട്ടുമല്ല. പോകണമെന്നു തോന്നി. പോയി. അത്രതന്നെ.

അവിടെ പണ്ട് നാരായണൻകുട്ടിയേട്ടന് മുതലക്കഥകളും ഷിക്കാർകഥകളും പറഞ്ഞുകൊടുക്കുകയും തനിക്കു ചുവന്നു തുടുത്ത ബീരാപ്പഴം പറിച്ചുതരികയും ചെയ്തിരുന്ന സാച്ചായുണ്ട്. പാവം, അറുപത്തിയാറാമത്തെ വയസ്സിൽ ഇപ്പോഴും സാച്ചാ കാവൽവേലക്കാരനാണ്.

‘ചിന്നയ്യാ’യെക്കണ്ട സാച്ചായുടെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു.

‘സാച്ചാ എടുത്താല് ഇനീക്കപ്പാ പൊങ്ങുമോ? ഇല്ല. എന്നാലും എന്റെ പൊന്നാരക്കുട്ട്യേ, നെന്നെ ഞാനൊന്നു പിടിക്കട്ടെ.’ സാച്ചാ മതിവരുവോളം പുണർന്നു.

‘കുറുമ്പ് ഇപ്പഴും വിട്ടിട്ടില്ല. അല്ലേ? മേനേജര് സാറ് പറഞ്ഞിരിക്കണ്.’

‘ഹായ്, ഇപ്പൊ കുറുമ്പൊന്നുമില്ല്യാ, സാച്ചാ.’

സാച്ചായെ മുതലാളി എന്തിനോ അകത്തേയ്ക്കു വിളിച്ചതുകൊണ്ട് കൂടുതൽ നേരം നിന്നു സൊറ പറയാൻ അയാൾക്കു തരപ്പെട്ടില്ല. എന്നാലും സന്തോഷമായി ആ സന്ദർശനം.

അന്നു പിന്നീട് അച്ഛന്റെ തേയിലത്തോട്ടം ചുററിനടന്നു കണ്ടു. പലരും മാനേജരുടെ മകനെ അത്ഭുതംകൂറിയ കണ്ണോടെ നോക്കി. എല്ലാവരോടും പുഞ്ചിരിച്ചു, ചിലരോടു നിന്നു ലോഹ്യംപറഞ്ഞു. അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. അന്ന സിൽവാസ്റ്റോറിലേയ്ക്കുള്ള മടക്കയാത്രയ്ക്കിടയിൽ ആലോചിച്ചു, അവരെ ഒന്നുപോയി കാണേണ്ടേ? ചെറ്യേമ്മയെ. ഏതു

തരക്കാരിയുമാവട്ടെ, ഏതു സാഹചര്യത്തിൽ ബന്ധപ്പെട്ടവളുമാകട്ടെ, തൻെറ അച്ഛനു് ഈ അന്യദേശത്തു്, ആരോരുമില്ലാത്തിടത്തു് ആകെയുള്ളതു് അവരല്ലേ?

ഇനി ഒന്നുമല്ലെങ്കിൽത്തന്നെ, ഒന്നു കാണാൻ അവർ കാട്ടിയിരിക്കുന്ന താല്പര്യം! അതിനെ മാനിച്ചെങ്കിലും ഒന്നു ചെന്നു കണ്ടാലോ? തനിക്കവരെ കാണണമെന്നു മോഹമില്ല. എന്നല്ല അവരെ ദർശിക്കുക വയ്യാത്തതുമാണു്. എന്നാലും അത്രടംവരെ ഒന്നു പോകേണ്ടതല്ലേ? അച്ഛനുവേണ്ടി, അവൾക്കുവേണ്ടി.

ഇതിനകംതന്നെ അപ്പുണ്ണി പലവട്ടം പറഞ്ഞിരിക്കുന്നു, അവിടംവരെ ഒന്നു ചെല്ലാൻ പറയണമെന്നു പലകുറി പറഞ്ഞേല്പിച്ചിരിക്കുന്നു. എട്ടുമണിക്കു് പുറപ്പെടുമെന്നറിഞ്ഞുകൊണ്ടു് ഒരിക്കൽ ഏഴരയ്ക്കും, ഇന്നു് എങ്ങും പോവില്ല എന്നറിഞ്ഞു് ഒരിക്കൽ ഒമ്പതുമണിക്കും പീടികവരെ വന്നിരിക്കുന്നു. വരുമെന്നറിഞ്ഞുകൊണ്ടുതന്നെ കാണേണ്ട എന്നു കരുതി താൻ സ്ഥലംവിട്ടിരുന്നു.

വളരെ ദുർഘടംപിടിച്ച വിഷയമായിരുന്നു. ഒരു തീരുമാനം പെട്ടെന്നൊന്നും എടുക്കാൻ കഴിഞ്ഞില്ല. പിന്നീടാവട്ടെ പിന്നീടാവട്ടെ എന്നു് ഓരോ ദിവസവും നീക്കിവച്ചു. ആയിടെ സിലോണിൽ പുതിയ ഒരു കഥാപാത്രത്തെക്കൂടി കണ്ടുമുട്ടി. ഇസ്റ്റോപ്പുകടക്കാരൻ അബ്ദുല്ലയെ, പരപ്പനങ്ങാടിക്കാരൻ അബ്ദുല്ലാകാക്കയെ. അബ്ദുല്ലയെ ആദ്യമായൊരിക്കൽ ശ്രദ്ധിച്ചതു് അയാളുടെ സാമർത്ഥ്യം കണ്ടിട്ടാണു്. ഒരു സിഗരററു് വാങ്ങാൻ ചെന്നതായിരുന്നു കടയിൽ.

'നായരുട്ട്യേ, ങ്ങള ഒരു സെക്കണ്ടൊന്നു നിക്കിൻ. ഇതു് ഇപ്പൊ തീർത്തിട്ടുവരാം.'

അയാളുടെ നയജ്ഞതയിൽ ബഹുമാനംതോന്നി. എന്താണു് വിദ്വാൻെറ ലാഭക്കച്ചവടം എന്നും നോക്കി.

ഒരു സിംഹളൻ സ്രാവിനെ കച്ചവടം ചെയ്യുകയാണു്. സാമാന്യം വലിപ്പമുള്ള ഒരു കീലംതന്നെ എടുത്തുവച്ചിരിക്കുന്നു. അയാറം വില എന്തെന്നു ചോദിച്ചു. മുതലാളി 'ഒരു റപ്പീസ്'

എന്നു പറഞ്ഞു. സിംഹളൻ, അതു കടന്ന വിലയാണെന്ന അത്ഥത്തിൽ കൈകാട്ടി തിരിയാൻ ഭാവിച്ചു.

അവിടെയാണ് അബ്ദുല്ലാക്കാക്കാ അബ്ദുല്ലാക്കാക്കായാവുന്നതു്. ശൂപ്പർ ഝടുതി ഒരു റൈററബൗട്ടേണടിച്ചു. അവിടെ ശ്രീബുദ്ധൻെറ ഒരു കൊച്ചു പ്രതിമ വച്ചിരുന്നു. അബ്ദുല്ല, അതിൻെറ മുമ്പിൽനിന്നു് ഇടനെഞ്ഞു പൊട്ടുംവണ്ണം നിലവിളിച്ചു. നെഞ്ഞത്തലച്ചു്, നാടകീയമായി.

'ഭഗവാൻ! ഞാൻ പൊയ്പറഞ്ഞെന്നാണ് ഇദ്ദേഹം പറയുന്നതു്.' സിംഹളനു മലയാളം മനസ്സിലായില്ലെങ്കിലെന്തു്? കണ്ണീരിൻെറ ഭാഷ അയാൾക്കറിയാം.

ശുദ്ധാത്മാവായ സിംഹളൻ അബ്ദുല്ല പറഞ്ഞ വിലയ്ക്കു് കീലവും വാങ്ങി സ്ഥലം വിട്ടുന്നു.

എന്തു നല്ല തന്ത്രമാണ് വിഭോൻ ഉപയോഗിക്കുന്നതു്. ബാലൻ അത്ഭുതപ്പെട്ടങ്ങനെ നില്ക്കുമ്പോഴായിരുന്നു മുതലാളി കുശലാന്വേഷണമാരംഭിക്കുന്നതു്.

'നായരുട്ടി എബടത്തുകാരനാ?

'ഷൊർണ്ണൂർ.'

'ഷൊരണ്ണൂരാ! ഞമ്മള് പരപ്പനങ്ങാടിക്കാരനാ, നായരുട്ട്യേ.'

പിന്നീട്ടു്, അബ്ദുല്ല തൻെറ കഥ വിസ്തരിച്ചുതന്നെ പറയാൻ തുടങ്ങി. നിന്നു കേൾക്കാൻ രസം തോന്നിയതുകൊണ്ടു കേട്ടു.

കോട്ടപ്പടിക്കാരൻ ഒരു കൃഷ്ണൻനായർ പുലിവാലു പിടിപ്പിച്ചിട്ടു പോയതാണത്രേ അബ്ദുല്ലയെ അവിടെ. അയാള് ഒരു സിംഹളത്തിയെ കല്യാണംകഴിച്ചുകൊള്ളാമെന്നു പറഞ്ഞു് അടുത്തുകൂടി, അവളുടെ ഇസ്തോപ്പുപീടിക ഏററുവാങ്ങി, വ്യാപാരം നടത്തി തോററു. ഒടുവിൽ കുശിനിവേലക്കാരൻ അബ്ദുല്ലയോടു മുന്നൂററുറപ്പികയും വായ്പവാങ്ങി, ഒരു മാസത്തിനകം മടങ്ങിവന്നു കൊള്ളാമെന്നു ഉറപ്പിൽ പോയത്രേ. പോയിട്ടു പിന്നെ കൃഷ്ണൻനായരെ ആ വഴി കണ്ടിട്ടില്ല. രണ്ടാഴ്ച കഴിഞ്ഞു പീടിക തുറന്നു നോക്കുമ്പോൾ അതിൽ ഒരു ചുക്കും ഇല്ലായിരുന്നു. പണം കൊടു-

ത്തതല്ലേ എന്നു കരുതി, അവിടെ നാലഞ്ചു കീലവും മൂന്നു നാലു ചക്കയും എടുത്തിട്ട് അബ്ദുല്ല കച്ചവടം തുടങ്ങുമ്പോഴേയ്ക്കു മൂന്നു കുട്ടികളേയും കൂട്ടിക്കൊണ്ടു സിംഹളത്തിയുടെ പുറപ്പാടായി, വക്കാണമായി.

ഒടുവിൽ കൃഷ്ണൻനായരുടെ പീടിക ഏറ്റെടുത്തപോലെതന്നെ അയാളുടെ സിംഹളത്തിയെയും അബ്ദുല്ല ഏറ്റെടുത്തു നടത്താൻ തുടങ്ങി. അബ്ദുല്ല തൻെറ കുടുംബത്തേയും നായരുകുട്ടിക്കു വിളിച്ചു പരിചയപ്പെടുത്തിക്കൊടുത്തു.

ബാലൻ അബ്ദുല്ലയെ പരിചയപ്പെട്ടതിൽ സന്തോഷത്തോടെ അന്നത്തെ പരിപാടി അവസാനിപ്പിച്ചുപോകയും ചെയ്തു.

അബ്ദുല്ലയെക്കുറിച്ചു് പിന്നെ കുറെക്കൂടി വിവരങ്ങൾ കിട്ടി. അപ്പുണ്ണിയിൽനിന്നു്. കോട്ടപ്പടിക്കാരൻ പണ്ടാരപ്പറയൻ കൃഷ്ണൻനായരെ കരുവായി ഉപയോഗിച്ചു് സിംഹളരിൽനിന്നും മലയാളികളിൽനിന്നും ഒരുപോലെ സഹായങ്ങൾ ഇരന്നു വാങ്ങിയാണു് അബ്ദുല്ല ബിസിനസ്സ് അഭിവൃദ്ധിയിലാക്കിക്കൊണ്ടുവന്നിരുന്നതു്. ബാലൻകുട്ടി കണ്ടതുപോലെ ശ്രീബുദ്ധൻെറ വിഗ്രഹമാണെങ്കിൽ വേറൊരിക്കൽ യേശുക്രിസ്തുവിൻെറ പ്രതിമ ഉപയോഗപ്പെടുത്തി.

പത്തുശതം വിലയില്ലാത്ത കാട്ടുചക്ക പറിച്ചുകൊണ്ടുവന്നു്, ശുദ്ധാത്മാക്കളായ പട്ടാളക്കാൎക്കു് രണ്ടും മൂന്നും ഉറപ്പികയ്ക്കു വിററിട്ടാണു് അബ്ദുല്ല പണമുണ്ടാക്കിയിരുന്നതെന്നും അപ്പുണ്ണി പറഞ്ഞു കേൾപ്പിച്ചു. കാട്ടുചക്ക തിന്നുമ്പോ പനിക്കും, രാത്രിയാകുമ്പോഴേയ്ക്കു് പനിപിടിച്ചു വിറയ്ക്കും. ബിസിനസ്സിൻെറ ഗുട്ടൻസ് മനസ്സിലാക്കിയ ഒരു ലന്തക്കാരൻ ഒരിക്കൽ കാട്ടുചക്ക തിന്നു കിടപ്പിലായിട്ട് എഴുന്നേററുവന്ന ദിവസംതന്നെ അബ്ദുല്ലയെ പീടികയിൽനിന്നു വലിച്ചുപുറത്തിട്ട് ഇടിയോടിടി. വേണ്ടതിലധികം ചവിട്ടും കൊടുത്തു. ആ സംഭവം അപ്പുണ്ണി സരസമായി വിസ്തരിച്ചു.

'എന്തിനാ അപ്പുണ്ണി ദോഷം പറയുന്നതു്?' എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ബാലനു ചോദിക്കാനുണ്ടായിരുന്നതു് അതാണു്.

മൂസമുതലാളിയുടെ കശിനിക്കാരൻ, അട്ടപ്പിന്നചുവട്ടിൽ കണ്ണും ചുകഞ്ഞു കിടക്കേണ്ടിയിരുന്ന അബ്ദുല്ല കാശുകാരനാകുന്നതിൽ അപ്പുണ്ണിക്കും ചുററുവട്ടത്തിലുള്ള മററു മലയാളികാംക്കൊക്കെ ത്തന്നെയും കണ്ണുകടിയുണ്ടെന്നു വ്യക്തമായിരുന്നു. പക്ഷേ അപ്പുണ്ണി അങ്ങനൊരപരാധം ഏല്ക്കാനെന്തായാലും തയ്യാറായിരുന്നില്ല!

'എന്തിനാ കണ്ണമ്മളേ, അബ്ദുല്ലാക്കാക്കാനോട് അപ്പുണ്ണിക്ക ന്യൂയ്?'

താൻ അസൂയക്കാരനായതുകൊണ്ടല്ല, അബ്ദുല്ല ഒപ്പുനായതുകൊണ്ടാണ് ജനം പഴിപറയുന്നതെന്ന് അപ്പുണ്ണി വാദിച്ചു.

എന്നാലും പിന്നീടും ബാലൻ അബ്ദുല്ലയുടെ പീടികയിൽ നിന്നു് സിഗററ് വാങ്ങിയിരുന്നു. ആവശ്യംകൊണ്ടെന്നതിലും, അയാളുടെ കടയിൽനിന്നു് എന്തെങ്കിലുമൊന്നു വാങ്ങാൻ, പിന്നെ അയാളുടെ തമാശകാം കേംക്കാനും. ബാലചന്ദ്രന്നു് അയാളെ ഇഷ്ടപ്പെടാൻ വിഷമമില്ലായിരുന്നു.

## 10

സിലോണിൽ ഇനിയും പലതും കാണാനുണ്ടായിരിക്കാം. പക്ഷേ അതിനൊക്കെ യാത്രചെയ്യണമെങ്കിൽ പണം വേണം, അതില്ല. ഇല്ലാത്തതിലൊരു പ്രയാസവുമില്ല. ക്വീൻസ് ഹോട്ടലിൻെറ മുമ്പിൽ, കള്ളുകുടിക്കാൻ മാത്രമായി തളിയിൽനിന്നു ബെപ്പൂർവരെ പോയ ആളിനു് വെറുതെ, ആമപ്പൂ പൊരി വാരി ച്ചിതറിക്കൊണ്ടു് സന്തോഷമായി ഇരിക്കാൻ കഴിഞ്ഞില്ലേ? അകത്തേക്കൊന്നു് എത്തിനോക്കാൻകൂടി കൗതുകം തോന്നിയില്ല.

തന്നെയല്ല, ഇപ്പോഠം നാട്ടിലേയ്ക്കു മടങ്ങാൻ തിടുക്കവും ആയി. അവിടെനിന്നു വന്ന കത്തുകാം ആവേശത്തിനു ചിറകു

നല്കുന്നവയായിരുന്നു. ആഗസ്റ്റ് ഒടുവാകുമ്പോഴേയ്ക്കെങ്കിലും ബ്രിട്ടീഷുകാർ ഒഴിഞ്ഞുപോവുകയും, രാജ്യം സ്വതന്ത്രമാകാൻ പോകുന്നു, നാരായണൻകുട്ടിയേട്ടൻ, ഉത്സാഹത്തോടെ എഴുതിയിരുന്നു. നാരായണൻകുട്ടിയേട്ടന്റെ ആറെസ്സെസ്സും മുസ്ലീംസിന്റെ എംഎസ്സ് എസ്സും തമ്മിൽ ഷൊർണ്ണൂർ കുററിപ്പുറം ഭാഗത്തുവച്ചു ചില ഏററുമുട്ടലുകൾ നടന്നുവരുന്നുണ്ടെന്നു് ദാമുവിന്റെ കത്തിൽനിന്നും മനസ്സിലായി.

രാഷ്ട്രീയസമരത്തിലൊന്നും വലിയ താല്പര്യമില്ലായിരുന്നു. എന്നാലും ഇൻഡ്യ സ്വതന്ത്രമാകാൻ പോകുന്നു എന്നു കേട്ടപ്പോൾ കഴിയുന്നതും വേഗം അങ്ങെത്തണമെന്നു് ഉത്സാഹം തോന്നി. ഒടുവിൽ അച്ഛനോടു് തനിക്കിനി പോകണമെന്നു പറഞ്ഞു. അച്ഛൻ പാസ്സ്പോട്ടിനും ടിക്കററുകൾക്കും ഏർപ്പാടു ചെയ്തു.

രണ്ടാഴ്ചകൂടിയേ വേണ്ടൂ, മടങ്ങാം. വന്നപ്പോഴത്തെപ്പോലെ ക്ലാന്തനായിട്ടല്ല, അതിലധികം ഉത്സാഹത്തോടെയാണു മടങ്ങുന്നതു്. മനശ്ശാന്തിയോടെ. ചെറിയമ്മയുടെ പ്രശ്നത്തിൽ മാത്രം ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

അവരെ ചെന്നു കാണണമോ വേണ്ടയോ എന്നതാണു പ്രശ്നം. ചെന്നു കാണുകയാണു് മനുഷ്യത്വം, മര്യാദ. പക്ഷേ എങ്ങനെ കാണാൻ കഴിയും? എങ്ങനെ അവരോടു സംസാരിക്കാൻ കഴിയും? സ്നേഹം നടിക്കണം, അതു ഞെരുക്കമുള്ള കാര്യമാണു്. അമ്മയുടെ സ്ഥാനത്തു് അവരെ, വയ്യ, അവരെ ദർശിക്കാൻ തനിക്കു വയ്യ. കുറെ ദിവസത്തേയ്ക്കു മനസ്സിൽ നല്ലൊരു വടംവലിതന്നെ നടന്നു. പുറപ്പെടേണ്ട ദിവസം അടുത്തുകൊണ്ടിരുന്നു. ഒരിക്കൽക്കൂടി കാണ്ടിയിൽച്ചെന്നു ദർശനം നടത്തി, പെരാദിനിയായിൽ മൂന്നാമതൊരിക്കൽക്കൂടിപ്പോയി, സാച്ചായോടും അബ്ദുല്ലയോടും ഹോട്ടല്ക്കാരൻ അപ്പാമിയോടും ഒക്കെ ചെന്നുകണ്ടു യാത്രയും പറഞ്ഞു. ഏററവുമൊടുവിൽ ചെറിയമ്മയെ ചെന്നു കാണുകതന്നെയെന്നു തീരുമാനിച്ചു.

കുറെ ദിവസം കൂടിയിട്ടു് അച്ഛനെ കണ്ടിരുന്നില്ല. അന്നു രാവിലെ അച്ഛൻ സ്റ്റോറിൽവന്നു. ചെറിയമ്മയുടെ താമസസ്ഥല

ത്തേയ്ക്കുള്ള വഴി ചോദിച്ചു. അപ്പോഴാണ്, അച്ഛൻ പറയുന്നു, ബാലൻ അങ്ങോട്ടു പോകേണ്ട.

അലോഹ്യം കരുതിയാവുമെന്നു വിചാരിച്ചു. പറഞ്ഞുവന്നപ്പോഴോ, ചെറിയമ്മ കഴിഞ്ഞ ഒരാഴ്ചയിലധികമായി പനിപിടിച്ചു കിടപ്പിലാണ്.

എന്നാൽ നിശ്ചയമായും ഞാൻ പോകുന്നു, എന്നു ബാലന്റെ നിലപാട്. ഒടുവിൽ അച്ഛൻ പറഞ്ഞു, അവക്ക് മസൂരിയാണ്, വളരെ കടുത്ത മസൂരി!

മൂന്നാംദിവസം യാത്ര തിരിക്കേണ്ടതാണ്. വഴിയിൽവച്ചു വല്ലതും സംഭവിച്ചാൽ അപകടമാണ്. സൂക്ഷിക്കുന്നതാണു നല്ലതു്, ആകയാൽ അറിഞ്ഞുകൊണ്ടു് അങ്ങോട്ടു പോകാതിരിക്കയാണ് നല്ലതു്.

പക്ഷേ ബാലൻ അന്നു പോവുകതന്നെ ചെയ്തു. അപ്പോഴും ആറിക്കഴിഞ്ഞിട്ടില്ലാത്ത തലവേദനയും കുളിരും കിടുകിടുപ്പുമായി തന്റെയും തന്റെ ഭത്താവിന്റെയും വകയിലുള്ള സകലമാന ദേവാസുരപിശാചുക്കളെയും മൂത്തികളെയും വിളിച്ചു കരഞ്ഞും ഞരങ്ങിയും കിടക്കപ്പായയിൽക്കിടന്നുരുളുകയായിരുന്ന ആ സ്ത്രീ ബാലനെ കണ്ടതും കിടക്കവിരിപ്പു തലവഴി വലിച്ചിട്ടു. ബാലൻ അനുനയം പറഞ്ഞും, സാന്ത്വനവാക്കുകൾ പ്രയോഗിച്ചും, ഒടുവിൽ ഈ രോഗം അത്ര സാരമൊന്നുമല്ല എന്നു് അവരെ ബോദ്ധ്യപ്പെടുത്താൻകൂടി വേണ്ടി അവരുടെ അടുത്തു ചെന്നിരുന്നും തന്നാലാവുംവിധം അവരുടെ വേദനയാററാൻ തനിക്കാകുന്നതു ചെയ്തു. ഏറെനേരമവിടെ ഇരുന്നു വത്തമാനം പറഞ്ഞിട്ടാണ്, നാലാന്നാൾ യാത്രയാകുന്നു എന്നു് അവരോടു വിടവാങ്ങിയതു്. ഇറങ്ങുമ്പോൾ ബാലചന്ദ്രന്റെ മുഖം പ്രശാന്തഗംഭീരമായിരുന്നു. ഹൃദയം ശാന്തവും.

പക്ഷേ മൂന്നാംദിവസം യാത്ര പുറപ്പെടാൻ മാത്രം തരപ്പെട്ടില്ല. എല്ലാ ഒരുക്കങ്ങളും പൂത്തിയായിരുന്നു. എന്നിട്ടും ആ യാത്ര മാററിവയ്ക്കേണ്ടിവന്നു.

തലേന്നായിരുന്നു, കലിന്ദീഗംഗയിൽ പെട്ടെന്നു വെള്ളപ്പൊക്കമുണ്ടായി. കാണ്ടി കൊളമ്പുഭാഗത്തെ അനേകമനേകം കുടിലുകാം ഇങ്ങിനിത്തലയുയത്താനാവാത്തമട്ട് തകന്നടിഞ്ഞുപോയി. സ്കൂളുകളും പീടികകളും താഴ്ന്ന പ്രദേശത്തെ പലേ ബുദ്ധവിഹാരങ്ങളും മുങ്ങിപ്പോയി. രണ്ടേ രണ്ടു ദിവസമേ നിന്നുള്ളൂ വെള്ളം. പക്ഷേ വെള്ളമിറക്കമായികഴിഞ്ഞപ്പോരം, നനഞ്ഞിയ കോഴിയെല്ലുകാംപോലെ അവിടമാകെ ചിന്നിച്ചിതറിയിരുന്നു.

ഏററവും ദയനീയം അപ്പുണ്ണിക്കു പ്രിയപ്പെട്ട ആ കോളണിയുടെ കാര്യമായിരുന്നു. ഒരൊററ രാത്രികൊണ്ട് കലിന്ദീഗംഗ ആ കൊച്ചു ജനപദത്തെ ഒന്നോടെതന്നെ വിഴുങ്ങിയിരുന്നു. ഒരു പകൽ പിറന്നു, പാപികളുടെ നഗരത്തിൽ ഒരൊററ മനുഷ്യജീവിയെങ്കിലും ശേഷിച്ചിരുന്നില്ല.

പാപത്തിൻെറ കൂലി മരണമാണെന്ന ബൈബിറംവചനം ഉദ്ധരിച്ച് പെന്തിക്കോസ്തുകാർ പാപികാംക്കുവേണ്ടി പ്രാർത്ഥന നടത്തുന്ന വിവരം ബാലനറിഞ്ഞു, അതുപോലെതന്നെ പാപികളുടെ നഗരത്തിൻെറ നാടകീയമായ തിരോധാനത്തെക്കുറിച്ചുള്ള പത്തുശതം പാട്ടുപുസ്തകങ്ങളും ഉണ്ടായതും അവ ചുട്ടദോശപോലെ വിററഴിഞ്ഞതും. പക്ഷേ ബാലൻെറ കൺപീലി നനഞ്ഞിരുന്നു ആ രംഗം ഒന്നു ചെന്നു നോക്കിവരുമ്പോരം.

അവിടെ പുഴയുടെ ഗതിതന്നെ മാറിപ്പോയതായി കേട്ടു. അവിശ്വസനീയമായി തോന്നിയ ആ കാര്യം, ചെന്നു നോക്കുമ്പോരം ശരിയായിരുന്നു. കലിന്ദീഗംഗ വഴിമാറി ഒഴുകുകയായിരുന്നു. ഓടമുളയും മണ്ണുംകൂടി അടിഞ്ഞു് അവിടെ ഒരു പുതിയ ബണ്ടു് ഉണ്ടായി പുഴയുടെ പഴയ വഴിയിൽ.

ചെറിയമ്മയെ ഒരിക്കൽക്കൂടി ചെന്നു കണ്ടിട്ടാണു് ബാലൻ കാണ്ടി വിട്ടതു്. സെപ്തമ്പർ മൂന്നാംതീയതി അയാരം ഒരു പുതിയ ഇൻഡ്യയിൽ കാലുകുത്തി: സ്വതന്ത്ര ഇൻഡ്യയിൽ. പണ്ടത്തെ ബാലചന്ദ്രനായിരുന്നില്ല. പുതിയ ഒരു മനുഷ്യൻ. കരുത്തനും പ്രസന്നചിത്തനുമായ ഒരു പുതിയ മനുഷ്യൻ.

## നാലു്

# ഭൂമി ഉരുണ്ടിരിക്കുന്നു!

തന്നാലാവുംവിധം വീട്ടുകാരെയും ബന്ധുജനങ്ങളെയും നാട്ടുകാരെയും സഹായിക്കാൻ അവസരംനല്കുന്ന ഏതെങ്കിലുമൊരു പ്രസ്ഥാനത്തിലേർപ്പെട്ടു ജീവിക്കണമെന്നായിരുന്നു സിലോണിൽനിന്നു മടങ്ങുമ്പോഴത്തെ ബാലൻെറ ആലോചന. എന്തെങ്കിലും ഒരു പണിവേണം. എന്തു പണി? ക്ലാക്കിങ്ങെന്നു പറയുന്നതു് ഒരു പാഴ്‌വേലയാണെന്നു ബർണാഡ്ഷാ പറഞ്ഞതു സമ്മതിക്കാൻ താനും തയ്യാറായിരുന്നു. മംഗലാപുരത്തു് രണ്ടു മൂന്നു വർഷം ഉദ്യോഗം ഭരിച്ചിട്ടു് എന്തു ചെയ്യാൻ കഴിഞ്ഞു? കുറെ ശമ്പളം പററി. അതെല്ലാം തിന്നു തുറി. ഒരിക്കൽമാത്രം തീവണ്ടിയാപ്പീസിൽ വിളക്കുകൾ കത്തിക്കേണ്ടതാവശ്യമാണെന്നു് മേലുദ്യോഗസ്ഥനോടു പറഞ്ഞു. അതിൻെറ പേരിൽ അയാളുമായി വഴക്കും ആയി.

ഒരദ്ധ്യാപകനാവാനാണു് ശരിയായ മോഹമുണ്ടായതു്. അജ്ഞതയെ ദൂരീകരിക്കാൻ, കുരുന്നു മനസ്സുകളിൽത്തന്നെ നന്മയോടും വെളിച്ചത്തിനോടും അഭിമുഖമുണ്ടാക്കാൻ അദ്ധ്യാപകനു കഴിയുന്നതുപോലെ വേറെ ആക്കു കഴിയും? തന്നെയല്ല മററൊന്നിലുമില്ലാത്ത ഒരു സ്വച്ഛതയും ശാന്തിയുമുണ്ടു് ആ തൊഴിലിൽ. പക്ഷേ അദ്ധ്യാപകനാവണമെങ്കിൽ ട്രെയ്നിങ്ങ് കഴിക്കണം, വിദ്യാഭ്യാസം പൂർത്തിയാക്കിയിരിക്കണമെന്നർത്ഥം. താനോ, പഠിപ്പു പൂർത്തി

യാക്കിയിട്ടില്ല. അന്നു ചാടിപ്പുറപ്പെട്ടുപോയി. ഇപ്പോഴത്തു് തെറ്റായിപ്പോയെന്നു തോന്നി.

അപ്പോൾ ഇനി നാട്ടിൽച്ചെന്നിട്ടു് പഠിപ്പു് ഒന്നു തുടങ്ങാലോ എന്നാലോചിച്ചു. ഈ പ്രായത്തിൽ പഠിക്കാൻ ചെല്ലുമ്പോൾ ആളുകൾ കളിയാക്കുമായിരിക്കും. സാരമില്ല. പണ്ടത്തെപ്പോലെ കൂട്ടംകൂടാനും പോക്കിരിത്തരങ്ങൾ കാട്ടി വിലസി നടക്കാനുമല്ല, ശ്രദ്ധാപൂർവ്വം വിദ്യാഭ്യാസംചെയ്യാനാണു് താൻ പോവുക. അപ്പോൾ ആരു പുച്ഛിച്ചാൽ തനിക്കെന്തു്? പക്ഷേ പഠിപ്പിനു പണം വേണമെന്നോർത്തപ്പോൾ ആലോചന അവിടെ നിന്നു. എന്തായാലും ചെറുതുരുത്തിപോലെ വല്ല ഗ്രാമപ്രദേശത്തും സ്വസ്ഥമായി കഴിഞ്ഞുകൂടുകയാണു് തനിക്കാവശ്യമെന്നു തോന്നി.

ഇടയ്ക്കു് എന്തെങ്കിലും സാമൂഹ്യപ്രവർത്തനമെന്നു് ഒരാലോചനയും ഉണ്ടാവാതിരുന്നില്ല. എന്തെല്ലാം പ്രശ്നങ്ങളുണ്ടു് നാട്ടിൽ? ദാരിദ്ര്യം, രോഗം, അന്ധവിശ്വാസങ്ങൾ, അജ്ഞത എന്തെല്ലാം! പക്ഷേ പെട്ടെന്നുതന്നെ തന്റെ അഭിലാഷം അന്യായമാണെന്നും തോന്നി. താൻ ജോളിയായി സിനിമാ കണ്ടു നടന്ന കാലത്തു്, ബാലഗോപാലനും നെടുങ്ങാടിയും രാജ്യം നന്നാക്കാൻ അടിയും ഇടിയും കൊണ്ടു. ഇന്നിപ്പോൾ മററുള്ളവരുടെ ചോരയുടെയും വിയർപ്പിന്റെയും നേട്ടം, സ്വാതന്ത്ര്യം, അതാസ്വദിക്കാൻ, അതിൽ കൃഷിയിറക്കാൻ താനെന്തായാലും പൊയ്ക്കൂടാ, ബാലനു തോന്നി. തന്നെയല്ല, നാരായണൻകുട്ടിയേട്ടനെപ്പോലെ സന്തോഷമായി കഴിഞ്ഞുകൂടുന്ന മനുഷ്യരുടെയിടയിൽ വിദ്വേഷവും അമർഷവും വളർത്തിവിടാൻ പാടുപെടുകയും, പിന്നെ അതിനെ മഹത്തായ ദേശസേവനമെന്നു വിളിക്കുന്നതും അർത്ഥശൂന്യമാണെന്നും ബാലനു വ്യക്തമായ അഭിപ്രായമുണ്ടായിരുന്നു.

അങ്ങനെ പദ്ധതികളും മനോരാജ്യങ്ങളുമായി വീടെത്തി. അച്ഛനു് അവിടെ വലിയ അസുഖമൊന്നുമില്ല, ഓരോ അസൗകര്യം വന്നുപെടുന്നതുകൊണ്ടാണു് യാത്ര വീണ്ടും വീണ്ടും നീട്ടിവയ്ക്കുന്നതു് എന്നു പറഞ്ഞു. അമ്മയെ സമാധാനിപ്പിക്കാനായിരുന്നു

അതെല്ലാം. മുത്തശ്ശിക്ക സിലോൺ വർത്തമാനം കേട്ടാലും കേട്ടാലും മതിയാകുന്നില്ല. അവരോട് സിലോണിലെ വിവരങ്ങൾ പറഞ്ഞുകേൾപ്പിക്കാൻതന്നെ രണ്ടു മൂന്നു ദിവസമെടുത്തു. പാട്ടക്കാരൻ ചാമിയുമായി ചില കാര്യങ്ങൾ പറഞ്ഞുതീർക്കാനുണ്ടായിരുന്നു. അതും, ചാമിയെത്തന്നെ പറഞ്ഞു ശട്ടംകെട്ടിച്ച് ഒരാളെ വരുത്തി തൊടിയും പറമ്പുമൊക്കെ ഒന്നു 'തരാക്കി'യെടുക്കാനും പിന്നെ നാലഞ്ചു ദിവസം വേണ്ടിവന്നു. അതും ഒക്കെ ചെയ്യിച്ചു. അമ്മയ്ക്കു് പണ്ടത്തേതിലൊക്കെക്കവിഞ്ഞ വിളർച്ചയും ക്ഷീണവും കണ്ടു. എന്താണ് സംഗതിയെന്നു ചോദിച്ചിട്ട് അവരൊന്നുംതന്നെ പറയില്ല. മുത്തശ്ശിതന്നെയാണു കാര്യം പറഞ്ഞതു്:

'ഓളുക്ക് ശ്ശി കാലായി കുറേശ രക്തം പോണൊണ്ട്.'

നല്ല കഥ! രക്തംപോകാണ് സുഖക്കേട്. എന്നിട്ടും യാതൊന്നും ചെയ്യിച്ചിട്ടില്ല.

'ശങ്കരന്നായര് പോയേപ്പിന്നെ ആ പണിക്കനെ ഒന്നു കൊണ്ടുവരാനുംകൂടി ഇൗടെ ആളില്ലാതായി.'

മുത്തശ്ശിയും അമ്മയുംകൂടി വച്ച പരാതിയാണ്. ഇതിൽ പണിക്കരെന്തുചെയ്യാനാണ്? വല്ല ഡോക്ടർമാരെയും വിളിച്ചു കാട്ടണം, അത്രതന്നെ. അതേ വേണ്ടൂ. പിന്നീട് അമ്മയെ പറഞ്ഞു സമ്മതിപ്പിച്ച് ഡോക്ടരുടെ അടുത്തേയ്ക്കൊന്നു കൊണ്ടുപോകാനുള്ള തിരക്കായിരുന്നു. മൂന്നു പകലും രാത്രിയും തർക്കിച്ചിട്ടാണ് ഒടുവിൽ അമ്മ സമ്മതിച്ചതു്. അന്ന് അവരെ പട്ടാമ്പിക്കടുത്തുവരെ കൊണ്ടുപോയി. പട്ടാമ്പിയിൽ പ്രസിദ്ധനായ ഒരു ഡോക്ടരുണ്ടായിരുന്നു.

ദാമുവിനെ ഇതിനൊന്നും ബുദ്ധിമുട്ടിക്കേണ്ട എന്നു കരുതി. തന്നെയല്ല, അവൻ തീരെ കുട്ടിയല്ലേ? അവൻ അവന്റെ വായനയും എഴുത്തുമായി കഴിഞ്ഞോട്ടെ, ഏട്ടൻ കരുതി. നവലോകത്തിലും മദിരാശിയിൽനിന്നിറങ്ങുന്ന ഏതോ വാരികയിലുമൊക്കെ തന്റെ കവിതകൾ വരാൻതുടങ്ങിയിരിക്കുന്നു എന്നു് ദാമു പറഞ്ഞു കേൾപ്പിച്ചപ്പോൾ സ്നേഹംനിറഞ്ഞ ആ ഏട്ടന് എന്തെന്തു്

ആനന്ദമുണ്ടായി! തന്റെ അനിയൻ വലിയൊരു ആളായിത്തീരുമെന്ന ഒരു വിശ്വാസവും എന്തോ, ആ ഏട്ടനു് അന്നുതന്നെ ഉണ്ടായിരുന്നു.

അങ്ങനെ ഗൃഹകാര്യങ്ങളിൽകുടുങ്ങി രണ്ടുമൂന്നാഴ്ചക്കാലം കഴിഞ്ഞപ്പോഴേയ്ക്കാണു് തന്റെ പരിപാടികളൊക്കെ ഇനിയും വെറും സങ്കല്പങ്ങളായിത്തന്നെ ഇരിക്കയാണെന്നു് ബാലനു് ഓർമ്മ വന്നതു്. തനിക്കുവേണ്ടിയും മററുള്ളവർക്കുവേണ്ടിക്കൂടിയും, താനിങ്ങനെ നരിച്ചീറിന്റെമാതിരി വീട്ടിലെ അറയിലിരുന്നാൽ പററില്ല എന്നു് ബാലൻ പറഞ്ഞു.

'എന്താച്ചാ, നിയ്യു് പറയ്.'

അവർക്കൊക്കെ അക്കാര്യത്തിൽ അത്രതന്നെയേ പിടിപാടുണ്ടായിരുന്നുള്ളു.

ഒടുവിൽ, താനെന്തായാലും കോഴിക്കോടുവരെ ഒന്നു പോയിവരാമെന്നും പിന്നീടു് പരിപാടികളൊക്കെ നിശ്ചയിക്കാമെന്നും പറഞ്ഞു് ബാലൻ യാത്രയായി.

അവിടെ ബാലന്റെ വരവു കാത്തിട്ടെന്നപോലെ ഒരു പ്രസ്ഥാനം പിറവിയെടുക്കാൻ തിടുക്കപ്പെട്ടു് കൈകാൽ കുടയുകയായിരുന്നു. ഗർഭത്തിലെ ഒരു ശിശുവെന്നപോലെ. വെളിച്ചത്തിനും പ്രാണവായുവിനുംവേണ്ടി ആർത്തിപൂണ്ടു്, ആശ പൂണ്ടു.

## 2

തന്റെ സഖാവും സന്തതസഹചാരിയും ഒരർത്ഥത്തിൽ ആചാര്യൻതന്നെയുമായിരുന്ന ബാലചന്ദ്രൻ പഠിപ്പുനിർത്തി പോയതിൽപ്പിന്നീടു് കുറെക്കാലത്തേയ്ക്കു് മൗനിയും ഏകാകിയുമായിക്കഴിഞ്ഞിരുന്നെങ്കിലും കുഞ്ഞനന്തൻ പിന്നീടു് വിദ്യാർത്ഥിപ്രസ്ഥാ

നത്തിൻെറ മുൻനിരയിൽത്തന്നെ എത്തിപ്പെട്ടുകയുണ്ടായി. സ്വാനുശ്രയം കൊണ്ടൊന്നുമല്ല. അന്നത്തെ ആവശ്യം അതായിരുന്നു, അത്രതന്നെ.

ടെണ്ടങ്ങാടിയും ബാലഗോപാലൻനായരും, ക്രിസ്ത്യൻകോളജിലെ നേതാക്കന്മാരും ഒക്കെത്തന്നെ ഒരൊററ ആഴ്ചയ്ക്കുള്ളിൽ ജയിലിലായി. പോലീസുകാരുടെ അടികൊണ്ടു് ഗോകുലൻ ചാവുകയും ചെയ്തു. കേളപ്പനും സി. കെ. ജി.യും, എ. കെ. ജി. ഈയെമ്മസ്, കൃഷ്ണപിള്ള തുടങ്ങിയ സോഷ്യലിസ്റ്റ് നേതാക്കന്മാരും വിദ്യാർത്ഥികളുടെയിടയിൽ പ്രവർത്തകരില്ലാതായിക്കൊണ്ടിരുന്ന സ്ഥിതിവിശേഷത്തിൽ അത്യധികം ഉല്ക്കണ്ഠപ്പെട്ടുകയും ചെയ്തിരുന്നു അക്കാലത്തു്. ആ സാഹചര്യത്തിലാണ്, കുഞ്ഞനന്തൻ വിദ്യാർത്ഥിപ്രസ്ഥാനത്തിൻെറ നേതൃത്വത്തിലേയ്ക്കുയർന്നതു്. അതിനിടയിൽ ഒരു പ്രണയവിവാഹവും. കുഞ്ഞനന്തൻെറയും പഠിപ്പ് അങ്ങനെയങ്ങവസാനിച്ചു. അയാളും ഒരു ഫുൾടൈം രാഷ്ട്രീയ പ്രവർത്തകനായി.

സ്വാതന്ത്ര്യലബ്ധിയുടെ അടുത്തകാലംവരെയും കുഞ്ഞനന്തൻ അവിടെത്തന്നെ ഉണ്ടായിരുന്നു. കോൺഗ്രസ്സിൻെറകൂടെ. പക്ഷേ സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോഴേയ്ക്കു സ്ഥിതി മാറി. ലക്ഷ്മിക്കുട്ടിയമ്മമാർ പിൻനിരയിലേയ്ക്കു തള്ളപ്പെട്ടു, വേറെ ചില പുത്തൻ കൂററുകാർ അവരുടെ സ്ഥാനങ്ങളിലേയ്ക്കു കടന്നുവന്നു. അവസരവാദികളായ രാഷ്ട്രീയഭാഗ്യാന്വേഷികൾ. അവരിൽ, സാമൂതിരി കോളേജ്നടയിൽവച്ചു് പോലീസുകാരുടെ കൈയിൽ കുടുങ്ങിയതുതന്നെ എന്നായപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കീ ജയ് എന്നു് ആകാശം ഇടിഞ്ഞുവീഴുമാറു് മുദ്രാവാക്യം വിളിച്ച പോക്കററടിക്കാരൻ മീഞ്ചന്ത മൂസവരെ ഉണ്ടായിരുന്നു.

സ്വാതന്ത്ര്യത്തിൻെറ വില ജാഗ്രതയാണ് എന്നു് പലരും പറയുന്നതു കേട്ടിരുന്നു. അതെക്കുറിച്ചു് സാമാന്യം വ്യക്തമായ ബോധവും കുഞ്ഞനന്തനുണ്ടായിരുന്നു. അതുകൊണ്ടു്, മുമ്പെന്നത്തിലും അധികം ശ്രദ്ധയോടെ, കണ്ണിലെണ്ണയൊഴിച്ചുതന്നെ

സാമാന്യജനങ്ങളും രാഷ്ട്രീയനേതാക്കന്മാരും വരുംകാലത്തു് കഴി ഞ്ഞേത മതിയാകൂ എന്നും മററുപലരെയുംപോലെ കുഞ്ഞനന്തനും അഭിപ്രായമുണ്ടായിരുന്നു. നിർഭാഗ്യവശാൽ അന്നത്തെ കാലാവസ്ഥ അതിനൊന്നും അനുകൂലമായിരുന്നില്ല. അധികാരസ്ഥാനങ്ങളി ലെത്തിയ ഒന്നാംകിടക്കാർക്കു് സത്യസന്ധരായ കോൺഗ്രസ് പ്രവർത്തകരുടെ അഭിപ്രായങ്ങളെക്കാളധികം പ്രിയമായി തോന്നി യിരുന്നതു് അവസരവാദികളുടെ ജയ ജയ വിളി ആയിരുന്നു.

പത്രങ്ങളെങ്കിലും അധികാരസ്ഥാനത്തിരിക്കുന്നവരെ മുഖം നോക്കാതെ വിമർശിക്കുകയും, അവരുടെ തെററുകൾ ചൂണ്ടിക്കാണി ക്കുകയും ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു. പക്ഷേ അവിടെയും കഥ മററൊന്നായിരുന്നില്ല. നീതിയുടെ ഭാഗത്തുതന്നെ നില്ക്കാ നുള്ള ധീരതയും സേവനപാരമ്പര്യവും ഉണ്ടായിരുന്ന പത്രങ്ങൾ തന്നെ സർക്കാരിൽനിന്നു് കൂടുതൽ കടലാസ് ക്വോട്ടായും, കൂടുതൽ പരസ്യങ്ങളും നേടി ബിസിനസ് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യ ത്തിലാണു് കൂടുതൽ ശ്രദ്ധ വച്ചതു്.

കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ധീരന്മാരാണു്. എന്നാലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ചെന്നുപെടാൻ കുഞ്ഞനന്തനു താല്പര്യം തോന്നിയിരുന്നില്ല. സ്വാതന്ത്ര്യസമരത്തിൻെറ അന്ത്യ ഘട്ടമായപ്പോഴേയ്ക്കും അവരുടെ പാർട്ടി എടുത്ത നിലപാടു് അത്ര തന്നെ ദേശസ്നേഹപരമായിരുന്നു എന്നു് കുഞ്ഞനന്തനു തോന്നി യില്ല. തന്നെയല്ല, കമ്മ്യൂണിസ്റ്റുകാർ പ്രചരിപ്പിക്കാൻ തുടങ്ങിയി രുന്ന ഉടൻകൊല സിദ്ധാന്തവും ആസിഡ്ബോംബുപരിപാടികളും അയാളെപ്പോലെ ആത്മാർത്ഥതയുള്ള ഒരു ഗാന്ധിസ്റ്റിനു് അംഗീ കരിക്കാവുന്നതായിരുന്നില്ല.

കോൺഗ്രസ്പ്രസ്ഥാനത്തെ തീരെ ഉപേക്ഷിക്കുക സങ്കടം, അധികാരത്തിലിരിക്കുന്ന പുത്തൻകൂററുകോൺഗ്രസ്സുകാർക്കു സേവ പറഞ്ഞുകൂടാൻ തയ്യാറായിരുന്നില്ലതാനും.

അങ്ങനെ വന്നപ്പോഴാണു് താനായിട്ടു് ഒരു സ്വാതന്ത്ര്യദിന പ്പത്രം തുടങ്ങിയാലെന്തെന്ന ആലോചന കുഞ്ഞനന്തനുണ്ടായതു്.

കൂടുതൽ ആലോചിച്ചപ്പോഠം അതു കൂടുതൽ സ്വീകാര്യമായ ഒരാശയമെന്നു തോന്നി. ഉപ്പിനും ചോറിനുംവേണ്ടി ആരെയും ആശ്രയിക്കേണ്ട തനിക്കു തൻെറ ആശയങ്ങഠംക്കുവേണ്ടി വാദിക്കുകയും ചെയ്യാം. പക്ഷേ ദുർഘടങ്ങഠം ഉണ്ടു്. കുഞ്ഞനന്തനു് അതു് അറിയാഞ്ഞയുമില്ല. ഒരു പത്രത്തിനു് ഡിക്ലറേഷൻ കൊടുക്കുന്നേടം തൊട്ടു്, അതിൻെറ ആദ്യലക്കം അടിച്ചു പുറത്താക്കുന്നതുവരെ കുറച്ചൊന്നുമല്ല ജോലി. ഒരിക്കൽ ഒന്നാരംഭിച്ചുകഴിഞ്ഞാൽ അതു തുടർന്നുകൊണ്ടുപോകുകയും അതിലധികം ബുദ്ധിമുട്ടുള്ള കാര്യമാണു്. മാലാഖമാർ കാലുകുത്താനറയ്ക്കുന്നിടത്തു വിഡ്ഢികഠം ചാടിക്കയറുന്നു എന്നിത്തരം വേദാന്തങ്ങഠം സ്നേഹിതർ പറഞ്ഞുകേഠംക്കാതെയുമിരുന്നില്ല.

എന്തെല്ലാമായാലും കുഞ്ഞനന്തൻെറ നിശ്ചയത്തിനു് ഇളക്കമുണ്ടായില്ല. കിട്ടാവുന്ന എല്ലാ വഴികളിൽനിന്നും പത്രത്തിൻെറ ആവശ്യത്തിനുവേണ്ട പണം സംഭരിക്കാനുള്ള യത്നം ആരംഭിച്ചു അയാഠം. പത്രം കൃത്യസമയത്തുതന്നെ അടിച്ചുകൊടുത്തുകൊള്ളാമെന്ന ഉറപ്പു് ത്കൊടികാരൻ കേളുവിൽനിന്നു കിട്ടി. ആവശ്യത്തിനു പത്രക്കടലാസ് തന്നുകൊള്ളാമെന്നു് ചെട്ടിയാരിൽനിന്നു മറെറാരു വാഗ്ദാനവും. താൻ ഒററയ്ക്കു മതിയോ ഇതിൻെറ എല്ലാക്കാര്യവും അന്വേഷിക്കാൻ എന്നു സംശയമായി. ഒരു സഹായിയെ തിരഞ്ഞു കുറെ നടന്നു. ആരുമില്ലെങ്കിൽത്തന്നെയും പത്രം തുടങ്ങണമെന്നുതന്നെ ആയിരുന്നു വിചാരം, പ്രൂഫ്നോട്ടവും എഡിറേറാറിയലെഴുത്തും, പരസ്യം പിടിക്കലും എല്ലാമെല്ലാം കൂടി ഒരാഠം, ഹായ് അതെങ്ങനെ നടക്കാനാണു്? എന്നുവച്ചു് ഇപ്പോഴിതിട്ടു പോകാൻ പററുമോ? എല്ലാവർക്കും ഇന്ന ശമ്പളം ഓരോ ഒന്നാംതിയ്യതിയും കൊടുത്തുകൊള്ളാമെന്നു വല്ലതും വെറുതെ എനിക്കങ്ങു പറയാൻ കഴിയുമോ?

കുഞ്ഞനന്തൻ അങ്ങനെയൊക്കെ ആലോചിച്ചുകൊണ്ടു് സ്റ്റേഷൻ റോട്ടിലൂടെ നടന്നുപോകുമ്പോഴാണു്, ആരോ വരുന്നതു്?

'ബാലൻ!'

'ഹല്ലോ, അനന്തൻ!'

ബാലൻെറ കൈയിൽ ഒരു ചെറിയ ബാഗ്ഗേജായിരുന്നു. അതിൻെറ പിന്നാലെ അടുത്തുകൂടി, ഞാനെടുക്കാം സാർ, ഞാനെടുക്കാം സാർ എന്നു പറഞ്ഞു കിണുങ്ങിക്കൊണ്ട് ഒരു ചന്തച്ചെറുക്കനും ഉണ്ടായിരുന്നു. ഇരുപത്തിയെട്ടാംദിവസം ആ ചന്തച്ചെറുക്കൻതന്നെ അവരെ രണ്ടാളെക്കണ്ടെത്തു്, പുതിയ പത്രത്തിൻെറ സാറന്മാരായിട്ടാണ്. പത്രാധിപന്മാരായിട്ട്, 'പ്രഭ' ദിനപ്പത്രത്തിൻെറ പത്രാധിപന്മാരായിട്ട്.

# 3

പത്രപ്രവൎത്തനത്തിൻെറ കുടുക്കുമസാലകൾ സാഹസികന്മാരായ ആ പത്രാധിപന്മാൎക്ക് അറിവില്ലായിരുന്നു. അവൎക്ക് ഒന്നുമാത്രം അറിയാമായിരുന്നു, രാജ്യത്തു നടക്കുന്ന സംഭവങ്ങൾ ചിന്താശീലരായ മനുഷ്യരുടെ കാതുകളിലും മനസ്സുകളിലും കൊണ്ടെത്തിക്കുകയാണ് തങ്ങളുടെ ഉത്തരവാദിത്വമെന്ന്.

വളരെ ബുദ്ധിമുട്ടിയാൽ കോഴിക്കോട്ടു പട്ടണത്തിൽ നടക്കുന്ന സംഭവങ്ങൾ എല്ലാംതന്നെ ശേഖരിക്കാമെന്നുതന്നെ വയ്ക്കുക. എന്നാലും ലോകം എന്നു വച്ചാൽ കോഴിക്കോടു പട്ടണം എന്നല്ലല്ലോ അർത്ഥം. ലോകത്തിൻെറ ഏതെല്ലാമോ ഭാഗങ്ങളിലായി എന്തെല്ലാമോ സുപ്രധാനസംഭവങ്ങൾ നടക്കുന്നു. അതെല്ലാംകൂടി ചേൎക്കുമ്പോഴല്ലേ പത്രം പത്രമാകൂ.

അതിനു് പി. ടി. ഐ.യെയും റോയിട്ടറെയും ഒക്കെത്തന്നെ ആശ്രയിക്കുകയല്ലാതെ വഴിയില്ല. ആ വഴിക്കു വാൎത്തകൾ യഥാസമയംതന്നെ കിട്ടണമെങ്കിൽ അതിനു ടെലിപ്രിൻറർ സൗകര്യം കൂടിയേ കഴിയൂ. ടെലിപ്രിൻറർ മെഷീൻ ഏൎപ്പെടുത്തുക അത്ര എളുപ്പമുള്ള കാര്യമല്ലായിരുന്നുതാനും.

15

വാസ്തവത്തിൽ ആദ്യമൊക്കെ പ്രാദേശികവാർത്തകൾക്കുതന്നെയേ വേണ്ടത്ര പ്രാധാന്യം കൊടുക്കാൻ കഴിഞ്ഞുള്ളു. അന്താരാഷ്ട്രീയസംഭവങ്ങൾ മററു പത്രങ്ങളിൽ വന്നതിനു ശേഷമായിരിക്കും 'പ്രഭ'യിൽക്കാണുക. പലപ്പോഴും കോഴിക്കോട്ടുനിന്നുതന്നെ ഇറങ്ങുന്ന മറെറാരു പത്രത്തിൽനിന്നു്.

അന്നു് കോഴിക്കോട്ട് വളരെ തറവാടിത്തമവകാശപ്പെടുന്ന വേറെയും ഒന്നു രണ്ടു പത്രങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യസമരകാലത്തു് ജനജിഹ്വയായിത്തന്നെ നിലനിന്ന, അതിൻെറതന്നെപേരിൽ പല അടിച്ചമർത്തൽ സംരംഭങ്ങളിലുംപെട്ടു് പരിക്കു പററുകയും ചെയ്യേണ്ടിവന്ന ഒന്നു രണ്ടു പത്രങ്ങൾ; കാഹളം, പൗരനാദം. പക്ഷേ മുമ്പു പറഞ്ഞതുപോലെ സ്വാതന്ത്ര്യാനന്തരകാലത്തു് ഏററവും വലിയ ജനശത്രുക്കളും അവതന്നെ ആയിരുന്നു. മിക്കപ്പോഴും അന്താരാഷ്ട്രീയ സംഭവങ്ങൾ മാത്രമേ ആ പത്രങ്ങളിൽ കാണുമായിരുന്നുള്ളു. ചൈനയിൽ ക്ഷാമമുണ്ടായിരിക്കുന്നു, റഷ്യയിൽ തീവണ്ടിയപകടം, പാരിസിൽവച്ചു് അമേരിക്കനും ഇംഗ്ലീഷും രാഷ്ട്രത്തലവന്മാർ ഒരേ സിഗരററ്കെയ്സിൽനിന്നു് സിഗരറെറടുത്തു വലിക്കുന്നു എന്നിത്യാദി. ഇവിടത്തെ ജീവിതം എന്താകുന്നു, ഇവിടത്തെ ഏതെല്ലാം ഗ്രാമങ്ങളിൽ പട്ടിണികിടന്നു മനുഷ്യർ ചത്തൊടുങ്ങുന്നു, അതേ സമയംതന്നെ എത്രയെത്ര കരിഞ്ചന്തക്കേസ്സുകൾ പോലീസുകാരും മന്ത്രിമാരുൾപ്പടെയുള്ള ജനനേതാക്കളുംകൂടി ഇടപെട്ടു് ഒതുക്കിത്തീർക്കുന്നു, ഈവക കാര്യങ്ങളൊന്നും വിശാലമനോവിശാലതയോളം വളൻ മേല്പടി പത്രങ്ങൾക്കു ശ്രദ്ധിക്കാനേ നേരമുണ്ടായിരുന്നില്ല. സത്യമോ, പത്രമാപ്പീസിൽ വിവരമൊന്നും എത്താതിരുന്നില്ല. പക്ഷേ അതൊന്നുമങ്ങനെ പറയാൻ അവർ താല്പര്യം കാട്ടിയില്ലെന്നുമാത്രം.

അങ്ങനെയിരിക്കെയാണു് പ്രധാനമായും പ്രാദേശികവാർത്തകളെയും, പിന്നീടു് ദേശീയസംഭവങ്ങളെയും അതെല്ലാം കഴിഞ്ഞിട്ടുമാത്രം സാർവ്വദേശീയ സംഭവ വികാസങ്ങളെയും വിവരിക്കുന്ന ഒരു പത്രത്തിൻെറ, 'പ്രഭ'യുടെ പുറപ്പാടു്. വിശാലമല്ലാ

യിരുന്നിരിക്കാം ആ കാഴ്ചപ്പാട്, അത്രതന്നെ ഉൽക്കൃഷ്ടവും. എന്നാലും ജനങ്ങൾക്കു കൂടുതൽ പിടിച്ചതു് അതായിരുന്നു. അവർ 'പ്രഭ'യെ ഉദാരമായി പ്രോത്സാഹിപ്പിക്കാനൊരുങ്ങി.

ഒന്നിൽ മുഴുകിക്കഴിഞ്ഞാൽപ്പിന്നെ ആകാശം ഇടിഞ്ഞുവീണാലും അനങ്ങുകയില്ല, അറിയുകയുമില്ല. അതായിരുന്നു കുഞ്ഞനന്തൻെറ പ്രകൃതം. ഭാര്യ പ്രസവത്തിനു പോയിരിക്കുകയുംകൂടി ആയപ്പോഴോ, പകലും രാത്രിയും ഒരുപോലെ പത്രപ്രവർത്തനപരിപാടിയിൽ ബാലനെ സഹായിക്കാൻ അയാൾക്കു കഴിഞ്ഞു.

എന്നാൽത്തന്നെയും വീട്ടുകാര്യങ്ങൾ അത്യാവശ്യം പലതും ബാലനു് അവശ്യം ചെയ്തുതീർക്കാനുണ്ടായിരുന്നു. അമ്മയുടെ അസുഖത്തിനു കാര്യമായ ഭേദം കണ്ടില്ല. അവരെ കോഴിക്കോട്ടു കൊണ്ടുവന്നു കാണിക്കേണ്ടിവന്നു. ഇടയ്ക്കു പുതിയ പ്രിസ്ക്രിപ്ഷനും മരുന്നുകളുമായി അങ്ങോട്ടേയ്ക്കു് ഓട്ടംകയും.

ഓമുവിനെ മലബാർ ക്രിസ്ത്യൻ കോളേജിൽകൊണ്ടു ചേർക്കണമെന്നായിരുന്നു ആദ്യം തീരുമാനിച്ചതെങ്കിലും അതു നടന്നില്ല. അവിടെ സീററു കിട്ടിയില്ല. പിന്നീടു് അയാളെ പാലക്കാട്ട് വിക്ടോറിയാ കോളേജിൽ കൊണ്ടുചെന്നു ചേർത്തു. അപ്പോൾ അയാളുടെ കാര്യവും ചിലതൊക്കെ അന്വേഷിക്കണമായിരുന്നു. ഓമുവിനു പഠിത്തത്തിനു വേണ്ടുന്ന പണം അച്ഛൻതന്നെ സിലോണിൽനിന്നു് അയച്ചുകൊടുക്കുമായിരുന്നു എന്നു വയ്ക്കുക. എന്നാൽത്തന്നെയും അയാളുടെ കാര്യത്തിലും പലതും അവശ്യം ചെയ്യേണ്ടിയിരുന്നു.

ഈവക തിരക്കുകൾ എല്ലാമുണ്ടായിരുന്നെങ്കിലും കുഞ്ഞനന്തനെപ്പോലെതന്നെ, കുഞ്ഞനന്തൻെറ ഒപ്പംനിന്നു് ബാലനും അദ്ധ്വാനിക്കുന്നുണ്ടായിരുന്നു. എന്നല്ല, വീട്ടാവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന യാത്രകൾക്കിടയിൽത്തന്നെ പ്രഭയ്ക്കു് പുതിയ പുതിയ ഏജൻസികൾ ആരംഭിക്കാനും, കോഴിക്കോട്ടുനിന്നു് എത്രയോ മൈൽ അകലെക്കിടക്കുന്ന മുണ്ടൂർ ഗ്രാമത്തിലും, അതുപോലെതന്നെയുള്ള ഏതെല്ലാമോ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും അഞ്ചോ

ങ്കിൽ അഞ്ചു്, കോപ്പി കൊണ്ടുചെന്നെത്തിക്കാനും ആ യാത്രകൾക്കിടയിൽ ഏർപ്പാടാക്കാൻ ബാലനു കഴിഞ്ഞു.

അല്ലെങ്കിൽ എന്തിനു് അങ്ങനെ അവരെ രണ്ടുപേരെമാത്രം എടുത്തു പറയണം? ആപ്പീസ്ബോയ് കുട്ട്യപ്പുനമ്പ്യാരും പ്രൂഫ് റീഡർ പെരിന്തൽമണ്ണക്കാരൻ തരകനും ഉൾപ്പെടെ വയസ്സനെന്നോ ചെറുപ്പക്കാരനെന്നോ ഭേദമില്ലാതെ പ്രഭയുടെ സ്റ്റാഫ് മുഴുവനുംതന്നെ അഹോരാത്രം പണിയെടുക്കുകയല്ലായിരുന്നോ!

ഇവിടെ വേറൊരു സംഗതി എടുത്തു പറയേണ്ടിയിരിക്കുന്നു. കുഞ്ഞനന്തനും ബാലനും ചില ആദർശങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണു് ആദർശങ്ങൾക്കുമാത്രം വേണ്ടിയാണു് പത്രപ്രവർത്തനം ആരംഭിച്ചതു്. പക്ഷെ കുറെച്ചെന്നപ്പോൾ—ഇവിടെയാണു് ജീവിതത്തിലെ ഏററവും വലിയ വൈരുദ്ധ്യം—പത്രം ഉഷാറായി നടക്കണമെന്നതു മാത്രമായി അവരുടെ രണ്ടാളുടെയും പ്രധാന താല്പര്യം. പോളിസിയിൽ എന്തെങ്കിലും മാററം വന്നുവെന്നല്ല വിവക്ഷ. ഏതെങ്കിലും ഒരു കോൺഗ്രസ്സ് പ്രമാണിയുടെതന്നെ നിർദ്ദേശാനുസാരമാകട്ടെ, പതിനെട്ടോ ഇരുപതോ വയസ്സു പ്രായമുള്ള ഒരു സാധു ചെറുമൻ ജന്മിയുടെ വീട്ടിലെ അടിച്ചുതളിക്കാരിയായ അറുപത്തഞ്ചു വയസ്സുകാരി ചീരുവിനെ ബലാൽസംഗം ചെയ്തു എന്നു കള്ളക്കേസുണ്ടായാൽ അതുടൻ വലിയൊരു ബലാൽസംഗക്കേസുതന്നെയെന്ന അർത്ഥം വരത്തക്കവിധം വെണ്ടക്കയിൽ നിരത്താൻ പ്രഭപ്പത്രത്തിനു കൗതുകമില്ലതന്നെ. പറഞ്ഞുവന്നതു് അതല്ല. കുറെച്ചെന്നപ്പോൾ മത്സരത്തിൽ മററു പത്രങ്ങളെ മലർത്തിയടിക്കണമെന്നതു മാത്രമായി ബാലന്റെയും കുഞ്ഞനന്തന്റെയും ഏകവിചാരം. അപ്പോഴാണു് ഭാരതീയൻ പത്രത്തിന്റെതന്നെ ടെലിപ്രിൻററിൽനിന്നു വാർത്ത ചോർത്തിയെടുത്തുപയോഗിക്കാനും, അതുപോലെ ഭൂമിയുടെ പത്രാധിപരെ സിലോണിലെ ഹൈക്കമ്മീഷണറാക്കി അയക്കാൻ പോകുന്നു എന്ന വിവരം ഭൂമിപ്പത്രത്തിൽ വരുന്നതിനു മുമ്പായിത്തന്നെ അടിച്ചിറക്കാനും നമ്മുടെ പുതിയ പത്രാധിപന്മാർ ഒരുമ്പെട്ടതു്.

തത്വത്തിൽ അതു തെററാണ്. ഭൂമിപ്പത്രക്കാരൻ കാശുമുടക്കി സ്ഥാപിച്ചിരിക്കുന്ന ടെലിപ്രിൻറർ ഉപയോഗപ്പെടുത്തിത്തന്നെ ആ പത്രത്തെ കമ്പോളത്തിൽനിന്നു തുരത്താൻ നോക്കുക. അതു വഞ്ചനയാണ്. ഈ വഞ്ചന പാടുള്ളതല്ല എന്നു പലപ്പോഴും ബാലനു തോന്നിയിരുന്നു. പക്ഷേ കുഞ്ഞനന്തൻ, നിയ്യൊന്നു മിണ്ടാതിരി ബാലാ എന്നേ പറയുമായിരുന്നുള്ളു.

പ്രഭപ്പത്രത്തിൻെറ വളച്ച്യും പ്രചാരവും അത്ഭുതാവഹമായ വേഗതയിലായിരുന്നു. പത്രമുത്തശ്ശികാം പിരാകിയും പിറുപിറുത്തും നോക്കിനില്ക്കെ, പ്രഭ കൈയും വീശി രാജവീഥിയിലൂടെതന്നെ ഉലാത്തി. കുതകക്കാരുമായുള്ള ആ മത്സരത്തിൽ ദിവസങ്ങളും രാത്രികളും മാസങ്ങാംതന്നെയും കടന്നുപോകുന്നതു് ബാലനും കുഞ്ഞനന്തനും അറിഞ്ഞിരുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ഹരംപിടിച്ച ഒരോട്ടമായിരുന്നു അതു്. എത്രദൂരം പിന്നിട്ടിരിക്കുന്നു എന്നുതന്നെ ഓർമ്മിക്കാത്ത ഉഷാറായുള്ള ഒരോട്ടം.

## 4

അങ്ങനെ കാലം പന്തയക്കുതിരയെപ്പോലെ ഓടിക്കൊണ്ടിരുന്ന ആ കാലത്താണ് തെക്കേടത്തു് മരണം അതിൻെറ ദുർമ്മുഖം കാട്ടിയതു്. ബാലകൃഷ്ണൻെറ മുത്തശ്ശി അവരുടെ നാടകം അവസാനിപ്പിച്ചു. വളരെ നിശ്ശബ്ദമായി, യാതൊരു വിധമായ ഒച്ചയോ അനക്കമോ കൂടാതെ. അവർ ജീവിച്ചിരുന്നതെങ്ങനെയോ അതുപോലെ നിശ്ശബ്ദമായിത്തന്നെ. ജീവിതം അവസാനിപ്പിച്ചു. കുഞ്ഞനന്തൻെറ ഭാര്യ പ്രസവിച്ചു. മീര എന്നു് അവാംക്ക പേരിട്ടു. അമ്പത്താറെത്തികഴിഞ്ഞതും അമ്മയെയും മകളെയും കൂട്ടിക്കൊണ്ടുവന്നു് കുഞ്ഞനന്തൻ കുടുംബമായി താമ

സം തുടങ്ങി. പ്രസവശുശ്രൂഷയിലെ എന്തോ തകരാറുകൊണ്ടാവണം, അയാളുടെ ഭാര്യയ്ക്കു ചില്ലറ അസുഖങ്ങൾ മിക്കവാറും എല്ലായ്പോഴുംതന്നെ ഉണ്ടായിക്കൊണ്ടിരുന്നു. ആദ്യമൊന്നും യാതൊരസുഖവുമില്ലായിരുന്നു. സുഖമായ പ്രസവമായിരുന്നു. ഒരു ഡോക്ടറുടെ സഹായംകൂടി തേടേണ്ടിവന്നില്ല. നാട്ടുമ്പുറത്തെ പേററച്ചി ആയിരുന്നു നോട്ടം. പക്ഷേ പതിനൊന്നാംദിവസം ഒരു ചെറിയ ചൂടും കുളിരും തോന്നി. ആരുമറിഞ്ഞില്ല, സന്നിയാണ് വന്നുകൊള്ളുന്നതെന്ന്. ഒടുവിൽ മൂന്നുനാലാഴ്ച കിടന്ന കിടപ്പിൽത്തന്നെ കിടക്കേണ്ടിവന്നു. പുറം ചെറുതായൊന്നു പൊട്ടിയിരുന്നു. വളരെ നാൾകൂടി ഭർത്താവിൽനിന്നകന്നു താമസിച്ചിരുന്ന ആ സ്ത്രീ ചാലപ്പുറത്ത് പത്രാസായി താമസമായി. ആയിടെയാണ് നിസ്സാരമെന്നു തള്ളിയിരുന്ന പുറത്തെ ആ കുരു ശല്യം ചെയ്യാൻ തുടങ്ങിയതു്.

ഇതിനിടെ പത്രത്തിന് അത്ഭുതാവഹമായ വളർച്ചയുണ്ടായി. പ്രചാരവും. കോഴിക്കോട്ടു പട്ടണത്തിൻെറ ഏതെങ്കിലും ഒരു മൂലയ്ക്കുനിന്ന് പ്രഭപ്പത്രത്തിൻെറ വില്ക്കപ്പെടാത്ത ഒരു കോപ്പി അന്വേഷിച്ചു പിടിച്ചെടുക്കാൻ ഞെരുക്കമായിരുന്നു. കക്കോടിയിലാവട്ടെ മാങ്കാവിലാകട്ടെ, ടൗണിനകത്തുള്ളതിലധികം തന്നെ പത്രം ചെലവായിരുന്നു. വയനാട്ടിൽത്തന്നെ അഞ്ഞൂറിലധികം പ്രതി പ്രഭപ്പത്രത്തിൻേറതു് പൊയ്ക്കൊണ്ടിരുന്നു. ആദ്യം ജയശ്രീ പ്രിൻേറഴ്സിൻെറ മുകളിലത്തെ നിലയിൽ ഒരു കൊച്ചുമുറി മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ പ്രഭപ്പത്രത്തിന് സ്വന്തമായ ഒരാപ്പീസും ആപ്പീസുപകരണങ്ങളും ആയി. സ്റ്റാഫിൻെറ എണ്ണവും വൎദ്ധിച്ചിരുന്നു. അമ്പതുറുപ്പിക വാടകയ്ക്കു് ചുളുവിൽക്കിട്ടിയ ഒരു കെട്ടിടമാണെന്ന് പുറത്താർക്കും അറിയില്ലല്ലോ, പ്രഭപ്പത്രത്തിൻെറ ആപ്പീസ്തന്നെ വമ്പിച്ചൊരു സ്ഥാപനമാണെന്നേ പൊതുജനങ്ങൾക്കു തോന്നിയുള്ളു. അവിടെ സൎവ്വസമയവും അത്ര തിരക്കിട്ട പ്രവൎത്തനമുണ്ടായിരുന്നു. ഒരു തേനീച്ചക്കൂടുപോലെ. കുഞ്ഞനന്തനും ബാലനും മാത്രമല്ല പാക്കർമാരായ കുട്ടൂപ്പനമ്പ്യാരും വറുതും പ്രൂഫ്റീഡറും ഒക്കെത്തന്നെ.

കടലാസ് കരിഞ്ചന്തയിൽ വാങ്ങണം, ജോലിക്കാർക്കൊക്കെ ഭക്ഷണം കഴിക്കണം, വീട്ടുവാടകയും കറൻറ്ചാർജ്ജും കൊടുക്കണം. എന്നുവെച്ചാൽ അതിനെല്ലാമായി ക്ലിപ്തമായ ഒരു തുക ചെലവിന്നു വേണം. ജോലിക്കാർക്ക് ശമ്പളമല്ല, ജീവിക്കാൻ അത്യാവശ്യം വേണ്ട പണമാണ്. പത്രമാപ്പീസിൽനിന്നു കൊടുത്തു വന്നതു്. അതിൽ അവർ തികച്ചും അഭിമാനിച്ചുമിരുന്നു. കാരണം പ്രഭപ്പത്രത്തിൻെറ വിജയത്തിന്നു് തൻേറതുംകൂടി സംഭാവന ചെല്ലുന്നുണ്ടെന്ന വിചാരം അവരിൽ ഓരോരുത്തർക്കും അഭിമാനകരമായിരുന്നു. സാമാന്യജനങ്ങൾ ആ പത്രത്തെയും പത്രത്തിൻെറ പ്രവർത്തകരെയും അത്രയേറെ ഇഷ്ടപ്പെട്ടിരുന്നു.

ബാലൻെറ ജീവിതത്തിൽ കാർനിഴലില്ലാത്ത കുറെ ദിവസങ്ങൾ ഉണ്ടായി. ഉന്മേഷദായിയായ വെളിച്ചത്തിൻെറ കാലം, ഉജ്ജ്വലമായ ഒരു സൗഭാഗ്യത്തിൻെറ കാലം.

കുറെച്ചെന്നപ്പോൾ സ്വന്തമായി ഒരു പ്രസ്സും ഉപകരണങ്ങളും വാങ്ങാനുള്ള സാദ്ധ്യതകൾ തെളിഞ്ഞുവന്നു. തൃശ്ശൂരൊരിടത്തു് സാമാന്യം നല്ലൊരു പ്രസ്സ് വില്ക്കാനുണ്ടെന്നു കേട്ട് അതിനെക്കുറിച്ച് അന്വേഷണം നടത്താൻ കുഞ്ഞനന്തൻ അവിടംവരെ പോയി വന്നു. പതിനായിരം ഉറുപ്പിക വേണമെന്നായിരുന്നു അവരുടെ ഡിമാൻഡ്. കുഞ്ഞനന്തൻ ഏഴായിരത്തഞ്ഞൂറും പറഞ്ഞു. രണ്ടായാലും തന്നെ അറിയിച്ചിട്ടേ ആർക്കും കച്ചവടമുറപ്പിക്കാവൂ എന്നു പറഞ്ഞതാണ് കുഞ്ഞനന്തൻ അന്നു് അവിടെനിന്നു പിരിഞ്ഞതു്.

പ്രമാണിമാർ രണ്ടാളുംകൂടി തലപുകഞ്ഞാലോചനയായി. എവിടെനിന്നുണ്ടാക്കും ഈ പണം? കുഞ്ഞനന്തൻെറ ശ്രീമതിയുടെ പണ്ടമെല്ലാംകൂടി അഴിച്ചു വിററാൽ അഞ്ഞൂറോ ആയിരമോ ഉറുപ്പിക കിട്ടിയേക്കാം. ബാലൻ വിചാരിച്ചാലും വല്ല വിധത്തിലും അത്രയൊക്കെ തുക ഉണ്ടാക്കിയേക്കാൻ കഴിഞ്ഞെന്നുവരാം. എന്നാലും അതുകൊണ്ടൊന്നും കാര്യമായില്ലല്ലോ. ബാക്കി തുകയുമ്മ് എവിടെപ്പോകും?

വരതിൻെറ പെമ്പിള്ള മാടിനെ വാങ്ങാൻവേണ്ടി ചിട്ടിയോ കുറിയോ ഒക്കെച്ചേർന്ന് പത്തിരുന്നൂറുറുപ്പിക ഉണ്ടാക്കിയിരുന്നു. ആപ്പീസിലെ വിവരങ്ങൾ കേട്ടപ്പോൾ ആ താമരശ്ശേരിക്കാരി എന്നാലു് മാടിനെ പിന്നെങ്ങാനും വാങ്ങിക്കാം, ഈ കാര്യംകൂടി ആ സാറമ്മാരെ അങ്ങോട്ടേല്പിച്ചാട്ടെ എന്ന് കെട്ടിയോനോട്ട നിർദ്ദേശിച്ചു. അങ്ങനെ വരതിൻെറ പെമ്പിളയുടെ വക ഇരുനൂറുറുപ്പികയുംകൂടി ആയി.

ബാലൻ സിലോണിലേയ്ക്ക് ഒന്നെഴുതിനോക്കാതെയും ഇരുന്നില്ല. അച്ഛൻെറ സാമ്പത്തികം വളരെയൊന്നും ഭദ്രമല്ല എന്നറിയാം. എന്നാലും നാട്ടിൽ വരുമ്പോഴേയ്ക്ക് എന്തെങ്കിലുമൊക്കെ സമ്പാദിച്ചുവയ്ക്കാൻ മൂപ്പർക്ക് പ്ലാനുണ്ടെങ്കിൽ അതിൽ ഒരു തിരിമറി ആയാലോ? അതായിരുന്നു ബാലൻെറ ആലോചന. പക്ഷേ നിവൃത്തിയില്ല എന്നായിരുന്നു അച്ഛൻെറ മറുപടി.

അങ്ങനെ വഴിമുട്ടിനില്ക്കുമ്പോൾ ഒരു വഴി കണ്ടു. പഴയ ഒരു സുഹൃത്ത്, പണ്ടത്തെ നെട്ടങ്ങാടിയാണ് പറഞ്ഞുകൊടുത്തതു്. അദ്ദേഹം സ്ഥലത്തെ ഒരു പ്രമുഖനായ വക്കീലാണല്ലോ.

പി. കെ. ജി. ഗ്രൂപ്പ് ഭാരതീയനിൽനിന്നു തെററിയിരിക്കുന്നു. തൻെറയും സ്വാധീനത്തിൽപ്പെട്ട കൂട്ടുകാരുടെയും ഷെയറുകൾ വലിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമമാണ്. താനായിട്ട് ഒരു പത്രം തുടങ്ങണമെന്ന് ആലോചനയുണ്ടു്. പക്ഷേ രാഷ്ട്രീയത്തിനിടയിൽ പത്രകാര്യത്തിൽ വേണ്ടപോലെ ശ്രദ്ധിക്കാൻ കഴിഞ്ഞെന്നുവരില്ല. ചത്തുപണിയെടുക്കാതെ ഒരു പത്രത്തെ പച്ചപിടിപ്പിക്കാൻ സാദ്ധ്യമല്ലെന്നറിയാംതാനും. പി. കെ. ജി. അങ്ങനെ ചെറിയൊരു അങ്കലാപ്പിൽ നില്ക്കുകയാണ്, നെട്ടങ്ങാടി പറഞ്ഞു.

അനന്തനുമായി കൂടിയാലോചിച്ചിട്ട് പിറേറന്നുതന്നെ ബാലൻ പി. കെ. ജി.യെ കാണാൻ പുറപ്പെട്ടു. അന്നേയ്ക്കു കോഴിക്കോടെത്തുമെന്നായിരുന്നു അറിവു്. എത്തിയില്ല. പിന്നീട്ട് പി. കെ. ജി. എപ്പോഴാണു വരുന്നതെന്നു നോക്കിയിരിക്കേണ്ടി

വന്നു. നാലാംദിവസം ആണ് അദ്ദേഹം വന്നതു്. ബാലൻ ഉടനെ പുറപ്പെട്ടു.

പി. കെ. ജി. ആദ്യം അത്ര പ്രോത്സാഹജനകമായിട്ടൊന്നുമല്ല സംസാരിച്ചതു്—പക്ഷേ പ്രഭപ്പത്രത്തിന്റെ ചരിത്രം മുഴുവനെ പി. കെ. ജി.യുടെ അക്ഷമയ്ക്കിടയിലും മിന്നൽമുറിവാക്യങ്ങളിൽ പറഞ്ഞുതീർക്കാൻ ബാലകൃഷ്ണൻനായർക്കു കഴിഞ്ഞു. അതാവട്ടെ, അഞ്ചിപ്പിക്കുന്ന തരത്തിലുള്ള ഒരു ചരിത്രമായിരുന്നുതാനും. എന്തിനധികം, ഒന്നേകാൽ മണിക്കൂർ നീണ്ടുനിന്ന ആ സംഭാഷണത്തിന്റെ ഒടുവിൽ താൻതന്നെ കുറെ ഷെയറുകൾ എടുത്തുകൊള്ളാമെന്നും, ഏതാനും ഷെയറുകൾക്കു് ആളെ ഏൎപ്പെടുത്തിക്കൊടുക്കാമെന്നും അദ്ദേഹം ഏററു.

'എന്തു തുക വരുമെന്നറിഞ്ഞിരുന്നെങ്കിൽ...'

'അയ്യായിരം ഉറപ്പിക എന്നു വച്ചോളു,' പി. കെ. ജി. പറഞ്ഞു.

പി. കെ. ജി. ഡയറക്ടർബോർഡിന്റെ പ്രസിഡണ്ടാവാൻ സമ്മതിക്കണമെന്നു് ബാലൻ.

'ഹെയ്, അതൊന്നും ഒരു കാര്യമല്ല. വരട്ടെ, നമുക്കു നോക്കാം' എന്നു് അദ്ദേഹവും പറഞ്ഞു.

ഇവരെയൊക്കെപ്പോലെ ഇങ്ങനെ കൂട്ടിപ്പിടിച്ചു നീങ്ങിയാൽ നമ്മുടെ പ്ലാൻ തെററും. ഭരിക്കാൻ തുടങ്ങുകില്ലേ ഓരോ ആളും. സംശയം തോന്നാതിരുന്നില്ല.

'നീതി വിട്ടു് ഒന്നിനും കൂട്ടുനില്ക്കാൻ നമ്മളെ കാണില്ല. നമുക്കു് അതല്ലേ വേണ്ടൂ, കുഞ്ഞനന്തനതിനു സമാധാനമുണ്ടായിരുന്നു.'

എന്നാലിനി തൃശ്ശൂരേയ്ക്കു പോകാമെന്നായി, പ്രസ്സ് കച്ചവടം ഉറപ്പിക്കണം, എങ്ങനെയാണെന്നുവച്ചാൽ അതിങ്ങോട്ടു കൊണ്ടുപോരണം. ഭാഗ്യത്തിനു് കെട്ടിടത്തിൽ സ്ഥലം വേണ്ടുവോളമുണ്ടു്. പ്രസ്സ് സ്ഥാപിക്കാൻ വേറെ സ്ഥലം അന്വേഷിച്ചു പോകേണ്ട.

കരാറുറപ്പിക്കാൻ ചെന്നപ്പോഴാണു്, ഒമ്പതിനായിരം ഉറപ്പിക മറെറാരു കക്ഷി വന്നു പറഞ്ഞു പോയിരിക്കുന്നു. വാക്കു കൊടുക്കരുതെന്നു് പ്രത്യേകം പറഞ്ഞിരുന്നതുകൊണ്ടാണു് താൻ ഉറപ്പിക്കാഞ്ഞതു്, തരകൻ പറയുന്നു. അതു കൂടുതൽ വലിയ ദുർഘടമായി. ഇനിയും ഒരായിരം ഉറപ്പിക കൂടിയെങ്കിലും വേണമല്ലോ? അതിനെവിടെപ്പോകും? അതുണ്ടാകുന്നില്ലെങ്കിലോ, ഇതുവരെ പാടുപെട്ടതൊക്കെ വെറുതെ.

'ഞങ്ങൾ ആയിരം ഉറപ്പികകൂടിത്തരാം.'

'അയ്യോ, അങ്ങനെ പറയരുതു്. അതെന്നെ വല്ലാതെ നഷ്ടപ്പെടുത്തുകയാണു്.'

പിന്നെ വില പേശി നിന്നില്ല.

'എങ്കിൽ ഒമ്പതിനായിരം. പ്രസ്സ് ഞങ്ങൾക്കു വേണം. തുക മുഴുവൻ ഉടനെ തരില്ല. പ്രസ്സ് വന്നു കൊണ്ടുപോകുന്നതിനു മുമ്പു് മുഴുവൻ തുകയും തന്നു ബോദ്ധ്യപ്പെടുത്തിക്കൊള്ളാം.'

ആൻറണിത്തരകൻ അതു സമ്മതിച്ചു. ബാലൻ മടങ്ങിപ്പോയി. ആയിരം ഉറപ്പിക അഡ്വാൻസും അപ്പോൾത്തന്നെ തരകനെ ഏല്പിച്ചു. അതു വേണ്ട എന്നു തരകൻ. പക്ഷേ വില ഇനിയും കയറിപ്പോകരുതെന്നു് കരുതലുണ്ടായിരുന്ന ബാലൻ നിർബ്ബന്ധം പറഞ്ഞു് അയാളെ അതേല്പിച്ചു. ഏററവുമൊടുവിലത്തെ ആയിരത്തഞ്ഞൂറുറപ്പിക ഉണ്ടാക്കിക്കൊള്ളാമെന്നേററതു് കുഞ്ഞനന്തനായിരുന്നു. അതായിരുന്നു എല്ലാം തകർത്തതു്.

# 5

ഇതിനിടയിൽ കോഴിക്കോട്ടെ മററു പത്രക്കാർ പ്രഭയുടെ വളച്ച് വെറുതെ നോക്കിയിരിക്കയായിരുന്നില്ല. അവരും ഓരോന്നു തുടങ്ങി. ചെറിയ കൂട്ടർ ചില ചെറിയ സ്റ്റണ്ടുകൾ പ്രയോഗിച്ചു നിലനില്ക്കുമോ എന്നു പരീക്ഷണം നടത്തി. വലിയ കൂട്ടരാകട്ടെ വലിയ ആലോചനയും തുടങ്ങി. അത്യന്തം സ്തോഭജനകമായ ഹെഡ്‌ലൈനുകളും, നാഡീബലം കുറവുള്ള കൂട്ടരെ ചുരുങ്ങിയ ചിലവിൽ ആനന്ദിപ്പിക്കാനുള്ള ഗസ്സപ്പോ വാർത്തകളുമായിരുന്നു ചെറിയ കൂട്ടക്കാരുടെ സ്റ്റണ്ടുകൾ.

പട്ടണത്തിന്റെ ഇന്ന വാർഡിൽ ഇത്രാംതീയതി പട്ടാപ്പകൽ ഇത്ര മണിക്ക് 'ഒരു വലിയ സക്കാരുദ്യോഗസ്ഥ'ന്റെ വീട്ടിൽ നടന്ന സംഭവമെന്താണെന്നു പൊതുജനം അറിഞ്ഞിട്ടുണ്ടോ? വാർത്തയുടെ ആരംഭമായിരിക്കും.

തുടന്ന് 'സത്യാത്ഥി' ഒരു കഥ പറയുന്നു: അവിടെ മേല്പടി ഉദ്യോഗസ്ഥൻ ഒരുത്തിയെ കെട്ടിപ്പിടിച്ചുകൊണ്ട് രണ്ടു മണിക്കൂറിലധികം കിടന്നിരുന്നു! അഹോ, ധമ്മക്ഷയം! ജനങ്ങൾക്ക ധമ്മബോധമില്ലേ, പ്രതിഷേധിക്കാത്തതെന്ത്?

ഇനി പറഞ്ഞുവരുമ്പോൾ, സംഭവം. സക്കാരുദ്യോഗസ്ഥൻ ഞായറാഴ്ച, ആപ്പീസൊഴിവായതുകൊണ്ടു പകൽ ലേശമൊന്നുറങ്ങി. ഉറങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും അടുത്തുണ്ടായിരുന്നു!

ആക്ഷം ഒരു ദോഷംചെയ്യാത്ത വാർത്തകളായിരുന്നു അവയെന്നു വയ്ക്കുക. എന്നാൽത്തന്നെ ഒരു സ്വതന്ത്ര ജനാധിപത്യരാഷ്ട്രത്തിൽ ദിനപ്പത്രങ്ങളുടെ മഹത്തായ ഉത്തരവാദിത്വം ഇതൊക്കെ പറയലാണോ? എന്തോ, ആയാലുമല്ലെങ്കിലും അന്നത്തെ ആ പത്രാധിപകേസരികൾക്ക് ആദശം, മരമൂരിങ്ങ എന്നൊന്നും കേട്ടാൽ പുതിയിളകുമായിരുന്നില്ല.

അതൊക്കെ ചെറിയ ചെറിയ പത്രങ്ങളുടെ കഥ. ഭാരതീയൻ പത്രമാകട്ടെ പ്രഭയുടെ വളച്ചയുടെ ഗുട്ടൻസ് പിടിക്കാൻ ഒരു ഗവേഷണംതന്നെ ആരംഭിച്ചു.

ഭാരതീയൻ പത്രത്തിനു് അന്നും സാമാന്യം നല്ല സക്കുലേഷ നുണ്ടായിരുന്നു. ഏറെപ്പോൽ തന്നിരുന്ന ഒരു കറവപ്പശുവിനെ കറവററുകഴിഞ്ഞാലും അറവുകാക്കു കൊടുക്കാതെ വളത്താറുണ്ട ല്ലോ ധാരാളം മനുഷ്യർ. ഏതാണ്ടതുപോലെതന്നെ ആയിരുന്നു പലരും അതിനു നല്കിയിരുന്ന പ്രോത്സാഹനം. പിന്നെ കക്കോടിയിൽ വച്ച് ഒരു ഗുണ്ടായുടെ ആക്രമണത്തിനിരയായ ഉന്നതനായ ഒരു കമ്യൂണിസ്റ്റ് നേതാവ് ഗാന്ധിഭക്തനും പൊതുജനസേവകനുമായ ശ്രീമാൻ സോ ആൻറ് സോയെ അടിക്കുകയുണ്ടായി. അടിയുടെ ഊക്ക് കനത്തതാകകാരണം അടിച്ച കമ്യൂണിസ്റ്റ്കാരൻതന്നെ യാണ് നിലംപതിച്ചതു് എന്ന മട്ടിലുള്ള ആ പത്രത്തിൻെറ വി സ്തൃതം വിളമ്പൽ ആരും കാര്യമായെടുത്തിരുന്നില്ല എന്നു മാത്രം.

എന്നാലും ഇടക്കാലത്തായി പത്രത്തിനു കിട്ടിക്കൊണ്ടിരുന്ന പ്രചാരംതന്നെ കുറഞ്ഞു. മാനേജ്മെൻറിൻെറ തകരാറാണു കാര ണമെന്നു് എഡിററും എഡിററുടെ കഴിവുകേടാണു കാരണ മെന്നു് മാനേജരും പരസ്പരം കുററപ്പെടുത്തി.

രണ്ടും ശരിയായിരുന്നു. മാനേജിങ്ങ് ഡയറക്ടറുടെ നിർ ദ്ദേശം പത്രാധിപർ ഒന്നും തറപ്പിച്ചു പറഞ്ഞുകൂടാ എന്നാണ്. ഉപ്പു പുളിക്കുമെന്നു് എഴുതിക്കൂടാ. ഉപ്പു പുളിക്കുമത്രേ, എന്നേ ആകാവൂ. ഏതു കാര്യത്തിലും ഇങ്ങനെ വഴവഴപ്പൻ പോളിസി എടുത്താൽപിന്നെ പത്രത്തിനു് ആരെയാണു പ്രീതിപ്പെടുത്താൻ കഴിയുക? ഏതു ജനവിഭാഗത്തിൻെറയാണ് ആത്മാർത്ഥമായ പിന്തുണ അതിനു കിട്ടുക?

പത്രാധിപരും പ്രൂഫ്നോട്ടക്കാരുംതമ്മിൽ സ്വരച്ചേർച്ചയില്ല- വളരെയൊക്കെ പഠിച്ചിട്ട് എങ്ങുമെങ്ങും എത്താതെ ആകെ അസംതൃപ്തനായി ലോകത്തോടു മുഴവൻ പിണങ്ങിനില്ക്കുന്ന ഒരു പ്രൂഫ്റീഡർ. മററെല്ലാവക്കും ശമ്പളം കൂട്ടിക്കൊടുക്കുന്നു, തനി ക്കുമാത്രം എന്നും ഒരു ശമ്പളംതന്നെ. പ്രൂഫ്റീഡർ ചന്തുനായ ക്കു് ആകെ വെറിയായിരുന്നു. ഫലമോ? അറിഞ്ഞും അറിയാ തെയും അയാൾ പണിയിൽ വീഴ്ചകൾ വരുത്തും. അജാതശത്രു

അച്ചടിയിൽ അജ്ഞാതശത്രുവാകും, വേലിക്കെട്ടിലെ ചിരിക്കുന്ന പോലിസ്മന്ത്രി ചിരക്കുന്ന പോലീസ്മന്ത്രിയാകും. തൊറുകൊം ക്കുത്തരവാദി പത്രാധിപരാണെന്നായിരിക്കും വാദം. മുഖ്യമന്ത്രി രാജഗോപാലാചാരി ഡൽഹിയിൽ പോകുകയും അഭ്യന്തരമന്ത്രിയെക്കണ്ടു എന്ന മട്ട് വാകൃങ്ങൾ എഴുതിത്തള്ളുന്ന ഒരു പള്ളിക്കുറപ്പുകാരൻ കുറപ്പെന്നാണ് ചന്തുനായർ പത്രാധിപരെക്കുറിച്ചു പിറുപിറുക്കുക. എന്തിനധികം? അക്കാലത്തേയും മുറുമുറുപ്പിൻെറയും അസംതൃപ്തിയുടെയും കൂത്തരങ്ങും കഴിവുകേടിൻെറ പര്യായവും ആയിത്തീർന്നിരുന്നു ഭാരതീയൻ പത്രമെന്ന സ്ഥാപനം. പതനം പ്രതീക്ഷിച്ചുനില്ക്കുന്ന ഒരു പഴയ വടവൃക്ഷംപോലെ വിറച്ചും വിറങ്ങലിച്ചും അതങ്ങനെ നിലനിന്നുപോന്നതാണ് അത്ഭുതം.

ആയിടെ ഡയറക്ടർബോർഡ് യോഗംചേർന്നു. പത്രം വമ്പിച്ച നഷ്ടമായിത്തീർന്നുകൊണ്ടിരുന്ന സാഹചര്യത്തെക്കുറിച്ച് അവർ കൂട്ടായും ഒററയ്ക്കൊററയ്ക്കും ആലോചിച്ചു. ഒടുവിൽ മാനേജർസ്ഥാനത്തു് കൊള്ളാവുന്ന ഒരാളുണ്ടായാൽ സ്ഥിതിഗതി അല്പമെങ്കിലും മെച്ചപ്പെട്ടേയ്ക്കും എന്ന നിഗമനത്തിലെത്തി. അവരിലൊരാൾ ഒരു മിടുക്കനെ കണ്ടുവച്ചിട്ടുമുണ്ടായിരുന്നു. മാക്മില്ലൻ കമ്പനിയുടെ മദിരാശി ബ്രാഞ്ചിൻെറ മാനേജർ ഒരു വാസുമേനോൻ. സമർത്ഥൻ, കുശാഗ്രബുദ്ധി, പണിയെടുക്കുന്നതിൽ ആത്മാർത്ഥതയുള്ളവൻ.

രണ്ടാഴ്ചയ്ക്കുള്ളിൽ വാസുമേനോൻ ഭാരതീയൻ പത്രത്തിൻെറ മാനേജരായി ചാർജെടുത്തു. പ്രഭയുടെ പത്രാധിപർ ബാലൻ പി. കെ. ജി.യെക്കണ്ടു സംസാരിച്ച അതേ ദിവസമായിരുന്നു അതും നടന്നതു്.

# 6

പുതിയ പ്രസ്സിന്റെ സ്ഥാപനത്തിന്നുവേണ്ടി തിരക്കിട്ട പ്രയത്നം ആയിരുന്നു പ്രഭയുടെ ആപ്പീസ്സിൽ. അന്നന്നത്തെ പത്രം ഇറക്കണം, പുതിയ പരിപാടികളും ചെയ്യാനുണ്ട്. പ്രഭ ആപ്പീസ്സിൽ ഇരുപത്തിനാലു മണിക്കൂറും കൊണ്ടുപിടിച്ച പണി. ഉത്സാഹം. അങ്ങനെയിരിക്കെ പത്രക്കെട്ടൊന്നും സമയത്തിനു കിട്ടിവരുന്നില്ല, ഏജൻറന്മാരിൽനിന്നു പരാതി. എന്പാടും പരാതി!

ബാലനും അനന്തനും എത്രതന്നെ ആലോചിച്ചിട്ടും അതിനൊരു കാരണം കണ്ടെത്താൻ കഴിഞ്ഞില്ല. എല്ലാ ദിവസവും ആദ്യബസ്സിനുതന്നെ പത്രക്കെട്ടുകൾ അയക്കുന്നുണ്ട്. ഭാരതീയൻെറയും പൗരൻെറയും ഒക്കെ ഒപ്പംതന്നെയെന്നർത്ഥം. ചിലപ്പോൾ ഭാരതീയൻ രണ്ടാംബസ്സിനേ പോകാറുള്ളു. പരാതി കൂടിവന്നതേയുള്ളു; ദിവസം ചെല്ലുന്തോറും.

തെരഞ്ഞെടുപ്പുകാലം. എവിടെയും കോലാഹലവും ഉത്സാഹവുംതന്നെ. കെ. എം. പിയും കമ്മ്യൂണിസ്റ്റ്പാർട്ടിയും ഐക്യമുന്നണിയായിനിന്നു കോൺഗ്രസ്സിന്നെതിരായി മത്സരിക്കുന്നു. മുപ്പതിൽ മുപ്പതും കോൺഗ്രസ്സിന്നുതന്നെയെന്നു കോൺഗ്രസ്സുകാർ, ഇരുപത്തിഏഴും ഐക്യമുന്നണിക്കെന്ന് ഐക്യമുന്നണി (അവർ ഇരുപത്തേഴു സീററിൽ മത്സരിക്കുന്നു), ഇരുപത്തൊന്നു സീററ് തങ്ങൾക്കാണെന്ന് സോഷ്യലിസ്റ്റ്കാർ, എട്ടിൽ ഏഴെങ്കിലും തങ്ങൾക്കുറപ്പുണ്ടെന്നു മുസ്ലിംലീഗും. ഓരോ ഗ്രാമത്തിലും ഓരോ വാർഡിലും കക്ഷിരഹിതന്മാർ പത്രം കാത്തിരിക്കയാവും.

അപ്പോഴാണ് പ്രഭപ്പത്രം സമയത്തിന്നു വരുന്നില്ല! ചില ദിവസം വന്നേ ഇല്ലെന്നും വരും. ഏജൻറുമാർ കയർത്തു വെറുതെയല്ല. അവർക്ക് നാട്ടുകാർ ഇരിക്കപ്പൊറുതി കൊടുത്തില്ല.

ബസ്സുടമയോടു പരാതിപ്പെട്ടു, പക്ഷേ എന്തു ഫലം? വാസുമേനോനിൽനിന്നു നാലണ കൈമടക്കു വാങ്ങിക്കൊണ്ട് ഒരു ക്ലീനറോ കണ്ടക്ടറോ ചെയ്യുന്ന പണിയാണിതെന്ന് ആർക്കു സങ്കല്പി

ക്കാൻ കഴിയും? മൂന്നു നാലേജൻറുമാർ തെററിപ്പിരിഞ്ഞു കഴിഞ്ഞ പ്പോഴേയ്ക്കാണ് ബാലനു രഹസ്യം പിടികിട്ടിയതു്. അപ്പൊഴേ യ്ക്കു് വാസുമേനോൻ പുതിയൊരടവു തേടുകയായി.

പി. കെ. ജി. ഏററപടി പണം കൊടുത്തിരുന്നില്ല. പക്ഷേ ഏതു നിമിഷമാവശ്യപ്പെട്ടാലും കൊടുത്തുകൊള്ളാമെന്നു് ഏററി രുന്നു. അപ്പോഴാണ് ആയിരത്തഞ്ഞൂറിൻെറ കുറവു നികത്താൻ കുഞ്ഞനന്തൻെറ പരിപാടി. അയാൾ ആരുമാരുമറിയാതെ കേള പ്പനെ ചെന്നുകണ്ടു കാര്യങ്ങൾ പറഞ്ഞു. അയ്യായിരം ഉറുപ്പിക ഏററിരിക്കുന്നതു് പി. കെ. ജി. ആണെന്നു പറഞ്ഞു. പി. കെ. ജിയുമായി അല്പം അഭിപ്രായവ്യത്യാസം തനിക്കുണ്ടെങ്കിൽത്തന്നെ ഈ കാര്യത്തിൽ സഹായിക്കാമെന്നു് കേളപ്പജി സമ്മതിച്ചു. പണം രണ്ടാഴ്ചയ്ക്കുള്ളിൽ ശരിയാക്കി കൊടുത്തുകൊള്ളാമെന്നേററു് കേളപ്പജി കുഞ്ഞനന്തനെ പറഞ്ഞുവിട്ടു.

കാലദോഷം, മിക്കവാറും അതേ കാലത്തുതന്നെ കുഞ്ഞന ന്തൻെറ ശ്രീമതിക്കു് സുഖമില്ലാതായി. അവരെ ചികിത്സിക്കാൻ പണം വേണ്ടിയിരുന്നു.

'ഞാനേയ്, പുളിങ്കുരു കൊടുത്തല്ല പഠിച്ചതു്. ട്ടോ.' എന്നു വെട്ടിത്തുറന്നു പണം ആവശ്യപ്പെടുന്ന ഡോക്ടർമാർ, അവർ കുറി ക്കുന്നതോ തീവിലയ്ക്കുള്ള മരുന്നുകളും. തൃശ്ശൂർകാരൻ മുതലാളിക്കു പണം കൊടുക്കാമെന്നേററിരുന്ന സമയമായി. ചെട്ടിയാരുടെ കടയിൽ പേപ്പർ വാങ്ങിയ വകയിൽ കനത്തൊരു തുക, പ്രസ്സിലും അതുപോലെതന്നെ. എങ്ങനെ ഒമ്പതിനായിരം തികയ്ക്കുമെന്ന ബേജാറു് ഏററവും വലുതും.

അങ്ങനെ നില്ക്കുമ്പോഴാണ് സിററി ഏജൻഡ് കരുണാകര ക്കത്തൊവിൻെറ വരവു്!

അയാൾക്കു് ഏജൻസി അവസാനിപ്പിച്ചു് സെക്യൂരിററി ത്തുക ആയിരം ഉറുപ്പിക ഉടൻ മടക്കിക്കിട്ടണം! ഭാരതീയൻ പത്രം ജാമ്യംകൂടാതെതന്നെ ഏജൻസിയും, ഒരു സ്റ്റാഫെഡിററർ പദവിയും അയാൾക്കു കൊടുക്കാമെന്നു സമ്മതിച്ചിരിക്കുന്നു!

ഇവിടെ ഇരുന്നുകൊണ്ടു് ഈ വിലപേശലിനു നിങ്ങാം പോയതു കുറെ കടന്ന കൈയായിപ്പോയി കത്താവേ, ബാലചന്ദ്രൻ നായർപറഞ്ഞു.

ഞാൻ യാതൊരു വിലപേശലും നടത്തിയില്ല. വാസുമേനോൻ ഇങ്ങോട്ടു വന്നു പറഞ്ഞതാണു്, കത്താവു് നിന്നുപയററി.

'അല്ലാതെ, നിങ്ങളെപ്പോലെ ദാരിദ്ര്യക്കമ്പനികളാണ് എല്ലാം.' അയാാം കടത്തി ഓരോന്നു പറയാനും തയ്യാറയിരുന്നു.

മുങ്ങാൻ തുടങ്ങുന്ന ഒരു കപ്പലിൽനിന്നു് ഉയിരുംകൊണ്ടു രക്ഷപ്പെടാനുഴറുന്ന ഒരാളുടെ ഭാവമായിരുന്നു അയാാക്കു്.

'നിങ്ങാം നോക്കിക്കോളിൻ കത്താവേ. തൊണ്ണൂറു തികയ്ക്കുമുമ്പായി പ്രഭയും ഗമയുമൊക്കെ ആപ്പീസ് പൂട്ടി പോകുന്നില്ലെങ്കിൽ നിങ്ങാം അപ്പോാം ചോദിക്കിൻ!', വാസുമേനോൻ തലേന്നു് അയാളോടു വാതുകെട്ടിയിരുന്നു.

'എന്തായാലും എനിക്കെന്റെ പണം മടക്കിക്കിട്ടണം. അതു് ഉടനെ കിട്ടുകയും വേണം!' കത്താവു് ഉറച്ചുനിന്നു.

'നാളെ രാവിലെ വരൂ. അനന്തനുംകൂടി ഒന്നിങ്ങോട്ടു വന്നോട്ടെ, ബാലൻ അന്തഃക്ഷോഭം അടക്കി അയാളോടു കെഞ്ചി.

പിറേറന്നു് ആപ്പീസിലെത്തി തപ്പാൽ പൊട്ടിക്കാനിരിക്കുമ്പോാം ആദ്യം കണ്ണിൽപ്പെട്ടതു്. സി. കെ. ജി.യുടെ ഒരു കത്തായിരുന്നു. ആത്തിയോടെയാണു് പൊട്ടിച്ചു വായന ആരംഭിച്ചതു്. വായിച്ചു ചെന്നപ്പോഴോ? പി. കെ. ജി. താൻ വാഗ്ദാനം ചെയ്തിരുന്ന എല്ലാ സഹായവും പിൻവലിച്ചിരിക്കുന്നു! എന്താണു കാരണമെന്നാകട്ടെ വിശദീകരിക്കാനദ്ദേഹം കൂട്ടാക്കിയിരുന്നുമില്ല. ബാലൻ ബേജാറായി. അനന്തനും ബാക്കി പണവുമായി ച്ചെന്നു് വ്യാപാരമുറപ്പിച്ചില്ലെങ്കിൽ പ്രസ്സിനുവേണ്ടി അഡ്വാൻസ് കൊടുത്ത തുക അപ്പാടെ വെള്ളത്തിലാകും. എത്ര ആലോചിച്ചിട്ടും ഒരു വഴി കണ്ടില്ല. ബാലൻ നെടുങ്ങാടിയെ ഒന്നുകൂടി ചെന്നുകാണാമെന്നു വച്ചു. പുറപ്പെടുമ്പോഴേയ്ക്കുണ്ടു് തേടിയ വള്ളി കാലിൽച്ചുററി എന്നമാതിരി നെടുങ്ങാടി കയറിവരുന്നു.

ബാലകൃഷ്ണൻനായർ ഒരാളുടെ അധിക്ഷേപവഷം മിണ്ടാതെ നിന്നു സഹിച്ചതു് അന്നാദ്യമായിട്ടാണു്.

രണ്ടു തോണിയിൽ ഒരേസമയം കാലു ചവിട്ടുകയായിരുന്നു സ്നേഹിതന്മാരുടെ പണി! പി. കെ. ജി.യും കേളപ്പനും തമ്മിൽ അസുഖമാണെന്ന വിവരം അങ്ങാടിയിൽ പാട്ടാണു്. എന്നിട്ടും അവരെന്തേ, ചെയ്തു? അറിഞ്ഞിട്ടില്ലെന്നൊക്കെ പറയുന്നതു ജാഡ, നെട്ടങ്ങാടിയുടെ ധാർമ്മികരോഷം അങ്ങനെയൊക്കെപ്പോയി. കേളപ്പൻ ഉള്ളിടത്തെന്തായാലും പി. കെ. ജി. ഉണ്ടാവില്ല, അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നു. നെട്ടങ്ങാടി ആ വിഷയം അവസാനിപ്പിച്ചതങ്ങനെയാണു്.

എല്ലാം തകന്നിരിക്കുന്നു. വന്നവെള്ളം നിന്നവെള്ളത്തെയുംകൂടി കൊണ്ടുപോയി. ഒന്നും അവശേഷിക്കുന്നില്ല. എന്തു ചെയ്യും?

കരാറ തകരാറിലാകുന്നതിനെക്കുറിച്ചോർത്തപ്പോറം കരറം പറിഞ്ഞുപോകുംപോലെ തോന്നി. അങ്ങനെ താടിക്കു കൈയും കൊടുത്തിരിക്കുമ്പോഴായിരുന്നു കർത്താവിൻെറ പുനരാഗമനം. പണംകൊടുത്തു് അയാളുടെ ഇടപാടു് അവസാനിപ്പിക്കയല്ലാതെ വഴിയില്ലായിരുന്നു. എണ്ണിക്കൊടുത്തു, ഉറപ്പിക ആയിരവും.

വാസുമേനോൻെറ കരുനീക്കങ്ങറം വിദഗ്ധമായിരുന്നു, സ്പഷ്ടം. അതേ ദിവസംതന്നെയാണു് ഇരുനൂറുറുപ്പിക ശമ്പളത്തിൽ ഭാരതീയൻെറ പത്രാധിപസമിതിയിൽ ഒരംഗമാകാൻ ക്ഷണനവും പ്രഭയുടെ പത്രാധിപർ ബാലനു കിട്ടിയതു്. പക്ഷേ വളരെയൊന്നും ആലോചിച്ചു ക്ലേശിക്കാതെതന്നെ അതങ്ങു നിരസിക്കാൻ ബാലനു തൻെറടം വേറാരോടും വാങ്ങേണ്ടിയിരുന്നില്ല.

തൃശ്ശൂരുചെന്നു് കരാറിൻെറ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നു നോക്കാനായിരുന്നു ബാലനു തിടുക്കം. 'വരട്ടെ, ഇനിയും സമയമുണ്ടു്.' വെററിലയിൽ നൂറു തേച്ചുകൊണ്ടിരുന്ന വാസുമേനോൻ ഭാരതീയൻെറ ആപ്പീസുമുറിയിലിരുന്നു വിചാരിച്ചു.

പത്രത്തിൻെറ സർക്കുലേഷനു് സാരമായ കുറവുവന്നു, മററു മാർഗ്ഗങ്ങളിലുള്ള വരുമാനവും അതേപോലെ. ജലന്ധറിൽനിന്നു വല്ലപ്പോഴും കൊക്കോശാസ്ത്രക്കാരൻെറ ഒരു രണ്ടര ഉറുപ്പികപ്പരസ്യം കിട്ടിയാലായി, കിട്ടിയില്ലെങ്കിലുമായി. പ്രഭപ്പുത്രത്തെ സഹായിച്ചുകൊണ്ടിരിക്കുന്നതു് കമ്മ്യൂണിസ്റ്റുകാരാണെന്നു പ്രചരണമുണ്ടായി. അതെത്തുടൎന്നു് പരസ്യം നല്കുന്നതിൽ പ്രമാണിമാൎക്കൊക്കെ പലതരത്തിലുള്ള തടസ്സങ്ങൾ പറയാനും ഉണ്ടായി.

ഇന്നത്തെപ്പോലെ അന്നും, വലിയ വലിയ പത്രക്കാരുടെപോലും പ്രധാന വരുമാനം കോട്ടാ കിട്ടുന്ന കടലാസു് വില്ക്കുക എന്ന ലാഭകരമായ ബിസിനസു് ആയിരുന്നു. പ്രഭപ്പുത്രത്തിനാകട്ടെ ഇത്രകാലം വഴക്കടിച്ചും കാര്യമായ കോട്ടാ കിട്ടിയിരുന്നുമില്ല. കടലാസിൻെറ വില കുതിച്ചു കയറുകയും ചെയ്തിരുന്നു.

പലപ്പോഴും പത്രാധിപകേസരികൾക്കു് ഉച്ചയൂണിനുപകരം ചക്കയും മോരുവെള്ളവുംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. ആറണ ആകെയുണ്ടെന്നു വയ്ക്കുക. അനന്തനു് കക്കോടിവരെ ബസ്സിൽ പ്പോകണം, അവിടെ ഒരു സ്ത്രീ വളരെ അവശയായി കിടപ്പിലാണു്. നാലണകൊണ്ടു പിന്നെ എന്തു ചെയ്യാൻ? കപ്പങ്ങായോ കുഴച്ചക്കയോ വാങ്ങിത്തിന്നുക, ദാഹത്തിനു് പൈപ്പിലെ വെള്ളവും, അത്രയൊക്കെയേ കഴിയുമായിരുന്നുള്ളു.

ഒരു ദിവസം മിസ്റ്റർ ബാലചന്ദ്രൻനായൎക്കു് ഉച്ചയ്ക്കു് ഒരു ചായ കുടിക്കണമെന്നു കലശലായ ആഗ്രഹം. നോക്കുമ്പോൾ ആകെ ഒരണയുണ്ടു്. അരയണ കടം പറഞ്ഞാൽ ഒരു ചായ കുടിക്കാം. എങ്ങനെ കടം പറയും? അനന്തനാണെങ്കിൽ വന്നിട്ടുമില്ല, കുട്ടൃപ്പനമ്പ്യാരുടെയും വറുതിൻെറയുമൊക്കെ കീശ പരതി. ഒരണ ഒരണയായിത്തന്നെ ഇരുന്നതേയുള്ളു. ഒടുവിൽ ഒരു യുക്തിതോന്നി. പ്രമേഹരോഗിയാണെന്നു നടിക്കുക. ഹോട്ടൽ ഡിപാരീസിൽക്കയറി പഞ്ചസാരയിടാത്ത ഒരു ചായ ഓർഡർ

ചെയ്യുക. പഞ്ചസാരയില്ലാത്ത ചായക്ക് വില കൃത്യം ഒരണ, പഞ്ചസാരയിട്ടതിന് അണ ഒന്നര കൊടുക്കണം.

കള്ളഷാപ്പിൽ ആദ്യമായിക്കയറുന്ന ഒരു പയ്യനെപ്പോലെ, അറച്ചറച്ച് അകത്തു കയറി. പയ്യനെ വിളിച്ച്, പഞ്ചസാരയിടാത്ത ചായ എന്ന് പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

'കഴിക്കാനെന്താണു സേർ?'

'ഒന്നും വേണ്ട.'

അപ്പോഴ് വാസ്തവത്തിൽ ഒരു പോത്തിനെത്തന്നെ തിന്നാനുള്ള വിശപ്പുണ്ടായിരുന്നു. കോമളവിലാസത്തിലെ ചാപ്സിന്റെ സുഗന്ധം നാസാരന്ധ്രങ്ങളിലുണ്ടായി. കനമുള്ള ശബ്ദത്തിൽ ഒരിക്കൽക്കൂടി പറഞ്ഞു, കഴിക്കാനൊന്നും വേണ്ട.

പയ്യൻ ഉഷാറായി വിളിച്ചു പറഞ്ഞു:

'പത്രാധിപർസാറിന് പെഷ്യൽച്ചായ ഒന്ന്.'

കോമളവിലാസത്തിലെ അയ്മുവിന്റെ അതേ വിളി. അതേ ഒച്ച അതേ വാക്കുകൾ. സൂക്ഷിച്ചു നോക്കിയപ്പോൾ അന്നത്തെ അതേ ഉടുപ്പിട്ടാണ് അവൻ നില്ക്കുന്നത്. അന്നവൻ ഒരടിമരാജ്യത്തിലെ പൗരൻ, ഇന്നു സ്വതന്ത്രഭാരതത്തിലെ വോട്ടറാണ്. അയ്മുവിനെപ്പോലെതന്നെ ഇവനും കഴിക്കാനാഹാരമില്ലാത്തതുകൊണ്ട് സ്കൂൾ ചാടിപ്പോന്നതായിരിക്കും, ബാലൻ ആലോചിച്ചു.

അതിനിടയിൽ ചായവന്നു, പിന്നാലെ പത്രാസായിട്ട് ഒന്നരയണയുടെ ഒരു ബില്ലും!

പത്രാധിപർ വിയർത്തുപോയി. ലജ്ജാവനമ്രമുഖനായി മാനേജരുടെ അടുത്തുചെന്നു നിന്നു:

'ഒരണയേ ചില്ലറയുള്ളൂ, അരയണ പിന്നെത്തരാം.'

പ്രഭയുടെ പത്രാധിപരെ മാനേജർ തടഞ്ഞു നിർത്തിയില്ല.

അത്തരം രക്ഷപ്പെടലുകളുടെയും അത്തരം ജീവിതാസ്വാദനത്തിന്റെയും പൊതുസേവനത്തിന്റെയും നാളുകൾ തള്ളിനീക്കുന്നതിനിടയിൽ, കടലാസുകച്ചവടക്കാരൻ ചെട്ടിയാരുടെയും കമ്പോസിറ്റർമാരുടെയും ദുർമ്മുഖംകണ്ടു മടുത്തും, വയറെരിഞ്ഞും ആത്മാ

വിലും മനസ്സിലുമാകെ നിസ്സഹായതയുമായി, സഹിക്കാനും കരയാനും ആവാതെ കഷ്ടനിക്കുന്നതിനിടയിൽ ഒരു ദിവസം അതും കേട്ടു: അനേകം വിശേഷഭിഷഗ്വരന്മാരുള്ള കോഴിക്കോട്ട പട്ടണത്തിന്റെ ഒരു മൂലയിൽവച്ച് ഒരിറക്കു മരുന്നു കിട്ടാനില്ലാതെ ആദർശധീരനായ ഒരു പത്രപ്രവർത്തകന്റെ പ്രിയപത്നി അന്ത്യശ്വാസം വലിച്ചിരിക്കുന്നു.

അനന്തൻസാറിന്റെ ആള് മരിച്ചെന്നായിരുന്നു വന്നതിന്റെ വാർത്ത. ബാലൻ ഉടനെ പുറപ്പെട്ടു. അവിടെ—കുഞ്ഞനന്തന്റെ ധീരതയെല്ലാം അവസാനിച്ചിരുന്നു. കയറിച്ചെല്ലുമ്പോൾ മകളെയും മടിയിലെടുത്തുവച്ചുകൊണ്ട് വാവിട്ടു നിലവിളിക്കുകയായിരുന്നു സഹപ്രവർത്തകൻ.

'ഒരിറക്കു മരുന്ന് അവൾക്കു വാങ്ങിക്കൊടുക്കാൻ എനിക്കു കഴിഞ്ഞില്ലല്ലൊ ബാലാ', മാസങ്ങളോളമായി അടിച്ചമർത്തിവച്ചിരുന്ന ദുഃഖമാണ് അവിടെ അണപൊട്ടിയത്. ബാലൻ മരവിച്ചു നിന്നുപോയി.

## 8

രണ്ടു ദിവസംകൂടി പത്രമാപ്പീസിലിരുന്നു. പത്രം രണ്ടു ലക്കംകൂടി ഇറക്കാൻ കഴിഞ്ഞു. കുറെ ആലോചിക്കാനും.

കടക്കാരും മററു ബാദ്ധ്യതക്കാരും സൈ്വരം കെടുത്തുകൊണ്ടല്ല. വാസ്തവത്തിൽ വീണ്ടും വീണ്ടും അവരെ കൺമുന്നിൽക്കണ്ടപ്പോഴാണ് ആലോചിക്കാൻ താൻ നിർബന്ധിതനായത്.

ജീവിതം വഴിമുട്ടി നില്ക്കുകയാണ്. തന്റെയും, അതിലെത്രയോ ദയനീയമായ അവസ്ഥയിൽ കുഞ്ഞനന്തന്റെയും. പോലീസുകാരെ തട്ടിച്ച് ജീവനുംകൊണ്ടു രക്ഷപ്പെടാൻ പരക്കം

പാഞ്ഞിരിക്കുന്നതിനിടയിലുയിരെടുത്തതായിരുന്നു കുഞ്ഞനന്തന്റെ സാഹസികപ്രണയം. അവന്ന് അവളെ ജീവനായിരുന്നു. അവന്റെ എല്ലാമെല്ലാം അവളായിരുന്നു. അവളും അവളുടെ തന്നെ തൽസ്വരൂപമായ കൊച്ചുമീരയും. പാവത്തിന്ന്, അവളൊന്നിച്ചു സന്തോഷമായിരിക്കാൻ പത്തുദിവസം ഉണ്ടായില്ല.

ഇനിയിപ്പോഴോ? എന്തു ചെയ്യും അവൻ? സ്വത്താ പറമ്പോ അധികമൊന്നുമുണ്ടായിരുന്നില്ല. അല്പസ്വല്പം ഉണ്ടായിരുന്നതുതന്നെ പഠിപ്പു മുഴുമിച്ചപ്പോഴേയ്ക്കു പണം കടംകൊടുത്തിരുന്ന ആളുകളുടെ കൈവശമായിക്കഴിഞ്ഞിരുന്നു. ബന്ധുക്കളായിട്ട് കണ്ണുകാണാത്ത ഒരു മുത്തശ്ശിയല്ലാതെ മററാരുമില്ല.

മീരയെ വളർത്തിക്കൊണ്ടുവരിക എങ്ങനെയെന്നതാണ് ഇനിയുള്ള പ്രശ്നം. കുഞ്ഞനന്തന്റെ കൊച്ചുമീര അവൾക്കുവേണ്ടി കുഞ്ഞനന്തനൊരു ഉപജീവനമാർഗ്ഗം ഉണ്ടാവുക, അതാണിന്നത്തെ ഒരാവശ്യം. പത്രം ലാഭമായി നടത്തിക്കൊണ്ടുപോകുക എന്ന പ്രശ്നമേയില്ല. പത്രനടത്തിപ്പു ലാഭമായിരിക്കണമെന്നതിൽ തനിക്കു വിശേഷിച്ചൊന്നുമില്ല. തനിക്കെന്ത്? താനൊരൊററത്തടി. ആരെയും ഭയപ്പെടാനില്ല. ആരെയും സംരക്ഷിച്ചേ മതിയാകൂ എന്നില്ല. തന്റെ നാഴിയരിയും വെള്ളരിയും, അതു് ഏതു മരുഭൂമിയിലും സ്വന്തം അദ്ധ്വാനംകൊണ്ടുതന്നെ ഉണ്ടാക്കാൻ കഴിയുമെന്ന തന്റേടം ഇപ്പോഴും തനിക്കുണ്ട്.

പക്ഷേ അനന്തന്റെ കാര്യം അതല്ല. അവൻ ജീവിക്കണ മോ വേണ്ടയോ എന്നുതന്നെ തീരുമാനമെടുക്കാൻ കഴിവില്ലാതെ കുഴങ്ങുകയാണ്. അവൻ ജീവിച്ചേ മതിയാകൂ. കൊച്ചുമീരയ്ക്കുവേണ്ടി അവൻ ജീവിച്ചേ മതിയാകൂ, സന്തോഷമായിത്തന്നെ ജീവിച്ചേ മതിയാകൂ.

അപ്പോൾ ഉപജീവനത്തിന്റെ പ്രശ്നമാണ്. പ്രഭപ്പത്രം തുടർന്നുനടത്തുക വിഷമമാണ്. നടത്താൻ കഴിഞ്ഞിട്ടുതന്നെ എന്തു വിശേഷമാണ്? അപ്പോൾ അനന്തന്ന് വേറതെങ്കിലും വഴി തുറന്നുകിട്ടുകയല്ലാതെ വേറെ രക്ഷയില്ല.

അങ്ങനെ ആലോചിച്ചുപോയി ഒരു തീരുമാനത്തിൽ ചെന്നെത്താൻ കഴിഞ്ഞു. പക്ഷെ ആ തീരുമാനം അത്യന്തം വേദനാജനകമായിരുന്നു. ചെയ്യുകതന്നെ, അതെക്കുറിച്ചു കൂത്തിയിരുന്നാലോചിക്കാൻ തുടങ്ങിയാൽ ഒന്നും കഴിഞ്ഞെന്നു വരില്ല.

സിലോണിൽനിന്നു മടങ്ങുമ്പോൾ തനിക്കുണ്ടായിരുന്ന അഭിലാഷങ്ങളെക്കുറിച്ചോർത്തുനോക്കി. കഴിയുന്നത്ര മനുഷ്യരെ കഴിയുന്ന തരത്തിലെല്ലാം സേവിക്കാൻ അവസരം നല്കുന്ന ഏതെങ്കിലും പണിയിൽ പ്രവേശിക്കണമെന്നു കരുതി.

അന്നുതന്നെ വല്ല ട്രെയ്നിങ്ങിനോ മററാ ചേർന്നിരുന്നെങ്കിൽ ഇന്നു സ്വസ്ഥമായി, ശാന്തതയോടെ, മനസ്സമാധാനത്തോടെ വല്ലിടത്തും കഴിയാമായിരുന്നു. അന്നതൊന്നും തരപ്പെട്ടില്ല.

പത്രപ്രവർത്തനത്തിലൂടെ അതെല്ലാം ആവാമെന്നായിരുന്നു ധരിച്ചിരുന്നതു്. നീതിയുടെയും സ്വാതന്ത്ര്യത്തിൻെറയും സംരക്ഷകനായി, സത്യത്തിൻെറ പ്രചാരകനായി ഇരുട്ടിൻെറയും തിന്മയുടെയും ശക്തികൾക്കെതിരായി അടരാടാൻ പോകുന്നു! അന്നത്തെ തൻെറ ഉഗ്രൻ വാചകങ്ങളെക്കുറിച്ചോർത്തപ്പോൾ ഇപ്പോൾ ചിരിക്കാൻ തോന്നി. എന്തെല്ലാം ബഡായികളായിരുന്നു പറഞ്ഞിരുന്നതും വിശ്വസിച്ചിരുന്നതും.

കമ്മ്യൂണിസ്റ്റുകാരുടെ കൊലയും കൊള്ളിവയ്പും നമുക്കു ശരിവയ്ക്കാൻ സാദ്ധ്യമല്ല. പക്ഷെ ഭക്ഷണം കിട്ടാതെ മനുഷ്യർ പട്ടിണികിടന്നു ചാകുമ്പോൾ അരിയും നെല്ലും പൂഴ്ത്തിവയ്ക്കാനും അതിൽനിന്നു കൊള്ളലാഭമടിക്കാനും തക്കംനോക്കുന്ന സാമൂഹ്യശത്രുക്കൾക്കെതിരെ അവർ സംഘടിപ്പിക്കുന്ന സമരങ്ങളുടെ മഹത്തായ ഉദ്ദേശത്തെ നാം മാനിക്കേണ്ടതുണ്ടു്.

നമുക്കു സക്കാർ പരസ്യം കിട്ടുന്നില്ലെങ്കിൽ വേണ്ട, സക്കാരിൻെറ ഒരോററ കൊള്ളരുതായ്മയ്ക്കും ഒത്താശ പറഞ്ഞുനില്ക്കേണ്ട കാര്യം നമുക്കില്ല. എന്നല്ല, നമുക്കു് സത്യത്തിനും ധമ്മത്തിനും വേണ്ടി വാദിക്കുമ്പോൾ ഏററവും വലിയ ക്രൂരനായ മനുഷ്യനെക്കാളും ക്രൗര്യം ഉണ്ടായിരിക്കേണ്ടതുമാണു്,

എന്തെല്ലാം ആകാശവെടികൾ!

ഒക്കെ എന്തബദ്ധമായിരുന്നു.

ദുസ്സഹമായ ദുഃഖം തോന്നി. പക്ഷേ അപ്പോഴും ആ മനസ്സിന്ന് ലോകവിദ്വേഷം തോന്നിയില്ല.

ബിസിനസ്സിനെപ്പററി യാതൊരു പിടിയുമില്ലാതെ രണ്ടു ചെക്കന്മാർകൂടി ഒരു പത്രം തുടങ്ങി. വിജയിച്ചില്ല. ആരെക്കുററപ്പെടുത്താനാണ്?

സ്വന്തം പോളിസിയിൽത്തന്നെ ചില വീഴ്ചകൾ വന്നിരുന്നു എന്ന് ഇപ്പോൾ ആ മനുഷ്യന്നു തോന്നി. പക്ഷേ എന്തു ചെയ്യാം, തിരുത്താൻ അവസരം കിട്ടുന്നില്ലല്ലോ. അതെ. ജീവിതത്തിൽ അങ്ങനെതന്നെയാണ്. ചെയ്തതു ചെയ്തുപോയതുതന്നെ. ഒന്നും തിരുത്താൻ കാലം അവസരം നല്കിയെന്നുവരില്ല.

അങ്ങനെ ആലോചിച്ചിരിക്കുന്നതിനിടയിൽത്തന്നെ അന്നും അതിന്റെ പിറേറന്നുമായി അത്യാവശ്യം ചില കാര്യങ്ങൾ ചെയ്തു തീർക്കുകയായിരുന്നു. ആസ്തിബാദ്ധ്യതകളുടെ തിട്ടപ്പെടുത്തൽ, അതിനെസംബന്ധിച്ച് അടിയന്തിരമായും ചെയ്യേണ്ട കാര്യങ്ങളും. തന്റെ മുമ്പിൽ വ്യക്തമായ ഒരു പരിപാടിയുണ്ടായിരുന്നു.

## 9

നേരം ഉച്ചയോടടുത്തു. ഭാരതീയൻ പത്രമാപ്പീസിന്റെ മൂന്നാമത്തെ നിലയിലിരുന്നുകൊണ്ടു മാനേജർ വാസുമേനോൻ താഴെ റോട്ടിലേയ്ക്ക് അലസമായി കണ്ണുകൾ പായിക്കയായിരുന്നു. ആ പൊരിവെയിലിലും കൂസലില്ലാതെ തലയുയർത്തിനടക്കുന്ന ഒരാറടി പൊക്കക്കാരന്റെ രൂപം അയാളുടെ കണ്ണിൽപ്പെട്ടു. ശ്രദ്ധിക്കാതിരിക്കാൻ കഴിഞ്ഞില്ല. ആരാണിതു്? തകച്ചിയുടെ നെല്ലി

പ്പലകയിൽ, ഇപ്പോഴും അവൻെറയൊരു ഗമ! അയാൾക്ക് അത്ഭുതംകൂറി. എങ്ങോട്ടാവാം ധീരാത്മാവിൻെറ ഗമനം, വെറുതെയെങ്കിലും ഒരു നിമിഷത്തേയ്ക്ക് അയാൾ ആലോചിച്ചിരുന്നു.

പത്തു നിമിഷം തികച്ചു കഴിഞ്ഞിരിക്കയില്ല, മേനോനെ തന്നെ സ്തബ്ധനാക്കിക്കൊണ്ട് ആ മനുഷ്യൻ ഷാലൈക്കമിൻ എന്നു ചോദിച്ചുകൊണ്ട് അയാളിരുന്ന മുറിയിലേയ്ക്കു കടന്നുചെന്നു. എതിരെ കിടന്ന കസേരയിൽ ഇരുന്നു. 'അയാം...' എന്നു പറഞ്ഞു തുടങ്ങുമ്പോൾത്തന്നെ, ഹായ് എനിക്കറിയില്ലേ മിസ്റ്റർ നായരെ എന്നു മേനോൻ പറഞ്ഞുകഴിഞ്ഞു. അതെ, അതു ബാലൻതന്നെ ആയിരുന്നു, മേനോൻെറ ഏററവും ശക്തനായ എതിരാളി. മേനോൻെറ എല്ലാ അടവുകളെയും നേരിട്ടുനിന്ന് പത്രം നടത്തിയിരുന്ന രണ്ടുപേരിൽ പ്രധാനി—പ്രഭയുടെ എഡിററർ, ബാലൻ എന്ന ബാലചന്ദ്രൻ. തൻെറ ഓഫർ ഒരിക്കൽ നിരാകരിച്ചു. എങ്കിൽത്തന്നെ കൂടുതൽ അവശതയായപ്പോൾ എന്നാൽ ഇങ്ങനെ ആയിക്കളയാം എന്നു ഭാവിച്ചുള്ള പുറപ്പാടായിരിക്കണം, മേനോൻ കണക്കുകൂട്ടി. എന്നാൽത്തന്നെയും, ഭവ്യതയ്ക്കുവേണ്ടി, പ്ലീസ് ടെൽ മീ പ്ലീസ്, ഹൗ ക്യാനൈ ഹെൽപ്പ് യൂ എന്നാണ് ആദ്യത്തെ വാചകം എടുത്തിട്ടതു്.

'മിസ്റ്റർ മേനോൻ കമ്പനിക്കുവേണ്ടി എനിക്കൊരു ഓഫർ നല്കി എഴുതിയിരുന്നല്ലോ.'

'ഉവ്വ്, അതിന്?'

'അതെ, അതിനെക്കുറിച്ച് ഒരു കാര്യം പറയാനാണു വന്നതു്.'

'വീ ഷാൽ ബി മോസ്റ്റ് ഹാപ്പി റ്റു....'

പക്ഷേ മേനോൻ ആ വാചകം മുഴുമിക്കുന്നതിനകംതന്നെ മറേറ ആൾ തൻെറ വാചകവും ആരംഭിച്ചിരുന്നു.

'എൻെറ സ്നേഹിതൻ മിസ്റ്റർ കുഞ്ഞനന്തൻനായർ കുറെ കഷ്ടത്തിലാണ്. ഇങ്ങനെ വല്ലതും ഒരു ജോലി കിട്ടിയിരുന്നെങ്കിൽ അയാൾക്കു വലിയ കാര്യമായിരുന്നു. മിസ്റ്റർ മേനോൻ

എൻെറ സുഹൃത്തിന്ന് ഇങ്ങനെയൊരു സഹായം ചെയ്യുമെങ്കിൽ ഞാൻ നിങ്ങറംക്കു കടപ്പെട്ടിരിക്കും.'

'അപ്പോറം നിങ്ങളുടെ പത്രമോ മിസ്റ്റർ ബാലൻ?' മേനോൻ ഒന്നുമറിയാത്തമട്ടിൽ ഒരു ചോദ്യം.

'മിസ്റ്റർ മേനോൻ! നമ്മറം ഇനിയും മാസ്ക്കുകറം വച്ചുകൊണ്ടുതന്നെ ഇരിക്കുന്നതിൽ കാര്യമില്ല. നമുക്കു തുറന്നു സംസാരിക്കാം. നിങ്ങളും ഞങ്ങളും തമ്മിൽ ഒരു ജീവന്മരണസമരം നടന്നു. ഞങ്ങളുടെ പത്രക്കെട്ടുകറം എങ്ങുമെങ്ങും വേണ്ട സമയത്തു് എത്താതെ വരുത്താൻ നിങ്ങറം ബസ്സിലെ ചെക്കന്മാക്ക് നാലും എട്ടും അണ കൈമടക്കു കൊടുത്തു. കാലണ മുടക്കില്ലാതെ നിങ്ങളുടെ ടെലിപ്രിൻററിൽനിന്നു വാത്ത ചോത്തിയെടുക്കാൻ ഞങ്ങളും ശ്രമം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ നമ്മറം ഒളിഞ്ഞും തെളിഞ്ഞുംനിന്നു മത്സരിച്ചു, ബലാബലം നോക്കി. ഒടുവിൽ നിങ്ങറംതന്നെ വിജയിച്ചിരിക്കുന്നു. നമുക്ക് സ്പോർട്ട്സ്മാൻസ്പിരിററിൽ പരസ്പരം ഹസ്തദാനംചെയ്തു പിരിയാം.'

മേനോൻ സ്തംഭിച്ച് ഇരുന്നതല്ലാതെ ഒരക്ഷരം ഉരിയാടിയില്ല. ഇപ്പോറം അയാളുടെ മുഖം ഒട്ടൊന്നു് വിവണ്ണമാകുകയും ചെയ്തുകാണായി. 'നിങ്ങളുടെ പ്രയാസം,' ബാലൻ തുടന്നു, 'നിങ്ങളുടെ പ്രയാസം എനിക്കു മനസ്സിലാക്കാൻ കഴിയും. മക്മിലൻ കമ്പനിയിൽനിന്നു് സ്പെഷ്യൽ അലവൻസുകളും തന്നു് നിങ്ങളെ ഇവിടേയ്ക്കു വരുത്തിയതു് ഈ സമരം സമത്ഥമായി നടത്താൻ വേണ്ടി ആയിരുന്നു. നിങ്ങറം അതിൽ ആത്മാത്ഥതയോടെ ഉത്സാഹിക്കുകയും ചെയ്തു. എനിക്കു നിങ്ങളോട്ട് ലവലേശമെങ്കിലും പകയോ അസുഖമോ ഉണ്ടെന്നു ധരിക്കരുതു്. ഇഫ് യൂ 'ആർ ഓക്കേ വി പാർട്ടാസ് റീയൽ ഫ്രണ്ട്സ്.'

വീണ്ടും മേനോന്നു് അത്ഭുതം കുറിയതേയുള്ളു. അയാറംക്ക് ബാലകൃഷ്ണൻനായർ സംസാരിക്കുന്നതിനിടയിൽ എന്തെങ്കിലും പറയാൻ തോന്നിയില്ല.

'ഇപ്പോഴത്തെ പ്രശ്നം അതല്ല. എനിക്കിപ്പൊ ഇന്ന ജോലി വേണം, അതു് ഇന്ന സ്ഥലത്തു വേണം എന്നൊന്നും നിർബന്ധമില്ല. എവിടെ ആയാലും എനിക്കു് ഒരുപോലെതന്നെ. കോഴിക്കോടല്ലെങ്കിൽ പാലക്കാട്ടു്, പാലക്കാടല്ലെങ്കിൽ പത്താൻകോട്ടു്. അതൊരു പ്രശ്നമേ അല്ല. പക്ഷേ കുഞ്ഞനന്തൻെറ കാര്യം വ്യത്യസ്തമാണു്. അയാൾ ആകെ തകന്നിരിക്കയാണു്. അറിഞ്ഞിരിക്കുമല്ലോ, കുഞ്ഞനന്തൻെറ ഭാര്യയുടെ മരണത്തിൻെറ കാര്യം. അപ്പോൾ അയാളും ഒരു കൊച്ചുകുട്ടിയും കണ്ണുകാണാത്ത ഒരു തള്ളയുമേ ഉള്ളു. അവക്കു് ഇവിടെ കഴിയണം, ജീവിക്കണം.'

'ഞാൻ എന്തുചെയ്യണം എന്നുവച്ചാൽ മിസ്റ്റർ പറഞ്ഞോളു.'

'ഭാരതീയൻെറ സ്റ്റാഫിൽ എനിക്കൊരു പണിതരാമെന്നു നിങ്ങൾ എഴുതിയിരുന്നല്ലോ. എനിക്കുവേണ്ടിയും മനുഷ്യത്വത്തിനുവേണ്ടിയും ആ പോസ്റ്റ് നിങ്ങൾ മിസ്റ്റർ കുഞ്ഞനന്തൻനായക്കു വാങ്ങിക്കൊടുക്കണം.'

'നിങ്ങളെ ആയിരുന്നു കമ്പനിക്കാവശ്യം.'

'നോ നോ, ഡോൻറീസ് സില്ലി. മൈ കോമ്രേഡ് ഈസ് ഏസ് ഗുഡാസ് എനി വൺ.'

'ഞാൻ ഡയറക്ടേഴ്സിനോടു പറഞ്ഞുനോക്കാം.'

'പറഞ്ഞുനോക്കിയാലൊന്നും പോര. ഈ കാര്യം നിങ്ങൾ ശരിയാക്കണം. നിങ്ങൾക്കിതു കഴിയും. നിങ്ങൾക്കിതു ചെയ്യണമെന്നു് ആഗ്രഹമുണ്ടു്, എനിക്കറിയാം.'

'മിസ്റ്റർ കുഞ്ഞനന്തൻനായർ...'

'നിങ്ങൾ സംശയിക്കേണ്ട. കുഞ്ഞനന്തൻ സ്ഥാപനത്തോടു് നൂറു ശതമാനവും കൂറുള്ളവനായിരിക്കും. നിങ്ങളോടു് അയാൾക്കു് എന്നെന്നത്തേയ്ക്കുമുള്ള കടപ്പാടും ഉണ്ടായിരിക്കും.'

'ശരി, ഞാനിക്കാര്യം ഏററിരിക്കുന്നു.'

'എനിക്കു നിങ്ങളോടു നന്ദിയുണ്ടായിരിക്കും മിസ്റ്റർ മേനോൻ.'

അതു മേനോനു സഹിക്കാൻ കഴിഞ്ഞില്ല.

'എക്സ്ക്യൂസ് മീ, അയാം കവേയററ്, കവേയററ് അൺവത്തി,' അയാറാം ശരിക്കും വികാരാധീനനായിരുന്നു.

'അപ്പോഠം, ഞാനിറങ്ങട്ടെ മിസ്റ്റർ മേനോൻ? ഞാൻ നിങ്ങളോട്ട് അത്യന്തം കടപ്പെട്ടിരിക്കുന്നു.'

'ബാലൻ, നിങ്ങളെ ഞാൻ ഒരിക്കൽ കെട്ടിപ്പിടിച്ചുകൊള്ളട്ടെ.'

മേനോൻ തൻെറ എതിരാളിയെ, ഒരു ശിശു മാതാവിനെയെന്നപോലെ എത്തിവലിഞ്ഞു് ആശ്ലേഷിച്ചു.

'നിങ്ങളെ ഞാൻ മറക്കില്ല, ബാലൻ. ഒരിക്കലും ഒരിക്കലും മറക്കില്ല.'

ശരിയായിരുന്നു. വാസുമേനോൻ ബാലനെ വഷങ്ങറാം കഴിഞ്ഞിട്ടും മറന്നിരുന്നില്ല. അങ്ങനെ ആ അദ്ധ്യായവും അവസാനിച്ചു. എല്ലാക്കാര്യവും പറഞ്ഞവസാനിപ്പിച്ച്, ഒരിക്കൽക്കൂടി ബാലൻ കോഴിക്കോടിനോട്ട വിടവാങ്ങി

## അഞ്ചു്

# അന്തസ്സില്ലാത്ത പട്ടണം

ഒരിക്കൽക്കൂടി വെറുംകൈയോടെ തെക്കേടത്തെത്തി. ഇൻറ റിൻെറ പരീക്ഷ കഴിഞ്ഞു് ദാമുവും വീട്ടെത്തിയിട്ടുണ്ടായിരുന്നു. അവനിപ്പോഗം കവിതയെയും കഥകളെയുംകുറിച്ചല്ലാതെ മററൊന്നും സംസാരിക്കാനില്ല.

സാഹിത്യം എന്ന പേരു പറഞ്ഞു് എന്തൊക്കെയാണു് ഈ സക്കാരും യൂണിവേഴ്സിററിയുംകൂടി കുട്ടികളുടെമേൽ അടിച്ചു വിട്ടിരിക്കുന്നതു്? അവൻ ചോദിക്കും. അറുമുഷിപ്പൻ പുസ്തകങ്ങഗം. കൊള്ളാവുന്നതു് ഒന്നുമില്ല. കോളേജിലെ മാഷ്മാരിൽ ത്തന്നെ രണ്ടു സാഹിത്യകാരന്മാരുണ്ടു്. തങ്ങഗംക്കു്, കുട്ടികഗംക്കു്, രണ്ടാളെയും ഇഷ്ടമാണു്. രണ്ടുപേരും രണ്ടു തരത്തിൽ ഗംഭീരന്മാർ. ഒരാളു് ഒന്നാന്തരമായി ക്ലാസ്സെടുക്കും. മറേറ ആഗം ക്ലാസ്സെടുക്കുന്നതു ലേശം മുഷിപ്പനായിട്ടാണെങ്കിൽത്തന്നെ ഒട്ടനവധി പുസ്തകങ്ങഗം വായിച്ചിട്ടുള്ള ആളാണു്. വിശ്വസാഹിത്യത്തിൻെറ അത്യുന്നതശിഖരങ്ങഗം തനിക്കു് ഇപ്പോഗം അകലെനിന്നെങ്കിലും നോക്കിക്കാണാമെന്നായിട്ടുണ്ടെങ്കിൽ അതിനു കാരണം ആ മാഷ് പറഞ്ഞുതന്ന കാര്യങ്ങളാണു്.

അങ്ങനെയൊക്കെ കോളേജിലെ വത്തമാനങ്ങഗം. പിന്നെ, എഴുതിയിട്ടുള്ള കഥകഗം, അതിൽത്തന്നെ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളവ, പ്രസിദ്ധപ്പെടുത്താനുള്ളവ, ഇനിയും എഴുതണമെന്നു

വിചാരിക്കുന്നവ വേറെയും. ദാമുവിനു് ഈ വിഷയങ്ങളെ സംസാരിക്കാനുണ്ടായിരുന്നുള്ളു, ഈ വിഷയങ്ങൾ മാത്രം.

പക്ഷെ അതൊക്കെയും കേൾപ്പിക്കാൻ കൗതുകകരമായിരുന്നു. തൻെറ അനുജൻ ഒരു വലിയ സാഹിത്യകാരനായി വളർന്നുവരുന്നതും പ്രശസ്തനാകുന്നതുമായ ആ നാളെയെക്കുറിച്ച് തനിക്കുതന്നെയും സ്വപ്നങ്ങൾ മൊട്ടിടുന്നു. ഓരോന്നും കേട്ടുകേട്ടങ്ങനെ പോകുമ്പോൾ. മൊട്ടിടുകയെന്നു പറഞ്ഞാൽ ശരിയാവില്ല. എത്രയോ മുമ്പുതന്നെ ദാമുവിനെക്കുറിച്ചു മഹത്തായ പ്രതീക്ഷകൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു തനിക്കു്.

രണ്ടാളുംചേർന്നു് അങ്ങനെ ചരിത്രവും ജോത്സ്യവും പറഞ്ഞു രസിക്കുന്നതു കാണുമ്പോൾ അമ്മ ഓർത്തുപോകും—

കുഞ്ഞുണ്ണി വല്ലപ്പോഴുമൊരിക്കൽ ഒരു കത്തുകൂടി അയക്കുകയില്ല. അനുജൻെറയും അമ്മയുടെയുമൊക്കെ കാര്യത്തിൽ അവനു് വരുംകാലം വളരെ ശ്രദ്ധയുണ്ടാകും, സംശയമില്ല.

നാരായണൻകുട്ടിയുടെ കഥ അത്രതന്നെ മോശമല്ലെന്നു വയ്ക്കുക. വല്ലപ്പോഴുമൊരിക്കൽ അമ്മയെ വന്നു കാണാൻ സമയമുണ്ടാവും. വലിയ കാര്യം. അനുജനോടു ലോഹ്യവും പറയും. പിന്നെ അതു കഴിഞ്ഞിട്ടു് അങ്ങു പോകുമെന്നുമാത്രം. സ്വന്തം വയറുപിഴപ്പിൽ ശ്രദ്ധയില്ല. പിന്നെയാണു് മററുള്ളവരെ പോററുന്നതിൽ! എന്നെങ്കിലുമൊരിക്കൽ ആർഷഭാരതം അതിൻെറ മഹിമ വീണ്ടെടുക്കുമെന്നും, അന്നു് ഇൻഡ്യ അതിശക്തിമത്തായ ഒരു ഹിന്ദുരാജ്യമായിരിക്കുമെന്നാണു് മൂപ്പർക്കു് ആരോടും പറയാനുള്ളതു്.

'കേട്ടു കേട്ടു മടുത്തിരിക്കുന്നു അമ്മേ' മരുമകൾ പറയും. 'അച്ഛൻെറ കാര്യം. ഏററവും വിശേഷം. ഒന്നു കണ്ടിട്ടുതന്നെ എത്രയായിരിക്കുന്നു കാലം.'

ആലോചന ഒടുവിൽ ചെന്നുനില്ക്കുന്നതു് ബാലനിലാണു്. കുരുത്തംകെട്ടവനാണെന്നും കുടുംബദ്രോഹിയാണെന്നുമൊക്കെ കരുതി. ഇന്നിപ്പോൾ അവസാനകാലത്തു് അവനാണൊരാശ്വാസം! ബാ

ലൻ കുടുംബത്തിനൊരു താങ്ങായിരിക്കും എന്നോർത്തപ്പോഠം എന്തോ, വ്യസനമാണുണ്ടായതു്.

എന്തെല്ലാം അന്യായം അവനോടു ചെയ്തിരിക്കുന്നു! അന്നത്തെ നല്ല കുട്ടികളായിരുന്ന കുഞ്ഞുണ്ണി എവിടെ, നാരായണൻ കുട്ടി എവിടെ? അവരുടെ കൺപീലികഠം നനയും.

വളരെ ദ്രോഹിച്ചിട്ടുണ്ടു്. എല്ലാരുമെല്ലാവരും അവനെത്തന്നെ വീണ്ടും വീണ്ടും ദ്രോഹിച്ചു. ഒന്നിലെങ്കിലും ഒരു മേൽഗതി ഉണ്ടാകുന്നുണ്ടോ? അതിനു യോഗമില്ലതാനും. റെയിൽവേയിൽ നല്ലൊരു ജോലികിട്ടി, അപ്പോളതിനൊരു കുന്തമുണ്ടായി. ഒരു കൂട്ടക്കാരുടെ സ്നേഹം! കൊളമ്പിൽച്ചെന്നിട്ടോ, മലമ്പനിയും സുഖക്കേടും. ജീവനോടിങ്ങു പോരാൻ കഴിഞ്ഞതു ഭാഗ്യം.

ഭാഗ്യം! അവനില്ലാത്തതൊന്നു് അതു മാത്രമാണു്. ഭാഗ്യമില്ല. വേറെ എന്തുണ്ടായിട്ടെന്തു കാര്യം?

അങ്ങനെയെല്ലാം സങ്കടപ്പെട്ടാണു് ആ അമ്മ കഴിഞ്ഞുവന്നതു്. അമ്മ തന്നെച്ചൊല്ലിയാണു സങ്കടപ്പെടുന്നതെന്നു കണ്ടപ്പോഠം വീട്ടിലെ താമസം ബാലനു് അധികം പ്രയാസമായും തോന്നി.

ഒരിക്കൽ നാരായണൻകുട്ടിയേട്ടൻ വന്നിരുന്നു, ഒപ്പം ഏട്ടത്തിയമ്മയും. ഇത്ര നാളായിട്ടും ബാലൻമാത്രം അങ്ങോട്ടേയ്ക്കൊന്നു വന്നിട്ടില്ലല്ലോ എന്നു് ഏട്ടത്തിയമ്മ പരിഭവം പറഞ്ഞു. ഏട്ടൻ കുറേ രാഷ്ട്രീയവും പൊടി പാറി. അടുത്ത ദിവസം കൂട്ടിനു ദാമുവുമായി, ബാലൻ എടപ്പാളേയ്ക്കു പോയി. അന്നുതന്നെ അവിടെനിന്നു മടങ്ങിപ്പോരികയും ചെയ്തു.

കുട്ടമ്മാമയുടെ വീടായിരുന്നു അക്കാലത്തെ ഒരു സ്ഥിരം താവളം. അവിടെ കളിയും ചിരിയുമുണ്ടു്, കുട്ടികളുണ്ടു്. സുശീല ബാലേട്ടനാവശ്യപ്പെട്ടാൽ പാട്ടും പാടും, ആവശ്യപ്പെട്ടില്ലെങ്കിൽ തന്നെ നന്ദിനി ബാലേട്ടനെ പാട്ടു കേഠപ്പിക്കതന്നെ ചെയ്യും. ഒക്കെ മഹാ വികൃതികളും! ഒച്ചയും ബഹളവും കുറെ അധികമാകുമ്പോഠംമാത്രം അമ്മായി ശണ്ഠകൂട്ടും;

'ഒരുത്തി പായുമ്മേന്നു് എണീററിട്ടു് തിയ്യതി പത്തായി. കണ്ടില്ലേ, അവററ പെര പൊളിക്കണ്'!'

ശരിയായിരുന്നു. പാവ്തി ഒരാളുടെ സുഖക്കേടായിരുന്നു ആ വീട്ടിലെ സന്തോഷത്തിനിടയിലുള്ള ഏക ദുഃഖം. എട്ടാംതരത്തിൽ പഠിച്ചിരുന്ന ആ കുട്ടിയെ ഇയ്യിടെ സുഖക്കേടു മാറിയിട്ടു കൂടിയും, പുറത്തെങ്ങും കാണാനില്ലായിരുന്നു. അവളെ അങ്ങനെ ശ്രദ്ധിച്ചുമില്ല എന്നു വയ്ക്കുക.

## 2

ഇതിനിടയിൽ ഒരു പണി സമ്പാദിക്കാൻവേണ്ടി കാര്യമായ ചില ശ്രമങ്ങറം നടത്തുകയും ഉണ്ടായി.

തൃശ്ശൂരു് ഒരുപിടി പുസ്തകശാലകളും പ്രസാധകന്മാരും ഉണ്ടെന്നറിയാം. അവിടെങ്ങാനും ചെന്നു് ഒരു ശ്രമം നടത്തിയാലോ? ആലോചിച്ചു. കാര്യം തരക്കേടില്ലാത്തതാണെന്നു തോന്നി. ഏട്ടനതിന്നു ശ്രമിക്കുന്നതു നല്ലതാണെന്നു് അങ്ങോട്ടു വിളിച്ചു് അഭിപ്രായം ചോദിക്കാതെതന്നെ ദാമു ഉപദേശം നല്കി. ഒരുദിവസം ഒരുങ്ങിപ്പിടിച്ചു് തൃശ്ശൂക്ക് പോകുകയും ചെയ്തു. പക്ഷേ ഒട്ടും ആശാവഹമായിരുന്നില്ല. അവിടെങ്ങും അവക്കൊരു പുതിയ ആറം വേണ്ടിയിരുന്നില്ല. നഷ്ടമായി നടക്കുന്ന പുസ്തകപ്രസാധനം.

പിന്നീടുണ്ടായിരുന്നതു പത്രങ്ങളാണു്. ഒക്കെത്തന്നെ പാട്ടിപത്രങ്ങറം. അവയിൽ പാട്ടിക്കാക്കും അവക്കു് അടുത്തറിയാവുന്ന കക്ഷിരാഷ്ട്രീയമില്ലാത്ത ആളുകറംക്കും മാത്രമേ ഉദ്യോഗം കൊടുക്കാൻ കഴിയുമായിരുന്നുള്ളു. ഒരു പകൽ മുഴുവൻ ചുററിയിട്ടു്, വൈകുമ്പോഴേയ്ക്കു വാടിത്തളന്നു മടങ്ങി തൃശ്ശൂർനിന്നു്.

എന്നെങ്കിലും, സക്കാർസർവ്വീസിൽ പ്രവേശിക്കുക എന്ന പ്രശ്നമേയില്ല. അതിന്നുള്ള ചെറുപ്പം എന്നേ കഴിഞ്ഞിരിക്കുന്നു. എന്നാലും ഒരിക്കൽ ഒരു സക്കാർ പരസ്യം കണ്ടു് കൊതിയോടെ നോക്കിപ്പോയി. പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്വക പരസ്യമായിരുന്നു. പ്രായം നാല്പതിൽക്കവിഞ്ഞിരിക്കരുതു്. പത്രപ്രവൎത്തനത്തിൽ രണ്ടുകൊല്ലത്തെയെങ്കിലും പരിചയമുണ്ടായിരിക്കണം. അതിന്നു ഡിപ്ലോമാ വേണമെന്നില്ലതാനും. പക്ഷേ ഏററവുമൊടുവിൽ വന്ന വ്യവസ്ഥ എല്ലാ പ്രതീക്ഷയും തകൎക്കുന്നതായിരുന്നു. പട്ടികജാതിയിൽപ്പെട്ട ആളായിരിക്കണം!

വല്ല ഓട്ടുകമ്പനിയിലും ഒന്നു പോയി നോക്കിയാലോ എന്നായി പിന്നെ ആലോചന. അവിടെ താൻ എന്തുചെയ്യാനാണു് എന്നാലോചിച്ചപ്പോഠം ഉത്സാഹം കെട്ടു. തന്നെയല്ല, ആ വഴിയിലെങ്ങും തനിക്കു് ഒരു പരിചയക്കാരനുമില്ല.

ദിവസങ്ങഠം ഉദിച്ചസ്തമിച്ചു, ബാലചന്ദ്രമേനോൻെറമാത്രം ജീവിതത്തിൽ എന്തെങ്കിലും മാററമുണ്ടായില്ല. അളമുട്ടിയാൽ ചേരപ്പാമ്പും കടിക്കുമെന്നു പറയാറുണ്ടു്. ഇവിടെ, അളമുട്ടി എന്തിനെയെങ്കിലും കടിക്കാൻകൂടി ഇല്ല എന്ന സ്ഥിതിയായിരുന്നു. പ്രതീക്ഷയുടെ ഒരു പ്രകാശരേഖയില്ല. ജീവിതം ഒരിക്കൽക്കൂടി വെറുതെ വഴിമുട്ടി നില്ക്കുന്നു!

ദാമുവിൻെറ പരീക്ഷാഫലം അറിയാറായി. അടുത്തതായി അവൻെറ കാൎയ്യത്തിൽ എന്തു ചെയ്യുന്നു എന്ന പ്രശ്നവും ഉളവായി.

ഒടുവിൽ പട്ടാളത്തിലെങ്ങാനും പോയി ചേൎന്നാലോ എന്നാലോചിച്ചു. കോഴിക്കോടോ തൃശ്ശൂരോ എങ്ങാൻ അടുത്തു റിക്രൂട്ട്മെൻറുണ്ടെങ്കിൽ ഭാഗ്യപരീക്ഷണം നടത്താമായിരുന്നു. അതും അടുത്തെങ്ങും ഉണ്ടാകുന്ന ലക്ഷണം കണ്ടില്ല.

ജീവിതത്തിലെ ഏക ആശ്വാസം കുട്ടമ്മാമേടെ ജോത്സ്യപ്രവചനമായിരുന്നു. പുണർത വിശാഖ പൂരുട്ടാതി, എന്നു മൂപ്പർ കണക്കുകൂട്ടും. ബാലൻെറ കണ്ടകശനി അവസാനിക്കാറായിരിക്കുന്നു എന്നു പറയും. അച്ഛനും ബാലേട്ടനുംകൂടി ഗഹനമായാ

ജോത്സ്യം പറഞ്ഞുകൊണ്ടിരിക്കുമ്പോഴം, സുശീലയോ നന്ദിനിയോ വന്നു് തറ പറ എഴുതുന്ന വിദ്യകഠം ബാലേട്ടനെ കാട്ടും. പിന്നാലെ എന്തെങ്കിലും വികൃതികളും.

അങ്ങനെയിരിക്കെ കോഴിക്കോട്ടുനിന്നു് ഭാരതീയൻപത്രത്തിന്റെ ലെററർപേപ്പറിൽ ഒരു കത്തു വന്നു. കുഞ്ഞനന്തന്റെ ആവുമെന്നു കരുതിയാണു് വായന തുടങ്ങിയതു്. നോക്കുമ്പോഴം അതു വാസുമേനോന്റെ കത്തായിരുന്നു. തൃശ്ശൂരെ വിശ്വപൌരൻ പത്രത്തിൽ ഒരൊഴിവുണ്ടു്, വേണമെങ്കിൽ മിസ്റ്റർ ബാലചന്ദ്രൻ നോക്കു എന്നു നിർദ്ദേശിച്ചുകൊണ്ടായിരുന്നു ആ കത്തു്. തനിക്കു ഭാഗ്യം മാത്രമില്ല എന്നു് അമ്മ പലപ്പോഴും പറയാറുണ്ടു്, അതു ശരിയാവാൻ തരമില്ല. ബാലൻ വിചാരിച്ചു.

പിറേറന്നു് തൃശ്ശൂരേക്കു പോയി.

## 3

ഗോവിന്ദസ്വാമി മലബാർ ഡിസ്ട്രിക്ടു് ബോർഡിന്റെ കീഴിൽ തരക്കേടില്ലാത്ത ഒരുദ്യോഗത്തിലായിരുന്നു ചിറയ്ക്കൽ താലൂക്കിൽ. അമ്മിയാരാകട്ടെ, ഒരു ഇൻകംടാക്സ് ആപ്പീസറായി കണ്ണൂരും. അവൾക്കു് ജനുവരിയിൽ കണ്ണൂർനിന്നു് തൃശ്ശൂരേക്കു് ഒരു മാററമുണ്ടായി. ഉത്തരവു കാൻസൽ ചെയ്യാൻ ഗോവിന്ദസ്വാമി വളരെ ശ്രമം നടത്തി. ഒന്നും വിജയിച്ചില്ല. അവിടെ ഇരുന്നുകൊണ്ടു് സ്വാമി ഒന്നാലോചിച്ചു: അമ്മിയാരുടെ ഉദ്യോഗമാണോ തന്റെ ഉദ്യോഗമാണോ വലുതു്? തന്റെ ഉദ്യോഗകാലാവധി ഡിസ്ട്രിക്ടു് ബോർഡിന്റെ ഭരണാധികാരി മാറിയാൽ അവസാനിച്ചുകൂടെന്നില്ല. അമ്മിയാരുടെ ഉദ്യോഗമാകട്ടെ കേന്ദ്രഗവൺമെൻറിന്േറതാണു്. സ്ഥിരവുമാണു്.

പിറേറന്നു് ശ്രീ ഗോഗിന്ദസ്വാമി നാടകീയമായി ഒരു പത്ര പ്രസ്താവന പുറപ്പെടുവിച്ചു: കമ്മ്യൂണിസ്റ്റ്കാരുടെ കീഴിൽ ജോലി ചെയ്യുന്നതിലും ഭേദം പട്ടിണി കിടന്നു മരിക്കയാണെന്നു തനിക്കു ബോധ്യം വന്നിരിക്കുന്നെന്നും അതുകൊണ്ടു താൻ ഉദ്യോഗം രാജി വയ്ക്കുകയാണെന്നും.

അതോടെ ഗോവിന്ദസ്വാമി എന്ന മറെറാരു തേജോഗോളം കൂടി കേരളത്തിലെ പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടു. ഒരു ബുദ്ധി ജീവിയുടെ മോഹഭംഗം എന്നു് ബാനർലൈൻ കൊടുത്തു് പല പത്രങ്ങളും ആ വാർത്തയ്ക്കു് മഹത്തായ പ്രചരണം നല്കുകയും ചെയ്തു.

ഒരു മാസത്തിനുള്ളിൽ ഗോവിന്ദസ്വാമി തൃശ്ശൂരെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ ഒരു പ്രമുഖ നേതാവായി, രണ്ടു മാസത്തിനുള്ളിൽ ഷിക്കാഗോയിൽ കൂടിയ ഒരു പി. ഇ. എൻ. കോൺഫറൻസിൽ കേരളത്തിൽനിന്നുള്ള ഏകസാഹിത്യകാരനായി ശ്രീ. ഗോവിന്ദസ്വാമി പങ്കെടുത്തു. ഷിക്കാഗോയിൽനിന്നു് അദ്ദേഹം മടങ്ങിവന്നതു് ഒരു റോട്ടറി പ്രസ്സുമായാണു്. വന്നതും വിശ്വപൗരൻ എന്ന പത്രം ആരംഭിക്കുകയും ചെയ്തു.

ഈ വിശ്വപൗരനിലേയ്ക്കായിരുന്നു വാസുമേനോൻ വഴി നിർദ്ദേശിച്ചതു്. ആദ്യത്തെ കൂടിക്കാഴ്ചയിൽത്തന്നെ എന്തുതരം സ്വീകരണമായിരിക്കും തനിക്കിവിടെ കിട്ടുക എന്നു് ബാലചന്ദ്രനു് ഉറപ്പിക്കാനും കഴിഞ്ഞു.

'മിസ്റ്റർ ബാലചന്ദ്രമേനോൻ, നിങ്ങൾ ഈ ഉദ്യോഗം സ്വീകരിച്ചാലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം, എനിക്കു പറയാനുള്ളതു് ഞാനാദ്യമേതന്നെ പറഞ്ഞേക്കാം. നിങ്ങൾക്കിവിടെ തുച്ഛമായ ഒരു ശമ്പളം തരാനേ എനിക്കു കഴിവുള്ളൂ.'

ഗോവിന്ദസ്വാമിയുടെ വെട്ടിത്തുറന്നുള്ള സംസാരരീതി ബാലനു പിടിച്ചു, അതുപോലെതന്നെ തമിഴിംഗ്ലീഷ് മലയാളത്തിലല്ലാതുള്ള അദ്ദേഹത്തിൻെറ ശുദ്ധമായ ഭാഷയും.

'എന്തു തരാൻ കഴിയുമെന്നാണ്, പറയാമല്ലോ.'

'ഞാനിവിടെ കൊടുക്കുന്നതു പറയാം. മലയാളമെമ്മേ ഫസ്റ്റ്ക്ലാസ്സോടെ പാസ്സായ ഒരു കുട്ടിയാണ് ഇപ്പോഴിവിടെ എന്നെ അസിസ്റ്റ് ചെയ്യുന്നതു്. ഞാനയാൾക്കു് നൂറുറുപ്പികയാണു കൊടുക്കുന്നതു്.'

'എന്റെ കാര്യം പറയൂ,' സ്വാമിയോടാവശ്യപ്പെട്ടു.

'നിങ്ങൾ സ്വന്തമായി ഒരു പത്രം നടത്തിവന്ന ആളാണ്. അതു് അന്തസ്സായിത്തന്നെ നടത്തിയ ആളുമാണ്. ചരിത്രമൊക്കെ എനിക്കറിയാം. നിങ്ങൾക്കു ഞാൻ നൂററമ്പതുറുപ്പിക തരാം, അതിലധികം എന്തെങ്കിലും തരാൻ എനിക്കു സാദ്ധ്യമല്ല. ഞാൻ പറയാം.'

നൂററിഅമ്പതുറുപ്പികയ്ക്കുവേണ്ടി ഗോവിന്ദസ്വാമിയെപ്പോലെ ഒരാളുടെ കൂലിക്കാരനാവുക, ബാലന്റെ ജീവിതത്തിലെ ഏററവും ക്രൂരമായ വിധിനിയോഗം അതായിരുന്നു.

പക്ഷെ ആ മനുഷ്യൻ അപ്പോൾ അതെക്കുറിച്ചാലോചിച്ചില്ല. ആലോചിച്ചതു് അമ്മയെക്കുറിച്ചും ദാമുവിനെക്കുറിച്ചുമായിരുന്നു. തനിക്കുവേണ്ട ആഹാരത്തിന്റെ പ്രശ്നത്തെക്കുറിച്ചും.

'ഇരുനൂറെങ്കിലും തന്നുകൂടേ?'

'എന്തിനാണു മിസ്റ്റർ, ഇതിലിങ്ങനെ വിലപേശൽ? എനിക്കു നൂററയ്മ്പതിലധികം തരാൻ കഴിയില്ല.'

ശരി, സമ്മതിച്ചിരിക്കുന്നു, ബാലചന്ദ്രമേനോൻ ഇരുത്തി ഒന്നു മൂളി.

'പിന്നെ, പത്രത്തിന്റെ പോളിസിയുടെ കാര്യം. അതിൽ ഞാൻ കൈകടത്തൽ നടത്തുന്നു എന്നൊന്നും പിന്നീടു നിങ്ങൾ പറയരുതു്. വിശ്വപൗരന്റെ പോളിസി നമുക്കു രണ്ടാൾക്കുംകൂടി ചർച്ചചെയ്തു തീരുമാനിക്കാം.'

വളരെ വിദഗ്ദ്ധമായിരുന്നു ആ അവതരണം. ഗോവിന്ദസ്വാമി ഉദ്ദേശിച്ചതു്, സ്വതന്ത്രമായ പത്രപ്രവർത്തനത്തെക്കുറിച്ച്

എന്തെങ്കിലും വ്യാമോഹമുണ്ടെങ്കിൽ ശ്രീ. ബാലചന്ദ്രമേനോൻ അതങ്ങു മാററിയേക്കണം എന്നായിരുന്നു.

എല്ലാ വ്യവസ്ഥകളും കേട്ടു, അംഗീകരിച്ചു. അംഗീകരിക്കയല്ലാതെ നിവൃത്തിയില്ലായിരുന്നു. ബാലചന്ദ്രൻ വിശ്വപൌരൻെറ പത്രാധിപത്യം ഏറെറടുത്തു.

## 4

നൂററിഅമ്പതു് ഉറപ്പിക ശമ്പളമെന്നു നിശ്ചയിച്ചപ്പോഴേ സ്വാമി അതു കൊടുക്കുകതന്നെ ചെയ്യും എന്നു പ്രതീക്ഷയുണ്ടായിരുന്നു. പോരെങ്കിൽ, തനിക്കുതന്നെ പ്രതീക്ഷിക്കാൻ കഴിഞ്ഞിരുന്നതിലധികം വെടിപ്പായും വൃത്തിയായും താൻ ജോലി ചെയ്യുന്നുമുണ്ടായിരുന്നു.

കോഴിക്കോട്ടു പത്രം നടത്തിക്കൊണ്ടിരുന്ന കാലത്തു് എഡിററിങ്ങിൽ മാത്രമായി വളരെയൊന്നും ശ്രദ്ധവയ്ക്കാൻ കഴിഞ്ഞിരുന്നില്ല. കടലാസു് കടം തരാൻ ചെട്ടിയാരെ തന്ത്രപൂർവ്വം കൈകാര്യം ചെയ്യണം, ഓടിനടന്നു പരസ്യം പിടിക്കണം, അതിനിടയിൽ സ്കൂപ്പുണ്ടാക്കണം, പ്രൂഫ് നോക്കുകയും എഡിററിങ്ങ് നടത്തുകയുംവേണം. എന്നാൽ ഇപ്പോഴോ, ആ ബോറുകളൊന്നുമില്ല. എഡിറേറാറിയലെഴുതണം, അതു് സ്വാമിയുടെ അംഗീകാരത്തിനു സമർപ്പിക്കണം, പിന്നെ ന്യൂസെഡിററിങ്ങിൽത്തന്നെ ഒരു ആനച്ചന്തം വരുത്തണം, ഇത്രയേ വേണ്ടിയിരുന്നുള്ളൂ. പ്രൂഫ് നോക്കേണ്ട. വെള്ളെഴുത്തും കാലിൽ തൊടന്തുമുള്ള നാരായണയ്യർ അതിലൊരെക്സ്പർട്ടുതന്നെയാണു്. ബിസിനസു് സൈഡാണെങ്കിലോ സ്വാമിതന്നെ നോക്കിക്കൊള്ളും, എഡിറേറാറിയൽ വേലയിൽ സഹായിക്കാനാണെങ്കിൽ നല്ലൊരു അസിസ്റ്റൻഡുമുണ്ടു്.

പ്രതീക്ഷിച്ചതിൽ എത്രയോ സന്തോഷകരമായിരുന്നു അതെല്ലാം. പക്ഷെ ഒരു മാസം തികഞ്ഞപ്പോഴാണ് സംഗതി മെല്ലെ വ്യക്തമായിത്തുടങ്ങുന്നത്.

ഒന്നാംതീയതി ആയില്ല, സ്വാമി വളരെ ലോഹ്യമായി അടുത്തുകൂടി:

'പണമൊന്നും വന്നിട്ടില്ലല്ലോ മേനോ!'

കേട്ടതായി ഭാവിച്ചില്ല.

'കമ്പോസിററിങ്ങ് സെക്ഷനിലെ ജോലിക്കാർ പണിമുടക്കികളെയുമോ എന്നാണെൻെറ ഭയം.'

അതിന്നിടയിൽ ഒന്നാംതീയതിയായി.

'മേനും ശമ്പളത്തുക വേണ്ടേ?'

ശമ്പളം വേണ്ട എന്നു പറയണമോ? എന്താണ് സ്വാമിയുടെ പ്ലാൻ?

'അല്ല, മേനെ ബുദ്ധിമുട്ടിക്കണമെന്നു വിചാരിച്ചല്ല ഇതൊന്നും പറയുന്നത്. ശമ്പളം കിട്ടാൻ ചിലപ്പോൾ നാലോ അഞ്ചോ ദിവസംകൂടി താമസിച്ചെന്നു വരും. ഏജൻറന്മാരുടെ പണമൊന്നു വന്നുകൊള്ളട്ടെ.'

നാലു ദിവസം കഴിയുന്നു. സ്വാമി അന്തസ്സായി ഒരു അറുപത്തിനാലു രൂപാ നാലണ മേശപ്പുറത്തു വയ്ക്കുന്നു.

'ഇതു കൈയിൽ വച്ചോളൂ മിസ്റ്റർ നായർ. മഠത്തിലിരുന്നാൽ ഇതുംകൂടി അങ്ങു ചെലവായിപ്പോകുകയേ ഉള്ളൂ.'

'എന്തോ സ്വാമി ഈ തുക?'

'അതെ, ശമ്പളത്തുക മുഴുവനാകുന്നില്ല. എന്തിക്കാറിഞ്ഞുകൂടേ? ഇന്നിപ്പോൾ വന്ന മണിയോർഡറുകൾ എല്ലാംകൂടി തപ്പിപ്പെറുക്കിയെടുത്തതാണ്. അത്യാവശ്യങ്ങൾ പലതില്ലേ, ഇതു കൈയിൽ വച്ചോളൂ.'

ഒരക്ഷരം ഉരിയാടാതെ ആ പണം എടുത്തു കീശയിലിടേണ്ടിവന്നു. സ്വാമി തികച്ചും ശോകമൂകമായ ഭാവപ്രകടനങ്ങളുമായാണ് അടുത്തു വന്നിരിക്കുന്നത്.

കോഴിക്കോട്ടുവച്ചു പട്ടിണി കിടന്നിട്ടുണ്ടെന്നു വച്ചുക. അതൊരു ആദർശത്തിന്നുവേണ്ടി ആയിരുന്നു, തത്വസംഹിതയ്ക്കുവേണ്ടി. ഇവിടെ, ഗോവിന്ദസ്വാമിയുടെ കൂലിപ്പണിക്കാരനായി ഇങ്ങനെ പട്ടിണി കിടക്കുന്നതിലോ? അഭിമാനകരമായ യാതൊന്നുംതന്നെ ഇല്ല. അരവയറുണ്ണാൻവേണ്ടി ആത്മാവു പണയപ്പെടുത്തിക്കഴിയുന്ന ഈ ഏർപ്പാടിനോട് കലശലായ മടുപ്പു തോന്നി.

വീടു ശരിപ്പെടുത്തിക്കൊടുക്കാമെന്നു സ്വാമി ഏററിരുന്നു. അതുകൊണ്ട് പാലക്കാട്ട് വിക്ടോറിയാ കോളേജിൽ പഠിച്ചിരുന്ന ദാമുവിനെ അവിടെനിന്ന് ഇൻറർമീഡിയററ് പാസ്സായതിനെത്തുടർന്ന് ഇവിടെ സെൻറ് തോമസിൽ കൊണ്ടുവന്നു ചേർത്തിരുന്നു. എങ്ങനെയും ക്ലാസ്സുകൾ ആരംഭിക്കുന്ന സമയം ആകുമ്പോഴേയ്ക്ക് വീടു ശരിപ്പെടുത്തിത്തന്നുകൊള്ളാമെന്നായിരുന്നു സ്വാമി നല്കിയ ഉറപ്പ്. അതും ഇപ്പോൾ കുന്തമായി. എത്ര ദിവസമെന്നുവച്ചാണ് അവനെ രണ്ടുറുപ്പിക വാടക കൊടുത്ത് ഹോട്ടലിൽ താമസിപ്പിച്ചുകൊണ്ടിരിക്കുക?

പറഞ്ഞും, പരാതിപ്പെട്ടും കുറെച്ചെന്നപ്പോൾ സ്വാമി ആ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കി. ചെമ്പൂക്കാവിൽ വീടു ശരിയാക്കിക്കൊടുത്തു. പക്ഷേ അനുജനെയും കൂട്ടിക്കൊണ്ട് അവിടെ താമസിക്കാൻ ചെന്നു കയറുമ്പോഴാണ്, അയല്ക്കാരെല്ലാം വന്ന് സ്തബ്ധരായി നോക്കിനില്ക്കുന്നു. എന്താണ് സംഗതി എന്നു പിടികിട്ടിയില്ല. ഇത്ര കൂററൻ ആയ ഒരു കെട്ടിടത്തിൽ രണ്ടു പേരായിട്ടു താമസിക്കാൻ വരുന്നതിലുള്ള അതിശയംകൊണ്ടാണെന്നാണു ധരിച്ചത്. പക്ഷേ രണ്ടു ദിവസം കഴിയുമ്പോൾ ദാമുവുണ്ട് നിലവിളിച്ചുകൊണ്ടു പറയുന്നു, 'എൻെറ പൊന്നു ബാലേട്ടാ, നമുക്കിവിടം പററില്ല, പോകാം.'

'എവിടേയ്ക്കു പോകണമെന്നാടാ കഴുതേ നീ പറയുന്നത്?'

ദാമുവിനോട് അരിശപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്.

'ഇവിടെ പിശാചുക്കളുണ്ട്!'

'ഈ ഇരുപതാം നൂററാണ്ടിലും പിശാചുക്കളോ? എന്നാലൊന്നു കാണണമല്ലോ ദാമു.'

അന്നു ജ്യേഷ്ഠനും അനുജനുംകൂടി പിശാചിനെ കാത്തിരുന്നു. പാതിരാ ആയപ്പോഠം ആരവം തുടങ്ങുന്നു. ദാമു ഭയന്നു ചൂളി. ബാലേട്ടൻ ടോർച്ചും തെളിച്ചുകൊണ്ടു തട്ടിന്മേൽനിന്നു താഴേയ്ക്കു നോക്കി. അതാ നീലക്കണ്ണുകഠം!

ഇറങ്ങിച്ചെന്നു നോക്കുമ്പോഴുണ്ട് മരപ്പട്ടികളായിരുന്നു, മരപ്പട്ടികഠം!

കഷ്ടം! അവിടെ പ്രേതങ്ങളോ പിശാചുക്കളോ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ബാലനെ എല്ലാം വേദനകളിൽനിന്നു രക്ഷപ്പെടുത്താൻ അവയ്ക്കു കഴിയുമായിരുന്നു! അവ പല്ലും നഖവുമൊഴികെ മുഴുവനും, ശരീരവും മനസ്സും ഒക്കെത്തന്നെ, വിഴുങ്ങിക്കൊള്ളും എന്നല്ലേ മുത്തശ്ശിമാർ പറയുന്നത്!

വാസ്തവത്തിൽ തീരെ മനസ്സുഖമില്ലായിരുന്നു അക്കാലത്ത്.

ദാമുവിൻെറ ദരിദ്രമായ ജീവിതം കൺമുമ്പിൽക്കാണുമ്പോഠം തൻെറ സാമൂതിരിക്കോളേജ് ദിനങ്ങഠം ഓർത്തുപോകുന്നു—

ഒരു നേരമെങ്കിലും ഹോസ്റ്റൽ മെസ്സിൽനിന്ന് എക്സ്ട്രാ കൂട്ടാതെ ഊണുകഴിച്ചിട്ടില്ല.

മെസ്സിൽ രണ്ടുദിവസം അടുപ്പിച്ചു ദോശയാണെങ്കിൽ ചുരുട്ടി മടക്കി അങ്കണത്തിൽക്കിടക്കുന്ന ചെത്തിലപ്പട്ടിക്ക് എറിഞ്ഞുകൊടുക്കും.

ത്രീകാസിൽസിഗററേറ് വലിക്കുമായിരുന്നുള്ളു.

ഇന്നു തൻെറ സംരക്ഷണയിൽക്കഴിയുന്ന ഒരു കോളേജ് വിദ്യാർത്ഥിയോ?

പട്ടരുടെ കടയിലെ മത്തങ്ങാസാമ്പാറും പിണ്ണാക്കുചട്ടിണിയും അല്ലാതെ അവനു് ഒന്നും തന്നെയില്ല. മാസാന്ത്യത്തിൽ പററു തീർക്കാൻ കഴിയാതെ വരുമ്പോഠം പട്ടർ പറയുന്നതെന്താണെന്നും തനിക്കൂഹിക്കാം.

കട്ടത്ത ആത്മനിന്ദ തോന്നി. ആ ആത്മനിന്ദയിൽ നരകിച്ചു കൊണ്ടിരുന്ന ആ മനുഷ്യനോട്ട് ലേശമെങ്കിലും ആത്മാത്ഥത കാട്ടാൻ ആ മുതലാളി തയ്യാറായിരുന്നെങ്കിൽ! പക്ഷെ വേറെ ഗത്യന്തരമില്ലാ, അയാഠം അനുജനെക്കൂടി ഇവിടെ കോളേജിലാണ കൊണ്ടു ചേത്തിരിക്കുന്നതു്, മോഹഭംഗം നേരിട്ട ആ ബുദ്ധിജീവി മുതലാളിക്കതെല്ലാം അറിയാമായിരുന്നു. അയാഠം നൂററമ്പതെന്നു പറഞ്ഞു്, നൂറും അമ്പതും ഉറുപ്പികമാത്രം കൂലികൊടുത്തു് ഒരു വലിയ മനുഷ്യനെക്കൊണ്ടു് പണിയെടുപ്പിച്ചിരുന്നു. നൂറുറുപ്പിക ശമ്പളത്തിൽ നില്ക്കുന്നെന്നുപറഞ്ഞ മലയാളമെമ്മേക്കാരനാകട്ടെ, മുപ്പതുറുപ്പികതന്നെ ശമ്പളം കിട്ടുന്നില്ലായിരുന്നു എന്ന കഥ ശുദ്ധാത്മാവായ ബാലചന്ദ്രൻ അറിഞ്ഞിരുന്നില്ല.

## 5

അതിനിടയിൽ ഒരിക്കൽ അച്ഛൻ നാട്ടിലേക്കു വന്നു. വളരെ നാഠം കൂടിയിട്ടുള്ള വരവു്, അതുതന്നെ വിശേഷപ്പെട്ട തരത്തിലും ആയിരുന്നു. അമ്മയ്ക്കു തീരെ സുഖമില്ലാതായിരിക്കുന്നു എന്നു് ബാലൻതന്നെ എഴുതി. അച്ഛൻ ഒന്നു വരുന്ന മതിയാകൂ എന്നും.

വന്നു കണ്ടപ്പോഴാണു് യാത്ര ഇത്രയും നീട്ടിവച്ചിരുന്നതിൻെറ കാരണം മനസ്സിലായതു്. അച്ഛൻെറകൂടെ മഞ്ഞതാംമുറിപോലെ ഒരു കൊച്ചുപെൺകുട്ടിയും ഉണ്ടായിരുന്നു. മൂന്നു വയസ്സായിരിക്കണം, താൻ സിലോണിൽനിന്നു പോരുമ്പോഠം ഇവഠം ഗഭത്തിൽത്തന്നെ ഇല്ല.

അച്ഛൻതന്നെ ബാലനെ വിളിച്ചു കാര്യമെല്ലാം പറഞ്ഞു. സ്വതന്ത്രമായി നാട്ടിലേക്കു പോരാൻ യാതൊരു നിവൃത്തിയുമില്ല. അവഠം സമ്മതിക്കയില്ല. കോട്ടപ്പടിക്കാരൻ കൃഷ്ണൻനായരുടെ

കഥ സിലോണിൽ പലക്കും അറിവുള്ളതാണ്. അങ്ങനെ ഒരു കൃഷ്ണൻനായരല്ല, നൂറു കൃഷ്ണൻനായർമാർ. നാട്ടിലേയ്ക്കു പോകുന്നെങ്കിൽ ഒന്നുകിൽ തന്നെ, അല്ലെങ്കിൽ ബേബിയെയെങ്കിലും കൂടെക്കൊണ്ടുപോരായേ മതിയാകൂ, സിലോണിലുള്ള അമ്മ നിർബ്ബന്ധം പിടിച്ചു. അങ്ങനെയാണ് യാത്ര നീട്ടിവച്ചതു്. ബാലൻെറ കത്തു കണ്ടതുകൊണ്ടാണ് ഒടുവിൽ ഈ മട്ടെങ്കിലും പോരാമെന്നു നിശ്ചയിച്ചതു്. ആരും അറിയേണ്ട, ആരും അറിയരുതു്.

ഒരു സ്നേഹിതൻെറ മകളാണെന്നാണ് ബേബിയെക്കുറിച്ച് എല്ലാവരോടും പറഞ്ഞതു്. പക്ഷേ ആരും അതു അത്ര കാര്യമായെടുക്കാൻ ക്ലേശിക്കയുംഉണ്ടായില്ല.

പ്രതീക്ഷിച്ചതുപോലെ അമ്മയെ സംബന്ധിച്ചിടത്തോളം, അവശതയ്ക്കിടയിൽ വന്നുചേരുന്ന വലിയൊരാശ്വാസം എന്ന നിലയ്ക്കാണ് താൻ മുൻകൈ എടുത്തു് ഇത്തരത്തിൽ അച്ഛനെ വരുത്തിയതു്. പക്ഷേ അവിടെ നടന്നതു വേറെ സംഭവങ്ങളായിരുന്നു. അച്ഛൻ വരുന്നു എന്നു കേട്ട് അത്യുത്സാഹത്തോടെ മിക്കവാറും ഒരു കൊച്ചുവികൃതിപ്പെൺകുട്ടിയെപ്പോലെതന്നെ അടക്കവയ്യാത്ത ആഹ്ലാദത്തള്ളിച്ചയോടെ അമ്മ പടിക്കലേയ്ക്കോടി. അവിടെനിന്നു് വഴിയിലേയ്ക്ക് ഒന്നേ നോക്കിയുള്ളു. മുഖത്തു് ആളിക്കത്തുന്ന ഒരു ചൂട്ടുകററകൊണ്ടു് ആഞ്ഞുകുത്തിയപോലെ തോന്നി. നിശ്ശബ്ദം പിൻതിരിഞ്ഞുപോന്നു.

അച്ഛൻ കെട്ടും കിടക്കയുമെല്ലാം കോലായിൽ ഇറക്കി വയ്പിച്ചു.

'ഇവിടെ ആരുമില്ലേ?'

ആരെങ്കിലും ഉണ്ടായിരിക്കാം. പക്ഷേ ആരും ഇറങ്ങിച്ചെന്നില്ല.

ഉഗ്രപ്രതാപിയായ മിസ്റ്റർ സി. എസ്. നായർ ചൂളിപ്പോയി. അടിമുടി വിറച്ചു. കോപംകൊണ്ടെന്നു പറഞ്ഞുകൂട. കോപംകൊണ്ടെന്നതിലും പാരവശ്യംകൊണ്ടായിരുന്നു.

അഞ്ചോ അഞ്ചു ദിവസമേ അച്ഛന്റെ പെട്ടികളും ഹോാം ഡോളും വീട്ടിൽ ഇരുന്നുള്ളു. അതിനിടയിൽ ഒരൊററത്തവണ യാണ് അവർ, ഭാര്യയും ഭർത്താവും, തമ്മിൽ കണ്ടതു്. അതുതന്നെ യാത്രയാക്കാൻവേണ്ടി, ബാലൻ നിർബന്ധിച്ചപ്പോഴുമാണ്.

അമ്മ മുറിക്കകത്തു കയറി വാതിൽ തഴുതിട്ടു. 'എനിക്കാരു മില്ല, എനിക്കാരെയുമൊട്ടു കാണുകയും വേണ്ട,' പലകുറി വാതി ല്ക്കൽ നിന്ന് വിളിച്ചും പറഞ്ഞും ചെന്നപ്പോാം ഒരിക്കൽമാത്രം കേട്ടു. അമ്മയുടെ വ്യസനം ഊഹിക്കാവുന്നതാണ്. തന്റെ ഭർത്താവിനെ തനിക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു എന്ന ബോധം അവരെ ഭ്രാന്തു പിടിപ്പിച്ചിട്ടില്ല എന്നുമാത്രമേ യുള്ളു. ബാലന്ന് മനസ്സിലാക്കാമായിരുന്നു.

പക്ഷേ അച്ഛന്റെ നിസ്സഹായതയും ബാലന്ന് മനസ്സിലാ ക്കേണ്ടിവന്നു. ആ മനുഷ്യന്റെ ദൗർഭാഗ്യം അതായിരുന്നു.

'എങ്കിൽപ്പിന്നെ, എനിക്കൊന്നെഴുതിക്കൂടായിരുന്നോ അച്ഛ ന്?' ചോദിക്കാതിരുന്നില്ല. പക്ഷേ ചോദിച്ചിട്ടെന്തു വിശേഷം?

'എല്ലാം ഇങ്ങനെ വന്നുഭവിച്ചു. ഞാനെന്തു ചെയ്യാനാണ്?'

എന്തെല്ലാമായാലും ആ മനുഷ്യൻ ഒരു ശുദ്ധാത്മാവായി രുന്നു. അതുകൊണ്ടുതന്നെയാണ് അങ്ങനെ ഒരു കുഴപ്പം സംഭവി ച്ചതും. അച്ഛനെക്കുറിച്ചു സഹതപിക്കാനല്ലാതെ മറെറാന്നിനും ബാലനു കഴിവില്ലായിരുന്നു.

വീണ്ടും അമ്മയുടെ വാക്കുകൾ ഓർത്തു.

'എനിക്കാരുമില്ല, ആരാരുമില്ല.'

കഷ്ടം! ആ കൊച്ചുപെൺകുട്ടിയുടെ കഥ. അവൾക്കാരുണ്ടു്?

കോണിപ്പടിയിൽനിന്നു വീണു, കാൽമുട്ടു പൊട്ടി ചോര യൊലിപ്പിച്ചുകൊണ്ടു് മൂന്നു മണിക്കൂർനേരം അതു കിടന്നു കരഞ്ഞു. ആരാരും തിരിഞ്ഞുനോക്കിയില്ല. അമ്മ അറിഞ്ഞിരിക്കയില്ല. അറിഞ്ഞെങ്കിൽത്തന്നെ എങ്ങനെയെന്നാൽ അങ്ങനെ തുലയട്ടെ എന്നു വിചാരിച്ചിരിക്കും.

അച്ഛൻ തിരിഞ്ഞുനോക്കിയില്ല. എന്നല്ല പലകുറി അച്ഛനെ വിളിച്ച് കരഞ്ഞപ്പോഴം അവളെ ചീത്ത വിളിക്കുകയല്ലാതെ മറെറാന്നും ചെയ്യാൻ കൂട്ടാക്കിയില്ല അച്ഛൻ.

നാടകമത്സരത്തിൽ ഒരു ഒന്നാംസമ്മാനം രണ്ടാംസമ്മാനം ആയപ്പോഴം മോഹാലസ്യപ്പെട്ടുവീണ ആ തൊട്ടാവാടി, കഥാകൃത്ത് കൈയുംകെട്ടി നോക്കിനിന്നതേയുള്ളു. ബേബിയുടെ മുട്ടിന്മേൽ പെൻസിലിൻ എടുത്തു പുരട്ടുകയും, അവളെ തോളത്തിട്ടുകൊണ്ടുനടന്ന്, കരച്ചിൽ മാററാൻ ശ്രമിക്കുകയും ചെയ്യേണ്ടി വന്നതു് ബാലനാണ്. പാവം, ബാലൻ. മററുള്ളവരുടെ ദുഃഖം മനസ്സിലാക്കാൻ കഴിയുമെന്നതായിരുന്നു ആ മനുഷ്യൻെറ ഏററവും വലിയ പരാജയം. മനസ്സു നീറാൻ മാത്രമായിരുന്നു അയാളുടെ യോഗം. ജീവിതം മുഴുവൻ.

എന്തായാലും അഞ്ചാംദിവസം സി. എസ്. നായർ വന്ന പാട്ട് സിലോണിലേയ്ക്കുതന്നെ മടങ്ങി. താനിനി മടങ്ങി വരവുണ്ടാകില്ല എന്നും പോകുന്ന പോക്കിനിടയിൽ അദ്ദേഹം അവിടെ എല്ലാവരോടുമായി ഒരു പ്രസ്താവന നടത്തി.

അന്നു കിടക്കയിൽ വീണ അമ്മ പിന്നീടൊരിക്കലും എഴുന്നേല്ക്കുകയില്ല എന്നാണ് എല്ലാവരും വിചാരിച്ചതു്.

## 6

ആ സംഭവത്തെത്തുടന്ന് ദാമുവിനെ സംബന്ധിച്ച ഉത്തരവാദിത്വം മുഴുവനോടെതന്നെ ബാലേട്ടൻെറ ചുമലിൽ വന്നു. താങ്ങാൻ കരുത്തുണ്ടായിരുന്നിട്ടാണെന്നു വയ്ക്കുക. അല്ലെങ്കിൽ നാരായണൻകുട്ടിയേട്ടനെപ്പോലെതന്നെ പൃഷ്ഠം തട്ടിക്കുടഞ്ഞു് നടന്നു പോകരുതായിരുന്നോ ആ മനുഷ്യനു്? പക്ഷേ അതുണ്ടായില്ല, താ

ങ്ങാനാവാത്ത ഭാരമായിട്ടും ആ മനുഷ്യൻ ഒന്നോടെ അതു് ഏറ്റെടുത്തു.

ബുദ്ധിമുട്ട് ഗോവിന്ദസ്വാമിയുടെ പക്കൽനിന്നു ശമ്പളത്തുക കണക്കുപറഞ്ഞു വാങ്ങുന്നതിലായിരുന്നു. നൂററമ്പതുറുപ്പിക പറഞ്ഞു സമ്മതിച്ചതാണു്. ഇപ്പോഴും വളരെ കുത്തിപ്പിടിച്ചാൽ അതു കിട്ടുമെന്ന മട്ടായിട്ടുണ്ടു്. പത്രത്തിന്റെ സക്കുലേഷൻ കാര്യമായി വദ്ധിച്ചിരിക്കുന്നു. ഈ വദ്ധനയ്ക്കു് ഒരു നല്ല പങ്കു് ഉത്തരവാദിത്വം ബാലനായിരുന്നു. നിർബന്ധംപിടിച്ചാൽ സ്വാമി മുഴുവൻ തുകയും കൊടുത്തേയ്ക്കും എന്ന നിലയായിരിക്കുന്നു.

അപ്പോഴാണു് ശരിയായ ദുഘടം. കിട്ടുന്ന തുക ഒന്നിനുമൊന്നിനും തികയുന്നില്ല. ദാമുവിനു് ഫീസു് കൊടുക്കണം, അവന്റെയും തന്റെയും ആഹാരച്ചെലവിനു് ഹോട്ടലിൽ കൊടുക്കണം, പിന്നെ മററുള്ളവക്കു തുച്ഛമായിരിക്കാമെങ്കിലും നാല്പതുറുപ്പിക വാടകയും കൊടുക്കണം. നാല്പതുറുപ്പിക ആ മനുഷ്യനു വലിയ തുകയായിരുന്നു.

ഹോട്ടലിൽ കയറിയാൽ വളരെ പിശുക്കു പിടിച്ചാണു് എന്തെങ്കിലും കഴിക്കുക. ചായ കുടിക്കാൻ കയറിയാൽ വെറും ചായ കുടിച്ചിറങ്ങിപ്പോരും. എത്ര വിശപ്പുണ്ടായാലും ഒന്നും കഴിക്കുക എന്ന പ്രശ്നമേയില്ല. ബീഡിപ്പുകയുടെ സഹായം, ഭാഗ്യത്തിനു് മിക്കപ്പോഴും വിശപ്പെന്നൊന്നു് തീരെ ഉണ്ടാവില്ല. എല്ലാമെല്ലാമായാലും രണ്ടാളുടെ പററു് മാസത്തിൽ ഒരു നൂററുപ്പികയോളം വരും.

അങ്ങനെ കുറെച്ചെന്നപ്പോഴും ഒരാലോചനയുണ്ടായി. ഒരു സ്റ്റൗ വാങ്ങിവച്ചാൽ അത്യാവശ്യം കാപ്പിയുടെ ചെലവു ലാഭിക്കാം. അരി വയ്ക്കണമെന്നുവച്ചാൽ, അതു മാത്രം തനിക്കു തീരെ അറിയില്ല. ഇത്ര പ്രായമായിട്ടും ആ ഒരു വേലയിൽമാത്രം യാതൊരു പരിചയവും നേടിയിട്ടില്ല. കറികറം ഇല്ലെങ്കിലെന്താ, അല്പം ഉപ്പിലിട്ടതു മാത്രമുണ്ടെങ്കിൽ കഴിഞ്ഞുകൂടേ? അരി കഴുകിയിടാം, വേവിക്കാം. വേവു് പാകംനോക്കി നിണ്ണയിക്കുകയും വേണമെങ്കിൽ

ആവാം. പക്ഷേ കഞ്ഞി ചോറാകുന്നതെങ്ങനെയാണ്? അതിനുള്ള വിദ്യമാത്രം പിടികിട്ടുന്നില്ല. ഒടുവിൽ, അരിയിട്ടു വേവിച്ചാൽ കഞ്ഞിയാകുമല്ലോ, അത്താഴത്തിന് കഞ്ഞി മതിയാക്കാമെന്നു വച്ചു.

അങ്ങനെ സ്റ്റൗവും മണ്ണെണ്ണയും അത്യാവശ്യം പെരുമാറാനുള്ള മൂന്നു നാലു പാത്രങ്ങളും വാങ്ങി. കുറച്ച് അരിയും, ഉപ്പും മുളകും, വേറെ ഒരു ഭരണി അച്ചാറും. അതുയുമെല്ലാമായപ്പോഴേം പാചകവിദ്യയിൽ കൂടുതൽ കടന്ന പരീക്ഷണങ്ങൾ നടത്തിനോക്കാമെന്നായി. അതുമൊക്കെ ഇടയ്ക്കിടെ പ്രയോഗിച്ചുകൊണ്ടിരുന്നു.

ഫ്രാൻസിൻെറ അണുബോംബു് പരീക്ഷണത്തെയും, കേന്ദ്ര ബഡ്ജററിനെക്കുറിച്ചും, ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചും, 'തങ്ങൾക്കുള്ള' മഹത്തായ അഭിപ്രായങ്ങൾ വ്യക്തമാക്കുന്ന പ്രൗഢഗംഭീരമായ മുഖപ്രസംഗങ്ങൾ എഴുതിത്തള്ളുന്നതിൻെറയും, അതിൻെറ നാനാവശങ്ങളെക്കുറിച്ചും മാനേജർ സ്വാമിയുമായി ചർച്ച നടത്തുന്നതിൻെറയും ഇടയിലായിരുന്നു ഈ പരിപാടികൾ. എന്തെല്ലാമായാലും ഓമനയെ ഈവക കാര്യങ്ങൾകൊണ്ടു ബുദ്ധിമുട്ടിക്കരുതെന്ന് കണിശമായും നിഷ്കർഷിച്ചിരുന്നു.

പത്രസംബന്ധമായ ജോലിയുടെ തിരക്കിൽ, അരി അധികം വെന്തുപോകുന്നില്ല എന്നുറപ്പുവരുത്താൻ വീണ്ടും വീണ്ടും കിച്ചെനിൽക്കടന്നു പരിശോധന നടത്തുന്നതിനിടയിൽ ചിലപ്പോൾ പകുതി തമാശയായി ഏടത്തിയമ്മയുടെ തന്നെ സഹായിക്കാനുള്ള പദ്ധതിയെക്കുറിച്ചും ബാലൻ ആലോചിക്കുമായിരുന്നു.

ഉമയുണ്ട്, ബി. എ. ബി. ററി.ക്കാരി. കിളിപോലെയൊരു പെണ്ണ്, ഏടത്തിയമ്മതന്നെ പറയും: 'ഓൾക്കാച്ചാൽ ഓനെ വലിയ കാര്യാണ്.'

പറഞ്ഞുവരുന്നതു് താൻ ഉമയെ വിവാഹം കഴിക്കണമെന്നാണ്. വിവാഹം കഴിച്ച്, അന്തസ്സായിട്ടു തൃശ്ശൂർ കൊണ്ടുവന്നു താമസിപ്പിക്കണമെന്നാണ്. അവിടെ ആകുമ്പോൾ അവൾക്കു വല്ല സ്കൂളിലും പണി വാങ്ങിക്കൊടുക്കാനും ബുദ്ധിമുട്ടുണ്ടാവില്ല.

അങ്ങനെ ആരെല്ലാം തന്നെ സഹായിക്കാൻവേണ്ടി ഓരോ കാര്യങ്ങളാലോചിക്കുന്നു. പാവങ്ങൾ, അവൾക്ക് അറിയില്ല വിവാഹത്തെക്കുറിച്ച് തനിക്കുള്ള അഭിപ്രായങ്ങൾ.

രാമുവിൻെറ കാര്യം ഓർത്തിട്ടാണ് ശരിയായ വ്യസനം. അവൻ കാലിലിടാൻ ഒരു ചെരിപ്പില്ലാതെ കോളേജിലേയ്ക്കു നടന്നു പോകുന്നതു കാണുമ്പോൾ, കല്ലു തിന്നാൽ വെള്ളമാകുന്ന ഈ പ്രായത്തിൽ ഓട്ടക്കഞ്ഞിയും കുടിച്ചിങ്ങനെ രാവെളുപ്പോളമിരുന്നു പഠിക്കുന്നതു കാണുമ്പോൾ, ഈ പണി ദൂരത്തെറിഞ്ഞിട്ട് വേറെ എന്തിനെങ്കിലും ആദായമുള്ള പണിക്കു പോയിക്കൂടേ എന്ന് ആലോചിച്ചുപോകും.

എന്തിനു പണിയെ കുററം പറയുന്നു? സബ്ബുദ്ധിയററവരായിരുന്നുകൊണ്ടാണല്ലോ വേണ്ട പണമുണ്ടാക്കുന്നതു്. കർഷകസമാജം പ്രസിഡണ്ട് പി. ജി. സുകുമാരനെയും, ടെയിൽററപിസ്റ്റർ വാസവനെയും, സാഹിത്യകാരനായിട്ടുള്ള എൻ. പി. നെത്തലിയെയും പോലെ മനുഷ്യർ ഉള്ളേടത്തോളം കാലം പണമുണ്ടാക്കാൻ നമുക്കെന്തു ബുദ്ധിമുട്ടാണെന്നാണ് അയാൾ ചോദിക്കുക. സമർത്ഥൻ. അതെ, അയാൾ സമർത്ഥനാണ്. ആ സാമർത്ഥ്യംമാത്രം തനിക്കെന്തായാലും വേണ്ട.

ചിലപ്പോൾ തേക്കിൻകാട്ടു മൈതാനിയിൽച്ചെന്നു കുത്തിയിരിക്കും കുറെനേരം. തുറന്ന ആകാശത്തിൻെറ തണലിലിരിക്കാൻ എന്തെല്ലാമായാലും ഒരു സുഖമുണ്ട്. പക്ഷേ അങ്ങനെ സുഖമായിരിക്കുമ്പോൾ പലപ്പോഴും മനസ്സിലുണരുക അസുഖകരമായ ഓർമ്മകളാണ്. കഴിഞ്ഞതും കഴിഞ്ഞുകൊണ്ടിരിക്കുന്നതുമായ സംഭവങ്ങളുടെ ഓർമ്മകൾ.

കേട്ടിരിക്കുന്നതു് കള്ളന്മാരെയും കൊലപാതകികളെയും തെക്കേ ഗോപുരം കടത്തി തേക്കിൻകാട്ടിലേയ്ക്കു തള്ളുകയായിരുന്നു പണ്ടത്തെ പതിവെന്നാണ്. വിജനതയിൽ, ഈ വിശാലതയിൽ പാപികളുടെ ആത്മാവുകൾ ഗതികിട്ടാതെ അലയുന്നുണ്ടായിരിക്കണം. ജീവിച്ചിരിക്കുന്ന കാലത്തുതന്നെ ഇങ്ങനെ തൻെറ ആത്മാവും.

ബാലചന്ദ്രൻ ഓർമ്മിക്കും. ഒടുവിൽ പലപ്പോഴും ആ മനുഷ്യൻ ചെന്നെത്തിയിരുന്നതു് തൻെറ പൂർവ്വകാല ദുഷ്കൃതങ്ങൾക്കുള്ള ദൈവശിക്ഷ ആയിരിക്കാം ഇതെല്ലാമെന്ന ചിന്തയിലാണു്. ക്രൂരനായി, നിർദ്ദയനായി ജീവിച്ചു. ഒരിക്കലെങ്കിലും മറെറാരു മനുഷ്യജീവിയുടെ ദുഃഖം മനസ്സിലാക്കിയിരുന്നില്ല, മനസ്സിലാക്കാൻ ശ്രമിച്ചിരുന്നില്ല. ക്ഷേത്രത്തിലേക്കുള്ള യാത്രക്കിടയിൽ പരമസാധുവായ ഒരു പെൺകുട്ടിയോടു് അതിക്രമം കാട്ടാൻ മടിച്ചില്ല. അന്നു് ആ പൂക്കളും വെള്ളരിയും തട്ടിമറിഞ്ഞതവിടെ വീണപ്പോൾ ആ പാവം പെൺകുട്ടി വാവിട്ടു നിലവിളിച്ചു. താൻ യാതൊരു കൂസലുമില്ലാതെ അവളുടെ നെഞ്ഞിൻെറ മുഴപ്പു് തിട്ടപ്പെടുത്തുകയായിരുന്നു.

അതിനൊക്കെ പശ്ചാത്താപം അനുഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു. പ്രായശ്ചിത്തം ഒന്നും മതിയായിട്ടില്ല എന്നു വരുമോ? ആവോ, അതിൽ ആ മനുഷ്യനു് ഒരെത്തും പിടിയും കിട്ടിയില്ല.

## 7

ഏട്ടനു് സാമാന്യം നിലവാരം പുലർത്തുന്ന ഒരു പത്രത്തിൻെറ ചീഫെഡിററർഃപാസ്റ്റു് കിട്ടാൻപോകുന്നു എന്നറിഞ്ഞപ്പോൾ ദാമുവിനുണ്ടായ സന്തോഷത്തള്ളിച്ച ഏട്ടൻ കണ്ടതായിരുന്നു. അന്നു് അവനെക്കുറിച്ചു സഹതാപംതോന്നി. പാവം കുട്ടി. മറേറതു സാഹിത്യകാരനെയുംപോലെ ഇവനും ധരിച്ചിരിക്കുന്നതു് ലോകത്തിലെ ഏററവും അഭികാമ്യമായ ഉദ്യോഗം പത്രാധിപരുടെയാണെന്നാണു്.

ഇന്നിപ്പോൾ അതേ ധാരണയാണു് ബഹുജനങ്ങൾക്കാകെ ത്തന്നെ എന്നു കണ്ടപ്പോൾ ബാലനു ചിരിക്കാൻ തോന്നി. ൧൭

ണ്ടിൽ വെറുതെ മനോരാജ്യങ്ങളുമായി കുത്തിയിരിക്കുന്നതിന്നിട യിൽ ആരെയെല്ലാമോ കണ്ടുമുട്ടുന്നു. ആരെല്ലാമോ അഭിവാദനം ചെയ്യുന്നു, പ്രത്യഭിവാദനം ചെയ്യുമ്പോഴം ഒരു ലോകം വെട്ടി പ്പിടിച്ച സന്തോഷത്തോടെ കടന്നുപോകുന്നു. അവരോടു സഹ താപമാണ്. പാവങ്ങൾ!

ചിലർ കുശലം ചോദിക്കാൻ കൂടുതൽ നേരം അടുത്തുകൂടി നിഃന്നുവരും. കോളേജ് ക്ലാസ്സുകളിൽ പഠിക്കുന്ന ചില പോട്ടാ സാഹിത്യകാരന്മാർ, ദാമുവിൻെറ സഹപാഠികൾ. അതുപോലെ തന്നെ ശുദ്ധാത്മാക്കളായ ചില പ്രൈമറിസ്ക്കൂൾ മാഷ്മാരും. വേറെ ചിലർ അത്രതന്നെ നേരം നില്ക്കാൻ മുതിരില്ല. പത്രാധി പർസാർ വലിയ ഗഹനമായ ആലോചനയിലായിരിക്കും. എ ങ്ങനെ ഇടയ്ക്കുകയറി അദ്ദേഹത്തെ ദ്രോഹിക്കും എന്ന വിചാര ത്തിലാവാം.

എന്തുകൊണ്ടോ, അന്ന് കെ. പി. ആർ. 'ഹൗ ലക്കി യൂവാ റാം' എന്നു കോംപ്ലിമെൻറ് ചെയ്തപ്പോൾ സഹിക്കാൻ കഴി ഞ്ഞില്ല. ദിവസങ്ങളായി, മാസങ്ങളായി കെട്ടിനിന്ന വെറിയും പകയും ദുഃഖവും അണപൊട്ടിപ്പോയി.

ഇഗ്നറൻസ് ഈസ് ബ്ലിസ് എന്നാണ് അതിനു സമാധാനം പറഞ്ഞതു്.

'അതെന്തോ എഡിററർസാർ, അങ്ങനെ?'

എന്നെ വെറുതെ വിട്ടു, സുഹൃത്തേ എന്നെ വെറുതെ വിട്ടു എന്നു യാചിക്കാനാണു തോന്നിയതു്.

'ഞാൻ നിങ്ങൾക്കു യാതൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ സങ്കടപ്പെടുത്താതിരിക്കു' എന്നാണ് പറഞ്ഞൊപ്പിച്ചതു്.

ദാമുവിൻെറ പരീക്ഷാഫീസ് കെട്ടാൻവേണ്ടി പലരോടും ഇരന്നു കുറെ പണം ഉണ്ടാക്കി, അതുകൊണ്ടൊന്നും തുക തികയാതാ യപ്പോൾ ഒടുവിൽ മാനേജരോടു ചോദിച്ച നാണംകെട്ടിട്ടു്, അതിനുശേഷം തൻെറ അസിസ്റ്റൻഡിൻെറ മുമ്പിൽ സഹായാഭ്യ ർത്ഥനയുമായി കുമ്പിട്ടുനിന്നു്, ഒരുവിധം അതൊന്നു തികച്ചു്

അവനെ കൊണ്ടേല്പിച്ചിട്ട് വെറുതെ വടക്കന്നാഥന്റെ മുമ്പിൽ ചെന്നിരിക്കയായിരുന്നു. അപ്പോഴാണ്, കെ. പി. ആർ. എഡിററർസാറിന്റെ ഭാഗ്യതിരേകത്തിൽ അസൂയപ്പെടുന്നതു്.

ബ്രൂക്ക്ബോണ്ട് കമ്പനിയുടെ റീജ്യനൽ മാനേജർ, കനത്ത ശമ്പളവും അലവൻസുകളും വാങ്ങി ഹെറാൾഡ് കാറിൽ ഈവെനിങ്ങ് വാക് നടത്തുന്ന കെ. പി. ആർ! കെ. പി. ആറിനു് അതു പറയാം, അസൂയപ്പെടാം.

'എന്താ മിസ്റ്റർ നായർ? നിങ്ങളുടെ മുഖത്തെന്താ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു വല്ലായ്മ.'

അത്രയുംകൂടി ആയപ്പോൾ പിന്നെ അടക്കാൻ കഴിഞ്ഞില്ല. ദുഃഖം അണപൊട്ടി. അമർഷവും.

'നിങ്ങൾ ഇത്ര ഗംഭീരമെന്നു കരുതുന്ന ഈ എഡിററർ പദവിയില്ലേ മിസ്റ്റർ റോബർട്ട്, ഇതു കൊള്ളാവുന്ന ഒരു കൂലിപ്പണിക്കു വേണ്ടി ദൂരത്തെറിയാൻ എന്നെപ്പോലൊരാൾ എന്നേ തയ്യാറാണ്.'

റോബർട്ടിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. നേരുതന്നെയോ മിസ്റ്റർ നായർ? അയാൾ വീണ്ടും എടുത്തുചോദിച്ചു.

എന്തുകൊണ്ടോ റോബർട്ടിനെ വിശ്വസിക്കാമെന്നു തോന്നി. റോബർട്ടിനോടു ഹൃദയം തുറന്നു സംസാരിക്കാമെന്നും. കെ. പി. ആറിനെ കുറെ നാളായി കാണുന്നു, സാമാന്യം പരിചയവുമായിരിക്കുന്നു. ഒരിക്കൽ എന്തോ ഒരു പരസ്യം തരാൻവേണ്ടി പത്രമാപ്പീസിൽക്കയറിവന്നതാണ്. അപ്പോൾ റോട്ടറിപ്രസ്സിന്റെ പ്രവർത്തനമൊന്നു കാട്ടിക്കൊടുക്കണമെന്നു പറഞ്ഞു. എല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുത്തു. കാട്ടുകയും ചെയ്തു. ബ്രൂക്ക് ബോണ്ടു് മാനേജർ വളരെ സന്തോഷിച്ചാണു പോയതു്. അതിൽപ്പിന്നീടു് പലേടത്തുവച്ചും യദൃച്ഛയാ കണ്ടുമുട്ടി. കൂടുതൽ കൂടുതൽ ലോഹ്യം പറഞ്ഞു. കൂടുതൽ അടുത്തു. എന്തോ ആ മനുഷ്യനിൽ ആകർഷകമായെന്തോ തനിക്കനുഭവപ്പെട്ടിരിക്കുന്നു. അയാൾക്കു തന്നിലും പരിചയം അത്രയുമേ ഉള്ളൂ. അതിൽ കൂടുതലായൊന്നുമില്ല. കുറവും.

എന്നാലുമുണ്ടല്ലോ, ഇപ്പോഴും തോന്നി പറയാം, കെ. പി. ആറിനോട്ട് എല്ലാം പറയാം. തോന്നും, അങ്ങനെതന്നെ തോന്നും. മററാരും കേൾക്കാത്ത തൻെറ ദുഃഖകഥ തൻെറ കുതിര കേട്ടുകൊള്ളും എന്നു് ചെക്കോവിൻെറ കുതിരവണ്ടിക്കാരൻ വിശ്വസിച്ചില്ലേ. അങ്ങനെ.

കെ. പി. ആർ. അവിടെ ആ പുൽത്തകിടിയിലിരുന്നു. ബാലൻ തൻെറ കഥ മിക്കവാറും മുഴുവനെത്തന്നെ, തുറന്നു് ആ സ്നേഹിതനോടു പറയുകയും ചെയ്തു. അവിടെനിന്നെഴുന്നേല്ക്കുമ്പോഴും കെ. പി. ആർ. മ്ലാനവദനനായിരുന്നു. ബാലൻെറ ഹൃദയത്തിനാവട്ടെ, എന്തോ ഒരു വലിയ ഭാരമിറക്കിവച്ച ആശ്വാസം അനുഭവപ്പെടുന്നുമുണ്ടായിരുന്നു.

'ട്രസ്റ്റ് മീ മിസ്റ്റർ നായർ, ഐ വിൽ സീ റ്റു ഇററ്. ഐ വിൽ സീ ദാററ് യു ആർ ഗെററിങ്ങ് എ ജോബ് വിത്ത് ദി ബ്രൂക്ക് ബോണ്ട്സ് ലിമിററഡ്! ആൻഡ് ലുക്കിയർ മ്സ്റ്റർ നായർ, യു ആർ ഗോയിങ്ങ് റ്റു ദിസ് ബ്ലഡി ഇന്നെ കപ്പിളൊഫ് വീക്ക്സ് ടൈം.'

'ആൻഡ് ഐ ഷാൽ ബി ഗ്രേററ്ഫുൾ റ്റു യു ആൾ മൈ ലൈഫ്,' ബാലചന്ദ്രനു വേറെ വാക്കുകളില്ലായിരുന്നു.

ആ മനുഷ്യൻ അപ്പോഴേയ്ക്കു് തളർന്നിരുന്നു എന്നതാണു സത്യം. അതുവരെ ആരോടും ഒന്നും പറഞ്ഞിട്ടില്ലെങ്കിലും, ഒരിക്കലെങ്കിലും ആപ്പീസ്‌വേലയിൽ ആ മനുഷ്യനു നിഷ്ക്കർഷ കുറഞ്ഞിരുന്നില്ലെങ്കിലും. വാസ്തവത്തിൽ, മനസ്സിൽ ഒരഗ്നിപർവ്വതവും വഹിച്ചുകൊണ്ട്, ഒന്നും സംഭവിക്കാത്ത മട്ടിൽ, സുസ്മേരവദനനായി നടന്നുപോകാൻ കഴിഞ്ഞിരുന്ന ആ മനുഷ്യനു് അന്നെങ്ങനെ അത്രമാത്രം വികാരാധീനനാകാൻ കഴിഞ്ഞു എന്നതാണു് ഏറെ വിചിത്രം. അതെ, അന്നേതായാലും ആ മനുഷ്യൻ വികാരാധീനനായിപ്പോയി. അതിനു് ദൂരവ്യാപകമായ ഫലങ്ങളുമുണ്ടായി.

ഏററകാര്യം മി. കെ. പി. ആർ അന്തസ്സായിത്തന്നെ നിറവേററി. ഒരാഴ്ചയ്ക്കുള്ളിൽ ഒരപേക്ഷാഫോറം, അതു പൂരിപ്പിച്ചയച്ചതിൻെറ എട്ടാംദിവസം ഇരുപത്തിനാലാംതീയതി രാവിലെ പത്തുമണിക്കു് കോഴിക്കോട്ടുള്ള ബ്രൂക്ക്ബോണ്ട് റീജ്യനൽ ഓഫീസിൽ ഇൻറർവ്യൂവിന്നായി ചെല്ലാനുള്ള ക്ഷണവും. വിശ്വസിക്കാനു കഴിഞ്ഞില്ല ഇത്രപെട്ടെന്നിതു നടപ്പിലാകുമെന്നു്.

മുന്നൂറുറുപ്പിക ശമ്പളമുണ്ടായിരിക്കും. വേറെ ബാററായും, കൂടുതൽ ബിസിനസ്സ് ചെയ്താൽ അതിന്നു് ഒരു നിശ്ചിതശതമാനം കമ്മീഷനും. എങ്ങനെയും പത്തുനാനൂറുറുപ്പിക പ്രതിമാസം ഉണ്ടാക്കാം. അതു് തനിക്കു വേണ്ടതിലധികം പണമാണു്. ദാമു എമ്മെസ്സിനു പോകണമെങ്കിൽ എമ്മെസ്സിനു പോകട്ടെ, ബി എല്ലിനു പോകണമെങ്കിൽ ബി. എല്ലിനു പോകട്ടെ.

ഉത്സാഹപൂർവ്വം രണ്ടുദിവസത്തെ അവധിയും വാങ്ങിക്കൊണ്ടു കോഴിക്കോട്ടിനു പോയി. അതെ, കോഴിക്കോട്ടിനുതന്നെ. കോളേജ്കുമാരനായി താൻ വിലസിയ കോഴിക്കോട്ടു്. പത്രാധിപരായി താൻ തെണ്ടിനടന്ന കോഴിക്കോട്ടു്.

ഇൻറർവ്യൂവിനു വേറെയും അഞ്ചെട്ടാളം വന്നിരുന്നു. ഇൻറർവ്യൂ ചെയ്യാൻ വന്നിരുന്നതാകട്ടെ കെ. പി. ആറും തിരുവനന്തപുരം സോണിൻെറ മാനേജരായ മററാരു മേനോനും, വേറെ മദിരാശിയിൽനിന്നുള്ള ഒരുദ്യോഗസ്ഥനും ആയിരുന്നു. നിങ്ങളെ ഇങ്ങനെ ഇൻറർവ്യൂവിനു് ഹാജരാകാനാവശ്യപ്പെട്ടു ബുദ്ധിമുട്ടിക്കുന്നതു് അന്യായമാണെന്നു ഞങ്ങൾക്കറിയാം. പക്ഷെ, ഇതൊക്കെ വെള്ളക്കാരുടെ ചിട്ടകളാണു്, ക്ഷമിക്കണം എന്നു് ഇൻറർവ്യൂ ചെയ്യേണ്ട ഉദ്യോഗസ്ഥന്മാർ പറയുന്നതു കേട്ടപ്പോൾ കോൾമയിർക്കൊണ്ടുപോയി. സെക്യൂരിററി വയ്ക്കാനുള്ള ആയിരം ഉറുപ്പികയുമായി എന്നാണെന്നുവച്ചാൽ വന്നോളൂ; ഒരാഴ്ചയ്ക്കു

ള്ളിൽ വേണം. ഞാൻ, ഇവിടെത്തന്നെ ഉണ്ടായിരിക്കും.' കെ. പി. ആർ. മന്ദസ്മിതത്തോടെ പറഞ്ഞു.

മന്ദസ്മിതത്തോടെ എത്ര ലഘുവായി! പക്ഷേ ബാലൻ കുഞ്ഞിപ്പോയി. വളരെ പ്രതീക്ഷയോടെയാണ് വന്നത്. ഇപ്പോഴും കേൾക്കുന്നതോ, ആയിരം ഉറപ്പിക സെക്യൂരിററി കെട്ടിയെങ്കിലേ ജോലി കിട്ടൂ.

'സെക്യൂരിററി കമ്പൽസറിയാണോ?' ചോദിച്ചുകഴിഞ്ഞപ്പോഴാണ് തനി വിഡ്ഢിച്ചോദ്യം ചോദിക്കേണ്ടായിരുന്നു എന്നു തോന്നി. കെ. പി. ആർ. പറഞ്ഞതു കേട്ടപ്പോൾ അബദ്ധനായി.

'അതെയല്ലോ മിസ്റ്റർ നായർ. പത്തും പതിനായിരവും ഉറപ്പികയുടെ ബിസിനസ്സല്ലേ നിങ്ങളെ ഏല്പിക്കേണ്ടതു്. ഇതൊരു വെറും ടോക്കൺ. അല്ലാതെന്താ?'

ഇതു വിചാരിച്ചിരുന്നില്ല എന്നു കെ. പി. ആറിനോടു പറയണമെന്നു തോന്നി. താൻ വിചാരിച്ചാൽ ആയിരം ഉറപ്പിക ഉണ്ടാവില്ല എന്നും. ആയിരം ഉറപ്പികയല്ലേയുള്ളു, ഉണ്ടാകും, പിന്നീടു തോന്നി. അതുകൊണ്ടു് കെ. പി. ആറിനെ കൂടുതൽ ബുദ്ധിമുട്ടിക്കേണ്ട എന്നു കരുതി. അദ്ദേഹത്തിനു നന്ദി പറഞ്ഞു.

അങ്ങനെ യാത്ര പറഞ്ഞു് ഇറങ്ങുകയും ചെയ്തു.

പിന്നീടു് ആയിരം ഉറപ്പികയ്ക്കുവേണ്ടി ഒരു പരക്കം പാച്ചിലായിരുന്നു. എല്ലാം ആയിരം ഉറപ്പികയെ ആശ്രയിച്ചിരിക്കുന്നു. തൻെറ മാത്രമല്ല, ദാമുവിൻെറ ഭാവിയും. എങ്ങനെയും ഈ ആയിരം ഉറപ്പിക ഉണ്ടാക്കണം, ഉണ്ടാക്കിയേ തീരൂ. എങ്ങനെയെല്ലാം ശ്രമിച്ചാൽ സാധിച്ചേയ്ക്കുമെന്നു ഷൊറണൂരേയ്ക്കുള്ള യാത്രയ്ക്കിടയിൽ വണ്ടിയിലിരുന്നുതന്നെ ആലോചിച്ചു. തറവാട്ടുസ്വത്തിന്മേൽ എന്തെങ്കിലും കരണംചെയ്തു് ആയിരം ഉറപ്പിക സമ്പാദിക്കാൻ കഴിയുമോ? അമ്മയോടാലോചിച്ചു. അതു സാധ്യമല്ല. കുഞ്ഞുണ്ണിയേട്ടൻകൂടി കക്ഷിചേരാതെ വസ്തുവിന്മേൽ യാതൊരു കരണവും ചെയ്യാൻ കഴിയില്ല.

അച്ഛനുമായി എഴുത്തുകുത്തു നടത്താൻ സമയമില്ല. ടെലിഗ്രാം കൊടുത്താലോ എന്നാലോചിച്ചു. കാനറാ ബാങ്കിൽ അച്ഛന്റെ സമ്പാദ്യം ആയിരം, ആയിരത്തഞ്ഞൂറുറപ്പിക കാണും. ഒരിക്കൽ ചോദിച്ചിട്ടുണ്ട്. തള്ളിയിട്ടുമുണ്ട്. എന്നാലും അച്ഛനല്ലേ: ജീവിതത്തിന്റെ മുമ്പിൽ ഒരു രക്ഷാമാർഗ്ഗം തുറക്കുകയല്ലേ? കാനറാ ബാങ്കിൽക്കിടക്കുന്ന പണം എടുത്തു മറിച്ചുകൊള്ളാൻ സമ്മതിക്കാതിരിക്കയില്ല. ടെലിഗ്രാം അയച്ചു. മൂന്നു ദിവസം അതു പ്രതീക്ഷിച്ച്, തുശ്ശൂരേക്കു കമ്പിയടിച്ച് അവധി നീട്ടിയിട്ട് ചെറുതുരുത്തിയിൽത്തന്നെ കാത്തിരുന്നു. നാലാം ദിവസം കാനറാബാങ്കിലെ പാസ്ബുക്കിൽ പണമൊന്നുമില്ല എന്ന് കമ്പിവഴി തന്നെ അച്ഛനും പറഞ്ഞു. അന്നുതന്നെ തൃശ്ശൂരേക്കു കുതിച്ചു. സ്വാമി വിചാരിച്ചാൽ പണമുണ്ടാകും. പക്ഷേ തനിക്കു തരുമോ? അതും സ്വാമിയുടെ കീഴിലെ പണി ഉപേക്ഷിച്ചിട്ടു പോകാൻ? വിശ്വാസം പോരായിരുന്നു. എന്തുറപ്പു വേണമെങ്കിലും കൊടുക്കാമെന്നു പറഞ്ഞു.

'അതെങ്ങനെയാണു മിസ്റ്റർ മേനോൻ?' ഗോവിന്ദസ്വാമി വളരെ വേദന നടിച്ചുകൊണ്ടു ചോദിച്ചു.

ഞൊടിയിലാണ്, ഓരോരോ വഴിയും അടയുന്നു. ഇതു സാധിച്ചില്ലെങ്കിൽ നല്ലൊരു വരുമാനമാർഗ്ഗം മുടങ്ങുന്നു എന്നു മാത്രമല്ല, ഗോവിന്ദസ്വാമിയുടെ കീഴിലുള്ള ഉദ്യോഗവും ഏറെ വ്യസനകരമാകാൻ പോവുകയാണ്.

എന്തായാലും ഇനി ആ അപമാനംകൂടി വേണ്ടെന്നുവച്ചു. ജോലി രാജികൊടുത്തു. പുറത്തിറങ്ങി വീണ്ടും ആലോചിച്ചു.

വേണുവിന്റെ കൈയിൽ പണമുണ്ട്. സഹായിക്കണമെന്ന് ആത്മാർത്ഥമായ വിചാരമുണ്ടെങ്കിൽ, ഇനി ഒരുപക്ഷേ കൈയിൽ പണമില്ലെങ്കിൽത്തന്നെ അവനു സഹായിക്കാൻ കഴിയും. മൈലിപ്പാടത്തുള്ള അവന്റെ വസതിയിലേക്കു നേരേ ഒരു സൈക്കിളെടുത്തു ചവിട്ടിവിട്ടു.

വേണുവിനു സമ്മതം. വേണുവിന്റെ അമ്മയ്ക്കും ബാലനെ ത്തന്നെ സഹായിക്കാൻ സമ്മതമാണ്. ഒരുപാധി: വേണുവിന്റെ സഹോദരി കനകലത കല്യാണപ്രായമായി നില്ക്കുയാണ്.

മുടങ്ങിയ സമയത്തിനുള്ളിൽ തുക മടക്കിക്കൊടുക്കാമെന്നു പറഞ്ഞു.

അതു വേണ്ട. അതിൽ ക്ലേശിക്കേണ്ട.

പിന്നെ എന്താണു വേണ്ടതു്?

'അതിപ്പോഴ്, ഞാനായിട്ട് എങ്ങനെയാണു ബാലമേന്നേ പറയുന്നതു്. കനകലതയ്ക്കു നിങ്ങളെ വലിയ കാര്യമാണ്.'

'അപ്പോഴ് സംഗതി അതാണ്.'

ആയിരം ഉറപ്പിക സ്ത്രീധനമായിട്ടാണ്. അഥവാ, അഡ്വാൻസ് സ്ത്രീധനമാണ്.

നന്ദിപറഞ്ഞിറങ്ങി. ഞാൻ നാട്ടിലേയ്ക്കുതന്നെ ഒന്നുകൂടി പോകുകയാണെന്നു രാമുവിനോടു പറഞ്ഞു. 'പരീക്ഷാസമയമാണ്. നീ ഇരുന്നു കാര്യമായി പഠിക്കണം' എന്നു് ഉപദേശവും കൊടുത്തു. ബാലൻ കണ്ണിൽക്കണ്ട ഒരു ബസ്സിൽ ചാടിക്കയറി.

ഏട്ടനെ ഒന്നു പോയിക്കണ്ടാലോ എന്നാലോചിച്ചു. തൃപ്പര് തന്നെ എന്നും സാമ്പത്തികഞെരുക്കത്തിലാണ്. എന്നാലും, മുങ്ങുന്നവനു് വൈക്കോൽത്തുരുമ്പും പൊങ്ങുതടിയെന്നല്ലേ. ഏട്ടന്റെ അടുത്തേയ്ക്കാണു നേരേ പോയതു്.

ഏട്ടനു് ആകെ കഴിഞ്ഞതു് അംബികയുടെ കഴുത്തിലെ ചങ്ങല അഴിച്ചുകൊടുക്കലാണ്.

'ഒരു പവൻ കാണും ബാലാ. ഇതു വിററു് കിട്ടുന്നതു വാങ്ങിക്കൊള്ളൂ.'

വേണ്ടെന്നു പറഞ്ഞു. ഇതുകൊണ്ടാവില്ലല്ലോ എന്നു വാദിച്ചു നോക്കി. ഏട്ടന്റെ മുഖം പെട്ടെന്നു വാടി; ഏടത്തിയമ്മയുടെയും. ഏടത്തിയമ്മയുടെ അനിയത്തി അവളുടെ വകയായി മററൊരു ചങ്ങല കൂടി കൊണ്ടുവന്നു മുമ്പിൽവച്ചു.

'ഇവക്ക് വല്ലടത്തേയ്ക്കമൊന്നിറങ്ങണമെങ്കിൽ ഇതു വേണ്ടേ ഏട്ടാ. ഞാനിതു കൊണ്ടുപോകുന്നില്ല.' എന്നു പറഞ്ഞു് അതു് അവിടെവച്ചിട്ടിറങ്ങി നടന്നു.

എല്ലാ വഴികളും അടഞ്ഞുകഴിഞ്ഞു. ഇനി... അതെ, ആലോചിച്ചുപോയപ്പോഴാം അവസാനം ഒരു വഴി കിടപ്പുണ്ട്; കുട്ടമ്മാമ.

ഏടപ്പാളംനിന്നു വന്ന വഴിതന്നെ വടക്കേക്കരയിലിറങ്ങി. കുട്ടമ്മാമയുടെ വീട്ടിൽച്ചെന്നു. കുട്ടമ്മാമ വൈക്കോൽക്കുണ്ട അട്ടക്കിവയ്ക്കുന്ന തിരക്കിലായിരുന്നു.

'പത്രാധിപർകുട്ടിയെ ഇതുവഴി കാണാറേയില്ലല്ലോ.' കുട്ടമ്മാമ പരിഭവപ്പെട്ടു.

അതൊക്കെ പിന്നീടു പറയാം കുട്ടമ്മാമേ, എന്നായി. 'തല്ക്കാലം ഒരടിയന്തിര സംഗതിയുണ്ട്.'

ഒച്ചകേട്ടു് അമ്മായിയും കോലായിലേയ്ക്കു വന്നു. ആവരെല്ലാമോ വന്നു് എത്തിനോക്കുന്നുണ്ടായിരുന്നു.

കാര്യം മുഴുവൻ പറഞ്ഞു.

'അത്രേയുള്ളു. സാരല്യാന്നേയ്. പാട്ടനെല്ലു വരാറായിട്ടുണ്ട്, രണ്ടായിരത്തിന്റെ ഒരു നറുക്കു ചിട്ടി വീണിട്ടുമുണ്ട്. ബാലൻ അവിടെ ഇരിക്കു. ഞാൻ പോയി ഉറപ്പിക്കയും വാങ്ങി വരാം.'

പണി മുററത്തു പകുതിയാക്കിയിട്ടിട്ടു് രണ്ടാംമുണ്ടുമെടുത്തു തോളത്തിട്ടു്, ഒന്നു മുറുക്കാൻ വെററിലയും നൂറുതേച്ചു കൈയിലെടുത്തുകൊണ്ടു് കുട്ടമ്മാമ ധൃതിയിൽ ഇറങ്ങിപ്പോയി.

മുള്ളിന്മേൽച്ചവിട്ടിയാണു നിന്നതു്. അമ്മായി വിശേഷം ഓരോന്നോരോന്നു പറഞ്ഞു. പാർവ്വതിയുടെ സുഖക്കേടിനു് അല്പം ആശ്വാസമായിരിക്കുന്നു. ഇപ്പോഴാം വീണ്ടും സ്കൂളിൽപ്പോകണമെന്നു പറഞ്ഞാണു് ശാഠ്യം. സുശീല പത്താംതരത്തിലെ പരീക്ഷയ്ക്കു പണമൊടുക്കിയിട്ടു് കുട്ടികളുമായി വഴക്കു കൂടിക്കൊണ്ടുതന്നെ നടക്കുകയാണു്. നന്ദിനിക്കു് ഇക്കൊല്ലം എട്ടാംതരത്തിൽ സ്കോളർഷിപ്പു കിട്ടിയിട്ടുണ്ടു്. അല്ലാതെ ബാലഗംഗാധരൻ ഹൈ

കൃകേരളം വരുത്താനുള്ള സമരത്തിൽ ജയിലിലായിരിക്കുന്നു. അങ്ങനെ എന്തൊക്കെയോ വർത്തമാനങ്ങൾ അമ്മായി പറഞ്ഞു. പിന്നെ അമ്മയുടെ വിശേഷങ്ങൾ അന്വേഷിച്ചു.

'മീനേടത്തിക്കു സുഖമില്ലല്ലോ, എന്നാൽ അവരെക്കൂടെ അങ്ങു തൃശ്ശൂരേയ്ക്കു കൊണ്ടുപൊയ്ക്കൂടേ, ബാലാ' എന്നും അതിനിടയിൽ അമ്മായി നിർദ്ദേശിച്ചു. ഒന്നിലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. പകരം, കമ്പനിയിലെ ഈ ജോലി കിട്ടിയാലുള്ള മെച്ചങ്ങളെക്കുറിച്ച് അമ്മായിയോടു വിസ്തരിക്കാനാണു തോന്നിയത്. അല്പം കുറെ പറയുകയും ചെയ്തു.

ഒടുവിൽ ഊണു കഴിഞ്ഞു കൈ കഴുകുമ്പോഴേയ്ക്കു കുട്ടമ്മാമ വന്നു. കുട്ടമ്മാമയുടെ മുഖം വാടിയിരുന്നു. ഒന്നുമൊന്നും തരപ്പെട്ടില്ല. ഒന്നു രണ്ടാഴ്ചയ്ക്കുള്ളിൽ ഒന്നും ശരിയാവാനുള്ള മട്ടു കാണുന്നുമില്ല എന്നു നിറഞ്ഞ വ്യസനത്തോടെ ആ വാത്സല്യവാൻ കൈ മലർത്തി.

'എന്തായാലും ബാലാ, നീയ്യവിടെ ഇരിക്കു. ഞാൻ അമ്മാമയ്ക്കു് ഊണു കൊടുത്തിട്ടു വരാം' എന്നു് അമ്മായി പറഞ്ഞതു് വലിയൊരു ശിക്ഷയായിട്ടാണു് അനുഭവപ്പെട്ടതു്. ഇറങ്ങി ഓടണമെന്നു തോന്നി. വളരെ പ്രതീക്ഷയോടെ, വളരെ വ്യാമോഹങ്ങളോടെ മനസ്സിൽ പേറിനടന്ന ഒരു വലിയ സ്വപ്നം തകർന്നു ഛിന്നഭിന്നമാകുകയായിരുന്നു. ജെ. പി. ആറിനോടു പറഞ്ഞ ഏഴു ദിവസത്തിൽ ആറേമുക്കാൽ ദിവസവും തലയും ഉടലും അററു വീണുകഴിഞ്ഞിരിക്കുന്നു കൺമുമ്പിൽ. താനും അവയോടൊപ്പം പിടിവള്ളിയില്ലാത്ത ഒരഗാധഗർത്തത്തിലേയ്ക്കു വഴുതി വഴുതി വീഴുന്നതുപോലെ.

അമ്മായി കൊണ്ടിട്ട പുൽപ്പായ കണ്ടില്ല. ബാലൻ വെറും നിലത്തു് ബുദ്ധി മന്ദിച്ചിരിക്കുകയായിരുന്നു.

'ബാലേട്ടാ.'

ക്ഷീണമായ ഒരു വിളി. ആദ്യം കേട്ടില്ല. ഒന്നുകൂടി ആയപ്പോഴാം കേട്ടു. വാതിൽപ്പൊളിക്കപ്പുറത്തു് ഒരു നിഴൽ, നിഴൽപോലെ ദീനമായ ഒരു രൂപം.

എണ്ണമയം കാണാത്ത മുടി, കണ്ടിലാണ്ട കണ്ണുകാം, അഴുക്കുപുരണ്ട മുണ്ടും ബ്ലൗസും.

'ഞാനാണു്, ബാലേട്ടാ ഞാനാണു്.'

താൻതന്നെയാണു വിളിച്ചതെന്നു് വിളിച്ച ആൾക്കു് വിശ്വാസം വന്നിട്ടില്ലാത്ത മട്ടിൽ.

അതു് പാർവ്വതിയായിരുന്നു. അവളുടെ കൈയിൽ എന്തോ ഒന്നുണ്ടു്.

'എന്താ ഇതു്?'

'എന്റെ ഒരു പഴയ അളുക്കു്.'

എന്താണാവോ ഇങ്ങനെ....?

'പണാണു് ബാലേട്ടാ. ബാലേട്ടനു വേണ്ട പണം ഇതിലുണ്ടു്.'

പാവം എന്തു ധരിച്ചിട്ടാണോ! പണമെന്നു കേട്ടിട്ടു വിശ്വാസം വന്നില്ല. തീരെ വിശ്വാസമില്ലായിരുന്നു. എങ്ങനെ വിശ്വസിക്കാൻ കഴിയും?

എങ്കിലും ആ പച്ചപ്പാവത്തിനെ, സ്വതവേതന്നെ രോഗിണിയായിക്കഴിയുന്ന ആ പ്രിയപ്പെട്ട അനിയത്തിയെ നിരാശപ്പെടുത്താതിരിക്കാൻ, വ്യസനിപ്പിക്കാതിരിക്കാൻ രണ്ടു കൈയും നീട്ടി അതു വാങ്ങിച്ചു, വാങ്ങി നിലത്തുവച്ചു. തുറന്നുനോക്കണമെന്നുതാല്പര്യമില്ലായിരുന്നു.

'അതു് നോക്കു ഏട്ടാ.'

അവളെ ബോധ്യപ്പെടുത്താൻവേണ്ടിമാത്രം നോക്കാമെന്നു കരുതി നോക്കി—

കാൽരൂപാ, അരരൂപാ, ഒററനോട്ടുകാം, 1930ലെ ഒരു രണ്ടണത്തുട്ടു്, രണ്ടുറുപ്പികനോട്ടുകാം, മൂന്നു മുക്കാലും!

വളരെയുണ്ടു്, വളരെ. അളുക്കു നിറച്ചും അങ്ങനെ.

എണ്ണിനോക്കിയതു്, അമ്മാമയ്ക്കു് ഊണു വിളമ്പിക്കൊടുത്തിട്ടു് അവിടേയ്ക്കുവന്ന അമ്മായിതന്നെ ആയിരുന്നു.

'എഴുനൂററിയമ്പതുരൂപ്പിക പതിന്നാലണയുണ്ടു് ബാലാ.'

പാർവതി വീണ്ടും മുറിക്കുള്ളിലേയ്ക്കു വലിഞ്ഞു കഴിഞ്ഞിരുന്നു. ബാലൻ അകത്തു കയറി നോക്കുമ്പോൾ അവൾ ഭ്രാന്തത്തിയെപ്പോലെ കിടക്കയിൽക്കിടന്നുരുളുകയും ചിരിക്കുകയും ആയിരുന്നു. അവളുടെ കൺപീലികൾ നനഞ്ഞിട്ടുമുണ്ടായിരുന്നു.

നടന്നു് പുഴയുടെ മറുകരയെത്തി, അമ്മയോടു യാത്രപറഞ്ഞിട്ടു് അന്നുതന്നെ കോഴിക്കോട്ടേയ്ക്കു പോയി. മടങ്ങിവന്നതു് വെള്ളക്കാരന്റെ ബ്രൂക്കു് ബോണ്ടു് പ്രൈവററ് ലിമിററഡിന്റെ നിയമന ഉത്തരവുംകൊണ്ടാണു്. ഒരു സുന്ദരംപിള്ളയുടെ കൂടെനിന്നു് തല്ലാലത്തേയ്ക്കു പണി പരിശീലിക്കാനും, ഒരു മാസത്തിനപ്പുറം അയാളിൽനിന്നു പാലക്കാട്ടെ ഡെപ്പോവിന്റെ ചാർജു് ഏററുവാങ്ങാനുമായിരുന്നു കമ്പനി നിർദ്ദേശം.

# ആറ്

# കരിമ്പന

തുടക്കം വളരെ പ്രസന്നമായിരുന്നു. അനുജനെ കോളേജ് ഹോസ്റ്റലിൽ ചേർത്തി, തൃശ്ശൂരെ അല്ലറ ചില്ലറ ഏടവാടെല്ലാം പറഞ്ഞൊതുക്കി പാലക്കാട്ട പട്ടണത്തിലേക്കു പുറപ്പെട്ടപ്പോഴം ബാലചന്ദ്രമേനോന്റെ മനസ്സ് അത്യന്തം പ്രസന്നമായിരുന്നു.

കെ. പി. ആർ ആദ്യാവസാനം സഹായിച്ചു. ഏററവുമൊടുവിൽ സെക്യൂരിററിത്തുകയിൽത്തന്നെ ഒരു അഡ്ജസ്റ്റ്മെൻറുണ്ടാക്കിയതു് ആ മനുഷ്യനാണ്. കല്പാത്തിയിലിരിക്കുന്ന സായിപ്പിനെ വിളിച്ചുപറഞ്ഞു, ഒരു ഏ വൺ കാൻഡിഡേററിനെ കിട്ടിയിട്ടുണ്ട്. ആയിരം ഉറുപ്പിക സെക്യൂരിററി കെട്ടാൻ സൗകര്യപ്പെടുകയില്ല. എന്തു ചെയ്യണം? നിർദ്ദേശിക്കുക.

അത്ഭുതം സായിപ്പതു സമ്മതിച്ചുതാണ്. നിങ്ങൾക്കു് ആ കാൻഡിഡേററിനെക്കുറിച്ചു് അത്രയധികം മതിപ്പുണ്ടെങ്കിൽ അഞ്ഞൂറുറുപ്പിക അഞ്ചുമാസത്തെ ശമ്പളത്തിൽനിന്നു പിടിക്കാം എന്ന വ്യവസ്ഥയിൽ ജോലികൊടുത്തുകൊള്ളൂ. സായിപ്പിന്റെ നിർദ്ദേശമായിരുന്നു. അല്ല, അതായിട്ടെന്തിനു പറയുന്നു? അഞ്ഞൂറുറുപ്പികതന്നെ ഉണ്ടായതു് എങ്ങനെയാണ്? എണ്ണമയം കാണാത്ത മുടിയും, മുഷിഞ്ഞുകെട്ട വേഷവുമായി എല്ലായ്പ്പോഴും ഇരുട്ടു തളംകെട്ടിയ തളത്തിൽത്തന്നെ കഴിഞ്ഞിരുന്ന ആ പെണ്ണിന്റെ കൈയിൽ ഇത്രയേറെ പണമുണ്ടാകുമെന്നു് ആരു കരുതി?

എട്ടൊമ്പതു വൎഷക്കാലത്തെ സമ്പാദ്യമായിരിക്കണം. വരുന്നവരൊക്കെ മിഠായികളും ബിസ്കറ്റിനും ഓറഞ്ചിനും പകരം അവൾക്കു കൈനീട്ടം കൊടുത്തിട്ടുള്ളതു് അര ഉറുപ്പികത്തുട്ടും, ഒററനോട്ടും രണ്ടിന്റെ നോട്ടും ഒക്കെത്തന്നെ ആയിരുന്നു എന്നു വയ്ക്കുക. എന്നാലും അവളതങ്ങനെ സൂക്ഷിച്ചുവെച്ചു, അതും ഇത്തരമൊരാവശ്യത്തിനുവേണ്ടിമാത്രം പുറത്തെടുക്കുക, അതാണു് ഏറെയേറെ അത്ഭുതമായിട്ടുള്ളതു്.

ഓരോന്നാലോചിക്കുമ്പോഴും കൂടുതൽ സന്തോഷം തോന്നി. വന്നതെല്ലാം വന്നു. ഒടുവിൽ താനിതാ രക്ഷപ്പെടാൻ പോകുന്നു. ഇനിയേതായാലും കുറെ നാളത്തേയ്ക്കു് സ്വൈരമായി, മനഃസമാധാനമായി കഴിയാം. സിലോണിൽനിന്നു പുറപ്പെടുമ്പോഴും മററുള്ളവരെ സഹായിക്കാൻ തന്നാലാകുന്നതു ചെയ്തു കഴിയണമെന്നായിരുന്നു മോഹം. മനുഷ്യരെ സേവിക്കാനൊരവസരമാണു്, കുഞ്ഞനന്തൻ പറഞ്ഞു. അതു ഹിതമായിരുന്നു. അങ്ങനെ കുറെ കാലം പത്രപ്രവൎത്തനം നോക്കി.

ഒടുവിൽ തന്റെ സേവനമൊന്നും തങ്ങൾക്കാവശ്യമില്ല എന്നു് അവർ പറഞ്ഞു. അതിനെന്താ തകരാറു്? തനിക്കിപ്പോഴും തന്റെ അനുജനെയും മററു വേണ്ടപ്പെട്ടവരെയും കൂടുതൽ ഫലപ്രദമായി സേവിക്കാം. തനിക്കു് സന്തോഷമായി കഴിയുകയും ചെയ്യാം.

എല്ലാംകൊണ്ടും ഇതു നന്നെന്നു തോന്നി ബാലചന്ദ്രമേനോനു്. പാലക്കാട്ടു ചെന്നെത്തിയപ്പോഴാകട്ടെ, ജോലിക്കാര്യം അതിലധികം ഉന്മേഷപ്രദമായിരുന്നു. സുന്ദരംപിള്ളയുടെകൂടെയാണു് സൎക്കീട്ടു്. അദ്ദേഹം ഒരു രസികൻ സ്നേഹമുള്ള ആളുമാണു്. അദ്ദേഹത്തിന്റെകൂടെ, പട്ടണത്തിലെ തെരുവുകളിലും പട്ടണത്തിന്റെ നാടവരമ്പിലുള്ള റോട്ടുകളിലും കുറെ നടക്കണം. ഓരോരോ പീടികയിൽ കയറിച്ചെല്ലുക. അവിടെ അപ്പുക്കുട്ടിഗുപ്തനോടും രാമനുണ്ണി മന്നാടിയാരോടും, ആ വല്ലാത്ത നാരായണൻനായരോടുമെല്ലാം ബ്രുക്ക്ബോണ്ടു് കമ്പനിയുടെ തേയില-

യുടെ ഗുണത്തെക്കുറിച്ച് പ്രസംഗിക്കണം. അതിനിടയിൽ, തട്ടലമാരികളിൽ അടക്കം ചിട്ടയുമില്ലാതെ വാരിയിട്ടിരിക്കുന്ന ചായയും കാപ്പിയും കുറെക്കൂടി അടക്കം ചിട്ടയുമായി വെയ്ക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും, അങ്ങനെ വച്ചാലുള്ള ഗുണങ്ങളെക്കുറിച്ചും സാമാന്യമായി പ്രസംഗിക്കണം. ഒടുവിൽ അയാൾ നല്ലന്ന ഓർഡറിന്റെ ഇനവിവരങ്ങൾ ഡയറിയിൽ രേഖപ്പെടുത്തണം, അവിടെ വേണ്ടതു കൊടുത്തിട്ടു പോകണം. ഒട്ടുമൊരു മുഷിച്ചിലുള്ള പണിയല്ല. ചുററിനടക്കാം, പരിചയമില്ലാത്ത മുഖങ്ങൾ കാണാം, അവരെ പരിചയപ്പെടാം, അവരുടെ തമാശകളും വികൃതികളും രസമായങ്ങനെ കാണാം, ആസ്വദിക്കാം. ക്ലേശമെങ്കിലും മുഷിപ്പനെന്നു പറയാൻ എന്തെങ്കിലുമുണ്ടെങ്കിൽ അതു് ആ വീക്ക്'ലി സ്റ്റേയ്റ്റ്മെന്റുകളും പ്രോഗ്രസ് ചാർട്ടുകളും തയ്യാറാക്കുന്ന പണിയാണു്. അതെന്തു്? കുരങ്ങൻ മൂത്താൽ ചാട്ടം മറക്കുമോ. കുറെനാൾ പയററിയതല്ലേ ഗുമസ്താവായി.

ഒരു കാര്യം ബാലചന്ദ്രമേനോനു വിചിത്രമായിത്തോന്നി. ഈ പാലക്കാടിനെക്കുറിച്ചു് രാമുവിനെന്തേ ഇത്ര മോശമായി അഭിപ്രായം? കുതിരച്ചാണകത്തിന്റെയും കഴുതകളുടെയും നാടെന്നാണു് അവൻ പാലക്കാടിനെക്കുറിച്ചു പറയുക. മലമ്പ്രദേശമെന്നു പറയുന്നതു മനസ്സിലാക്കാം, മല മാത്രമല്ല വഴിയരികിലിരുന്നു് മലവിസർജ്ജനം ചെയ്യുന്ന ആൾക്കാരുമുണ്ടു് അവിടവിടെ. പക്ഷേ അതിന്നും കാരണം പറഞ്ഞുവരുമ്പോൾ ദാരിദ്ര്യമാണു്. സാമ്പത്തികമായി അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞാൽ പാലക്കാടും സുന്ദരമായ നഗരമാകും. മനുഷ്യർ നല്ലവരാണു്.

ബാലചന്ദ്രമേനോന്റെ ചിന്തകൾ അങ്ങനെ പോയി.

തേങ്കുറിശ്ശിയിൽക്കണ്ട ആ കണിക്കൊന്ന നോക്കിനില്ക്കുമ്പോൾ, തമാശ തോന്നി. എന്തായിരുന്നു പാലക്കാടിന്റെ ഗാംഭീര്യമെന്നു താൻ ഇതുവരെയെല്ലാം കരുതിയിരുന്നതു്? നിറച്ചും പൂ മാത്രമുള്ള ഈ മരം അല്ലതന്നെ!

പാലക്കാട്ട് വന്നിറങ്ങിയ ദിവസം ആദ്യം ശ്രദ്ധിച്ച സംഗതികൾ ഓർത്തുനോക്കി.

ആകാശം തീ ചുവന്നിരുന്നു. സന്ധ്യ. കരിമ്പനക്കാററു ചീറിയടിക്കുന്നുണ്ടായിരുന്നു. താൻ ആ കരിമ്പനകളെ ശ്രദ്ധിച്ചു. ഏതു കാററിലും അവയ്ക്കൊന്നും കുലുക്കമില്ല. ഇതുതന്നെ ഗംഭീരം, അപ്പോൾ വിചാരിച്ചു.

പക്ഷേ പിന്നെപ്പിന്നെയാണു്, ആകാശത്തിന്റെ മേൽപ്പുരയോളം കയറിപ്പോകുന്ന ആ മലകൾ ശ്രദ്ധിച്ചതു്. അവയുടെ മാളികമേടകളിൽ സായാഹ്നവേളകളിൽ നിരക്കുന്ന മേഘസുന്ദരിമാരെയും.

അതും കഴിഞ്ഞിട്ടായിരുന്നു ഏററവും മനോഹരമായ മറേറ ആ ദൃശ്യം: മലയുടെ മോളിൽനിന്നു തൂങ്ങുന്ന ആ സ്വർണ്ണച്ചങ്ങല, തീയുടെ ഒരോമനനദി, ഡോണിമലകളിലെ കാട്ടുതീ!

എന്നെങ്കിലും ഒരു റോളക്സ് സമ്പാദിക്കണം, അന്നു തീരുമാനിച്ചു.

എല്ലാംകൊണ്ടും പുതിയ സ്ഥലത്തു് ബാലചന്ദ്രമേനോൻ സന്തുഷ്ടനായിരുന്നു. തനിക്കു് ആ നാടും അവിടത്തെ രീതികളും പിടിച്ചിരുന്നു. തമിഴ്നാട്ടിലുള്ള ഹോട്ടലുകളിലെ ശാപ്പാടുമാത്രം അത്ര സുഖപ്പെട്ടില്ല. വെജിറേററിയൻ ഹോട്ടലുകളിൽ കയറേണ്ട എന്നു വച്ചപ്പോൾ ആ ദുഘടവും തീർന്നു.

ആദ്യത്തെ ശമ്പളം വാങ്ങുമ്പോൾ അമ്മയ്ക്കു് ഒരു മുണ്ടും, സുശീലയ്ക്കൊരു ഹാഫ്സാരിയും വാങ്ങിവച്ചു. തന്റെ ജീവിതത്തിലെ ഏററവും വലിയ വഴിത്തിരിവിൽ പൊടുന്നനെ കാണപ്പെട്ട, അതുവരെ ഹൃദയശൂന്യനായ താൻ ശ്രദ്ധിക്കാതെതന്നെയിരുന്ന ആ ഏറെ പ്രിയപ്പെട്ട അനിയത്തിക്കു്, പാർവതിക്കുട്ടിക്കു് ഒരു നല്ല സില്ക്കുസാരിയും. അതെല്ലാമെററിക്കൊണ്ടു് ചെറുതുരുത്തിക്കു പുറപ്പെടുമ്പോൾ ഹൃദയം നിറഞ്ഞിരുന്നു. ശരിക്കും നിറഞ്ഞിരുന്നു.

പക്ഷെ അമ്മാമേടവിടെ കടന്നുചെല്ലുമ്പോഴേയ്ക്കു പ്രശ്നങ്ങൾ തലപൊന്തിച്ചിരുന്നു. ആരുമാരും അതൊരു പ്രശ്നമാകുമെന്നു കരുതിയിരുന്നില്ല. ബാലൻ രംഗത്തു ചെന്നപ്പോഴാം അതു പ്രശ്നമായി.

ഒരാഴ്ചമുമ്പ് അവിടെ ഒരു കല്യാണാലോചനക്കാരെത്തിയിരുന്നു. ഗുരുവായൂരുനിന്ന് ഒരു മുരളീധരൻനായരും പാർട്ടിയും.

സുശീലയുമായി വിഷ്ണുരമസ്സ്, നിശക്കു ശശാങ്കൻ എന്ന മാതിരി ചേരും. അവള് പൂവള്ളിപോലെ ഒരു കൊച്ചു പെണ്ണ്. അവനാണെങ്കിലോ, കണ്ണാക്ഷണ്ടാകത്തക്കതരത്തിലുള്ള ഒരു പത്തക്കുട്ടിയും. ചെക്കന് ജോലി ഭിലായിയിലാണ്. പത്തഞ്ഞൂറുറുപ്പിക ശമ്പളമവിടെ ഉണ്ടുതാനും. ഒന്നാന്തരം തറവാട്ടുകാർ. പെണ്ണിന്റെയും ചെറുക്കന്റെയും ജാതകങ്ങൾ നോക്കിയിട്ടോ, തികഞ്ഞ പൊരുത്തം. നാലു പൊരുത്തം മതി, ഇവിടെ എട്ടു പൊരുത്തങ്ങൾ ചേർന്നിട്ടുണ്ട്. ചുരുക്കം, അമ്മാമയും അമ്മായിയും ഒരുപോലെ പിടിച്ചിരിക്കുന്ന ആലോചന. സുശീലയ്ക്കാണെങ്കിൽ മുരളീധരൻനായരെ കണ്ടപ്പോൾ ഒരു പുതിയായ മട്ടുമാണ്.

ഇതിൽ ഇത്ര ദുർഘടമെന്താണെന്ന് ബാലനു പിടികിട്ടിയില്ല. സുശീലയോടു തനിക്കെന്തെങ്കിലും കമ്പമുണ്ടെന്ന് അമ്മാമയോ അമ്മായിയോ ധരിച്ചിരിക്കുമോ? ആണെങ്കിൽ കഷ്ടമാണ്. അവളൊരു ചന്തവും ചൊടിയുമുള്ള പെൺകുട്ടി. മിടുക്കുകാരിയായ ഒരനിയത്തി. ആ നിലയ്ക്കുമാത്രമേ താനവളെ നോക്കിയിട്ടുള്ളൂ, പെരുമാറിയിട്ടുള്ളൂ. അതങ്ങോട്ടൊന്നു പറഞ്ഞാലോ? വളഞ്ഞുമൂക്കുപിടിക്കുന്ന ഈ വർത്തമാനമെല്ലാം ചുരുക്കാം. പക്ഷേ, എങ്ങനെയാണ് വെറുതെയങ്ങു പറയുക? അമ്മാമനോ അമ്മായിയോ എന്തെങ്കിലുമൊന്നു സൂചിപ്പിക്കാതെ? ഒടുവിൽ പറഞ്ഞുവരുമ്പോഴോ, ബാലൻ വിചാരിച്ചതെന്ത്, ശരിയായ സംഗതിയെന്ത്?

വേറൊരുത്തി നില്പില്ലേ വീട്ടിൽ? അവളെ ഒന്നു പറഞ്ഞുവിടാതെ, സുശീലയുടെ കാര്യം ഇത്ര പെട്ടെന്നങ്ങു നടത്തിയാൽ ശരിയായിരിക്കുമോ? ആയിരിക്കയില്ല. നിശ്ചയമാണ്. പിന്നീട് അവളങ്ങനെ നിന്നുപോകയേ ഉള്ളു. ആരുമാരും വരികയുണ്ടാവില്ല. അവളുടെ ജന്മം തുലയും. ഇന്നിപ്പോൾ കാലദോഷത്തിന് എന്തൊക്കെയോ ചില അസുഖങ്ങളുണ്ടെന്നുവച്ച് അവൾ എന്നും ഇങ്ങനെ സുഖക്കേടുകാരിയായി കിടക്കുമോ?

വിഷയം കൂടുതൽ അവ്യക്തമായതല്ലാതെ, അതിന്റെ ഒരു തുമ്പു കിട്ടിയില്ല ബാലന്ന്. വീണ്ടും സംഭാഷണം തുടരുമ്പോൾ അമ്മായി പറഞ്ഞു, പാർവതിക്കും തരക്കേടില്ലാത്ത ഒരാലോചന വന്നിട്ടുണ്ട്. ഒററപ്പാലത്തുനിന്ന് ഒരു സ്കൂൾമാഷ്ടെ ആലോചന. മാഷ്ടെ വീട്ടുകാർക്ക് രണ്ടായിരമോ മൂവായിരമോ രൂപ റൊക്കം കിട്ടണമെന്നുമാത്രമേ നിർബന്ധമുള്ളു.

'ഗുരുകാരണോന്മാരുടെ കൃപകൊണ്ട്, അതിപ്പൊ നമുക്കൊരു പ്രയാസമുള്ള കാര്യമല്ല.'

അങ്ങനെ ചുററിയും വലത്തുവച്ചും സംഭാഷണമൊടുവിൽ കാര്യത്തിൽ വന്നുനിന്നു.

'നീയ്യവളോടൊന്നു പറഞ്ഞുനോക്ക്. കല്യാണോം കെട്ടും ഒന്നും വേണ്ട എന്നാണ് ഓള് പറയണെ. ഓളുടെ കാര്യം കഴിയാതെ സുശീലടെത്ത് നമുക്കിപ്പം ഒന്നും ആക്കാനും പററില്ല'

ബാലന്നു ചിരി പൊട്ടിപ്പോയി. ഈ ഒരു സംഗതിയാണോ അമ്മായി ഇത്ര ക്ലേശിച്ചു ബദ്ധപ്പെട്ടു പറഞ്ഞുവന്നതു്? തന്നോട് ആദ്യംതന്നെ പറയാമായിരുന്നു. പറഞ്ഞിരുന്നെങ്കിൽ, 'പെണ്ണിനെ ഞാനിപ്പൊ കല്യാണപ്പന്തലിലെറക്കിക്കഴിഞ്ഞതല്ലേ അമ്മായീ?' അയാൾ വീമ്പടിച്ചു.

'എന്നാലൊട്ടെ, ബാലാ, നീയവളോടൊന്നു പറയൂ. ഇവിടാരും ഇനി ഗുണദോഷിക്കാനും ശാസിക്കാനുമില്ല.'

പാർവതി തളത്തിൽ എല്ലാമെല്ലാം ശ്രദ്ധിക്കുകയായിരുന്നു. അമ്മ പറയുന്നതും, ബാലേട്ടൻ അതിനു സമാധാനം കാണുന്നതും

ഒക്കെപ്പൊടെ. അവറം നാവനക്കിയില്ല. അവറം സ്വന്തം മുറി ക്കള്ളിൽ, ഒരു നിഴൽപോലെ, അവിടെത്തന്നെ നിന്നു.

ബാലൻ അമ്മാമയെയും അമ്മായിയെയും കണ്ണു കാണിച്ചു, പൊയ്ക്കൊള്ളാൻ. കാര്യം താനേററിരിക്കുന്നു. ലേശം സമയ ത്തേയ്ക്കു് അവളെ ഒററയ്ക്കൊന്നു കിട്ടിയാൽ മതി.

അവരതു മനസ്സിലാക്കി, മെല്ലെ രംഗത്തുനിന്നു മാറിക്കൊടു ത്തു. ആ വീരൻ പാർവതിയുടെ അടുത്തെത്തി.

'നെൻെറ മൂപ്പര് എനിക്കു പണം കടം തരാൻ സമ്മതി ക്കുമോ പാർവതീ? നിയ്യെന്താ അതുമാത്രം ആലോചിക്കാത്തതു്?'

'ഏതു മൂപ്പര്?'

'ഒററപ്പാലത്തുകാരൻ ഇസ്കൂറം മാഷ്.'

'ഏതു് ഇസ്കൂറം മാഷ്?'

'നെന്നെ കല്യാണം കഴിക്കാൻ പോണ ഇസ്കൂറം മാഷ്.'

'എന്നെ കല്യാണം കഴിക്കും അയാളു്.'

'പിന്നില്ലേ?'

'ങ്ആ, ഇല്ല.'

'അതെന്താ പാവ്വതീ, നീ ദുഃശാഠ്യം പിടിക്കണെ? അയാളു് നല്ലാളല്ലേ?'

'നല്ലാളോ ചീത്താളോ, എനിക്കറിയില്ല.'

'നീ കണ്ടില്ലേ?'

'ഞാൻ കാണാൻ പോയില്ല'

'അതെന്തേ?'

'എനിക്കു കല്യാണം വേണ്ടാഞ്ഞിട്ടു്.'

'അതുകണ്ടോ! അസത്തുപെണ്ണു് വീണ്ടും പറഞ്ഞതിൽത്തന്നെ വന്നു നിക്കണെ.'

ഞൊടിയിൽ, സംസാരിച്ചുകൊണ്ടു നില്ക്കുന്നതിനിടയിൽത്ത ന്നെ പെട്ടെന്നൊരു തേങ്ങലാണു കേട്ടതു്. ഒരു നിമിഷത്തേയ്ക്കു് അവളുടെ മുഖത്തുനിന്നും കണ്ണെടുത്തിരുന്നു. വെറുതെ, മാറാല

പിടിച്ചു കിടന്ന തട്ടിന്മേലേയ്ക്കു് ഒരു നിമിഷം നോക്കിപ്പോയതാണു്.

'നീ കരയുന്നോ പാർവ്വതി?'

അവളെ മക്കാറാക്കാൻവേണ്ടി അവളുടെതന്നെ നാടൻഭാഷയിൽ സംസാരിച്ചുവന്നു. പെട്ടെന്നാ നാട്യം അവസാനിച്ചു. സാധാരണ സംസാരിക്കുംപോലെ, ഗൗരവമായി സംസാരിക്കുമ്പോഴത്തെ ഭാഷ നാവിൽനിന്നു ചാടി. അവൾ നിഃശബ്ദം കരഞ്ഞതല്ലാതെ ഒരക്ഷരം ഉരിയാടിയില്ല.

'പറയൂ പാർവതി, ബാലേട്ടനോടു പറയൂ. എന്താണു് നിന്റെ വ്യസനം?'

ഇപ്പോളവൾ കരച്ചിൽ നിർത്തിയിരുന്നു. പകരം കണ്ണുതുറിച്ചു തന്നെത്തന്നെ നോക്കുകയായിരുന്നു. അതു് തെല്ലിട അങ്ങനെത്തന്നെ തുടർന്നു. അവൾ വീണുപോയേക്കുമോ എന്നു ഭയന്നു.

അല്പസമയത്തിനുള്ളിൽ അവൾക്കു സംസാരിക്കാമെന്നായി.

'പറയൂ പാർവതി, നീ എന്നോടു പറയൂ.'

അവൾ ഇനിയെന്തായാലും പറയുകതന്നെ ആവാമെന്നുവച്ചു പറഞ്ഞു. അവൾ പറഞ്ഞതു് അയാളെ സ്തംഭിപ്പിക്കുന്ന തരത്തിലുള്ള കുറെ കാര്യങ്ങളായിരുന്നു.

'ബാലേട്ടൻ ഓരോ ദിവസവും അവിടെ വന്നിരുന്നതു്, സുശീലയും നന്ദിനിയുമായിട്ടെല്ലാം വെടി പറയുകയും കളിക്കുകയും ചെയ്യുന്നതു്, ഒരിക്കലെങ്കിലും ഇങ്ങനെ ഒരു ജീവി ഈ വീട്ടിലുണ്ടോ എന്നു തിരിഞ്ഞുനോക്കാത്തതു്, അതുകൊണ്ടുതന്നെ താൻ കല്യാണമേ കഴിക്കുന്നില്ല എന്നു വച്ചിരിക്കുന്നതും.'

'എന്താണു നീ പറയുന്നതു്, എനിക്കു മനസ്സിലാകുന്നില്ല.'

ബാലനു് അതു മനസ്സിലാകുമായിരുന്നില്ല. ശോഷിച്ചു് ഒരു സാരിയെടുത്തു ചുററാൻ ആരോഗ്യമില്ലാതായിട്ടുള്ള ആ നിത്യകന്യകയുടെ മനസ്സിൽ അത്തരമൊരു വലിയ പ്രേമരഹസ്യം ഉണ്ടെന്നു് ബാലനു മനസ്സിലാകുമായിരുന്നില്ല.

പക്ഷെ അവിടെവച്ചയാൾ മനസ്സിലാക്കി, നാവില്ലാത്ത ആ പെൺകുട്ടി നിശ്ചയിച്ചുറച്ചിട്ടുതന്നെ ആയിരുന്നു. ബാലേട്ടനെ, അല്ലെങ്കിൽ വേറെ ആരെയും, അവൾ കല്യാണം കഴിക്കുന്നില്ല. തനിക്ക് അത്ര ദീർഘകാലത്തെ ആയുസ്സൊന്നുമില്ല എന്നും അവൾ ക്കുറപ്പുണ്ടായിരുന്നു.

# 3

ആ സംഭവത്തിൻെറ ഇരുപത്തിനാലാമത്തെ ദിവസം, ഏപ്രിൽ പത്താംതീയതി ഗുരുവായൂർ ക്ഷേത്രത്തിൽവച്ച് ഒരു ജ്യേഷ്ഠത്തിയുടെയും അനുജത്തിയുടെയും വിവാഹം നടന്നു. അനുജത്തിയെ വിവാഹം കഴിച്ചതു് ഗുരുവായൂർ ദേശക്കാരൻ ആയ ഒരു മുരളീധരൻനായരായിരുന്നു. ജ്യേഷ്ഠത്തിയുടെ കഴുത്തിൽ മിന്നു കെട്ടിയതു് ബാലചന്ദ്രമേനോൻ എന്ന ബാലനും.

അവൻ അറിഞ്ഞുകൊണ്ടുതന്നെ നശിക്കാൻ നിശ്ചയിച്ചിരിക്കയാണ്, വിവാഹച്ചടങ്ങു മുഴുവൻ മരവിച്ച മനസ്സോടെ നോക്കിനിന്നു കാണുകയായിരുന്ന ഒരാൾ പറഞ്ഞു. അതു ബാലൻെറ നാരായണൻകുട്ടിയേട്ടൻ ആയിരുന്നു.

'കൈ ഇങ്ങോട്ടു തന്നോളൂ', ബസ്സിൽക്കയറുന്നതിനിടയിൽ അവൾ വീണുപോകരുതെന്നു നിഷ്കർഷ ഉണ്ടായിരുന്ന ഏട്ടത്തിയമ്മ ഒരിക്കലല്ല രണ്ടുവട്ടം എടുത്തുപറഞ്ഞു. അതു പറയുമ്പോൾ, രക്തപ്രസാദവും ചൊറുചൊറുക്കുമുള്ള മറെറാരു യുവതി എടപ്പാളുള്ള ഒരു കൊച്ചുവീട്ടിലെ മുററത്തു മൂച്ചിയുടെ ചോട്ടിൽ ജളിഭൂയായി ഇരിക്കുന്ന രംഗം അവർ ഭാവനയിൽ കാണുന്നുണ്ടായിരുന്നു. അതു കൊണ്ടുതന്നെ, 'അനന്ദാനാരോഗ്യമില്ല. സൂക്ഷിച്ചു കയറൂ' എന്നു്

ഒരിക്കൽക്കൂടി ആ അനിയത്തിക്ക് അവർ ഉപദേശം നല്കുകയും ഉണ്ടായി.

അതെ, അവരുടെയെല്ലാം ഉപദേശത്തിനു വിരുദ്ധമായിട്ടായിരുന്നു ആ വിവാഹം. തടുക്കാൻ ആവതു ശ്രമം നടത്തി.

'നീയ്യെന്തു ഭാവിച്ചാണു ബാലാ?' അമ്മയെക്കൊണ്ട് അവർ ചോദിപ്പിച്ചു.

ഒടുവിൽ തീരെ സന്തോഷമില്ലാതെയാണ് അവർ ആ മംഗളകർമ്മത്തിൽ പങ്കുചേരാൻ പോയത്.

അവൾക്കറിയാമായിരുന്നു, ആരെല്ലാം വിരോധിച്ചാലും നടത്തണമെന്നു വിചാരിക്കുന്ന കാര്യം ബാലൻ നടത്തുകതന്നെ ചെയ്യും. പിന്നെ, തങ്ങളായിട്ടെന്തിന് അവൻെറ അപ്രിയം നേടണം, അവരാലോചിച്ചു.

## 4

വിവാഹത്തിനുശേഷം വധുവിൻെറ അച്ഛനമ്മമാരും ബന്ധുജനങ്ങളും അവളെ ഉപദേശിച്ചു:

'നീയ്യ് പാലക്കാട്ടേയ്ക്കു ചാടിപ്പുറപ്പെടാതിരിക്കുകയാണു നല്ലതു കുട്ടീ. അവിടെവച്ച് എന്തെങ്കിലുമൊരസുഖം വന്നാൽ ആരുണ്ട് നെന്നെ നോക്കാൻ? അവനു് പ്രവൃത്തിയെടുക്കാൻ പോകണ്ടേ? പക്ഷേ പുതുമണവാട്ടി അതൊന്നും കൂട്ടാക്കാൻ തയ്യാറായില്ല. അവർ ഭർത്താവോടൊത്ത് പാലക്കാട്ടു പട്ടണത്തിലേയ്ക്കു പുറപ്പെടുകതന്നെ ചെയ്തു. രണ്ടും കല്പിച്ച്. ഹരിക്കാരത്തെരുവിൽ ഒരു വീടെടുത്തിരുന്നു ബാലൻ. അവിടെ വീടെടുത്തതിനു കാരണം ആസ്പത്രികൾക്കും, ഡോക്ടർമാരുടെ വീട്ടുകൾക്കും അത്രയും അടുത്ത് വേറൊരു വീടു കിട്ടാനില്ലായിരുന്നു എന്നതാണ്.

വളരെ നിർബ്ബന്ധിച്ചു പറഞ്ഞു് ഒടുവിൽ ഒട്ടൊന്നു സമ്മതിപ്പിച്ച് അമ്മയെക്കൂടി അവിടേയ്ക്കു കൊണ്ടുപോയി. മറെറാരു പോംവഴി ഇല്ലാതിരുന്നതുകൊണ്ടുമാത്രമാണ് വീട്ടുകാവൽ വാര്യത്തെ ആറം ക്കാരെ ഏല്പിച്ചിട്ട് അങ്ങനെ പോകാൻ അവർ തയ്യാറായതു്. പരീക്ഷ കഴിഞ്ഞു് ദാമു തൃശ്ശൂർനിന്നു വന്നെത്തിയതോടെ ചെറു തുരുത്തിയിലെ തെക്കേടത്തു തറവാട്ട് മിക്കവാറം അങ്ങനെതന്നെ പാലക്കാടേയ്ക്കു പറിച്ചുനട്ടതായിക്കരുതാമായിരുന്നു. വല്ലപ്പോഴു മൊരിക്കൽ നാളികേരം വെട്ടിച്ചു പണമാക്കാനും പാട്ടക്കാരന്റെ പക്കൽനിന്നു നെല്ലിന്റെ വില വാങ്ങാനോ ദാമുമാത്രം അവി ടേയ്ക്കു പോകുമായിരുന്നു. ഇടയ്ക്കിടയ്ക്ക് നാട്ടിലേയ്ക്കൊന്നു പോ യാൽ കവിതകറം താനെ ഉണ്ടായിക്കൊള്ളും, ദാമു പറഞ്ഞിരുന്നു. അപ്പൊഴേയ്ക്ക് ചിത്രരചനയും കഥയെഴുത്തും നിർത്തി ദാമു കവിത യിലേയ്ക്കു കടന്നിരുന്നു. ആസ്പത്രിവരാന്തയിൽനിന്നിറങ്ങാൻ നേര മുണ്ടാകില്ല ബാലനെന്നാണ് എല്ലാവരും കരുതിയിരുന്നതു്. ആണ്ടിൽ മുന്നൂററമ്പതു ദിവസം സുഖക്കേടും, പതിനഞ്ചുദിവസം ശീലക്കേടുമായുള്ള ഒരു പുതുപെണ്ണ്. അവറം ഒരു കുടുംബ ഭരണത്തിന്റെ പ്രാരബ്ധംകൂടി ഏററിക്കഴിഞ്ഞാലോ? ബാലനു തന്നെ വലിയ പ്രതീക്ഷകളൊന്നും ഇല്ലായിരുന്നു. മിക്കവാറം ഒരു ബൌദ്ധന്റെ നിസ്സംഗതയായിരുന്നു അയാറംക്കാകെ. അയാളെ സംബന്ധിച്ചിടത്തോളം അതൊരു കത്തവ്യമായിരുന്നു. ധർമ്മം. അവളോടുള്ള കടപ്പാടിനു് ഒരു പ്രതിഫലം, അങ്ങനെതന്നെ. എന്നെങ്കിലും ഒരിക്കൽ വിവാഹം കഴിക്കണം. അതൊരു പെണ്ണി നെയാകണം. അതു് ഇങ്ങനെ ഒരു നല്ല കാര്യം ചെയ്യാൻകൂടി ആയാൽ, അത്രതന്നെ നന്നു്. പിന്നെ സുഖം, ഓ, അതിലെന്തു കാര്യമുണ്ട്. ഒരുകാലത്തു് കുറെ സുഖിച്ചിട്ടുമുണ്ട്.

അങ്ങനെയെല്ലാമായിരുന്നു ആ മനുഷ്യന്റെ ആലോചന. പക്ഷേ അയാളെ തികച്ചും അത്ഭുതപ്പെടുത്തിക്കൊണ്ടായിരുന്നു പാർവ്വതി അവിടെ നിന്നതു്. അവറം കൂടുതൽ ആരോഗ്യവതിയായി

കാണപ്പെട്ടു, ഉല്ലാസവതിയായിരുന്നു എന്നുള്ളതിനു പിന്നെ സംശയവുമില്ല.

വർഷപ്പിറവി കാത്തു വാടിനിന്നിരുന്ന ഒരു മുല്ലത്തൈയെ സ്നേഹിക്കാനും കുശലമന്വേഷിക്കാനും ആളുണ്ടായപ്പോൾ അവളാകെ നന്നായി. അല്പമൊക്കെ തടിമിടുക്കും വച്ചു. അടുക്കളപ്പണിക്കു് ആളുണ്ടു്. പക്ഷെ ജോലി മുഴുവൻ വീട്ടമ്മതന്നെ ചെയ്യും. ബാലേട്ടൻറമ്മ തടസ്സം പറയും, മരുമകൾ, 'അതിനിപ്പൊ എനിക്കെന്താമ്മേ, സുഖക്കേടു വല്ലതുമുണ്ടോ' എന്നു ചോദിക്കും!

ശമ്പളം വാങ്ങിക്കൊണ്ടുവന്നാൽ പിന്നെ ഗൃഹനാഥൻ യാതൊരു കാര്യവും അറിയേണ്ട. പാല്ക്കാരിയുടെ കണക്കു്, അലക്കുകാരൻറ കണക്കു്, പലവ്യഞ്ജനപ്പീടികയിലെയും ജൗളിക്കടയിലെയും കണക്കു്, ഒക്കെ ആർക്കു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും പരിശോധിക്കാം. ഒരു വെട്ടോ തിരുത്തോ കാണില്ല. ഒക്കെ വെടിപ്പായി എഴുതിയിട്ടിരിക്കും!

ഒരു എട്ടാംതരക്കാരി! ഇതെങ്ങനെ, ആരുമത്ഭുതപ്പെട്ടും. പാവം, പാർവ്വതി കളിച്ചുചിരിച്ചു നടക്കേണ്ട ബാലേട്ടനെ താനായിട്ടു ദ്രോഹിക്കയാണോ ചെയ്തതു് എന്നു് ആ വീട്ടമ്മയുടെ ഉള്ളിൽ ഉമിത്തീ നീറിക്കൊണ്ടിരുന്ന വിവരം ആരെങ്ങനെ അറിയാനാണു്? വീട്ടിൽ വേണ്ടത്ര സ്നേഹവും അംഗീകാരവും കിട്ടാത്തതായിരുന്നിരിക്കണം ശ്രീമതിയെ പണ്ടൊരു രോഗിണിയായി കണ്ടതെന്നു് ബാലനും കരുതി. അയാൾക്കു് അതാലോചിച്ചപ്പോൾ കൂടുതൽ സന്തോഷവുമുണ്ടായി.

ഭാഗ്യത്തിനു്, പരീക്ഷാഫലം വരുന്നതിനകംതന്നെ ദാമുവിന്നും ഒരു പണി കിട്ടി, ഒരു ബുക്ക്സ്റ്റാളിൽ. മാനേജരായിട്ടു്. അധികം ബുദ്ധിമുട്ടുന്നില്ലെങ്കിൽത്തന്നെ തരക്കേടില്ല. ദാമുവിൻറ പണിയെക്കാളധികം യുവകവി ദാമോദരൻ തങ്ങളുടെ ബുക്കു്സ്റ്റാൾ മാനേജരാണെന്ന അഭിമാനവും, ആ അഭിമാനത്തിൻറ വ്യവസായസാദ്ധ്യതയും ആയിരുന്നു ബുക്ക്സ്റ്റാളിൻറ ഉടമസ്ഥരുടെ മനസ്സിലെ പ്രധാന സംഗതി. ദാമുവിന്നും അതു ഹിതകര

മായിരുന്നു. അധികം മുഷിഞ്ഞു പണിയെടുക്കേണ്ട. വല്ലതും എപ്പോഴും വായിച്ചുകൊണ്ടിരിക്കാം. വോഡ്ഹൗസിനു് വലിയൊരു പ്രതിഭാചക്രവർത്തിയായും, ഇയാൻ ഫ്ലെമിങ്ങിന്റെ ബാൻ ചെയ്ത പുസ്തകങ്ങൾ വിശേഷോത്തരമായും കരുതുന്ന സൂകരരസനക്കാരെ, വായനക്കാരെ നോക്കിച്ചിരിക്കാനും ബുക്സ്റ്റാളിലിരുന്നാൽ രസമാണു്.

തീ വർഷിച്ച പകലുകൾ ജൂണിന്റെ പ്രളയത്തിൽ മുങ്ങിപ്പോയി. സൂര്യനെയും പകലിനെയും എന്നല്ല വെളിച്ചത്തെത്തന്നെയും ശപിച്ചുകഴിഞ്ഞിരുന്ന നാവുകൾതന്നെ ഒരു നറുങ്ങു വെയിലിനുവേണ്ടി കൊതിച്ചു, ലേശം വെയിലൊന്നു തെളിഞ്ഞു കണ്ടെങ്കിൽ എന്നു് വ്യാക്ക് പറയുകയായി. കരിമ്പനകൾകൂടി തണുപ്പും മഴയും അസഹ്യമെന്ന മട്ടിൽ അസുഖപ്പെട്ടു കണ്ടു. മരിച്ചാലും ഈ മഴ ഏല്ക്കാൻ തയ്യാറില്ല എന്നു് ഡോണിമലകളിലെ പാറക്കെട്ടുകളുടെ വിടവുകളിൽ ഒതുങ്ങിക്കൂടിയ കൂമന്മാരെ റെയിൻകോട്ടും തൊപ്പിയും അണിഞ്ഞിറങ്ങിയ ഷിക്കാറികൾ ഓരോ ദിവസവും നൂറുകണക്കിനു വകവരുത്തിക്കൊണ്ടിരുന്നു.

തെല്ലു കഴിഞ്ഞപ്പോഴേയ്ക്കു് പാലക്കാടൻപ്രകൃതി അവളുടെ പേക്കോലമെല്ലാം താഴത്തിട്ടു് അണിഞ്ഞൊരുങ്ങിവന്നു. എമ്പാടും പരക്കുന്ന പാലപ്പൂവിന്റെ സുഗന്ധത്തിൽ, നിലാവിൽ ഒരു മായമോഹിനിയെന്നപോലെ. കഥകളിലെല്ലാം യക്ഷികൾ മോഹിനിമാരായി പ്രത്യക്ഷപ്പെട്ടു് ഒടുവിൽ രക്തരക്ഷസ്സുകളായി തീരുന്നു. ഇവിടെ, പാലക്കാടൻപ്രകൃതിയാകട്ടെ ദുർമ്മുഖം കാട്ടി, മനുഷ്യരുടെ പ്രേമം പരീക്ഷിക്കുന്നു. ആദ്യം. അതു കഴിഞ്ഞു്, സ്നേഹം ശരിയായ സ്നേഹമെന്നു മനസ്സിലാകുമ്പോൾ അവൾ മനുഷ്യരെ മദിപ്പിക്കാൻ ഒരു വിശ്വമോഹിനിയായി പ്രത്യക്ഷപ്പെടുന്നു. എന്താ, പാർവ്വതിയുടെ കഥയും പാലക്കാടൻ പ്രകൃതിയുടെ കഥയും തമ്മിൽ വിചിത്രമായ ഒരു സാമ്യം, കവിയുടെ ജ്യേഷ്ഠനു തോന്നി. കാരണം, പാർവ്വതി ഇപ്പോൾ ശരിക്കുമൊരു സുന്ദരിയായിരുന്നു. രോഗിണിയല്ല, രാഗിണി. കാര്യശേഷിയുള്ള

ഒരു അകത്തമ്മ, സിരകളിൽ യൗവ്വനവും ചോരത്തിളപ്പുമുള്ള ഒരു കാമുകിയും. ബാലൻ ഇത്ര നല്ലൊരു കാലം എന്നെങ്കിലും സ്വപ്നം കണ്ടിരുന്നില്ല.

അക്കുറി ഓണാഘോഷം പാലക്കാട്ടായിരുന്നു. ഐക്യകേരളപ്പിറവിയെത്തുടർന്ന് ആദ്യം വന്ന ഓണമാകയാൽ വിക്ടോറിയാ കോളേജിലും മോട്ടിലാൽ സ്കൂളിലും മിഷൻസ്കൂളിലും അനവധി ആഘോഷപരിപാടികളുണ്ടായിരുന്നു. പുതിയാപ്ലയും പുതുപെണ്ണും കൂടി ആഘോഷങ്ങൾക്കു പലതിനും പോയിരുന്നു. രണ്ടുമൂന്നു സിനിമാ കണ്ടു, മലമ്പുഴയ്ക്കും ഒരിക്കൽക്കൂടി പോയി.

വാസ്തവത്തിൽ അമ്മയും അനുജനും എന്തു വിചാരിക്കുമെന്നോർത്തു മാത്രമായിരുന്നു, അല്ലെങ്കിൽ അക്കുറി മലമ്പുഴയിലെ ടൂറിസ്റ്റ്ബംഗ്ലാവിൽ ഒരു മുറിയെടുത്ത് രണ്ടു രാത്രികൾ അവിടെ കൂടിയേനെ.

പിന്നീട് പൂത്തിരുവാതിര വന്നപ്പോഴും ശിവരാത്രി വന്നപ്പോഴും, ചുണ്ടിൽ മുളകുതേയ്ക്കുന്ന ആ കരിമ്പനക്കാററിൻെറ ശല്യം അധികമായിക്കൊണ്ടിരുന്നപ്പോഴും, ഒക്കെ അവിടെ സുഖമായിരുന്നു. പാലക്കാട്ടെ കഠിനമായ തണുപ്പും, അതിലും കഠിനമായ ചൂടുമായി എങ്ങനെ ഇവൾക്കിത്ര പെട്ടെന്നിണങ്ങാൻ കഴിഞ്ഞു എന്ന് ബാലേട്ടൻറമ്മയും ചെറുതുരുത്തിയിലെ അമ്മയും, ഒരുപോലെ അത്ഭുതപ്പെട്ടു. തനിക്കു യാതൊരു വിധത്തിലുമുള്ള അസുഖവും ഇല്ലെന്ന് എല്ലാവരേയും ബോദ്ധ്യപ്പെടുത്തണമെന്ന് ഒരു സ്ത്രീ വ്രതമെടുത്തിരിക്കുമ്പോഴാണോ, തണുപ്പും ചൂടും കഠിനമാവുക? ശാന്തം, പാപം!

# 5

പിന്നത്തെ ജൂണിലായിരുന്നു അതു്, നന്ദിനിയുംകൂടി പാലക്കാട്ടാക്കി താമസം. പത്താംതരം കഴിഞ്ഞു. കോളേജിൽ അഡ്മിഷൻ കിട്ടിയെന്നു വരില്ല. കിട്ടിയാൽത്തന്നെ വിശേഷവുമില്ല. ഒരു വിഷയത്തിനെങ്കിലും നാല്പത്തൊന്നു മാർക്കു് തികച്ചില്ല. എന്തിനു മാർക്കു് കിട്ടിയില്ല എന്നു പറയുന്നു. അപ്പോൾത്തന്നെയും അവൾക്കു് അതിലൊന്നിലും വലിയ താല്പര്യവുമില്ല. നന്നായിട്ടു പാടും, കൂടുതൽ പാട്ടു പഠിച്ചാൽക്കൊള്ളാമെന്നു് ആഗ്രഹവുമുണ്ടു്. അവളെ മ്യൂസിക്കു് അക്കാഡമിയിൽച്ചേർക്കണം എന്നായിരുന്നു ആലോചന.

ഒരു കിലുക്കാംപെട്ടി, സദാസമയവും ചിരിയും തകൃതിയുമായി അവളങ്ങനെ നടക്കും, നന്ദിനി. വലിയ പത്രാസുകാരി. ഏടത്തി ഒന്നുമെടുക്കേണ്ട, എല്ലാം ഞാൻ നോക്കിക്കോളാം, അവൾ പറയും. ഗർഭത്തിന്റെ അവശതയെന്തെങ്കിലും ഏടത്തിക്കുണ്ടായിട്ടില്ല. അവളങ്ങനെയങ്ങു പറയുകയാണു്.

അവളുടെ നിർബന്ധംകൊണ്ടായിരുന്നു, ബാലേട്ടൻ റേഡിയോവാങ്ങി. റേഡിയോ കിട്ടിക്കഴിഞ്ഞില്ലേ, പിന്നെ രാത്രി പതിനൊന്നുമണി കഴിഞ്ഞാലും പെണ്ണിനു പാട്ടുതന്നെ പാട്ടു്. ശാസ്ത്രീയസംഗീതം അഭ്യസിക്കുന്ന ഒരു പെൺകുട്ടിക്കു് തുക്കടാ സിനിമാപ്പാട്ടുകളിൽ ഇങ്ങനെ പ്രീതിയുണ്ടാവുക, വിചിത്രമായിത്തോന്നി.

നന്ദിനി ഹരിക്കാരത്തെരുവിലെ ആ വീടിനെ കൂടുതൽ മോടിപിടിപ്പിച്ചു. എല്ലാവിധത്തിലും. പൂച്ചെടികൾ വച്ചുപിടിപ്പിച്ചു മാത്രമല്ല എന്നർത്ഥം. ഏറെക്കാലമായി തികഞ്ഞ മൗനി ആയിരുന്ന ബാലേട്ടന്റെ അമ്മയെക്കൂടി കളിതമാശ പറയാനും ചിരിക്കാനും അവൾ ആളാക്കി. ഏടത്തി പ്രസവം പ്രമാണിച്ചു് ആസ്പത്രിയിലായിരുന്ന ഒരുമാസം വീട്ടുകാര്യങ്ങൾ അന്വേഷിച്ചിരുന്നതും ആ വലിയ ഭരണക്കാരി ആയിരുന്നു.

ശ്രീമതി ആസ്പത്രിയിൽ ഒരു മാസത്തോളം കിടന്നു. ഇറങ്ങി വന്നതു് ഒരു ഓമനക്കുട്ടനെയും കൊണ്ടാണു്. ചെറിയമ്മക്കു ചേരുന്ന മകൻ. അവൻെറ ദേഹപ്രകൃതികൂടി നന്ദിനിച്ചെറിയമ്മയുടേതായിരുന്നു. അവനുംകൂടി ആയപ്പോറം അരങ്ങുകൊഴുത്തു. നിറച്ചും പൂവിട്ടുനില്ക്കുന്ന ഒരു കണിക്കൊന്നപോലെ ആ വീട്ടിൽ ആഹ്ലാദം നിറഞ്ഞുനിന്നു. ദാമുവിൻെറ പുതിയ വിജയങ്ങറം ആ ആഹ്ലാദങ്ങറംക്കെല്ലാം മണിമകുടം മകുടം ചാർത്തിയും ഇരുന്നു.

അങ്ങനെ കുറെക്കാലം കഴിയുമ്പോഴാണു് ഏടത്തിയമ്മ രഹസ്യം കണ്ടുപിടിച്ചതു്: ദാമുവും നന്ദിനിയും തമ്മിൽ ശ്ലിലോഹ്യമാണു്. വെറും ലോഹ്യമല്ല, മൂത്ത പ്രണയം. നന്ദിനിയെ അല്ലാതെ മറെറാരു പെൺകുട്ടിയെ തൻെറ ജീവിതത്തിൽ സങ്കല്പിക്കാനേ സാദ്ധ്യമല്ല എന്നാണു് കഥാകൃത്തിൻെറ നിലപാടു്. അവറംക്കും അങ്ങനേതന്നെ. ദാമുവേട്ടനെ മതി.

കൊച്ചുകുട്ടികറം! അവക്കു് വിവാഹമെന്നാലെന്തെന്നു മനസ്സിലാക്കാൻ ഇനിയും കാലമായിട്ടില്ല. അതിനകം പ്രണയവുമായി, വിവാഹനിശ്ചയവുമായി. ബാലകൃഷ്ണൻനായക്കു് അതങ്ങനെ അംഗീകരിക്കാൻ ബുദ്ധിമുട്ടുതോന്നി. പാവ്വതിയെത്തന്നെ പറഞ്ഞേല്പിച്ചു. രണ്ടാളേയും വിളിച്ചു പ്രത്യേകം പ്രത്യേകം ചോദിക്കട്ടെ. അറിയാമല്ലോ, എന്താണു് കുട്ടികളുടെ ഭാവമെന്നു്.

അനുജൻെറ കാര്യത്തിൽ വാസ്തവത്തിൽ ജ്യേഷ്ഠന്നു ചില മഹത്തായ പ്രതീക്ഷകളുണ്ടായിരുന്നു. വലിയൊരു പണക്കാരിയെ കല്യാണം കഴിച്ചു് ആ വഴിക്കു് പ്രമാണിയാകും എന്നൊന്നുമല്ല. അവൻ ഒരാളാകാൻ തുടങ്ങുന്നതേയുള്ളു. ഒത്തിരി ഒത്തിരി വളരാനിരിക്കുന്നു. ആ അവന്നു് ഇപ്പോളൊരു വിവാഹം എത്രകണ്ടു് ഗുണം ചെയ്യും? ആ ജ്യേഷ്ഠന്നു് സംശയമുണ്ടായിരുന്നു.

തന്നെയല്ല കുരുന്നുപ്രായത്തിലെ ഈ കമ്പമൊക്കെ ഒരുതരം ബാലപീഡ മാത്രമാണു്. കുറെക്കഴിയുമ്പോറം അതങ്ങുമാറും. മാറിക്കഴിയുമ്പോറം, പണ്ടു കുട്ടിക്കാലത്തുവന്ന ചൊറിയുടെ പാടുപോലെ അതങ്ങു മാഞ്ഞുപോകും. അതെക്കുറിച്ചു് ഓർമ്മിക്കാൻ

തന്നെ ആക്കും സമയം കാണുകയില്ല. അതിലും വിശേഷിച്ച്, ദാമുവിനെപ്പോലെ കവിഹൃദയമുള്ളോരാൾക്ക്.

അതുകൊണ്ട് ഈ കമ്പമൊക്കെ അങ്ങവസാനിപ്പിച്ചേക്കു എന്നു് അനുജനെ വിളിച്ചു പറയണം എന്നാണ് തീരുമാനിച്ചിരുന്നതു്. അതിനിടയിൽ, സംഗതി അത്രതന്നെ എളുപ്പമല്ല എന്നു് ശ്രീമതി വിശദീകരിക്കുകയുമുണ്ടായി. ദാമു ഉറച്ചിട്ടാണത്രേ, ദാമുവിനെക്കാളധികം നന്ദിനിയും ഉറച്ചിട്ടുതന്നെയാണ്.

ഭാര്യയും ഭർത്താവുംകൂടി ആറേഴുരാത്രി അടക്കിപ്പിടിച്ച സ്വരത്തിൽ വാദപ്രതിവാദം നടത്തി.

'അതിപ്പൊ, അവർക്കു രണ്ടാൾക്കും ഇഷ്ടാച്ചാൽ നിങ്ങക്കെന്താ?' ശ്രീമതിക്കങ്ങനെയാ അഭിപ്രായം.

'അവരു രണ്ടാളും കുട്ടികളല്ലേ പാർവ്വതീ? നീയെന്താ അതാലോചിക്കാത്തതു്?', ശ്രീമാനും തൻെറ വാദം ആവർത്തിച്ചു. പക്ഷെ എന്തെല്ലാമായാലും അവർ രണ്ടാളും ഉറച്ചിട്ടുതന്നെയാണ് എന്നുള്ളതിൽ മാത്രം ആക്കും ഒരു സംശയം പറയാൻ കഴിഞ്ഞില്ല. അതുകൊണ്ടാണല്ലോ, ദാമു അമ്മയോടു കാര്യമൊക്കെ പറഞ്ഞു, കഴിഞ്ഞിരിക്കുന്നതു്. അമ്മയ്ക്കും, അവൻെറ ഇഷ്ടം അതാച്ചാൽ അങ്ങനെയങ്ങു നടക്കട്ടെ ബാലാ എന്നേ പറയാനുള്ളൂ.

മററുള്ളവരെക്കൂടി ഒന്നറിയിച്ചിരിക്കേണ്ട ബാദ്ധ്യത തനിക്കുണ്ടെന്നു തോന്നി. അതിന്നായി, നാട്ടിലേക്കൊന്നു പോകണം. അമ്മാമയോടും അമ്മായിയോടും പറയണം. പക്ഷേ പറഞ്ഞ് അവരെ സമ്മതിപ്പിച്ചു വരുമ്പോഴേക്കും ദാമു മററന്തെങ്കിലും പറഞ്ഞാലോ? അതുകൊണ്ട് അവനോടുകൂടി നേരിട്ടൊന്നു സംസാരിച്ചിട്ടുമതിയെന്നുവച്ചു. അധികദിവസവും ജ്യേഷ്ഠനും അനുജനും തമ്മിൽ കാണുന്നില്ല എന്നതായിരുന്നു തമാശ.

അതെങ്ങനെ?

സന്ധ്യ ആകുമ്പോഴേക്ക് പണിയവസാനിപ്പിച്ച് താൻ വരും. അപ്പോഴേക്ക് സാഹിത്യകാരൻ ചായകഴിഞ്ഞു നടക്കാൻ പോയിരിക്കും. ഒരുപിടി ,ആരാധകന്മാരുണ്ട്. ശിഷ്യന്മാരും.

അവരുമായി സാഹിത്യം പറഞ്ഞു് അങ്ങനെ നടക്കും. മടങ്ങി വരുക പത്തുമണിക്കാവും. പല ദിവസങ്ങളും എന്തെങ്കിലും വായനശാലാ വർഷികങ്ങളോ ചർച്ചായോഗങ്ങളോ കാണും. അതുണ്ടെങ്കിൽപ്പിന്നെ വിടോൻ വീടെത്തുന്നതു് പാതിരാവ്വായിരിക്കും.

പിന്നെ കാണേണ്ടതു് പുലർച്ചെയാണു്. ഏഴുമണിക്കു മുമ്പു തന്നിക്കു ഡയറിയും ഡെപ്പോവിൻെറ താക്കോലുമെടുത്തുകൊണ്ടിറങ്ങണം. മഹാകവിക്കാണെങ്കിൽ എട്ടരമണിവരെയെങ്കിലും ഉറങ്ങാതെ സുഖമാകുകയുമില്ല.

ഞായറാഴ്ച വിവരമായിട്ടൊന്നു സംസാരിക്കാമെന്നുതന്നെ കരുതി. ആരംഭത്തിൽ അല്പമൊക്കെ അറച്ചിട്ടായിരുന്നെങ്കിലും ഒടുവിൽ ദാമുതന്നെ സങ്കോചം അവസാനിപ്പിച്ച് കാര്യങ്ങൾ പറഞ്ഞു. ഏട്ടത്തിയമ്മ പറഞ്ഞിരിക്കുന്നതെല്ലാം ശരിയാണു്, നന്ദിനിയെത്തന്നെ വിവാഹം കഴിക്കണമെന്നാണു് തൻെറ ആഗ്രഹം. ജ്യേഷ്ഠൻ അതിന്നു തടസ്സം നിന്നാൽ, വലിയ സങ്കടമാണു്.

തടസ്സം പറയുകതന്നെ ചെയ്തു. പറയാനുള്ള എല്ലാ തടസ്സവാദങ്ങളും ഉന്നയിച്ചു. കയ്പ്പക്കു പന്തലുകെട്ടിക്കൊടുക്കണം, ആവശ്യംതന്നെ. പക്ഷേ വളൻ പന്തലിക്കേണ്ട മുച്ചിക്കു് പന്തൽ കെട്ടുന്നതു് ശരിയാണോ? പന്തലിനും മുച്ചിക്കും ഒരുപോലെ കേടു വരികയേ ഉള്ളു. അതുകൊണ്ടു് അങ്ങനെ ഓരോന്നും, അല്പം സാഹിത്യത്തിൽത്തന്നെ പറഞ്ഞുനോക്കി. ഒന്നുകൊണ്ടും ഒരു വിശേഷമില്ലായിരുന്നു. ദാമു, ശ്രീമതി പറഞ്ഞതുപോലെ ഉറച്ചിട്ടുതന്നെ ആയിരുന്നു.

എന്നാൽ ആ വിഷയം അങ്ങനെതന്നെ അവസാനിപ്പിച്ചേക്കാമെന്നു കരുതി. താൻ അടുത്തൊരു ദിവസം നാട്ടിലേക്കു പോകുന്നുണ്ടെന്നും അമ്മാമയോടും അമ്മായിയോടും ഇതെക്കുറിച്ചു സംസാരിക്കാൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു് എന്നും അനുജനോടു പറഞ്ഞു. അയാൾ അപ്പോൾ ഒരു ലോകംവെന്ന ആഹ്ലാദം കാട്ടി. അനുജൻ ആഹ്ലാദിക്കുക എന്നതിലധികം ആ ജ്യേഷ്ഠന്നു് വേറെയൊന്നും ആവശ്യമില്ലായിരുന്നു.

# 6

പിന്നീടങ്ങോട്ടു പലതും സംഭവിച്ചതു് വളരെ പെട്ടെന്നായിരുന്നു.

അച്ഛൻ സിലോണിൽനിന്നിങ്ങുമടങ്ങി. എട്ടും പത്തും കൂലിക്കാരെക്കൊണ്ടെടുപ്പിക്കാനുള്ള പെട്ടികളും സഞ്ചികളുമായിട്ടല്ല. മിക്കവാറും വെറുംകൈയോടെ. വന്നുകയറിയിട്ടാവട്ടെ, ആരോടും അധികമൊന്നും സംസാരിക്കാതെ, വെളിച്ചത്തെ ഭയപ്പെട്ടിട്ടെന്നപോലെ ഒരു മുറിക്കകത്തു കയറി ഇരിക്കാനായിരുന്നു മൂപ്പർക്ക് ഇഷ്ടം. രാജുവിൻെറ തൊണ്ണുകാട്ടിയുള്ള ചിരിപോലും മൂപ്പർക്കെന്തോ അസഹ്യമായാണ് തോന്നിയതു്.

അച്ഛൻ വന്നുകയറിയ ദിവസം, എല്ലായ്പ്പോഴും പേരക്കുട്ടിയെ കളിപ്പിച്ചുകൊണ്ടു് പുറന്തളത്തിൽത്തന്നെ ഇരിക്കുവായിരുന്ന അമ്മ വേറൊരു മുറിക്കുള്ളിലേക്കു കയറി. അവർക്കും ആരോടുമാരോടും അധികം സംസാരിക്കാനില്ലാതായപോലെ തോന്നി. അതും പൊടുന്നനെ. വളരെ പൊടുന്നനെ.

ഒക്കെപ്പാടെ, മൂടിക്കെട്ടിയ അന്തരീക്ഷം. ഒരിറുങ്ങടപ്പ്. ഒരു മരവിപ്പ്. നിശ്ചയമായും, അവർക്കോരോരുത്തർക്കും വളരെയേറെ സംസാരിക്കാനുണ്ടായിരുന്നിരിക്കണം. തന്നോടുകാട്ടിയ വലിയ ചതിയെക്കുറിച്ചു് ലോകം മുഴുവൻ കേൾക്കത്തക്ക തരത്തിൽ അലമുറകൂട്ടി വിസ്തരിക്കണമായിരിക്കും ആ സ്ത്രീക്ക്. തനിക്കുവന്നുപെട്ട അപകടങ്ങളെക്കുറിച്ചു്, മുപ്പതിലധികം വർഷം പകലിരവു ഭേദമില്ലാതെ പണിയെടുത്തിട്ടു് അവസാനകാലത്തു് വെറുംകൈയോടെ പോരേണ്ടിവന്ന തൻെറ മഹായോഗത്തെക്കുറിച്ചു് ഇടനെഞ്ചുപൊട്ടി വിലപിക്കണമെന്നുണ്ടായിരിക്കും ആ പുരുഷനു്. അനാഥയായ ആ പെൺകുട്ടിയുടെ, ബേബിയുടെ അനുഭവമെന്തായി എന്നറിയാൻ ബാലനും ഉൽക്കണ്ഠയുണ്ടായിരുന്നു. പക്ഷേ ആരുമാരും ഒന്നും പറഞ്ഞില്ല. ആരും ഒന്നും ചോദിച്ചുമില്ല.

ഒന്നും ചോദിക്കാൻ പററിയ സാഹചര്യമല്ലായിരുന്നു. ആരും ആരേയും കൂടുതൽ വേദനിപ്പിക്കാൻ ധൈര്യപ്പെട്ടുമില്ല.

ഈ വിപ്പ്ലവുമുട്ടലിൻെറ ദുഷ്യഫലം ഏററവുമധികം ബാധിച്ചതു് ആ വീട്ടമ്മയെ ആയിരുന്നു. പാവം, പാവ്തി. അവക്ക് കഴിഞ്ഞകാല കഥകഠം മുഴുവനറിഞ്ഞുകൂടായിരുന്നു. അച്ഛനു് താനിവിടെ കഴിയുന്നതായിരിക്കും ഇഷ്ടപ്പെട്ടത്തതു്, ആ സാധു വിചാരിച്ചു.

വ്യസനം അമ്മയോടു പറഞ്ഞുതീക്കാം എന്നുവച്ചു. പക്ഷേ അമ്മ എന്തെങ്കിലും കേഠക്കാൻ താല്പര്യം കാട്ടിയിട്ടുവേണ്ടേ? അമ്മയുടെ മുഖത്തെ ഭാവം തീരെ പ്രോത്സാഹനം നൽകുന്നതായിരുന്നില്ല.

ഠാമു ഇതൊന്നും തന്നെ ബാധിക്കുന്ന കാര്യമേ അല്ല എന്ന മട്ടിൽക്കഴിഞ്ഞു. അയാഠക്കു ജോലത്തിരക്കുണ്ടായിട്ടാണെന്നു വയ്ക്കുക. സ്റ്റാളിൽ വളരെ പണി കിടക്കുന്നു. വിശേഷാൽപ്രതിക്കാരുടെ ശല്യവും ചില്ലറയല്ല!

അതുപോലെ നന്ദിനിയും അവഠക്കു് ഠാമുവേട്ടൻെറ കവിതകഠ പകത്താനും, രാജുവിനെ പൗഡറിട്ടുവിക്കാനും പിന്നെ തനിക്കൊന്നു കണ്ണെഴുതാൻകൂടി സമയമില്ലായിരുന്നു. സമയച്ചുരുക്കം കാരണം (മറെറാന്നുകൊണ്ടുമല്ല!) ലതയുടെ നല്ല നല്ല പാട്ടുകഠംകൂടി ഈയിടെ അവഠ ശ്രദ്ധിക്കുന്നില്ലായിരുന്നു.

പക്ഷേ ബാലനൊരാഠ എല്ലാം കണ്ടു, എല്ലാം കേട്ടു. എന്നെങ്കിലും ഒരു പൊട്ടിത്തെറി ഉണ്ടാകുമെന്നു് ആ മനുഷ്യനറിയാമായിരുന്നു. വെറുതെ വേണ്ടാത്ത വിചാരങ്ങളുമായി സ്വയം ക്ലേശിപ്പിക്കരുതു്, മററുള്ളവരെയും, ശ്രീമതിയോടു് ഓരോ ദിവസവും ആ മനുഷ്യൻ പറഞ്ഞുകൊണ്ടുമിരുന്നു.

ഒടുവിൽ ആ പൊട്ടിത്തെറി ഉണ്ടായി. അച്ഛനും അമ്മയും തമ്മിൽ. അവർ അങ്ങോട്ടുമിങ്ങോട്ടും ഓരോന്നു പറയാൻ തുടങ്ങി. ശകാരവും കുററപ്പെടുത്തലുകളും പിരാക്കും പഴിയും. സന്ധ്യയ്ക്കു പണി കഴിഞ്ഞുവന്നാൽ ഉറക്കമാകുംവരെയും അതിൻെറ കോലാ

ഫലമാണ്. വഴിയേ പോകുന്നവർ എന്തിന് ഇതൊക്കെ കേൾക്കാനിടവരുത്തണം എന്നു കരുതി റേഡിയോ ഓൺ ചെയ്ത് വോള്യം കൂട്ടിവച്ചേക്കും. പാട്ടു കേൾക്കേണ്ടിയിട്ടല്ല. വഴിയേ പോകുന്നവർക്ക് ഒന്നുമൊന്നും വ്യക്തമാകാതിരിക്കാൻവേണ്ടി. അപ്പോൾ, പാട്ട്, ചെണ്ടമേളം, പൊട്ടിത്തെറി അങ്ങനെ ഒരു വക റേഡിയോയുടെ. ഒരു മുറിക്കുള്ളിൽനിന്ന് അച്ഛൻെറയും മറേറ മുറിക്കുള്ളിൽനിന്ന് അമ്മയുടെയും കലാശം കൊട്ടലും മേളപ്പദങ്ങളും.

ഓരോ നിമിഷവും ഞരമ്പുകൾ വലിഞ്ഞുമുറുകുന്ന അനുഭവമായിരുന്നു. ആ വയ്യാത്ത പാവത്തിനെക്കരുതിയെങ്കിലും ഒന്നു മിണ്ടാണ്ടിരിക്കു എന്ന് അച്ഛനോടും അമ്മയോടും മാറിമാറി അപേക്ഷിച്ചു. വിശേഷമില്ല.

'നീയും നിൻെറ അച്ഛനുംകൂടി എന്നെയങ്ങു കൊന്നേക്കു.'

അല്ലെങ്കിൽ, 'നീയും നിൻെറ അമ്മയുംകൂടി എന്നെയങ്ങ് അടിച്ചിറക്കിയേക്കു.'

രണ്ടും ഫലത്തിൽ ഒന്നുതന്നെ ആയിരുന്നു. രണ്ടാൾക്കും താൻ മറേറ ആളുടെ വശത്താണ് എന്നായിരുന്നു ആക്ഷേപം.

ഇതിലെല്ലാം ഏറെ ആ മനുഷ്യനെ അലട്ടിയിരുന്നത്, സ്വതവേതന്നെ അപസ്മാരരോഗിയായ രാജുമോൻെറ അമ്മയുടെ കാര്യമാണ്. അവൾക്കിതു് എത്രകാലമെന്നുവച്ചാണ്, താങ്ങാൻ കഴിയുക?

രാമുവിനുണ്ടായ ഭാഗ്യംമാത്രമായിരുന്നു ഈ നൂറു തലവേദനകൾക്കിടയിലും ഒരേയൊരാശ്വാസം. അയാൾക്ക് ഒരു നല്ല ഉദ്യോഗം കിട്ടി.

കോട്ടയത്തുനിന്ന് അക്കാലത്തൊരു നല്ല വാരിക ഇറങ്ങുന്നുണ്ടായിരുന്നു. നല്ല സാമ്പത്തികഭദ്രതയുള്ള ഒരു പ്രൈവററ് ലിമിററഡ് പബ്ലിഷിങ്ങ് കമ്പനിയുടെ പ്രസിദ്ധീകരണം. കേരളത്തിലെവിടെയും അങ്ങാളമിങ്ങാളം നല്ല ചെലവുള്ള ഒരൊന്നാന്തരം സാഹിത്യകലാ-വാരിക.

ആദ്യകാലത്ത് ഒരു വെറും ശരാശരിക്കാരനായിരുന്നു അതിൻെറ പത്രാധിപർ. സാമ്പത്തികഭദ്രതയുള്ള ഒരു കമ്പനിയുടേതായതുകൊണ്ട് കുറെക്കാലം വാരിക നടന്നുവെന്നു മാത്രം. കോട്ടയം പട്ടണത്തിൽത്തന്നെ കെ. ബാലകൃഷ്ണൻെറ കൗമുദിയുടെ പകുതി കോപ്പികാം, എന്തിനു് നാലിലൊന്നുതന്നെ, അന്നു് ആ വാരികയ്ക്കു ചെലവില്ലായിരുന്നു.

ഒടുവിൽ, അമ്പത്തിനാലിൽ ഒരു വലിയ കൊച്ചുമനുഷ്യനെ കമ്പനി എവിടെനിന്നോ കണ്ടുപിടിച്ചു കൊണ്ടുവന്നു: കൃഷ്ണനെഴുത്തച്ഛൻ എന്നു പേരുള്ള ഒരു ഗംഭീരൻ. പണ്ഡിതനെന്നാൽ മഹാപണ്ഡിതൻ, മനുഷ്യരെ ആകർഷിക്കുന്നതിലും, തന്നോടു കൂട്ടുന്നതിലുമാകട്ടെ ഏററവും വലിയ കാന്തത്തിനുകൂടിയില്ലാത്ത വൈഭവമുള്ള ഒരു തേജസ്വിയും. കൃഷ്ണനെഴുത്തച്ഛൻ പത്രാധിപത്യമേറെടുത്തു് രണ്ടുവർഷം കഴിഞ്ഞപ്പോഠം കൈവിളക്കിൻെറ സർക്കുലേഷൻ നാലായിരത്തിൽനിന്നു നാല്പത്തിമൂവായിരമായി വർദ്ധിച്ചു.

അങ്ങനെ നാല്പത്തിമൂവായിരത്തിലധികം കോപ്പി ചെലവാകുന്ന ഒരു വാരികയുടെ സബ്ബ് എഡിററാവാനായിരുന്നു, ബാലചന്ദ്രമേനോൻെറ അനുജനു കിട്ടിയ ക്ഷണം!

അനുജനുണ്ടായ ഭാഗ്യത്തിൽ ആ ജ്യേഷ്ഠൻ തുള്ളിച്ചാടി. അതെ, എല്ലാ യാതനകളുടെയും ഇടയിൽ അന്നാ മനുഷ്യൻ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടി.

അനേകനാളത്തെ ഭാഗ്യക്കേടുകഠക്കിടയിൽ ആ വീട്ടിൽ വന്നുകയറിയ ഏക ഭാഗ്യം അതായിരുന്നു. അടുത്ത ദിവസം തന്നെ, നന്ദിനിയോടും ഏട്ടത്തിയമ്മയോടും ബാലേട്ടനോടും പ്രത്യേകം പ്രത്യേകം യാത്ര പറഞ്ഞു്, ഉത്സാഹിയായ ആ ചെറുപ്പക്കാരൻ കോട്ടയത്തേയ്ക്കു തിരിച്ചു. കോട്ടയത്തു ചെന്നെത്തിയതും കാർഡയക്കണമെന്നു് ഏട്ടൻ പ്രത്യേകം പറയുകയും ചെയ്തിരുന്നു.

# 7

ദാമു യാത്രയായതിൻെറ മൂന്നാംദിവസം നന്ദിനിയുടെ ഏട്ടത്തി കിടപ്പിലായി. ഒന്നുമില്ല കാരണം. രാവിലെ കുട്ടിക്കു് മുലകൊടുത്തുകൊണ്ടിരിക്കയായിരുന്നു. വയസ്സു രണ്ടായിട്ടും രാജുവിൻെറ മുലകുടി നിർത്തിയിരുന്നില്ല. അങ്ങനെ ഇരിക്കുന്നതിനിടയിൽ പെട്ടെന്നുണ്ടു്, തല ചുററുന്നതായിത്തോന്നി. നന്ദിനി വന്നു നോക്കുമ്പോൾ ഏട്ടത്തി അനക്കമില്ലാതെ കിടക്കുന്നു, നിലത്തു്. രാജു, അമ്മയുടെ നല്ലകുട്ടി, അമ്മയെ ഉണർത്താൻ നോക്കുകയുമാണു്.

ആളുകൾ ഓടിക്കൂടിവന്നു. അച്ഛൻ അച്ഛൻെറ മുറിയിൽ നിന്നും, അമ്മ അവരുടെ മുറിയിൽനിന്നും ഇറങ്ങിവന്നു. ബാലേട്ടൻെറമ്മക്കും നന്ദിനിക്കും എന്താണു് ചെയ്യേണ്ടതെന്നു് ഒരു രൂപവുമില്ലായിരുന്നു. അച്ഛൻ പുറത്തിറങ്ങി. അതു മാസങ്ങൾ കൂടിയിട്ടാണു്. കാറു കിട്ടുന്നതെവിടെയാണു്, ഡോക്ടർമാരുള്ളതെവിടെയാണെന്നു് മൂപ്പർക്കൊരു പിടിയില്ലായിരുന്നു. ഒടുവിൽ ചെന്നു് ഏതോ ഒരുത്തനെ വിളിച്ചുകൊണ്ടു വന്നു. അയാൾ നോക്കിയിട്ടു് ഉടനെ ഡിസ്ട്രിക്ട് ആസ്പത്രിയിലേക്കു കൊണ്ടുപോകണമെന്നു പറഞ്ഞു.

ഏതു ഡിസ്ട്രിക്ടാസ്പത്രി? പാലക്കാടാസ്പത്രി ഡിസ്ട്രിക്ടാസ്പത്രിയായിട്ടു് മൂന്നോ നാലോ മാസമായിട്ടില്ല. അവിടെയെവിടെയാണു് ഇത്തരമൊരു വലിയ കേസ് നോക്കാൻ സൗകര്യം? എന്നാലും ഡോക്ടർമാരെല്ലാംകൂടി ആവതു ചെയ്തുനോക്കി.

ഭാഗ്യത്തിനു്, അന്നു വലിയങ്ങാടി ഭാഗത്തായിരുന്നു ബാലചന്ദ്രമേനോൻെറ പരിപാടി. എക്സ്പ്രസ്സിൻെറ വഹീദാണെന്നു തോന്നുന്നു, വഴിയിലെങ്ങോ വച്ചു് ബ്രൂക്ക്ബോണ്ട് മേനോൻെറ വീട്ടുകാരെല്ലാവരുംകൂടി ടാക്സിക്കാറിൽ പരിഭ്രമിച്ചുപോകുന്നതു കണ്ടു. വീട്ടിൽ എന്തോ വിശേഷമുണ്ടു്, നായർ വന്നാലുടൻ ചെന്നു് അന്വേഷിക്കാൻ പറയണം, ബ്രൂക്ക്ബോണ്ട് ഡെപ്പോ

യുടെ തൊട്ടടുത്തുള്ള ഒരു മുറുക്കാൻകടയിൽ പറഞ്ഞേല്പിച്ചിട്ടു പോയി. അന്നത്തെ പരിപാടി അവസാനിപ്പിച്ച്, പണവുമായി ബാങ്കിലേക്കു പുറപ്പെടാമെന്നു വിചാരിച്ചു വരുമ്പോഴാണ് വാർത്ത കേൾക്കുന്നത്.

നേരേ ആസ്പത്രിയിലേക്കാണു പോയത്. അന്ന് അവിടെ ത്തുടങ്ങിയ ചികിത്സ മൂന്നരമാസത്തേക്കു നീണ്ടുനിന്നു. കോഴിക്കോട്ടുള്ള കുഞ്ഞനന്തനുമായി ഫോൺവഴി ബന്ധം പുലർത്തി. അവിടെ ഒരു സമർത്ഥനുണ്ട്. അദ്ദേഹം അവധിയിൽ പോയിരിക്കയാണ്. പിന്നെ ആരാണ്, എവിടെപ്പോകണം. അങ്ങനെ കുഴങ്ങിനില്ക്കുമ്പോഴാണ് ആരോ നിർദ്ദേശിച്ചത്, കല്ലാത്തിയിൽ സി. വി. രാമനുണ്ടല്ലോ. അദ്ദേഹത്തെ ഒന്നു കാട്ടരുതോ?

അതു ഫലിച്ചു. സി. വി. രാമൻ മൂന്നുമാസം ചികിത്സിച്ചു. ഒടുവിൽ ഭേദമാക്കി വിടുകയും ചെയ്തു. എന്തോ എപ്പിലിപ്സിയെന്ന് അദ്ദേഹം സുഖക്കേടിനു പേരും പറഞ്ഞു. യാത്രപറഞ്ഞു പോരുമ്പോൾ, ഈ സ്ത്രീയുടെ ഹാർട്ട് കുറെ വീക്കാണ്, കൂടുതൽ സൂക്ഷിക്കണം എന്ന് ഒരു ഉപദേശവും അദ്ദേഹം നല്കി.

പാർവതിയുടെ ദീനം ഭേദമായിക്കഴിഞ്ഞപ്പോൾ, ദോഷമില്ല. അച്ഛനും അമ്മയും തമ്മിലുള്ള അലോഹ്യവും അവസാനിച്ചല്ലോ എന്ന് ബാലൻ പകുതി തമാശയായും പകുതി കാര്യമായും പറയുകയും ചെയ്തു. നേരായിരുന്നു. രാജുമോന്റെ അമ്മയുടെ ദീനത്തെത്തുടർന്ന് മുത്തച്ഛനും മുത്തശ്ശിയും തമ്മിലുണ്ടായിരുന്ന പിണക്കം മിക്കവാറും മുഴുവനെ അവസാനിച്ചു. ഇപ്പോൾ രണ്ടാൾക്കും അധികവും കരയാനേ നേരമുണ്ടായിരുന്നുള്ളൂ. വന്നുപെട്ടതോരോന്നോർത്ത്, കഴിഞ്ഞതോരോന്നോർത്ത്.

എന്തായാലും, ദാമുവിപ്പോൾ ഒരു നിലയിലെത്തിയിരിക്കുന്നു. അവന് കൂടുതൽ അഭിവൃദ്ധിയുണ്ടാകാനുള്ള സാദ്ധ്യതകളും തെളിഞ്ഞിട്ടുണ്ട്. അതായിരുന്നു അവർക്കു രണ്ടാൾക്കും ഒരു വലിയ ആശ്വാസം.

'നിയ്യങ്ങനെ സങ്കടപ്പെട്ടരുയും ഒന്നും വേണ്ട. അവനും ഒരു നല്ല കാലമുണ്ടാകും. നിയ്യോ ഞാനോ, അതൊന്നും കാണാനിരു ന്നെന്നുവരില്ല. എന്നാലും അവനൊരു നല്ല കാലമുണ്ടാകാതെ വരില്ല, നിശ്ചയമാണ്. അവപതുകാരനായ ആ ഭർത്താവ് അമ്പ ത്തഞ്ചു കഴിഞ്ഞ തന്റെ കൂട്ടുകാരിയുടെ താടി പിടിച്ചുയർത്തി ക്കൊണ്ടു പറഞ്ഞു. ബാലന്റെ കഷ്ടപ്പാടും ദുരിതങ്ങളുമോർത്ത്, കരയാൻ തുടങ്ങുകയായിരുന്നു ആ അമ്മ.

## 8

അങ്ങനെയെല്ലാം മോഹം ബാലേട്ടനുമുണ്ടായിരുന്നു, ആദ്യ മൊക്കെ. അതു പിന്നെപ്പിന്നെ കഥയില്ലായ്മയാണെന്നു തോന്നി.

അവൻ പഠിച്ചു, പാസ്സായി. കവിതയെഴുതി, മെല്ലെ മെല്ലെ പ്രസിദ്ധനായി. ഇപ്പോൾ നല്ല നിലയിലെത്തുകയും ചെയ്തിരി ക്കുന്നു. അതിൽ സന്തോഷിക്കാം, ആത്മാർത്ഥമായും സന്തോഷി ക്കാം. അതിൽക്കവിഞ്ഞു തനിക്കെന്തവകാശം? സ്വയം ചോദി ച്ചിരുന്നു.

ഏട്ടത്തിയമ്മയെ ചികിത്സിക്കാനൊന്നും, ഏട്ടനു റോളക്സ് ക്യാമറാ വാങ്ങാനുമൊന്നും അവൻ പണമയച്ചുതരേണ്ട. വല്ല പ്പോഴും ഒരു കത്തയച്ചാൽ മറുപടി അയച്ചുകൂടേ? അതുകൂടി ഇല്ലെന്നു വന്നപ്പോഴാണ് ബാലേട്ടനു ശരിയായ വിഷമമുണ്ടാ യതു്. അവനു ജോലിത്തിരക്കായിരിക്കും. നല്ലൊരു വാരിക യുടെ പണിയില്ലേ, പോരെങ്കിൽ അവനൊരു പ്രമാണിയും ആണ്. അനവധി എൻഗേജ്മെൻറുകളും പ്രോഗ്രാമും കാണും. എന്നാലും ഏട്ടനൊരു കത്തയയ്ക്കാൻ സമയമില്ലെന്നുവന്നാൽ...? ആ മനു ഷ്യനു വല്ലാത്ത ദുഃഖമുണ്ടായിരുന്നു.

‘എന്തിനേ, എനിക്കായിട്ടെഴുതുന്ന പ്രത്യേകം? നന്ദിനിക്കെഴുതുന്നില്ലേ? അതിൽനിന്നു വർത്തമാനമൊക്കെ അറിയാൻ കഴിയുന്നുണ്ടല്ലോ’, ബാലചന്ദ്രൻ ഭാര്യയെ സമാധാനിപ്പിച്ചു.

സംഭവം സത്യം. നന്ദിനിക്കു കത്തുണ്ടായിരുന്നു. അതിൽ താൻ എന്നെസ്സെസ്സ് കോളേജിലും എസ്. ഡി. കോളേജിലും പ്രസംഗിക്കാൻ പോയതും, തേക്കടിക്കു പോയതിന്റെ രസവും, ലയൺസ് ക്ലബ്ബിൽ തന്നെ അവർ പ്രസംഗിക്കാൻ ക്ഷണിച്ചതിന്റെയും ഡിമാൻഡു കൂട്ടാൻവേണ്ടി സമയമില്ല എന്നു താൻ പറഞ്ഞതിന്റെയും ഒക്കെ കഥകളും വിവരിച്ചിരുന്നു.

ആയിടെ ഏതോ ഒരു കോൺഫറൻസിൽ പങ്കെടുക്കാൻ കുഞ്ഞനന്തൻ തലസ്ഥാനനഗരത്തേക്കു പോയിരുന്നു. വരുംവഴി കോട്ടയത്തും അല്പം കാര്യമുണ്ടായിരുന്നു. അവിടെ ഇറങ്ങി. ദാമുവിനെ കണ്ടിരിക്കുന്നു.

പ്രസിദ്ധ ന്യൂറോളജിസ്റ്റായ ഗഫൂറിനെ ശ്രീമതിയുടെ കാര്യം പ്രമാണിച്ച്, കാണാൻ കോഴിക്കോട്ടു ചെന്നിരുന്നപ്പോൾ യദൃച്ഛയാ വഴിയിൽ കണ്ടുമുട്ടിയപ്പോൾ കുഞ്ഞനന്തൻ അനുജന്റെ വിവരം പറഞ്ഞു.

‘അയാളവിടെ വലിയൊരാളാ, ചങ്ങാതീ.’

ഒക്കെയും ദാമുവിന്റെ പത്രാസായിരുന്നു. ദാമു ഇപ്പോൾ വലിയ വലിയ ആളുകളുമായാണ് കൂട്ടുകെട്ട്. തന്നെപ്പോലെയുള്ള അല്പ്പയുല്പ്പയുമായി അധികമൊന്നും സംസാരിക്കതന്നെയില്ല. അതിൽമാത്രം ആ ജ്യേഷ്ഠനു കുണ്ഠിതം തോന്നി. അങ്ങനെയെല്ലാം ദിവസങ്ങൾ തള്ളിനീക്കുന്നതിനിടയിലാണ്, ഒരു ദിവസം സന്ധ്യയാകുമ്പോഴേയ്ക്ക് അമ്മാമ ചെറുതുരുത്തിയിൽനിന്നു വരുന്നു. സന്ധ്യാസമയത്തു വന്നുകണ്ടപ്പോൾത്തന്നെ എന്തോ വിശേഷമുണ്ടെന്നു തോന്നി.

ചോദിച്ചുവരുമ്പോൾ ഒരു കല്യാണാലോചനക്കാര്യമാണ്. നന്ദിനിക്കുട്ടിക്ക്.

‘അതെന്തിനാമ്മാമേ, നന്ദിനിക്കുട്ടീടെ കാര്യം നമ്മള് നേരത്തെ നിശ്ചയിച്ചിട്ടില്ലേ?’

‘ഉണ്ട്. അതൊക്കെ ശരിതന്നെ, ബാലാ. എന്നാലും കുട്ടികളല്ലേ? എന്തെങ്കിലും ഒരു വികല്പം വന്നുകൂടെന്നില്ല.’

‘എന്റെ അനുജൻ നെറിയില്ലാത്തവനാണെന്നാണോ അമ്മാമ പറഞ്ഞുവരുന്നേ?’

‘നെറികേടിന്റെയും നേരുകേടിന്റെയും ഒന്നും കാര്യമല്ല ബാലാ. നീയിപ്പോ ഇതിനായിട്ടെന്നോട് ക്ഷോഭിക്കേം വേണ്ട. പക്ഷെ ഓരോരുത്തരു പറയുന്നതു്...’

‘ങ്ഹാ, എന്താണ് ഈ ഓരോരുത്തരു പറയുന്നതു്?’

‘മനുഷ്യന്മാർക്കെല്ലാം അവനവന്റെ കാര്യമാണു വലുതു്. ദാമുവാച്ചാൽ ഇപ്പോ വലിയ ആളൊക്കെയായിരിക്കുന്നു. നമ്മുടെ നന്ദിനിക്കുട്ടി, അവളൊരു പാവംപിടിച്ച പെണ്ണു്. അവൾക്കു വേറൊരാലോചന വന്നിരിക്കുന്നു. എലക്ട്രിക്കിലെ ഒരു സൂപ്രവൈസരാണ്.’

അമ്മാമയെ കൂടുതൽ പറയാൻ അനുവദിച്ചില്ല.

‘ഇതൊക്കെ കണക്കുകൂട്ടാൻ നോക്കിയാല് കഷ്ടമാണമ്മാമ. ഞാനേതായാലും അടുത്തുതന്നെ ദാമുവുമായൊന്നു സംസാരിക്കുന്നുണ്ട്. അധികം വച്ചു വൈകിക്കാതെ, നമുക്കിതങ്ങു നടത്തിക്കൊടുത്തേക്കാം.’

തനിക്കായിട്ടതിൽ വിരോധമില്ല. എല്ലാം നേരത്തെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണല്ലോ എന്ന് അമ്മാമ വിഷയം അവസാനിപ്പിക്കയും ചെയ്തു.

മകൾക്കുവേണ്ടി അമ്മ പ്രത്യേകം കൊടുത്തയച്ച കണ്ണൻമീൻ വറുത്തതും, ഓളോർമാങ്ങയും അവളും ബാലനും അനുഭവിക്കുന്നതു കണ്ടു സന്തോഷിച്ച്, രാവെളുപ്പോളം വർത്തമാനവും പറഞ്ഞിരുന്നാണ് കുട്ടമ്മാമ പുലർച്ചെ നാട്ടിലേയ്ക്കു മടങ്ങിയതു്. അവിടെ കൃഷിപ്പണികളുള്ള തിരക്കായിരുന്നു.

ആ ശനിയാഴ്ച രാത്രിവണ്ടിക്ക് ജ്യേഷ്ഠൻ അനുജനെ കാണാൻ കോട്ടയത്തേയ്ക്കു പുറപ്പെട്ടു. പരിചയമില്ലാത്ത പട്ടണം പക്ഷേ കൈവിളക്കു പത്രാധിപർ ദാമോദരമേനോന്റെ താമസസ്ഥലം കണ്ടെത്താൻ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല.

ഏട്ടനും അനുജനും തമ്മിൽ ഏറെനാൾ കൂടിയിട്ടുള്ള കാഴ്ചയായിരുന്നു. പക്ഷേ എന്തോ, ദാമുവിന് വലിയ ഉത്സാഹം കണ്ടില്ല ഒന്നിലും. ചോദിച്ചപ്പോൾ തലവേദനയാണെന്നു പറഞ്ഞു.

കോട്ടയത്തെ വിശേഷങ്ങൾ വളരെയൊന്നും ചോദിച്ചില്ല. പറഞ്ഞുമില്ല. എന്തിന്, താൻ അവനെ ബോറടിക്കണം? ബാലചന്ദ്രന് അതു തീരെ ഇഷ്ടമുള്ള കാര്യമായിരുന്നില്ല.

പിന്നെ പറയാൻ പോയ കാര്യം, അതു പറഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞിട്ട് അനുജന് ഇത്രയുമേ പറയാനുണ്ടായിരുന്നുള്ളൂ—

'അതിനെന്താ? ഏട്ടൻ കാര്യമൊക്കെ ഏർപ്പാടാക്കിക്കോളൂ. എനിക്ക് കുറെക്കാലംകൂടി കഴിഞ്ഞ്, കുറെക്കൂടി ജീവിതഭദ്രത ഉണ്ടായിട്ടു മതിയെന്നുണ്ടായിരുന്നു. സാരമില്ല. അവർക്കു ധൃതിയാണെങ്കിൽ അതങ്ങനെതന്നെ നടന്നോട്ടെ. എന്നാണെന്നുവച്ചാൽ എല്ലാവരുംകൂടി തിയ്യതി നിശ്ചയിച്ചോളൂ. ഏർപ്പാടുകളും ആവട്ടെ. ഞാൻ അവധിയെടുത്തുകൊണ്ട് എന്നത്തേയ്ക്കു പുറപ്പെടണമെന്നുമാത്രം ഏട്ടൻ എഴുതിയാൽ മതി.'

കോട്ടയത്തുനിന്നു മടങ്ങുമ്പോൾ അന്നു വാസ്തവത്തിൽ അല്പം മനസ്താപം ആ ജ്യേഷ്ഠനുതന്നെ ആയിരുന്നു. ഇത്ര ചെറുപ്പത്തിൽ ദാമു ഇങ്ങനെ കുടുംബഭാരം തലയിലേറ്റേണ്ടിവരുന്നല്ലോ എന്നായിരുന്നു ആ ജ്യേഷ്ഠന്റെ വ്യസനം.

പക്ഷേ സംഭവിച്ചതെങ്ങനെ? മറ്റൊരാളുടെ മനസ്സിലിരിപ്പെന്താണെന്ന് ആർക്കും അറിയാൻ കഴിവില്ലല്ലോ! ദാമുവിന്റെ പരിഭ്രമത്തിനു കാരണവും ആ ജ്യേഷ്ഠനു മനസ്സിലായില്ല.

ചാമിയാരുടെ പീടികക്കോലായിലിരുന്നു്, ലിപ്ടൺകാരോ വേറെ ആരെല്ലാമോ കടം കൊടുക്കാൻ തയ്യാറുണ്ടെങ്കിലും തങ്ങാംക്കതിനു സാദ്ധ്യതയില്ലാതാണിരിക്കുന്നതെന്നു് 'വളരെ ഖേദത്തോടെ' വിസ്തരിക്കുകയായിരുന്നു. രാജ്യത്തിന്നകത്തെ ആവശ്യങ്ങാംക്കായാലും, പുറത്തേയ്ക്കു കയററി അയയ്ക്കാനാണെങ്കിലും ആകെയുള്ള ചായയുടെ എഴുപതുശതമാനവും കമ്പനിതന്നെയാണു് കൈകാര്യം ചെയ്യുന്നതു്. ലിപ്ടൺകാക്കും, കണ്ണൻദേവൻകമ്പനിക്കാക്കും എല്ലാംകൂടെയുള്ളതു് വെറും മുപ്പതുശതമാനം. വെള്ളക്കാരല്ലേ ഉടമകറം. അവക്കു് ഇനിയും അധികമൊന്നും വികസിക്കണമെന്നില്ല ഈ ബിസിനസ്സ്. എന്തായാലും ചരക്കിന്റെ ഗുണമാ ചാമിയാരേ പ്രധാനം? പണ്ടാരപ്പഹയന്മാര് കടംതരില്ലല്ലോ എന്നു ശപിച്ചുകൊണ്ടായാലും ഇതല്ലേ എട്ടോ പത്തോ പാക്കററ് വാങ്ങിവയ്ക്കാൻ പാറു.

അപ്പോഴാണു് സ്ഥലത്തെ ഒരു യുവസാഹിത്യകാരനും, ബോംബെ ടെയ്ലേഴ്സിലെ മാതൃഭൂമിയുടെ ചക്കാത്തുവായനക്കാരനും ആയ കുണ്ടപ്പുറമ്പിൽ കുമാരൻകുട്ടി ഓടിവരുന്നതു്.

'ഹല്ലോ! ബ്രൂക്ക്ബോണ്ടു് മാഷിവിടെയുണ്ടോ?'

കുമാരൻകുട്ടി താണുവണങ്ങിത്തൊഴുതു.

'കുണ്ടപ്പുറമ്പിലിന്നു് ഒരു ക്ഷണക്കത്തു തന്നില്ല. ശരി. ഇരിക്കട്ടെ.'

'എന്തേ കുമാരൻകുട്ടീ?'

'അല്ല, അനുജന്റെ വിവാഹം കഴിഞ്ഞില്ലേ. എന്നിട്ടു് ജ്യേഷ്ഠൻ ഒന്നറിയിച്ചില്ല.'

'ഇതാ, ഫോട്ടോ വന്നിരിക്കുന്നു! ഇന്നലെ നടന്ന വിവാഹം. വധൂവരന്മാരുടെ ഫോട്ടോ ഇന്നു പത്രത്തിൽ വരികയും. ഹാവൂ, മാതൃഭൂമിയുടെ ഒരു മിടുക്കേയ്!' കുണ്ടപ്പുറമ്പിൽ ഹായി ഹായി വച്ചു: ഒരു പത്രാധിപരുടെ ജ്യേഷ്ഠന്റെ പ്രീതി നേടാൻ. തന്റെ

ഒരു കവിത ബ്രൂക്ക്ബോണ്ട്മാഷെകൊണ്ടുതന്നെ കൈവിളക്കിന് അയപ്പിക്കണം എന്ന് അയാളും കണക്കുകൂട്ടാൻ തുടങ്ങിയിട്ടു് 'ശ്ശി' ആയി.

പക്ഷേ കുമാരൻകുട്ടിക്കു മനസ്സിലായില്ല. ആ ജ്യേഷ്ഠൻ അവിടെ സ്തംഭിച്ചുപോയി.

പത്രത്തിൽ കണ്ടതു് പ്രസിദ്ധ കവിയും പത്രാധിപരുമായ ദാമോദരനും കൈവിളക്കു് കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ കുമാരനുണ്ണിത്താന്റെ മകൾ മായാദേവിയും തമ്മിലുള്ള വിവാഹം കോട്ടയം ടൗണിലുള്ള വധൂഗൃഹത്തിൽവച്ചു് ഇന്നലെ നടന്നുവെന്നാണു്. ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ ഒട്ടനവധി പൗരമുഖ്യന്മാർ വിവാഹച്ചടങ്ങിൽ പങ്കെടുത്തിരുന്നുവത്രേ.

ശനിയാഴ്ചയായിരുന്നു. പന്ത്രണ്ടുമണിക്കകം ഒരാഴ്ചത്തെ ടേണോവർ മുഴുവൻ സ്റ്റേററ്ബാങ്കിൽ കെട്ടണം. അതിൽ വീഴ്ച വരുത്തിക്കൂടാ. ബാലചന്ദ്രമേനോൻ ധൃതിയിൽ നടന്നു. കാഷ് കൗണ്ടറിലിരുന്ന പുതിയ കുഴങ്ങളു ഓരോ നൂറുറുപ്പികനോട്ടും കള്ളനോട്ടല്ല എന്നുറപ്പുവരുത്താൻ നന്നെ ബുദ്ധിമുട്ടേണ്ടിവന്നു. അതുകൊണ്ടു് അന്നു് ഒന്നരമണി കഴിഞ്ഞിട്ടാണു് ഇറങ്ങാൻ തരപ്പെട്ടതു്. പക്ഷേ ബാലൻ ഇറങ്ങിനടന്നു. വഴിയിൽ വീണില്ല. പതിവുപോലെതന്നെ നടന്നു് ഹരിക്കാരത്തെരുവിലെത്തി. ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽത്തന്നെ അകത്തു കടക്കണമെന്നാണു് വിചാരിച്ചിരുന്നതു്. അതുമാത്രം സാധിച്ചില്ല. കാരണം, അവിടെ അയല്ക്കാർ ഒട്ടനവധി കൂട്ടംകൂടിയിരുന്നു. കോലായിൽ പോലീസുകാരും ഇരുന്നിരുന്നു.

# 10

ഇടിവാളിന്നു് തലമണ്ട തകർത്തുകളയാൻ കഴിഞ്ഞേക്കും. പക്ഷേ കരിമ്പനയെ വീഴ്ത്താൻ, അതെന്തായാലും കഴിയില്ല. ബ്രൂക്ക്ബോണ്ട് കമ്പനിയുടെ സെയിത്സ്മാൻ ബാലചന്ദ്ര മേനോൻ അപ്പോഴും ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ നടക്കുന്നുണ്ടായിരുന്നു. എന്നത്തെയുംപോലെ, തലയുയർത്തി, കൈ വീശി. ഒന്നും സംഭവിച്ചിട്ടില്ല എന്ന മട്ടിൽ.

ഓ, എന്നത്തെയുംപോലെ എന്നു പറഞ്ഞാൽ ശരിയാവില്ല. ഈ പ്രായത്തിനിടയിൽ ഒരിക്കലെങ്കിലും ബാലചന്ദ്രമേനോൻ പോലീസ്സ്റ്റേഷന്റെ അകം കണ്ടിരുന്നില്ല. എന്നാൽ ഇപ്പോഴാകട്ടെ, മൂന്നുദിവസം അടുപ്പിച്ച് അദ്ദേഹത്തിനു ടൌൺസ്റ്റേഷനിൽ പോകേണ്ടിവന്നു. കേസ് ആത്മഹത്യാശ്രമം. ചാർജ്ജ് ചെയ്യണമെന്ന് പോലീസുകാർക്കു നിർബന്ധം. വളരെ പറഞ്ഞതിട്ടാണ്, ഒടുവിൽ സബ്ഇൻസ്പെക്ടർ എന്നാൽ മിസ്റ്റർ ബാലചന്ദ്രമേനോൻ ഈ കേസിനെക്കരുതി ഇനിയും പ്രയാസപ്പെടേണ്ട എന്നു കനിഞ്ഞത്. കുറെ ഉറപ്പിക കൊടുക്കേണ്ടിവന്നുവെന്നു മാത്രം. അതു സാരമില്ലായിരുന്നു.

പാവം, നന്ദിനിയുടെ സാമർത്ഥ്യം! രാമുവേട്ടനു് നേരാംവണ്ണം ഒന്നു ചിരിക്കാൻകൂടി അറിയില്ല എന്നു കഷ്ടം വച്ചിരുന്ന ആ വലിയ പത്രാസുകാരിക്ക് സാരിത്തുമ്പ് കോർത്തുകെട്ടാൻകൂടി അറിയില്ലായിരുന്നു. അവളുടെ ആത്മഹത്യാശ്രമമായിരുന്നു ഹരിക്കാരത്തെരുവിൽ അന്ന് ആൾ കൂടിയതും, പിന്നീട് ബാലേട്ടനെ സ്റ്റേഷൻ കയററിയതും. മണ്ടിപ്പെണ്ണ്!

ആത്മഹത്യാശ്രമം പുറത്തായി എന്നതിൽ കൂടുതലായുണ്ടായ അപമാനം അവളെ കെടുത്തി. ആ ദിവസങ്ങളിൽ നന്ദിനി വീണ്ടുമെന്തെങ്കിലും കാട്ടിക്കൂട്ടിയെങ്കിലോ എന്നായിരുന്നു ഭയം.

'പകലെല്ലാം അനിയത്തിയെ നോക്കേണ്ട ജോലി തന്റേത്. രാത്രി, ഞാനിവിടുള്ളപ്പോഴും ഒന്നും സംഭവിക്കാതെ ഞാനും നോക്കിക്കൊള്ളാം', ശ്രീമതിയെ വിളിച്ചു പറഞ്ഞു.

പെരുതുരുത്തിയിൽനിന്നു് കുട്ടന്മാമ ഒരു കത്തെഴുതി. ഒരൊററ വാചകം. എന്തിനാണധികം? ബാലചന്ദ്രൻ മററെല്ലാത്തിന്റെയുംകൂടെ, അതും വാങ്ങി കൂട്ടത്തിലിട്ടു.

നോക്കിയിരുന്നു കരയാനാണെങ്കിൽ എന്തെല്ലാമുണ്ടു്? എത്രയെത്ര മുറിപ്പാടുകൾ. ചിലവ ഉണങ്ങി. ചിലവ ഉണങ്ങിയിട്ടില്ല. കൂട്ടത്തിൽ ഏററവും പുതിയതു് ഇതും. സാരമില്ല. ആ കരുത്തനായ മനുഷ്യൻ വിചാരിച്ചു.

പക്ഷേ എല്ലാത്തിലും ഭയങ്കരം തന്റെ ചെയ്തികൾക്കു് അനുജൻ നല്കിയ ആ വിശദീകരണമായിരുന്നു.

'ഏട്ടത്തിയമ്മയ്ക്കു് എന്നും ശീലായ്ക. ബാലേട്ടനെ ഞാൻ കുററപ്പെടുത്തുന്നില്ല. ഏട്ടനും ചെറുപ്പമാണു്.' മററാരോടുമല്ല നാരായണൻകുട്ടിയേട്ടനോടുതന്നെ അവൻ പറഞ്ഞതാണു്.

ഒരുപക്ഷേ നാരായണൻകുട്ടിയേട്ടൻ തന്നോടിതു പറയുമെന്നു് അവൻ വിചാരിച്ചുകാണില്ല. എന്നാലും പറഞ്ഞല്ലോ അവൻ! ഠാമൃ!

"ഏട്ടനോടു് ഇത്രയും വേണ്ടിയിരുന്നില്ലനുജാ, ഇത്രയും വേണ്ടിയിരുന്നില്ല."

ഒരു വരി ഒന്നെഴുതിവിട്ടു് മഹാനായ ഒരനുജനോടുള്ള എല്ലാ ബന്ധവും അവസാനിപ്പിച്ചാലെന്താ എന്നാലോചിച്ചു ഒരുനിമിഷം. പിന്നെ അതു വേണ്ടെന്നുവച്ചു. എന്തിനു്? അവൻ ഇപ്പോൾ ശുദ്ധവിദ്യ ആഘോഷിക്കയായിരിക്കും. താനായിട്ടു് അവന്റെ സ്വർഗ്ഗത്തിൽ എന്തിനു കല്ലെറിയണം?

എന്നെങ്കിലുമൊരിക്കൽ, അവനു മനസ്സിലായേക്കും. മനസ്സിലാകുന്നെങ്കിൽ മനസ്സിലാകട്ടെ. അല്ലെങ്കിൽ വേണ്ട, മനസ്സിലാകേണ്ട.

പലരും പലതും തന്നു. കൂട്ടത്തിൽ ഏററവും പ്രിയപ്പെട്ട അനുജന്റെ സംഭാവന ഇതും. ശരി, ഇരിക്കട്ടെ.

മെല്ലെ മെല്ലെ ബാലനിൽ ചില മാററങ്ങൾ വന്നു. സാഹസികളിൽ സാഹസി ആയിരുന്ന ആ മനുഷ്യനു് ചന്ദനത്തിരി

യുടെ മണം സഹിക്കവയ്യെന്നായി. അതു മരണത്തെ അനുസ്മരിപ്പിക്കുന്നു. വല്യമ്മാമയുടെ മരണത്തെ. അതു വയ്യ. മരണമെന്നൊരു വിഷയം മാത്രം അസഹ്യമാണു്, ഏററവും അസഹ്യമാണു്.

അതെ അങ്ങനെ ആയിരുന്നു ആയിടെ. മരണത്തോടു വലിയ ഭയം. ഒരു ദിവസം രാവിലെ പത്രത്തിൽ ആദ്യം കണ്ണിൽപ്പെടുന്ന വാർത്ത ഒരു തീവണ്ടിയപകടത്തിന്റെ വിവരമാണെന്നു വയ്ക്കുക. അന്നു പിന്നെ പത്രപാരായണമില്ല.

ചായപ്പീടികകളിലും പലചരക്കുകടകളുടെ കോലായിലും ഇരുന്നു് തൊഴിലില്ലാത്ത ചെറുപ്പക്കാർ മരണമാരണങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ ആർത്തിയോടെ പാരായണം ചെയ്യും. നമ്മുടെ സെയിൽസ്‌മാൻ അപ്പോൾ അവിടെ ഉണ്ടെന്നു വിചാരിക്കുക. ബിസിനസ് അവസാനിപ്പിച്ചിട്ടു് ആളുടൻ സ്ഥലം വിടും. എത്ര ഇച്ഛമായ ഓർഡർ വേണമെങ്കിലുമാകട്ടെ പീടികക്കാരൻ കൊടുക്കുന്നതു്, അന്നത്തേയ്ക്കു ബിസിനസ് മതി. കമ്മീഷൻ കൂടട്ടെ, കുറയട്ടെ. മരണമെന്നൊരു വിഷയത്തെക്കുറിച്ചു കേൾക്കവയ്യ. എന്നുവച്ചു് ബിസിനസ് മാന്ദ്യത്തിലായി എന്നു ധരിക്കാൻ വരട്ടെ. അന്നും കാലിക്കററ് സോണിലെ സെയിൽസ്‌മാൻമാരിൽ പരമാവധി കമ്മീഷൻ വാങ്ങിയിരുന്ന ആൾ മേനോൻ തന്നെ ആയിരുന്നു. വാസ്തവത്തിൽ ബിസിനസ് ടേണോവർ പരമാവധി വർദ്ധിപ്പിക്കണമെന്നും പരമാവധി കമ്മീഷൻ തുക വാങ്ങണമെന്നും കരുതി ഏററവുമധികം ഉഷാറായി പണിയെടുക്കുന്ന സമയവും അതുതന്നെ ആയിരുന്നു.

മരണത്തെക്കുറിച്ചുള്ള ഈ ഭയം, എങ്ങനെയും പണം സമ്പാദിക്കണമെന്ന ഈ വിചാരം ഒരു കാലത്തു് ലക്കും ലഗാനുമില്ലാതെ, പിന്നീടു് ലോഭമില്ലാതെ ജീവിച്ചുപോന്ന ബാലനു് എങ്ങനെയുണ്ടായി ഇത്ര പൊടുന്നനെ?

ദാമുവിന്റെ പഠിപ്പുകാര്യത്തിന്നുവേണ്ടി പണം കരുതിവയ്ക്കാൻ ഏററവുമേററവും ക്ലേശിച്ചിരുന്ന അവസരങ്ങളിൽപ്പോലും ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കുന്നതിൽ ബാലനു് യാതൊരു

ലോഭവും ഇല്ലായിരുന്നു. ആ മനുഷ്യൻ ഇപ്പോഠം ലോകത്തിലെ ഏറ്റവും വലിയ പിശുക്കനുമായിത്തന്നെ വേണമെങ്കിൽ ഒന്നു മത്സരിച്ചുകളയാം എന്ന ഭാവത്തിലായിരുന്നു.

ബാർളിബിസ്കറ്റിൽക്കവിഞ്ഞതൊന്തെങ്കിലും രാജുവിനു തിന്നേണ്ട കാര്യമില്ലായിരുന്നു. അതുതന്നെ കണ്ടമാനം കയറി ഇറങ്ങിത്തിന്നുക, എന്നിട്ട് അജീർണ്ണവും വയറുവേദനയുമായിട്ട് ഡോക്ടറെ കാണാമ്പോടുക. ഒന്നും ആവശ്യമല്ലായിരുന്നു.

അതുപോലെതന്നെ മത്സ്യക്കറികളും മാംസഭക്ഷണവും. പാല ക്കാട്ടേററവും പ്രിയമുള്ള സാധനം മത്സ്യമാണ്, ഏററവും ദുർല്ലഭ മായ സാധനവും. അതുകൊണ്ടുതന്നെ അതു വേണ്ടെന്നു വച്ചു. മാംസം പിന്നെ പണ്ടേ അത്ര പത്ഥ്യമല്ല. പോരെങ്കിൽ ആട്ടിറ ച്ചിയിൽ എന്തെല്ലാം മായങ്ങളാണു ചേക്കുക അവർ?

അച്ഛനും അമ്മയും ശകാരിക്കാനും പ്രതിഷേധിക്കാനും തുടങ്ങി. ഇങ്ങനെ പോയാൽ ഇവനു കുറെ അധികകാലം സമ്പാ ദിക്കാൻ കഴിയും, അവർ മരുമകളെ വിളിച്ചു താക്കീതുചെയ്തു.

'എന്തുചെയ്യാനാണമ്മേ, ഞാൻ പറഞ്ഞാൽ കേഠംക്കില്ല. നിങ്ങഠംതന്നെ വല്ല ടോണിക്കും വാങ്ങിക്കഴിക്കാൻ പറയണം.'

പാവ്തി നിസ്സഹായയായിരുന്നു.

നാട്ടുകാർ മുണ്ടു മുറുക്കി ഉടുത്തുകൊള്ളാൻ ആഹ്വാനിച്ചിട്ട് മന്ത്രിമാർ പാരീസിലും ന്യൂയോക്കിലും നിശാനത്തകിമാരുടെ ഉടു തുണിയുപേക്ഷിക്കുന്ന നൃത്തനപരിപാടി കാണാൻ തിരക്കിട്ട് വിമാനം കേറുന്ന കാലമായിരുന്നു. പാവ്തി വിസ്തരിച്ചുപറയു മ്പോഴാണ് ബാലൻെറ കഴിപ്പിൻെറയും മററും കഥ ആ വൃദ്ധ മാതാപിതാക്കഠം അറിയുന്നതു്.

ആരെന്തു പറഞ്ഞിട്ടും രാജുവിൻെറ അച്ഛൻ തൻെറ ചിട്ട കളിൽ മാത്രം യാതൊരു മാററവും വരുത്തിയില്ല. രാജുവിന്ന് അഞ്ചുവയസ്സു തികഞ്ഞപ്പോഠം അവനെ അടുത്തുള്ള മാപ്പിള സ്കൂളിൽ പഠിക്കാൻ വിട്ടു. അയൽവീടുകളിലെ ഉമയുടെയും ഷാജിയുടെയുംകൂടെ നഴ്സറി സ്കൂളിലേയ്ക്കയയ്ക്കാൻ പാവ്തിയും

നന്ദിനിയും ആവുന്നത്ര നിർബന്ധിച്ചിട്ടും ആ മനുഷ്യൻ കൂട്ടാക്കിയില്ല. വടക്കേ വീട്ടിൽത്താമസിക്കുന്ന പ്യൂൺ വേലായുധൻ നായർകൂടി തന്റെ മകനെ പാപ്പാസും കാലുറയും ഇടുവിച്ച് സിംഹങ്ങളുടെ നഴ്സറിയിലേയ്ക്കു പറഞ്ഞയയ്ക്കുമ്പോൾ ആ അമ്മ നോക്കിനിന്നു. അവൾക്ക് ഭർത്താവിന്റെ ഹിതത്തിനു മറുത്തു സംസാരിച്ചാൽ എന്താണുണ്ടാകാൻ പോകുക എന്നറിയാമായിരുന്നെങ്കിലും ഇതെല്ലാം എന്തിനാണെന്നുമാത്രം വ്യക്തമായി അറിഞ്ഞുകൂടായിരുന്നു. ഒരൊററക്കാര്യത്തിൽ മാത്രം യാതൊരു ലോഭവും കൂടാതെ അപ്പോഴും പണം ചെലവാക്കുമായിരുന്നു: തന്നെ രണ്ടും മൂന്നും മാസം കൂടുമ്പോൾ ഒരു ചെക്കപ്പിന് കോഴിക്കോട്ടേയ്ക്കു കൊണ്ടുപോകാൻ. ആ ഇനത്തിൽ അനവധി പണം അപ്പോഴും ചെലവാകുന്നുണ്ടായിരുന്നു. ഡിഷ്ജാക്സിനും റഡോക്സിനും ആരും നട്ടുപിടിപ്പിക്കാതെ ഉണ്ടാകുന്ന തഴുതാമയേവരിന്നുകൂടിയും തീവിലയായിരുന്നു. ഡോക്ടർമാരും ഉറക്കംതൂങ്ങികളായിരുന്നില്ല.

ഈ രണ്ടു വഷക്കാലയളവിൽ നന്ദിനി ഒരിക്കലെങ്കിലും ചെറുതുരുത്തിക്കു പോയില്ല. അവൾ ബാലേട്ടന്റെ കൂടെത്തന്നെ നിന്നു. ഏട്ടത്തിയമ്മ വരാൻപോകുന്ന കല്യാണക്കാര്യം പറയുമ്പോൾമാത്രം, എന്നാലു് ഞാനങ്ങു പോയേക്കാം എന്നവൾ പറഞ്ഞിരുന്നു.

ഈ രണ്ടു വഷത്തെ ജീവിതത്തിൽ രണ്ടേ രണ്ടു നോട്ടക്കുറവുകളേ ബാലചന്ദ്രമേനോനുണ്ടായുള്ളു: ഒന്നു്, ഒരിക്കൽ കമ്പനി കണക്കിൽ ഒരു പത്തുറുപ്പിക ഷോർട്ടു കണ്ടു. പിന്നൊന്നു്, അദ്ദേഹത്തിന്റെ ശ്രീമതി രണ്ടാമതൊരിക്കൽക്കൂടി ഗർഭം ധരിച്ചു.

എന്നാലും തന്റെ കണക്കുകൂട്ടലുകൾ ഉദ്ദേശിച്ചിടത്തുതന്നെ പിടിച്ചുകെട്ടാൻ ആ ഭീഷ്മനിശ്ചയക്കാരനു കഴിഞ്ഞു. വരവ് ആകുംപോലെ വർദ്ധിപ്പിക്കാനും, ചെലവ് ആവുന്നത്ര കുറയ്ക്കാനും. വരവു വർദ്ധിപ്പിക്കാൻ കൂടുതൽ പണിയെടുക്കേണ്ടിയിരുന്നു. പുലരുന്നതുതൊട്ട് അന്തിവരെയും, നടക്കേണ്ടിയിരുന്നു. പക്ഷേ പാല

ക്കാട്ടെ മീനവെയിൽ അദ്ദേഹത്തെ അതിൽ ഒട്ടുംതന്നെ തടസ്സപ്പെടുത്തിയില്ല.

ഒരു പന്തയക്കുതിരയുടെ ഓട്ടമായിരുന്നു അത്. ശ്വാസം കഴിക്കാൻ നില്ക്കാതെ, ഇടംവലം നോക്കാതെയുള്ള ഒരോട്ടം. ഒടുവിൽ, രാധാകൃഷ്ണൻനായരുടെ അച്ഛൻെറ കൈയിൽ ഉറപ്പിക്കയ്യായിരവും എണ്ണിക്കൊടുത്തു കഴിഞ്ഞിട്ടാണ് ആ ധീരൻ നേരെ ശ്വാസംവിട്ടത്.

വിവാഹനിശ്ചയത്തിന്നായിരുന്നു രാധാകൃഷ്ണൻനായരുടെ അച്ഛൻ പെൺകുട്ടിയുടെ അച്ഛനെ ആദ്യമായി കണ്ടത്. അതിനകം പല്ലാളുകളുടെ യാത്ര മുഴുവൻ പാലക്കാടിനും വടക്കഞ്ചേരിക്കുമിടയിലായിരുന്നു. രാധാകൃഷ്ണൻനായരും നന്ദിനിയും കൂടിക്കാഴ്ച നടന്നതും ഹരിക്കാരത്തെരുവിലെ ഒരു വാടകവീട്ടിൽവച്ചായിരുന്നു. അവിടെവച്ചുതന്നെ കാര്യം ഉറപ്പുകയുംചെയ്തു. ഔപചാരികമായ വിവാഹനിശ്ചയച്ചടങ്ങു മാത്രമാണ് ചെറുതുരുത്തിയിലുള്ള തറവാട്ടിൽവച്ച നടന്നത്.

അന്നാണ് കുട്ടമ്മാമയ്യേ ബാലനെ ശരിക്കും മനസ്സിലാക്കുന്നത്. ആ സാധു കൃഷിക്കാരൻ, രാത്രി ബാലനെ കെട്ടിപ്പിടിച്ച് ഏറെനേരം കരഞ്ഞു.

'നീയാണ് അവരുടെ അച്ഛനും അമ്മേം എല്ലാം.' അദ്ദേഹം നിറഞ്ഞ ഗദ്ഗദത്തിനിടയിൽ പറഞ്ഞൊപ്പിച്ചു. അന്ന് അങ്ങനെ ഒരു കത്തെഴുതുമ്പോഴും അത്രയൊന്നും താൻ ആലോചിച്ചിരുന്നില്ല എന്നും ആ വൃദ്ധൻ കരഞ്ഞു പറഞ്ഞു.

ഇനി അമ്മാമ കരയണ്ട, ബാലനു് അധികം പറയാനില്ലായിരുന്നു. ഇവിടെ, അല്ലെങ്കിൽ രണ്ടാഴ്ചകൂടി കഴിഞ്ഞു് ഗുരുവായൂർ നടയിൽവച്ച് നിറഞ്ഞ കണ്ണുകളോടെ അനുജത്തി യാത്രപറഞ്ഞ ആ ഉജ്ജ്വലമുഹൂർത്തത്തിൽ ഈ കഥ അവസാനിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! എങ്കിൽ ഈ ലോകത്തിലെ ഏറ്റവും സുകൃതംചെയ്ത മനുഷ്യനെന്ന് എനിക്കെന്നെക്കുറിച്ച കരുതാമായിരുന്നു. എൻെറ ഈ വായകൻ ഭാഗ്യവാനാണെന്നും പറയാമായിരുന്നു. എന്തു ചെയ്യാം, ആശിക്കാനല്ലേ കഴിവുള്ളൂ.

# 11

കുറെ വഷ്ത്തേയ്ക്കുകൂടി ബാലചന്ദ്രമേനോനെന്ന എളിയ പൗരൻ ഇൻഡ്യാ മഹാരാജ്യത്തിൽ ജീവിച്ചിരുന്നു.

ഗോവധനിരോധത്തെക്കുറിച്ചോ, ദേശീയാൽഗ്രഥനത്തെക്കുറിച്ചോ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ അവശതകളെക്കുറിച്ചോ അദ്ദേഹം ഒരിക്കലെങ്കിലും ആരോടും പ്രസംഗിച്ചില്ല-മുക്തിമാർഗ്ഗത്തെക്കുറിച്ചു ഗവേഷണം നടത്തിയിരുന്നതായും ഈ ചരിത്രകാരനു് അറിവില്ല.

ജീവിതം അയാംക്കു് പെരുത്ത ഒരുപ്പുകടലായിരുന്നു. ആ ഉർവാരഉർഘടത്തിൽ, അവിടവിടെ ഓരോ കൊച്ചു പച്ചത്തുരുത്തുകാം ഉണ്ടായിരുന്നു: രോഹിണിയും അവളുടെ മുത്തച്ഛനും ചിരിക്കുന്ന പല്ലില്ലാത്ത ചിരി, അപ്പനായരുടെ ഛായപ്പിടികയുടെ മുമ്പിൽ നിറച്ചും പൂവുമാത്രമായി കാണപ്പെട്ടിരുന്ന ഒരു കണിക്കൊന്നമരം, ബാലകൃഷ്ണൻനായർ എന്ന ഒരു വലിയ മനുഷ്യന്റെ ഒരു വലിയ പ്രേമത്തിന്റെ കഥയും.

പിന്നെ ആരുമാരുമറിയാതെ സ്വകാര്യമായി, അത്യന്തം ഗോപ്യമായി നോക്കുമായിരുന്ന മറെറാരു സംഗതിയും. അതു് ദാമുവിന്റെ ഉയച്ച്യുടെ ചരിത്രം ആയിരുന്നു. അയാളുടെ കൃതികളും.

കൃഷ്ണനെഴുത്തച്ഛൻ അസിസ്റ്റൻറ് എഡിററായിരിക്കെത്തന്നെ ദാമു കൈവിളക്കിന്റെ ചീഫെഡിറററായി. അദ്ദേഹത്തിനു് രാജ്യത്തെ ഏററവും വലിയ ബഹുമതികാം പലതും കിട്ടി. അദ്ദേഹം കേരളത്തിലെ ബുദ്ധിജീവികളുടെ നടുനായകമായി.

മന്ത്രിസഭകാം വന്നുപോയി. ബാലചന്ദ്രമേനോന്റെ ഒരു ജൻമാത്രം എല്ലാ പാർട്ടിക്കാക്കും ‘സ്വന്തം ആളാ’യിരുന്നു. ഒരു കമ്മ്യൂണിസ്റ്റു് മന്ത്രിസഭ അധികാരത്തിൽ വന്നപ്പോാം ഗ്ലോറി എന്നൊരു കവിത, അവർ നിഷ്ക്കാസിതരാകുമ്പോാം ‘ഉദയമായി’ എന്നു മറെറാരു കവിത, അങ്ങനെ അദ്ദേഹം മഹാകവിയായിത്തന്നെ തുടന്നു.

പാലക്കാട്ട പട്ടണത്തിൽ കുതിരവണ്ടികൾ മാറി, അവയുടെ സ്ഥാനം ഓട്ടോറിക്ഷായ്ക്കായി. ആളുകളുടെ പ്രിയപ്പെട്ട സോപ്പുകളും താരങ്ങളും മാറി മാറിവന്നു, രാജ്യത്ത് മന്ത്രിസഭകളും. പക്ഷേ ഹരിക്കാരത്തെരുവും പറക്കുന്നവും പണ്ടെന്നത്തെയുംപോലെ വൃത്തികെട്ടതായിരുന്നു, നാറിത്തന്നെ കിടന്നു. കേരളീയരുടെ ജീവിതവും. സമൂഹക്രമത്തെ അടിമുടി മാററുന്ന ഒരു വിപ്ലവം ചിലർ സ്വപ്നം കാണാൻ തുടങ്ങിയിരുന്നു: ഒന്നും നടന്നില്ല.

കല്പാത്തിപ്പുഴ പണ്ടത്തേതുപോലെ പടിഞ്ഞാറേയ്ക്കുതന്നെ ഒഴുകി, അതിന്റെ മണൽത്തിട്ടയിൽ ഞണ്ടുകൾ പിന്നിലേയ്ക്കുതന്നെ ഇഴഞ്ഞു നടന്നിരുന്നു. പാലക്കാട്ടെ കരിമ്പനകൾ ചുരം മുറിച്ചു ചീറിവരുന്ന കാററിൽ അപ്പോഴും തല കുനിക്കാതെ നിന്നിരുന്നു.

നാരായണൻകുട്ടിമേനോൻ രാഷ്ട്രീയമുപേക്ഷിച്ചു കെഎസ്സാർഓപ്ററഎചെയ്സ്റ്റ് കൂടുതൽ ശമ്പളം വാങ്ങി. അദ്ദേഹത്തിനു പ്രാരബ്ധം പെരുത്തുവന്നിരുന്നതുകൊണ്ട് അച്ഛനെയും അമ്മയെയും കൂടെക്കൊണ്ടുപോകാൻമാത്രം സൗകര്യമുണ്ടായില്ല. അദ്ദേഹം അതിൽ സങ്കടപ്പെട്ടിരുന്നു.

കുഞ്ഞുണ്ണിമേനോൻ ഒരു ബംഗാളിപ്പെണ്ണിനെ വിവാഹംകഴിച്ചു ദേശീയോൽഗ്രഥനം നടപ്പിലാക്കി. നല്ല മനുഷ്യർ ഭൂമിയുടെ ഉപ്പാകുന്നു എന്നു് അവർ പറയുമായിരുന്നു. അവർ ഭർത്താവിന്റെ സഹോദരന്മാരുടെ ഓരോന്നും ചോദിച്ചു മനസ്സിലാക്കിയിരുന്നു.

മഹാകവി ദാമോദരൻ കോട്ടയത്തു സ്ഥിരതാമസമാക്കിയിരുന്നു. എങ്കിലും ഇടയ്ക്കിടെ അദ്ദേഹം എറണാകുളത്തും തൃശ്ശിവപേരൂരും കോഴിക്കോട്ടും രാജകീയമായ സന്ദർശനങ്ങൾ നടത്തിപ്പോന്നിരുന്നു. പാലക്കാട്ട പട്ടണത്തിൽമാത്രം ഒരു പരിപാടിക്കും അദ്ദേഹം പോയില്ല.

മഹാകവിയുടെ ജ്യേഷ്ഠന്മാരിലൊരാൾ ഒരു ഹൈസ്കൂളദ്ധ്യാപകനും, മററൊരാൾ ഭിലായിയിൽ ഒരു ഗുമസ്താവാണെന്നും ആരാധകന്മാർക്കറിയാമായിരുന്നു. ഒരു തേയിലക്കച്ചവടക്കാരനെക്കുറിച്ചുമാത്രം ആരും അറിഞ്ഞില്ല.

അക്കുറി ഓണക്കാലത്തു് പാലക്കാട്ടുവച്ചു് സോഷ്യലിസ്റ്റു് ചിന്താഗതിക്കാരായ സാഹിത്യകാരന്മാരുടെ ഒരു വലിയ സമ്മേളനമുണ്ടായി. ആദ്ധ്യക്ഷംവഹിക്കാൻ എത്തേണ്ടിയിരുന്നതു് മഹാകവി ദാമോദരനായിരുന്നു. യോഗഭാരവാഹികൾ ഒലവക്കോട്ടു സ്റ്റേഷനിൽ വളരെ കാത്തു. പക്ഷേ മഹാകവി വന്നില്ല.

വിക്ടോറിയാ കോളേജിലെ ബി. രാജു എന്നു പേരുള്ളൊരു വിദ്യാർത്ഥിയും ആരെയോ കാത്തു് സ്റ്റേഷനിൽ കുറെനേരം ചുററിപ്പററി നിന്നിരുന്നു. ഒടുവിൽ ആളെ കാണാതെ മടങ്ങി.

മഹാകവി ഒരാഴ്ചകഴിഞ്ഞു പാലക്കാട്ടുവന്നു. കാറിൽ അദ്ദേഹത്തിന്റെ കൂടെ രണ്ടു കുട്ടികളും ഉണ്ടായിരുന്നു. ഹരിക്കാരത്തെരുവിൽ ഒരു കാറു വന്നു നിന്നു. അതിൽനിന്നു സില്ക്കുടുപ്പിട്ട ഒരു മദ്ധ്യവയസ്കനും, പാപ്പാസും കാലുറയും ധരിച്ച രണ്ടു കുട്ടികളും ഇറങ്ങി. അയാൾ ലേശം ഒച്ചകേൾക്കാതെ പടി മെല്ലെ തുറന്നു. തന്റെ കാലടിയൊച്ച ആരും കേൾക്കാതിരിക്കാൻ പരമാവധി സൂക്ഷ്മതയോടെ, പതുങ്ങി അകത്തേയ്ക്കു കടന്നു. കുട്ടികളെ കൈക്കുപിടിച്ചിരുന്നു.

കോലായിൽ തലനരച്ച രണ്ടു പേരിരുപ്പുണ്ടായിരുന്നു. ഒരു മുത്തച്ഛനും ഒരു മുത്തശ്ശിയും. അവരുടെ ചുക്കിച്ചുളിഞ്ഞ മുഖത്തേയ്ക്കു് ആ കുട്ടികൾ കൗതുകപൂർവ്വം നോക്കി. പക്ഷേ മുതിർന്ന മനുഷ്യനു് നോക്കാൻ ധൈര്യമില്ലായിരുന്നു. നന്നായി ചീളയടിഞ്ഞ ആ കണ്ണുകളിൽ ജ്വലിച്ചുനിന്ന തീ കണ്ടിരുന്നെങ്കിൽ അയാൾ അവിടെ വീണേനെ. അവരെ കണ്ടില്ലെന്നു നടിച്ചു, അയാൾ അകത്തേയ്ക്കു കാലെടുത്തുവച്ചു. അവർ മുഖം തിരിച്ചുകളഞ്ഞു.

അകത്തെ തളത്തിൽ ആറടി നീളത്തിൽ ഒരാൾ കിടന്നിരുന്നു, നീണ്ടു നിവർന്ന്. ആ കണ്ണുകൾ അടഞ്ഞിരുന്നു. ഒരു നിലവിളക്ക് അവിടെ കത്തിനിന്നു, അരികിൽ ആരോ ഒരാൾ ഇരിപ്പുണ്ടായിരുന്നു. അതൊരു സ്ത്രീരൂപമായിരുന്നു. ഒരിക്കൽ ഒരു സ്ത്രീയുടേതായിരുന്ന രൂപം.

കാറിൽ വന്നയാൾ ഒരു നിമിഷം നോക്കിനിന്നു. അയാൾക്കു തല ചുറ്റുന്നതുപോലെ തോന്നി. വീണുപോകാതെയിരിക്കാൻ പെട്ടെന്ന് അയാളവിടെ ഇരുന്നുകളഞ്ഞു. അയാൾക്ക് അവിടെ ഇരുന്നുകൊണ്ടും, ആ കിടക്കുന്ന മനുഷ്യന്റെ മുഖത്തേക്കു നോക്കാൻ ധൈര്യമില്ലായിരുന്നു. ആ സ്ത്രീരൂപത്തിന്മേലേക്കും നോക്കാനും. അയാൾ മുമ്പിലിരുന്ന നിലവിളക്കിന്റെ ദീപനാളത്തിന്മേൽ നോക്കി, അതിനു ചുറ്റും ഈയാംപാറ്റകൾ പാറിക്കളിച്ചിരുന്നു.

നിമിഷങ്ങൾ വിറങ്ങലിച്ചുനിന്നു. കുട്ടികൾ അക്ഷമരായും. ഒടുവിൽ അയാൾ കീശയിൽനിന്ന് ഒരു കവർ ബദ്ധപ്പെട്ടെടുത്തു, ഇതു വലിയമ്മേടെ കൈയിൽ കൊടുക്കൂ മോനേ എന്ന് കഷ്ടി പറഞ്ഞൊപ്പിച്ചു.

അതുവരെ അക്ഷമനായിനിന്ന ഇളയ കുട്ടി ഉത്സാഹത്തോടെ അച്ഛന്റെ കൈയിൽനിന്നതു വാങ്ങി. അതേ നിമിഷം, 'വലിയമ്മയ്ക്കിതു വേണ്ട മോനേ' എന്നും അവൻ കേട്ടു. അതു പറഞ്ഞപ്പോൾ ആ സ്ത്രീ കരഞ്ഞതില്ല.

അവന്, ആ ആൺകുട്ടിക്ക് ഒന്നും മനസ്സിലായില്ല. ആരാണ് കിടക്കുന്നതെന്നോ, ഈ പുതിയ വലിയമ്മ ഏതെന്നോ അവന് എത്രതന്നെ ആലോചിച്ചിട്ടും പിടി കിട്ടിയില്ല. അവൻ അവിടെ അങ്ങനെ പതറി നിന്നു.

---

കെ. പി. ശശിധരൻ നായർ ഉപ്പു്

ഉ——————ഷ്ട്രിയസമയം.

ഗ്രന്ഥം ഷ ഉക്കാട്ടിരുന്നത്തിൽ

വള്ളകറിക്കെത്തിലും ഉപയോഗി

ക്കാം ചായിക്കുന്നു.

1899

~~൨൨൨൪~~

ഉദ്ദം